

"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉല്പത്തി 41:55)

# വേദപ്രചാര
# മദ്ധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത

സ്ഥാപിതം: മെയ് 20 1887

വാല്യം 93 • ലക്കം 07 • ജനുവരി 2021

വേദപ്രചാര
മദ്ധ്യസ്ഥൻ
ചങ്ങനാശേരി അതിരൂപതാ മുഖപത്രം

# ഉള്ളടക്കം

ഫ്രാൻസിസ് പാപ്പായുടെ സന്ദേശം ............ 05
സർക്കുലർ - സീറോമലബാർ പ്രേഷിതവാരാചരണം 2021 ............ 17
KCBC സർക്കുലർ - യൗസേപ്പിതാവർഷം ............ 21
KCBC സർക്കുലർ - കർഷക ദിനം ............ 25
സർക്കുലർ - വിശ്വാസദീപ്തമായ ദനഹാക്കാലം ............ 29
കച്ചേരിക്കാര്യം ............ 34
സന്ദേശനിലയം ............ 43
ചെറുപുഷ്പ മിഷൻലീഗ് ............ 49
ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ ............ 52
ഫാമിലി അപ്പോസ്റ്റലേറ്റ് ............ 55
യുവദീപ്തി ............ 59
കെ.സി.എസ്.എൽ ............ 62
ചാസ് ............ 63
കേരളാ ലേബർ മൂവ്മെന്റ് ............ 71
സെന്റ് തോമസ് ഹോസ്പിറ്റൽ ............ 72
പ്രവാസി അപ്പോസ്തലേറ്റ് ............ 73
ആത്മതാകേന്ദ്രം ............ 75
കത്തോലിക്കാ കോൺഗ്രസ് ............ 76
ദീപിക ഫ്രണ്ട്സ് ക്ലബ്ബ് ............ 81
ദലിത് കത്തോലിക്കാ മഹാജനസഭ ............ 83
ഫ്രാൻസിസ്കൻ അല്മായസഭ ............ 85
വിൻസെൻഷ്യൻ വേദി ............ 87
അതിരൂപത മാനവവിഭവശേഷി വികസന ട്രസ്റ്റ് ............ 89
കരിസ്മാറ്റിക് നവീകരണം ............ 90
പൗരോഹിത്യ ആദ്ധ്യാത്മികത ............ 91
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ............ 97

Annual Subscription: Rs. 120/-

Archbishop's House, P.B. No. 20, Changanacherry - 686 101
Tel: 0481 - 2420040, 2420379, 2420614
Fax: 2422540 E-mail: bpjperumthottam@gmail.com
Website: www.archdiocesechanganacherry.org

Ref: 3417 /K-5/KCBC/OL/DS 29.12.2020

# 54-ാം ലോക സമാധാന ദിനാചരണം

## 1 ജനുവരി 2021

## ഫ്രാൻസിസ് പാപ്പായുടെ സന്ദേശം

### സംരക്ഷണ സംസ്കാരം സമാധാനത്തിലേക്കുള്ള പാതയെന്ന നിലയിൽ

1. പുതുവർഷത്തിന്റെ ഉദയത്തിൽ സ്റ്റേറ്റുകളുടെയും ഗവർമെന്റുകളുടെയും തലവന്മാർക്കും അന്താരാഷ്ട്ര സംഘടനകളുടെ നേതാക്കൾക്കും ആധ്യാത്മിക നേതാക്കൾക്കും വിവിധമതങ്ങളുടെ അനുയായികൾക്കും സന്മനസ്സുള്ള എല്ലാ സ്ത്രീപുരുഷന്മാർക്കും ഞാൻ ഹൃദയംഗമമായ ആശംസ നേരുന്നു. വ്യക്തികളും സമൂഹങ്ങളും ജനതകളും രാഷ്ട്രങ്ങളും തമ്മിലുള്ള സാഹോദര്യത്തിന്റെയും നീതിയുടെയും സമാധാനത്തിന്റെയും പാതയിലൂടെ മുന്നേറാൻ മനുഷ്യവംശത്തെ സമാഗതമാകുന്ന വർഷം ശക്തിപ്പെടുത്തട്ടെയെന്ന് ഞാൻ ആശംസിക്കുന്നു.

കോവിഡ്-19 മൂലമുണ്ടായ വ്യാപകമായ ആരോഗ്യപ്രശ്നത്താൽ മുദ്രിതമായിരുന്നു 2020-ാം വർഷം. ആ രോഗം ആഗോള വ്യാപകമായ ഒരു പ്രതിഭാസമായിത്തീർന്നു. അത് അതിർത്തികളെ മുറിച്ചു കടന്നു. കാലാവസ്ഥ, ഭക്ഷണം, സാമ്പത്തികത, കുടിയേറ്റം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ അഗാധമായ തോതിൽ അതു വർധിപ്പിച്ചു. വലിയ പീഡനത്തിനും പ്രയാസത്തിനും അതു കാരണമായി. കുടുംബാംഗങ്ങളെയും സ്നേഹിതരെയും നഷ്ടപ്പെട്ടവരെയും ജോലി നഷ്ടപ്പെട്ട സകലരെയും ഞാൻ പ്രത്യേകമായി അനുസ്മരിക്കുന്നു. ഡോക്ടർമാർ, നേഴ്സുമാർ, മരുന്നുവ്യാപാരികൾ, ഗവേഷകർ, വോളന്റീയർമാർ, ചാപ്ലെയിൻമാർ, ആശുപത്രികളുടെയും ആരോഗ്യപരിപാലനകേന്ദ്രങ്ങളുടെയും ജോലിക്കാർ എന്നിവരെക്കുറിച്ചു കൂടി ഞാൻ ചിന്തിക്കുന്നു. അവർ രോഗികളെ ശുശ്രൂഷിക്കാനും അവരുടെ വേദനകൾ കുറയ്ക്കാനും ജീവൻ രക്ഷിക്കാനും വലിയ ത്യാഗം സഹിച്ചു. ഇപ്പോഴും അവർ സേവനം തുടർന്നുകൊണ്ടിരിക്കുന്നു. യഥാർത്ഥത്തിൽ അവരിൽ അനേകർ ഈ പ്രവർത്തനത്തിൽ മരിച്ചു. ഞാൻ അവരെ ആദരിക്കുന്നു. രാഷ്ട്രീയ നേതാക്കന്മാരോടും സ്വകാര്യ സെക്റ്ററിലുള്ളവരോ

ടുമുള്ള എന്റെ അഭ്യർത്ഥന ഞാൻ പുതുക്കുന്നു. കോവിഡ്-19 നുള്ള വാക്സിന്റെ ലഭ്യത ഉറപ്പുവരുത്താനും, രോഗീശുശ്രൂഷയ്ക്കുവേണ്ട സത്താപരമായ സാങ്കേതിക വിദ്യകൾ ഉറപ്പുവരുത്താനും, ദരിദ്രർക്കും ഏറ്റവും മുറിവേല്ക്കപ്പെടാവുന്നവർക്കും അവ ലഭ്യമാക്കാനുമുള്ള അഭ്യർത്ഥനയാണു ഞാൻ പുതുക്കുന്നത്.

ഒരു കാര്യം ഞാൻ ദുഃഖത്തോടെ പറയുന്നു. അതായത്, സ്നേഹത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും ധാരാളം സാക്ഷ്യങ്ങൾ ഉള്ളപ്പോഴും ദേശീയതാവാദത്തിന്റെ വിവിധ രൂപങ്ങളും വംശാധിപത്യവാദവും വെറുപ്പും യുദ്ധങ്ങളും സംഘട്ടനങ്ങളും വർധിക്കുന്നതായി നാം കണ്ടു. അവയെല്ലാം മരണവും നാശവും മാത്രം അവയുടെ വഴിയിൽ കൊണ്ടുവരുന്നവയാണ്.

ഇക്കഴിഞ്ഞവർഷം മനുഷ്യവംശത്തിന്റെ പാതയിലുണ്ടായ ഈ സംഭവങ്ങളും ഇതുപോലെയുള്ള മറ്റു സംഭവങ്ങളും ഒരു വസ്തുത നമ്മെ പഠിപ്പിച്ചു: അതായത്, കൂടുതൽ സഹോദരപരമായ സമൂഹത്തെ സൃഷ്ടിക്കാനുള്ള നമ്മുടെ പരിശ്രമത്തിൽ പരസ്പരം സംരക്ഷിക്കുകയും സൃഷ്ടിയെ സംരക്ഷിക്കുകയും ചെയ്യുകയെന്നത് എത്ര പ്രധാനപ്പെട്ട കാര്യമാണെന്ന് നമ്മെ പഠിപ്പിച്ചു. അതുകൊണ്ടാണ് ഈ വർഷത്തെ സന്ദേശത്തിനായി ‘‘സംരക്ഷണ സംസ്കാരം സമാധാനത്തിലേക്കുള്ള പാത’’ എന്ന ശീർഷകം ഞാൻ തിരഞ്ഞെടുത്തത്. നമ്മുടെ കാലഘട്ടത്തിൽ വളരെ പ്രബലപ്പെട്ടിരിക്കുന്ന നിസ്സംഗതയുടെയും പാഴാക്കലിന്റെയും ഏറ്റുമുട്ടലിന്റെയും സംസ്കാരത്തോടു മത്സരിക്കാനുള്ള മാർഗമാണ് ‘‘സംരക്ഷണത്തിന്റെ സംസ്കാരം.’’

## 2. സ്രഷ്ടാവായ ദൈവം സംരക്ഷിക്കാനുള്ള മാനുഷിക പാളിയുടെ ഉറവിടം

മനുഷ്യജീവികളുടെ ഉത്പത്തിയെയും സ്രഷ്ടാവിനോടും പ്രപഞ്ചത്തോടും സഹജീവകളായ സ്ത്രീപുരുഷന്മാരോടുമുള്ള ബന്ധത്തെയും സംബന്ധിച്ച വിവരങ്ങൾ അനേകം മതപാരമ്പര്യങ്ങൾക്കുമുണ്ട്. മനുഷ്യവംശത്തിനായുള്ള ദൈവത്തിന്റെ പരിപാലനയുടെ അഥവാ സംരക്ഷണപദ്ധതിയുടെ പ്രാധാന്യത്തെപ്പറ്റി ബൈബിളിലെ ഉത്പത്തിപ്പുസ്തകത്തിന്റെ ആദ്യത്തെ പേജുകൾ മുതൽ വ്യക്തമായി കാണിക്കുന്നുണ്ട്. മനുഷ്യനും (ആദം) ഭൂമിയും (ആദാമാ) തമ്മിലുള്ള ബന്ധവും സഹോദരീസഹോദരന്മാരെന്ന നിലയിൽ നമ്മൾ തമ്മിലുള്ള ബന്ധവും അത് ഉയർത്തിക്കാണിക്കുന്നുണ്ട്. സൃഷ്ടിയെ സംബന്ധിച്ച വിവരണത്തിൽ ‘‘ഏദനിൽ നട്ടുപിടിപ്പിച്ച’’ പൂന്തോട്ടത്തെ (cf. ഉത്പ. 2:8) ദൈവം മനുഷ്യനെ ഏല്പിച്ചു എന്നു പറയുന്നു. എന്നാൽ, അത് ‘‘ഉഴുതുസംരക്ഷിക്കാൻ’’ വേണ്ടിയാണ് ഏല്പിച്ചത് (ഉത്പ 2:15). ഇത് ഭൂമിയെ ഉത്പാദനക്ഷമമാക്കുന്നു. അതിനെ സംരക്ഷിക്കുകയും

ജീവനെ പിന്താങ്ങാനുള്ള അതിന്റെ കഴിവിനെ സംരക്ഷിക്കുകയും ചെയ്യുകയെന്നത് ഇതിൽ ഉൾപ്പെടുന്ന കാര്യങ്ങളാണ്. ''ഉഴുകുക.'' ''സൂക്ഷിക്കുക'' എന്നീ ക്രിയകൾ ആദത്തിന് പൂന്തോട്ടമാകുന്ന തന്റെ ഭവനത്തോടുള്ള ബന്ധം വിവരിക്കുന്നു. മാത്രമല്ല, ആദത്തെ സർവ സൃഷ്ടിയുടെയും യജമാനനും പരിപാലനനുമായി നിയമിച്ചുകൊണ്ട് അയാളിൽ ദൈവം അർപ്പിച്ച വിശ്വാസത്തെയും വിവരിക്കുന്നു.

കായേന്റെയും ആബേലിന്റെയും ജനനത്തോടെ സഹോദരീസഹോദരന്മാരുടെ ചരിത്രം തുടങ്ങുന്നു. അവർ തമ്മിലുള്ള ബന്ധം മനസ്സിലാക്കപ്പെടുന്നത് – കായേൽ തെറ്റിധരിച്ചെങ്കിലും – സംരക്ഷണത്തിന്റെ അഥവാ സൂക്ഷിക്കലിന്റെ ഭാഷയിലാണ്. കായേൻ നമ്മൾ എല്ലാവരും എന്നപോലെ ''അവന്റെ സഹോദരന്റെ കാവൽക്കാരൻ'' എന്നു വിളിക്കപ്പെട്ടു. ''പ്രതിരൂപാത്മകത നിറഞ്ഞ ഈ പ്രാചീനകഥകൾ നമ്മൾ എല്ലാവരും പങ്കുവയ്ക്കുന്ന ഒരു ഉത്തമബോധ്യത്തിന് സാക്ഷ്യം വഹിക്കുന്നു. ആ ബോധ്യം ഇതാണ്: എല്ലാം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. നമ്മുടെ ജീവിതത്തെയും പ്രകൃതിയോടുള്ള നമ്മുടെ ബന്ധത്തെയും കുറിച്ചുള്ള യഥാർത്ഥമായ ശ്രദ്ധയെ സാഹോദര്യം, നീതി, മറ്റുള്ളവരോടുള്ള വിശ്വസ്തത എന്നിവയിൽ നിന്നു വേർതിരിക്കാൻ സാധ്യമല്ല.''

### 3. സ്രഷ്ടാവായ ദൈവം, സംരക്ഷണത്തിന്റെ മാതൃക

വിശുദ്ധ ലിഖിതം ദൈവത്തെ അവതരിപ്പിക്കുന്നത് സ്രഷ്ടാവായിട്ടു മാത്രമല്ല പിന്നെയോ തന്റെ സൃഷ്ടികളെ, പ്രത്യേകിച്ച്, ആദം, ഹവ്വാ അവരുടെ മക്കൾ എന്നിവരെ, കാത്തുപാലിക്കുന്നവനായിട്ടാണ്. കായേൻ കുറ്റകൃത്യംകൊണ്ട് ശപിക്കപ്പെട്ടവനായി. എന്നാലും സ്രഷ്ടാവ് അവന് സംരക്ഷണത്തിനുള്ള ഒരു അടയാളം നല്കി, അവന്റെ ജീവൻ രക്ഷിക്കാൻ (cf. ഉത്പ 4:15). ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട വ്യക്തിയുടെ അലംഘനീയമായ മഹത്ത്വത്തെ ഇത് ഉറപ്പിച്ചു പറയുന്നു. കൂടാതെ, തന്റെ സൃഷ്ടിയുടെ സമന്വയത്തെ സംരക്ഷിക്കാനുള്ള ദൈവത്തിന്റെ പദ്ധതിയുടെ ഒരു അടയാളം കൂടിയാണത്. കാരണം, ''സമാധാനത്തിനും അക്രമത്തിനും ഒന്നിച്ച് വസിക്കാൻ സാധ്യമല്ല.''

സാബത്ത് സ്ഥാപിച്ചതിന്റെ അടിസ്ഥാന കാരണം സൃഷ്ടി സംരക്ഷണമായിരുന്നു. ദൈവാരാധനയ്ക്കു പുറമേ സാമൂഹിക ക്രമത്തിന്റെ പുനഃസ്ഥാപനത്തിന് ദരിദ്ര സംരക്ഷണത്തിനും വേണ്ടിയുള്ളതായിരുന്നു സാബത്ത് (cf. ഉത് 1:1–3; ലേവാ 25:4). ഓരോ ഏഴാം സാബത്തുവർഷവും ജൂബിലി ആഘോഷിച്ചിരുന്നു. അത് ഭൂമിക്കും അടിമകൾക്കും കടക്കാർക്കും താത്കാലിക വിശ്രമം നല്കിയിരുന്നു.

കൃപാവരത്തിന്റെ ആ വർഷത്തിൽ ഏറ്റവും കൂടുതൽ ആവശ്യത്തിൽ പെട്ടവരെ സംരക്ഷിക്കുകയും അവർക്ക് ജീവിതത്തിൽ ഒരു പുതിയ അവസരം നല്കുകയും ചെയ്തിരുന്നു. ജനതയിൽ ദരിദ്രർ ഉണ്ടാകാതിരിക്കാൻവേണ്ടിയായിരുന്നു അത് (cf. നിയമാ 15:4).

പ്രവാചക പാരമ്പര്യത്തിൽ, നീതിയെക്കുറിച്ചുള്ള ബൈബിൾപരമായ ധാരണ ഏറ്റവും ഉയർന്ന തോതിൽ പ്രകാശിപ്പിക്കപ്പെട്ടത് ഒരു സമൂഹം അതിന്റെ ഏറ്റവും ദുർബലരായ അംഗങ്ങളോടു പെരുമാറുന്ന രീതിയിലാണ്. പ്രത്യേകിച്ച് ആമോസും (cf. 2:6-8;8) ഏശയ്യയും (cf. 58) ദരിദ്രരോടു നീതി കാണിക്കാൻ കർശനമായി ആവശ്യപ്പെടുന്നു. ദരിദ്രർ ദ്രോഹിക്കപ്പെടാവുന്നവരും അശക്തരുമാണ്. അവർ ദൈവത്തെ വിളിച്ചപേക്ഷിക്കുകയും അവരെ സൂക്ഷിച്ചു വീക്ഷിച്ചുകൊണ്ടിരിക്കുന്ന ദൈവം അവരെ കേൾക്കുകയും ചെയ്യുന്നു (cf.സങ്കീ 34:7;113:7-8).

### 4. സംരക്ഷണം ഈശോയുടെ ശുശ്രൂഷയിൽ

ഈശോയുടെ ജീവിതവും ശുശ്രൂഷയും മനുഷ്യവംശത്തോടുള്ള പിതാവിന്റെ സ്നേഹത്തെ ഏറ്റവും വലിയ തോതിൽ പ്രതിനിധീകരിക്കുന്നു (cf. യോഹ 3:16). താൻ പിതാവിനാൽ അഭിഷിക്തനാണെന്നും ദരിദ്രരെ സുവിശേഷം അറിയിക്കാനും ബന്ധിതർക്ക് മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും പ്രഖ്യാപിക്കാനും ( ലൂക്കാ 4:18) അയയ്ക്കപ്പെട്ടിരിക്കുന്നുവെന്നും നസ്രസിലെ സിനഗോഗിൽ വച്ച് ഈശോ പറഞ്ഞു. ജൂബിലി വർഷത്തോടു ബന്ധപ്പെട്ട മിശിഹാപരമായ ഈ പ്രവൃത്തികൾ അവിടന്നു പിതാവിൽ നിന്നു സ്വീകരിച്ച ദൗത്യത്തിന് സുശക്തമായ സാക്ഷ്യം നല്കുന്നു. മിശിഹാ തന്റെ കാരുണ്യത്തിൽ ശരീരത്തിലും ആത്മാവിലും രോഗമുള്ളവരെ സമീപിക്കുകയും അവരെ സുഖപ്പെടുത്തുകയും ചെയ്തു. പാപികളോടു ക്ഷമിക്കുകയും അവർക്കു പുതിയ ജീവൻ നല്കുകയും ചെയ്തു. തന്റെ ആട്ടിൻകൂട്ടത്തെ പരിപാലിക്കുന്ന നല്ല ഇടയനാണ് ഈശോ (cf. യോഹ 10:11-18, എസ. 34:1-31). അവിടന്നു നല്ല സമറായനാണ്. മുറിപ്പെട്ട മനുഷ്യരെ സഹായിക്കാനും അയാളുടെ മുറിവുകൾ വച്ചുകെട്ടാനും അയാളെ സംരക്ഷിക്കാനുംവേണ്ടി നിന്ന നല്ല സമറായനാണ് (cf. ലൂക്കാ 10:30-37).

ഈശോ തന്റെ ദൗത്യത്തിന്റെ പരമകോടിയിൽ അവിടത്തേക്ക് നമ്മോടുള്ള ശ്രദ്ധയുടെ പരമമായ തെളിവു നല്കി. പാപത്തിന്റെയും മരണത്തിന്റെയും അടിമത്തത്തിൽ നിന്നും നമ്മെ സ്വതന്ത്രരാക്കാൻവേണ്ടി സ്വയം കുരിശിൽ സമർപ്പിച്ചുകൊണ്ടാണ് അങ്ങനെ ചെയ്തത്. തന്റെ ജീവനെ ബലിപരമായ ദാനമായി നല്കിക്കൊണ്ട് അവിടന്നു നമുക്കായി സ്നേഹത്തിന്റെ പാത തുറന്നു. നമ്മിൽ ഓരോരുത്തരോടും അവിടന്ന്

പറയുന്നു: ''എന്നെ അനുകരിച്ച്, പോയി ഇതുപോലെ ചെയ്യുക'' (cf. ലൂക്കാ 10:37).

### 5. സംരക്ഷണ സംസ്കാരം. ഈശോയുടെ അനുയായികളുടെ ജീവിതത്തിൽ

ആത്മീയവും ശാരീരികവുമായ കാരുണ്യപ്രവൃത്തികൾ, ആദിമസഭ അഭ്യസിച്ചിരുന്നതുപോലെ, പരസ്നേഹത്തിന്റെ ഹൃദയമായിരുന്നു. ക്രിസ്ത്യാനികളുടെ ആദ്യത്തെ തലമുറ അവർക്കുള്ളതു പങ്കുവച്ചു. അതുകൊണ്ട് അവരിൽ ആരും ആവശ്യത്തിൽപ്പെട്ടിരുന്നില്ല (cf. അപ്പ. 4:34–35). അവർ തങ്ങളുടെ സമൂഹത്തെ സ്വാഗതം ചെയ്യുന്ന ഭവനമാക്കാൻ പരിശ്രമിച്ചു. ഓരോ മാനുഷികാവശ്യത്തെയും പരിഗണിക്കുന്ന, ഏറ്റവും കൂടുതൽ ആവശ്യമുള്ളവരെ സംരക്ഷിക്കാൻ സന്നദ്ധതയുള്ള ഭവനമാക്കാൻ ശ്രമിച്ചു. ദരിദ്രരെ തീറ്റിപ്പോറ്റാനും മൃതരെ സംസ്കരിക്കാനും അനാഥരെയും വാർധക്യത്തിലെത്തിയവരെയും കപ്പൽ അപകടം പോലുള്ള അപകടങ്ങളുടെ ഇരകളെയും പരിപാലിക്കാനും സ്വമനസാ ദാനം നല്കുകയെന്നത് പതിവായിത്തീർന്നു. പിൽക്കാലത്ത് ക്രിസ്ത്യാനികളുടെ ഔദാര്യത്തിന് ആദിമകാല തീക്ഷ്ണത നഷ്ടപ്പെട്ടു. അന്ന് ചില സഭാപിതാക്കന്മാർ ഊന്നിപ്പറഞ്ഞു, വസ്തുക്കൾ പൊതു ഉപയോഗത്തിനായിരിക്കണമെന്നാണ് ദൈവം ഉദ്ദേശിച്ചിരിക്കുന്നതെന്ന്. വിശുദ്ധ അംബ്രോസിന്റെ അഭിപ്രായത്തിൽ ''പ്രകൃതി എല്ലാവരുടെയും പൊതു ഉപയോഗത്തിനായി എല്ലാ വസ്തുക്കളെയും ചൊരിഞ്ഞു... അങ്ങനെ എല്ലാവർക്കുംവേണ്ടിയുള്ള പൊതുവായ അവകാശത്തെ ഉത്പാദിപ്പിച്ചു. പക്ഷേ, അത്യാഗ്രഹം അതിനെ കുറച്ചുപേരുടെ അവകാശമാക്കി മാറ്റി'' ആദിമ നൂറ്റാണ്ടുകളിലെ മതപീഡനത്തിനുശേഷം സഭ പുതുതായി കണ്ട സ്വാതന്ത്ര്യത്തെ സമൂഹത്തെയും അതിന്റെ സംസ്കാരത്തെയും പ്രചോദിപ്പിക്കാൻ ഉപയോഗിച്ചു. ''കാലഘട്ടത്തിന്റെ ആവശ്യങ്ങൾ ക്രൈസ്തവ പരസ്നേഹത്തിന്റെ സേവനത്തിലുള്ള പുതിയ പരിശ്രമങ്ങളെ ആവശ്യപ്പെട്ടു. പ്രായോഗിക കാരുണ്യപ്രവർത്തനത്തിന്റെ അസംഖ്യം രേഖകൾ ചരിത്രത്തിലുണ്ട്... ദരിദ്രരുടെയിടയിലുള്ള സഭയുടെ പ്രവർത്തനം വലിയതോതിൽ സംഘടിതമായിരുന്നു. ഓരോ മാനുഷികാവശ്യവും പരിഹരിക്കുന്നതിനുവേണ്ടിയുള്ള അനേകം സ്ഥാപനങ്ങൾ ഉണ്ടായി: ആശുപത്രികൾ, ദരിദ്രർക്കായുള്ള ഭവനങ്ങൾ, അനാഥമന്ദിരങ്ങൾ, ഉപേക്ഷിക്കപ്പെട്ട ശിശുക്കൾക്കുവേണ്ടിയുള്ള ഭവനങ്ങൾ, യാത്രക്കാർക്കായുള്ള വിശ്രമസങ്കേതങ്ങൾ...''

### 6. സഭയുടെ സാമൂഹിക സിദ്ധാന്തത്തിന്റെ തത്ത്വങ്ങൾ, സംരക്ഷണ സംസ്കാരത്തിന്റെ അടിസ്ഥാനമെന്ന നിലയിൽ

സഭയുടെ ആദിമകാലത്തുണ്ടായിരുന്ന ദിയാക്കോണിയ (ശുശ്രൂഷ) പിതാക്കന്മാരുടെ പരിചിന്തനം വഴി സമ്പന്നമാക്കപ്പെട്ടു. നൂറ്റാണ്ടു

കളോളോം നിലനിറുത്തപ്പെട്ടു. വിശ്വാസത്തിന് പ്രകാശപൂർണമായ സാക്ഷ്യം നല്കിയ അനേകരുടെ പരസ്നേഹപ്രവർത്തനം വഴിയാണ ത്. സഭയുടെ സാമൂഹിക സിദ്ധാന്തത്തിന്റെ തുടിക്കുന്ന ഹൃദയമായി ത്തീർന്നു ദിയാക്കോണിയ. ഈ സാമൂഹിക സിദ്ധാന്തം സന്മസ്സുള്ള എല്ലാവർക്കും നല്കപ്പെടുന്നു. തത്ത്വങ്ങളുടെ അമൂല്യപൈതൃകമെന്ന നിലയിൽ, പരിപാലനയുടെ ''വ്യാകരണം'' എന്ന നിലയിൽ ഉപ യോഗിക്കാൻ കഴിയുന്ന മാനദണ്ഡങ്ങളും നിർദ്ദേശങ്ങളുമെന്ന നില യിൽ: ഓരോ മനുഷ്യവ്യക്തിയുടെയും മഹത്ത്വത്തെ വളർത്താനുള്ള സമർപ്പണം, ദരിദ്രരോടും മുറിവേൽക്കപ്പെടാവുന്നവരോടുമുള്ള ഐക്യ ദാർഢ്യം, പൊതു നന്മയ്ക്കായുള്ള നിരന്തര പരിശ്രമം, സൃഷ്ടിയുടെ സംരക്ഷണത്തെ സംബന്ധിച്ച താത്പര്യം.

## സംരക്ഷണം ഓരോ വ്യക്തിയുടെയും മഹത്ത്വവും അവകാ ശവും വളർത്തൽ എന്ന നിലയിൽ

ക്രിസ്തുമതത്തിൽ ഉദ്ഭവിക്കുകയും വികസിപ്പിക്കുകയും ചെയ്ത വ്യക്തിയെന്ന സങ്കല്പം തന്നെ സമ്പൂർണ മാനുഷിക വികസനത്തി നുള്ള പരിശ്രമത്തെ വളർത്തുന്നു. വ്യക്തി എപ്പോഴും ബന്ധത്തെ യാണ്, വ്യക്തിത്വവാദത്തെയല്ല, സൂചിപ്പിക്കുന്നത്. അത് ഉൾപ്പെടു ത്തലിനെയാണ്, ഒഴിവാക്കലിനെയല്ല, ഏറ്റവും അലംഘ്യവുമായ മഹത്ത്വത്തെയാണ്, ചൂഷണത്തെയല്ല, ഉറപ്പിച്ചു പറയുന്നത്. ഓരോ മനുഷ്യവ്യക്തിയും അവനിൽത്തന്നെ അഥവാ അവളിൽത്തന്നെ ഒരു ലക്ഷ്യമാണ്. അവന്റെ, അവളുടെ ഉപയുക്തതകൊണ്ടു വിലമതിക്ക പ്പെടേണ്ട ഉപാധിയല്ല. എല്ലാവരും മഹത്ത്വത്തിൽ തുല്യരായിട്ടുള്ള കുടുംബങ്ങളിലും സമുദായങ്ങളിലും സമൂഹങ്ങളിലും ഒന്നിച്ചു ജീവി ക്കാൻവേണ്ടി സൃഷ്ടിക്കപ്പെട്ടവരാണ്. മാനുഷികാവകാശങ്ങൾ ഈ മഹത്ത്വത്തിൽ നിന്ന് ഉദ്ഭവിക്കുന്നു. മാനുഷിക കടമകളും അങ്ങനെ തന്നെയാണ്. ദരിദ്രരെയും രോഗികളെയും, ഉപേക്ഷിക്കപ്പെട്ടവരെയും ''സ്ഥല-കാലങ്ങളിൽ അടുത്തും അകലെയുമുള്ള നമ്മുടെ അയൽക്കാ രിൽ'' ഓരോരുത്തരെയും സ്വാഗതം ചെയ്യാനും സഹായിക്കാനുമുള്ള മാനുഷിക കടമകൾപോലെ മാനുഷികാവകാശങ്ങൾ ഈ മഹത്ത്വ ത്തിൽ നിന്ന് ഉദ്ഭവിക്കുന്നു.

## പൊതുനന്മ പരിരക്ഷിക്കാൻ

സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവുമായ ജീവിതത്തിന്റെ ഓരോ വശവും അതിന്റെ പൂർണമായ ലക്ഷ്യം പ്രാപിക്കുന്നത് പൊതു നന്മയുടെ സേവനത്തിൽ സ്ഥാപിക്കപ്പെടുമ്പോഴാണ്. മറ്റു വാക്കുക ളിൽ പറഞ്ഞാൽ, ''ജനങ്ങൾ ഗ്രൂപ്പുകൾ എന്ന നിലയിലോ വ്യക്തികൾ എന്ന നിലയിലോ ആണ് കൂടുതൽ പൂർണമായും കൂടുതൽ എളുപ്പ

ത്തിലും പൂർണത പ്രാപിക്കുന്നത്.'' തത്ഫലമായി, നമ്മുടെ പ്ലാനുകൾക്കും പദ്ധതികൾക്കും മുഴുവൻ മനുഷ്യകുടുംബത്തിന്മേലും ഉള്ള അനന്തരഫലങ്ങളെ പരിഗണിക്കണം. ഇപ്പോഴത്തെ തലമുറയിലും വരുംതലമുറകളിലും അവയ്ക്കുണ്ടാകാവുന്ന അനന്തരഫലങ്ങളെയും പരിഗണിക്കണം. ഈ യാഥാർത്ഥ്യത്തിന്റെ സത്യത്തെയും കാലോചിതത്വത്തെയും കോവിഡ് 19 എന്ന പകർച്ചവ്യാധി നമുക്കു കാണിച്ചു തന്നു. പകർച്ച വ്യാധിയുടെ മുമ്പിൽ ''നാം ഒരുകാര്യം മനസ്സിലാക്കി. അതായത്, നമ്മൾ എല്ലാവരും ഒരേ വഞ്ചിയിലാണ്. നമ്മൾ എല്ലാവരും ദുർബലരും ലക്ഷ്യരഹിതരുമാണ്. എന്നാൽ അതേ സമയം സുപ്രധാനമായിട്ടുള്ളതും ആവശ്യമായിട്ടുള്ളതും ഇതാണ്: നമ്മൾ എല്ലാവരും ഒന്നിച്ച് വഞ്ചി തുഴഞ്ഞുപോകണം.'' കാരണം, ''ഒരുത്തനും ഒറ്റയ്ക്ക് രക്ഷപെടുന്നില്ല.'' ഒരു രാഷ്ട്രത്തിനും ഒറ്റപ്പെട്ടു കഴിഞ്ഞുകൊണ്ട് സ്വന്തം ജനതയുടെ പൊതുനന്മ ഉറപ്പുവരുത്താൻ സാധിക്കുകയില്ല.

## ഐക്യദാർഢ്യത്തിലൂടെയുള്ള സംരക്ഷണം

മറ്റുള്ളവരോടുള്ള നമ്മുടെ സ്നേഹത്തെ ഐക്യദാർഢ്യം വസ്തുനിഷ്ഠമായി പ്രകാശിപ്പിക്കുന്നു. അവ്യക്തമായ വികാരമെന്ന വിധത്തിലല്ല പിന്നെയോ ''പൊതുനന്മയ്ക്കുവേണ്ടി സ്വയം സമർപ്പിക്കാനുള്ള ദൃഢവും സുസ്ഥിരവുമായ തീരുമാനമെന്ന നിലയിലാണ് പ്രകാശിപ്പിക്കുന്നത്. അതായത്, എല്ലാവരുടെയും ഓരോ വ്യക്തിയുടെയും നന്മയ്ക്കുവേണ്ടി. കാരണം, നമ്മൾ എല്ലാവരും യഥാർത്ഥത്തിൽ എല്ലാവരെയും സംബന്ധിച്ച ഉത്തരവാദിത്വമുള്ളവരാണ്.'' മറ്റുള്ളവരെ പരിഗണിക്കാൻ ഐക്യദാർഢ്യം നമ്മെ സഹായിക്കുന്നു-വ്യക്തികൾ എന്ന നിലയിലായാലും കൂടുതൽ വിശാലമായി ജനതകൾ, രാഷ്ട്രങ്ങൾ എന്നീ നിലയിലായാലും - കേവലം സ്ഥിതിവിവരക്കണക്കുകൾക്കപ്പുറത്ത്. ഉപയോഗിച്ചിട്ട് ഭാവിയിൽ ഉപയോഗമില്ലാത്തവരായി തള്ളിക്കളയേണ്ടവരായിട്ടല്ല. പിന്നെയോ നമ്മുടെ അയൽക്കാരായി നമ്മുടെ യാത്രയെ സഹയാത്രികരായി ജീവന്റെ വിരുന്നിൽ പങ്കുചേരാൻ നമ്മെപ്പോലെ വിളിക്കപ്പെട്ടവരായി കരുതണം. ദൈവം എല്ലാവരെയും ആ വിരുന്നിലേക്കു തുല്യനിലയിൽ ക്ഷണിച്ചിട്ടുണ്ട്.

## സൃഷ്ടിയുടെ പരിപാലനയും സംരക്ഷണവും

ലാവുദാത്തോ സീ എന്ന ചാക്രികലേഖനം എല്ലാ സൃഷ്ടികളും പരസ്പരബന്ധിതമാണെന്ന് തികച്ചും ബോധമുള്ള ഒന്നാണ്. ദരിദ്രരുടെ കരച്ചിലും സൃഷ്ടിയുടെ കരച്ചിലും ശ്രദ്ധിക്കുകയെന്ന ആവശ്യത്തെ അത് ഉയർത്തിക്കാണിക്കുന്നു. നമ്മുടെ പൊതു ഭവനമായ ഭൂമിയെ ആവശ്യത്തിൽപ്പെടുന്ന നമ്മുടെ സഹോദരീ സഹോദരന്മാരെയും കാര്യക്ഷമമായി പരിപാലിക്കാൻ സ്ഥിരവും ശ്രദ്ധാപൂർവകവുമായി

ശ്രവിക്കാൻ പ്രേരിപ്പിക്കുന്നു. ഇവിടെ ഒരിക്കൽക്കൂടി ഒരു കാര്യം സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതായത് നമ്മുടെ സഹജീവികളായ മനുഷ്യരോട് നമ്മുടെ ഹൃദയത്തിൽ വാത്സല്യവും സഹതാപവും താത്പര്യവും ഇല്ലെങ്കിൽ പ്രകൃതിയുടെ ബാക്കിഭാഗത്തോടുള്ള അഗാധമായ ഐക്യത്തെക്കുറിച്ചുള്ള ബോധം ശരിയായിരിക്കുകയില്ല.'' ''സമാധാനം, നീതി, സൃഷ്ടിപരിപാലനം എന്നിവ ആന്തരികമായി ബന്ധപ്പെട്ട മൂന്നു പ്രശ്നങ്ങളാണ്. ഒറ്റപ്പെടുത്തി അവയോടു ബന്ധപ്പെടാൻ, അവയെ വേർതിരിക്കാൻ പാടില്ല. അങ്ങനെ ചെയ്താൽ ന്യൂനീകരിക്കലാകും.''

### 7. പൊതുപാത ചൂണ്ടിക്കാണിക്കുന്ന ഒരു കോമ്പസ്

പാഴാക്കലിന്റെ സംസ്കാരം ആധിപത്യമുറപ്പിക്കുന്ന ഒരു സമയത്ത്, രാഷ്ട്രങ്ങൾക്കുള്ളിലും രാഷ്ട്രങ്ങൾ തമ്മിലും വർധിച്ചുവരുന്ന അസമത്വങ്ങളെ നേരിടുന്ന കാലത്ത്, രാഷ്ട്രീയ നേതാക്കളെയും അന്താരാഷ്ട്ര സംഘടനകളുടെ നേതാക്കളെയും ബിസിനസ് നേതാക്കളെയും ശാസ്ത്രജ്ഞരെയും വാർത്താവിനിമയക്കാരെയും വിദ്യാഭ്യാസ പ്രവർത്തകരെയും ഒരു കാര്യം ചെയ്യാൻ ഞാൻ നിർബന്ധിക്കുന്നു. അതായത്, ഈ തത്വങ്ങളെ പൊതുവായ മാർഗദിശ കാണിക്കാൻ കഴിവുള്ളതും ''കൂടുതൽ മാനുഷികമായ ഭാവിയെ'' ഉറപ്പുവരുത്തുന്നതുമായ കോമ്പസ് എന്ന നിലയിൽ, ആഗോളവത്കരണത്തിന്റെ പ്രക്രിയയിൽ, സ്വീകരിക്കണമെന്നു നിർബന്ധിക്കുന്നു. ഓരോ വ്യക്തിയുടെ വിലയും മഹത്ത്വവും വിലയിരുത്താനും പൊതുനന്മയ്ക്കുവേണ്ടി ഐക്യദാർഢ്യത്തോടെ ഒന്നിച്ചു പ്രവർത്തിക്കാനും ദാരിദ്ര്യം, രോഗം, അടിമത്തം, ആയുധംകൊണ്ടുള്ള സംഘട്ടനം, വിവേചനം എന്നിവ സഹിക്കുന്നവരെ ആശ്വസിപ്പിക്കാനുമുള്ള കഴിവ് ഇതു നമുക്കു തരും. ഈ കോമ്പസ് കൈയിലെടുക്കാനും സംരക്ഷണസംസ്കാരത്തിന്റെ പ്രവാചകപരമായ സാക്ഷ്യമാകാനും നിലവിലുള്ള അനേകം അസമത്വങ്ങളെ കീഴടക്കാൻ പ്രവർത്തിക്കാനും ഞാൻ ഓരോ വ്യക്തിയെയും നിർബന്ധിക്കുന്നു. കുടുംബത്തിലും സാമൂഹികവും രാഷ്ട്രീയവും സ്ഥാപനപരവുമായ എല്ലാ മണ്ഡലങ്ങളിലും സ്ത്രീകൾ വ്യാപകമായും അർത്ഥപൂർണമായും ഉൾപ്പെട്ടാൽ മാത്രമേ ഇതു സാധ്യമാകുകയുള്ളൂ.

സംരക്ഷണ സംസ്കാരത്തിന്റെ വളർച്ചയെ സംബന്ധിച്ചിടത്തോളം ഏറെ സത്താപരമായിരിക്കുന്ന സാമൂഹികതത്ത്വങ്ങളുടെ ഈ കോമ്പസ് ഒരാവശ്യത്തെ ചൂണ്ടിക്കാണിക്കുന്നുണ്ട്. രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധങ്ങൾ സാഹോദര്യം, പരസ്പര ബഹുമാനം, ഐക്യദാർഢ്യം, അന്താരാഷ്ട്ര നിയമത്തിന്റെ അനുസരണം എന്നിവയാൽ പ്ര

ചോദിപ്പിക്കപ്പെടണം എന്നതാണത്. ഇതിനെ സംബന്ധിച്ചിടത്തോളം നാം അംഗീകരിക്കേണ്ട ഒരു വസ്തുതയുണ്ട്. മാറ്റിക്കളയാനാവാത്ത, സാർവത്രികമായ വിഭജിക്കാനാവാത്ത മൗലിക മാനുഷികാവകാശങ്ങളെ സംരക്ഷിക്കുകയും വളർത്തുകയും ചെയ്യുകയെന്നതാണ് ആ വസ്തുത.

അതുപോലെ അത്യാവശ്യമാണ് മനുഷ്യത്വപരമായ (humanitarian) നിയമങ്ങളെ ആദരിക്കുകയെന്നത് - പ്രത്യേകിച്ച്, സംഘർഷങ്ങളും യുദ്ധങ്ങളും തുടർച്ചയായി നടന്നുകൊണ്ടിരിക്കുന്ന ഇക്കാലത്ത് ദുരന്തപരമായ ഒരു വസ്തുതയുണ്ട്. സുരക്ഷിതത്വത്തിലും സമാധാനത്തിലും തങ്ങൾ ജീവിച്ച കാലത്തെപ്പറ്റി അനേകം പ്രദേശങ്ങൾക്കോ സമൂഹങ്ങൾക്കോ ഓർമ്മിക്കാൻ കഴിയുന്നില്ല എന്നതാണത്. അസംഖ്യം നഗരങ്ങൾ സുരക്ഷിതത്വമില്ലായ്മയുടെ ഭൂപ്രദേശങ്ങളാണെന്നതാണത്. സ്ഫോടന വസ്തുക്കൾക്കൊണ്ടും പീരങ്കികൾകൊണ്ടും ചെറിയ യുദ്ധോപകരണങ്ങൾകൊണ്ടും നടത്തുന്ന തരം തിരിവില്ലാത്ത ആക്രമണങ്ങളുടെ മുമ്പിൽ പൗരന്മാർ തങ്ങളുടെ സാധാരണ ജീവിതക്രമം തുടരാൻ കഷ്ടപ്പെടുന്നു. കുട്ടികൾക്കു പഠിക്കാൻ പറ്റുന്നില്ല. സ്ത്രീപുരുഷന്മാർക്ക് തങ്ങളുടെ കുടുംബങ്ങളെ പോറ്റാൻ വേണ്ടി ജോലിചെയ്യാൻ പറ്റുന്നില്ല. പട്ടിണിയെപ്പറ്റി മുമ്പ് അറിഞ്ഞിട്ടില്ലാത്ത സ്ഥലങ്ങളിൽ പട്ടിണി വ്യാപിക്കുന്നു. ഓടിപ്പോകാൻ ആളുകൾ നിർബന്ധിക്കപ്പെടുന്നു. അവരുടെ വീടുകൾ മാത്രമല്ല കുടുംബചരിത്രവും സാംസ്കാരിക വേരുകളും ഉപേക്ഷിച്ച് പലായനം ചെയ്യേണ്ടിവരുന്നു.

ഇത്തരം സംഘട്ടനങ്ങൾക്ക് അനേകം കാരണങ്ങളുണ്ട്. എന്നാൽ ഫലം എപ്പോഴും ഒന്നാണ്: അതായത് നാശവും മാനുഷിക വിഷമാവസ്ഥകളും. നമ്മൾ നമ്മോടുതന്നെ ഇങ്ങനെ ചേദിക്കണം: സംഘട്ടനത്തെ സാധാരണ കാര്യമായി കാണാൻ നമ്മുടെ ലോകത്തെ പ്രേരിപ്പിച്ചത് എന്താണ്? ഐക്യദാർഢ്യത്തിലും സാഹോദര്യത്തിലും യഥാർത്ഥ സമാധാനത്തിനുവേണ്ടി അധ്വാനിക്കാൻ നമ്മുടെ ഹൃദയങ്ങളെ എങ്ങനെ തിരിക്കാൻ കഴിയും? നമ്മുടെ ചിന്താരീതികളെ എങ്ങനെ മാറ്റാൻ കഴിയും?

ആയുധങ്ങൾക്കുവേണ്ടി, പ്രത്യേകിച്ച ന്യൂക്ലിയർ ആയുധങ്ങൾക്കുവേണ്ടി, എന്തുമാത്രം വിഭവങ്ങളാണ് ഉപയോഗിക്കുന്നത്? അവ കൂടുതൽ ശ്രദ്ധേയവും മുൻഗണനാപരവുമായ കാര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാമായിരുന്നു: വ്യക്തികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ, സമാധാനം സമഗ്ര മാനുഷിക വികസനം എന്നിവയെ വളർത്താൻ, ദാരിദ്ര്യത്തിനെതിരേ സമരം ചെയ്യാൻ, ആരോഗ്യപരിപാലനം നടപ്പിലാക്കാൻ.

ഇപ്പോഴത്തെ കോവിഡ് 19 എന്ന പകർച്ചവ്യാധിയും കാലാവസ്ഥാ മാറ്റവും ഈ വെല്ലുവിളികളെ കൂടുതൽ വ്യക്തമാക്കുകയാണു ചെയ്തിട്ടുള്ളത്. താഴെപ്പറയുന്ന തീരുമാനം എത്രയോ ധീരമായതായിരിക്കും: ''ആയുധങ്ങൾക്കും യുദ്ധച്ചെലവുകൾക്കുമായി ഉപയോഗിക്കുന്ന പണംകൊണ്ട് ഒരു ആഗോളഫണ്ട് സ്ഥാപിക്കുക- വിശപ്പിന്റെ പ്രശ്നം എന്നേക്കുമായി ഇല്ലായ്മ ചെയ്യാനും ഏറ്റവും ദരിദ്ര രാഷ്ട്രങ്ങളുടെ വികസനത്തിനു സംഭാവന ചെയ്യാനും വേണ്ടിയുള്ള ഫണ്ട്.''

**8. സംരക്ഷണ സംസ്കാരത്തിനുവേണ്ടിയുള്ള വിദ്യാഭ്യാസം**

സംരക്ഷണസംസ്കാരത്തെ വളർത്തുന്നതിന് ഒരു വിദ്യാഭ്യാസ പ്രക്രിയ ആവശ്യമുണ്ട്. സാമൂഹിക തത്ത്വങ്ങളുടെ കോമ്പസ് പരസ്പര ബന്ധമുള്ള ധാരാളം സാഹചര്യങ്ങളിൽ ഉപകാരപ്രദവും വിശ്വസനീയവുമാണെന്നു തെളിയും. ഞാൻ ചില ഉദാഹരണങ്ങൾ പറയട്ടെ:

-സംരക്ഷണത്തിനായി ജനങ്ങളെ പഠിപ്പിക്കുകയെന്നത് കുടുംബത്തിൽ തുടങ്ങുന്നു. കുടുംബം സമൂഹത്തിന്റെ സ്വാഭാവികവും മൗലികവുമായ ന്യൂക്ലിയസാണ്. എങ്ങനെ ജീവിക്കണമെന്നും പരസ്പര ബഹുമാനത്തിന്റെ ചൈതന്യത്തോടെ മറ്റുള്ളവരുമായി എങ്ങനെ ബന്ധപ്പെടണമെന്നും നമ്മൾ പഠിക്കുന്നത് അവിടെവച്ചാണ്. എന്നാലും ജീവദായകവും അനുപേക്ഷണീയവുമായ ഈ ധർമ്മം നിർവഹിക്കുന്നതിനു കുടുംബങ്ങളെ ശക്തിപ്പെടുത്തണം.

- കുടുംബത്തോടൊപ്പം വിദ്യാലയങ്ങളും യുണിവേഴ്സിറ്റികളും - ചില കാര്യങ്ങളെ സംബന്ധിച്ചിടത്തോളം സാമൂഹിക സമ്പർക്ക മാധ്യമങ്ങളും വിദ്യാഭ്യാസം നല്കാൻ കടപ്പെട്ടവയാണ്. അവ മൂല്യങ്ങളുടെ ഒരു വ്യവസ്ഥിതി കൈമാറണം. അത് ഓരോ വ്യക്തിയുടെയും ഭാഷാപരമോ വംശപരമോ മതപരമോ ആയ സമൂഹത്തിന്റെയും ഓരോ ജനതയുടെയും മഹത്ത്വത്തെ അംഗീകരിക്കണം. ആ അംഗീകാരത്തിൽ നിന്നുണ്ടാകുന്ന മൗലികാവകാശങ്ങളെയും അടിസ്ഥാനപ്പെടുത്തിയിട്ടുള്ള മൂല്യങ്ങളുടെ വ്യവസ്ഥിതിയായിരിക്കണം. കൂടുതൽ നീതിപൂർവകവും സഹോദരപരവുമായ സമൂഹത്തിന്റെ സ്തംഭങ്ങളിലൊന്നാണ് വിദ്യാഭ്യാസം.

- പൊതുവേ മതങ്ങൾക്കും പ്രത്യേകിച്ച് മതനേതാക്കൾക്കും അനുപേക്ഷണീയമായ ഒരു ധർമ്മം നിർവഹിക്കാൻ കഴിയും. അനുയായികൾക്കും പൊതുവേ സമൂഹത്തിനും ഐക്യദാർഢ്യത്തിന്റെ മൂല്യങ്ങളെയും വ്യത്യാസങ്ങളോടുള്ള ആദരവിനെയും ആവശ്യത്തിൽപ്പെട്ട സഹോദരീസഹോദരന്മാരെ സംബന്ധിച്ച താത്പര്യത്തെയും കൈമാറാൻ അവർക്കു കഴിയും. പോൾ 6-ാമൻ മാർപാപ്പ 1969-ൽ ഉഗാണ്ടൻ പാർലിമെന്റിനോടു പറഞ്ഞ വാക്കുകളെ ഞാനി

വിടെ ഓർമ്മിപ്പിക്കുന്നു: ‘‘സഭയെ ഭയപ്പെടരുത്. അവൾ നിങ്ങളെ ബഹുമാനിക്കുന്നു, അവൾ സത്യസന്ധരും വിശ്വസ്തരുമായ പൗര ന്മാരെ നിങ്ങൾക്കായി പഠിപ്പിച്ചെടുക്കുന്നു, അവൾ മാത്സര്യങ്ങളെയും വിഭജനങ്ങളെയും വളർത്തുന്നില്ല. ആരോഗ്യകരമായ സ്വാതന്ത്ര്യവും സാമൂഹികനീതിയും സമാധാനവും വളർത്താൻ അവൾ പരിശ്രമിക്കു ന്നു. അവൾക്ക് എന്തെങ്കിലും പ്രത്യേക താത്പര്യമുണ്ടെങ്കിൽ അത് ദരിദ്രരെ സംബന്ധിച്ചാണ് - കുട്ടികളുടെയും ജനതയുടെയും വിദ്യാ ഭ്യാസത്തിന്, സഹിക്കുന്നവരെയും പരിത്യക്തരെയും പരിപാലിക്കുന്ന തിന് ഉള്ള താത്പര്യം തന്നെ.’’

പബ്ളിക് സർവീസിലും സർക്കാർ സംബന്ധവും അല്ലാത്തതുമായ അന്താരാഷ്ട്ര സംഘടനകളിലും ഏർപ്പെട്ടിരിക്കുന്ന എല്ലാവരെയും വിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും മണ്ഡലങ്ങളിൽ വിവിധ രീതികളിൽ ഏർപ്പെട്ടിരിക്കുന്നവരെയും ഞാൻ ഒരിക്കൽക്കൂടി പ്രോത്സാഹിപ്പിക്കുന്നു. ഒരു പ്രത്യേക ലക്ഷ്യത്തിനുവേണ്ടി അധ്വാനി ക്കാനാണത്. ‘‘കൂടുതൽ തുറവിയുള്ളതും സമഗ്രവുമായ വിദ്യാഭ്യാസം, ക്ഷമാപൂർവകമായ ശ്രവണവും സർഗാത്മകമായ സംവാദവും കൂടുതൽ നല്ല പരസ്പരധാരണയും നേടുകയെന്ന ലക്ഷ്യത്തിനുവേണ്ടിത്തന്നെ.’’ വിദ്യാഭ്യാസത്തെ സംബന്ധിച്ച ആഗോള കോംപാക്റ്റിന്റെ സാഹച ര്യത്തിൽ ഞാൻ നടത്തുന്ന ഈ അഭ്യർത്ഥന വ്യാപകമായ തോതിൽ തിരിച്ചറിയപ്പെടുകയും സ്വീകരിക്കപ്പെടുകയും ചെയ്യുമെന്ന് ഞാൻ പ്ര ത്യാശിക്കുന്നു.

### 9. സംരക്ഷണ സംസ്കാരമില്ലാതെ സമാധാനമുണ്ടാവുകയില്ല

അങ്ങനെ സംരക്ഷണസംസ്കാരം പൊതുവായ, പിന്താങ്ങുന്ന, സമ്പൂർണമായ, ഒരു സമർപ്പണത്തെ ആവശ്യപ്പെടുന്നു: എല്ലാവരു ടെയും മഹത്ത്വത്തെയും നന്മയെയും സംരക്ഷിക്കുകയും വളർത്തു കയും ചെയ്യാൻ, പരിപാലനയും സഹാനുഭൂതിയും പ്രകടിപ്പിക്കാനുള്ള സന്മനസ്സ് ഉണ്ടായിരിക്കാൻ, അനുരഞ്ജനത്തിനും സുഖപ്പെടുത്ത ലിനുംവേണ്ടി അധ്വാനിക്കാൻ, പരസ്പര ബഹുമാനവും സ്വീകര ണവും വളർത്താൻ. അത് സ്വയമേ സമാധാനത്തിലേക്കുള്ള സവിശേ ഷാനുകൂല്യമുള്ള പാതയാണ്. ‘‘ലോകത്തിന്റെ അനേകം ഭാഗങ്ങളിൽ തുറന്നിരിക്കുന്ന വ്രണങ്ങൾ സുഖപ്പെടുത്താൻ സമാധാനത്തിന്റെ പാതകൾ ആവശ്യമുണ്ട്. സമാധാന സ്ഥാപകരെയും സുഖപ്പെടുത്തലി ന്റെയും നവീകൃത കണ്ടുമുട്ടലിന്റെയും പ്രക്രിയയ്ക്കായി ധീരതയോടും സർഗാത്മകതയോടും കൂടി അധ്വാനിക്കാൻ തയ്യാറുള്ള സ്ത്രീപുരുഷ ന്മാരെയും ആവശ്യമുണ്ട്.’’

മനുഷ്യവംശത്തിന്റെ വഞ്ചി ഇന്നത്തെ വിഷമസന്ധിയുടെ കൊടു

ങ്കാറ്റിൽ ഉലയുന്നു. കൂടുതൽ പ്രശാന്തമായ ചക്രവാളത്തിലേക്കു നീങ്ങുവാൻ കഷ്ടപ്പെടുന്നു. ഇത്തരം ഒരു സാഹചര്യത്തിൽ മനുഷ്യമഹത്ത്വത്തിന്റെ ചുക്കാൻ മൗലിക സാമൂഹിക തത്ത്വങ്ങളാകുന്ന കോമ്പസ് എന്നിവയ്ക്ക് നമ്മെ ഒന്നിച്ച് സുരക്ഷിതസ്ഥലത്തേക്കു നയിക്കാൻ കഴിയും. ക്രൈസ്തവരെന്ന നിലയിൽ നമ്മൾ എപ്പോഴും സമുദ്രതാരവും പ്രത്യാശയുടെ അമ്മയുമായ കന്യകാമറിയത്തിലേക്കു നോക്കണം. സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും പരസ്പരമുള്ള പിന്താങ്ങലിന്റെയും സ്വീകരണത്തിന്റെയും പുതിയ ചക്രവാളത്തിലേക്ക് മുന്നേറാൻ നമുക്ക് ഒന്നിച്ച് അധ്വാനിക്കാം. മറ്റുള്ളവരെ, പ്രത്യേകിച്ച് ഏറ്റവും കൂടുതൽ ആവശ്യത്തിൽപ്പെട്ടവരെ അവഗണിക്കാനും മറുവശത്തേക്കു നോക്കാനുമുള്ള പ്രലോഭനത്തിനു നമുക്ക് ഒരിക്കലും കീഴടങ്ങാതിരിക്കാം. പകരം ''പരസ്പരം സ്വീകരിക്കുകയും പരിരക്ഷിക്കുകയും ചെയ്യുന്ന സഹോദരീ സഹോദരന്മാരുടെ സമൂഹത്തെ രൂപപ്പെടുത്താൻ'' വസ്തുനിഷ്ഠവും പ്രായോഗികവുമായ രീതിയിൽ നമുക്കു പരിശ്രമിക്കാം.

വത്തിക്കാനിൽ നിന്ന്, 8 ഡിസംബർ 2020

**ഫ്രാൻസിസ് പാപ്പാ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

കൊച്ചി – 682 025

Prot. No. 0053/2019

**സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്**
**കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ**
**മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും**
**സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന**
**എല്ലാ ദൈവജനത്തിനും എഴുതുന്ന സർക്കുലർ.**
**കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.**

## സർക്കുലർ

# സീറോമലബാർ പ്രേഷിതവാരാചരണം 2021

ദനഹാതിരുനാളായ ജനുവരി 6 മുതൽ 12 വരെ സീറോമലബാർ സഭ പ്രേഷിതവാരമായി എല്ലാ വർഷവും ആചരിക്കുന്ന വിവരം നമുക്കറിവുള്ളതാണല്ലോ. 'മിഷനെ അറിയുക, മിഷനറിയാവുക' എന്ന ആദർശവാക്യത്തെ പ്രായോഗികതലങ്ങളിലെത്തിച്ച് ജീവിതത്തിലും പ്രവൃത്തിയിലും പ്രേഷിത തീക്ഷ്ണതയാൽ നിറഞ്ഞു, സഭയുടെ പ്രേഷിത ഉദ്യമങ്ങളെ ശക്തിപ്പെടുത്തുവാനുള്ള പരിശ്രമമാണ് പ്രേഷിതവാരം ലക്ഷ്യം വയ്ക്കുന്നത്. ഈയവസരത്തിൽ കേരളത്തിനകത്തും പുറത്തുമായി, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ, വീരോചിതമായ രീതിയിൽ മിഷൻ പ്രവത്തനത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന മെത്രാന്മാരും വൈദികരും സന്യസ്തരും അല്മായസഹോദരങ്ങളും ഉൾപ്പെടുന്ന എല്ലാ മിഷനറിമാരെയും അവരുടെ പ്രവർത്തനങ്ങളെ സഹായിക്കുന്നവരെയും സഭയുടെ പേരിൽ അഭിനന്ദിക്കുകയും, അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

പ്രേഷിതവാരാചരണത്തിന്റെ പശ്ചാത്തലത്തിൽ ആനുകാലിക ലോകത്തിന്റെയും തിരുസ്സഭയുടെയും സാഹചര്യങ്ങളെ ആസ്പദമാക്കി ഏതാനും ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കുവാൻ ഞാൻ

ആഗ്രഹിക്കുന്നു. 2020 മിഷൻ ഞായറിനായുള്ള പ്രേഷിത സന്ദേശത്തിൽ ഫ്രാൻസിസ് പാപ്പാ പങ്കുവയ്ക്കുന്നത്, ഇന്നിന്റെ കലുഷിത സാഹചര്യങ്ങളിലേക്ക് ദൈവസ്നേഹത്തിന്റെയും സമാധാനത്തിന്റെയും സന്ദേശവാഹകരാകുവാൻ, 'ആരാണ് എനിക്കായി പോവുക' (ഏശയ്യ 6:8), എന്ന ആകുലതയാണ്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഒരു നവീന ക്രൈസ്തവ മാനവികതയുടെ നിർമ്മാണത്തിനായി പരിശ്രമിക്കുവാൻ 'എല്ലാവരും സോദരർ' എന്ന തന്റെ പുതിയ ചാക്രികലേഖനത്തിലൂടെ ഫ്രാൻസിസ് പാപ്പാ നമ്മെ ഉദ്ബോധിപ്പിച്ചു. യഥാർത്ഥമായ സുവിശേഷപ്രഘോഷണം വർണ്ണ-വർഗ്ഗ ലിംഗഭേദമില്ലാതെ എല്ലാവർക്കും ദൈവത്തിന്റെ സ്നേഹവും കരുണയും പങ്കുവയ്ക്കുന്നതും അതനുഭവിക്കാൻ അവസരം നൽകുന്നതുമാകണമെന്ന് മാർപ്പാപ്പ ഉദ്ബോധിപ്പിക്കുന്നു.

കോവിഡിന്റെ വിപത്തിൽ, ആവശ്യങ്ങളും അത്യാവശ്യങ്ങളും അനാവശ്യങ്ങളും തമ്മിലുള്ള വ്യത്യാസം നാം ശരിക്കും മനസ്സിലാക്കി. തിരുസ്സഭയിലെ ഏതൊരു ശുശ്രൂഷയുടെയും സംവിധാനത്തിന്റെയും മൂല്യം, സുവിശേഷവത്കരണത്തിനായി അത് എന്തുമാത്രം സഹായിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. പ്രേഷിതപ്രവർത്തനത്തിന് തടസ്സമായി നിൽക്കുന്ന ഏതു സഭാസംവിധാനവും മിശിഹായുടെ സുവിശേഷത്തിന് വിരുദ്ധമാണെന്നും അവയെ സുവിശേഷാത്മകമായി പുനർനിർമ്മിക്കണമെന്നും ഫ്രാൻസിസ് പാപ്പാ ഉദ്ബോദിപ്പിക്കുന്നു (സുവിശേഷത്തിന്റെ ആനന്ദം, 26). നല്ല സമരിയാക്കാരന്റെ ഉപമ ആനുകാലികമായി വ്യഖ്യാനിച്ചുകൊണ്ട്, മായം ചേരാത്ത ദൈവസ്നേഹത്തിന്റെ മാതൃകകളായി സഭാസംവിധാനങ്ങളെ പുനർനിർമ്മിക്കണമെന്ന് 'എല്ലാവരും സോദരർ' എന്ന ചാക്രികലേഖനത്തിലൂടെ ഫ്രാൻസിസ് പാപ്പാ വീണ്ടും ഓർമ്മിപ്പിക്കുന്നു (നമ്പർ 62). കാരണം സ്നേഹിക്കാത്തവൻ ദൈവത്തിന്റെ കൂടെയല്ല (1 യോഹ 4:8-16). അതിനാൽ, സ്നേഹത്തിന്റെ പ്രമാണം അടിസ്ഥാനമാക്കി സഭാ സംവിധാനങ്ങളെയും ശുശ്രൂഷകളെയും പുനർനിർമിച്ചാൽ മാത്രമേ, അവ മിശിഹാവിശ്വാസത്തിലേക്ക് മനുഷ്യമക്കളെ നയിക്കുന്ന പ്രേഷിത പ്രവർത്തനങ്ങളായി പരിണമിക്കൂ.

അക്രൈസ്തവരുടെ ഇടയിൽ സുവിശേഷം പങ്കുവയ്ക്കുവാനുള്ള ഉത്സാഹം പ്രാദേശികസഭകളുടെ പക്വതയുടെ അടയാളമായിട്ടാണ് ബനഡിക്ട് പതിനാറാമൻ മാർപാപ്പ പഠിപ്പിക്കുന്നത് (Verbum Domini, 95). സീറോമലബാർസഭയുടെ വിശ്വാസപക്വതയുടെ തെളിവാണ് ഈ സഭയിൽനിന്നും അക്രൈസ്തവർക്കിടയിൽ ജോലിചെയ്യുവാനായി

ഇറങ്ങി പുറപ്പെട്ടിരിക്കുന്ന പതിനായിരക്കണക്കിന് സഭാമക്കളുടെ ജീവിതകഥകൾ. അതിനായി അവരെ ഒരുക്കിയ കുടുംബങ്ങളും ഇടവകകളും പക്വതനിറഞ്ഞ വിശ്വാസജീവിതത്തിന്റെയും അജപാലനത്തിന്റെയും ചരിത്രം പറയുന്നു. നമ്മുടെ സഭയിൽ രൂപീകൃതമായ നിരവധി സന്യാസ-മിഷനറി സമൂഹങ്ങളോടൊപ്പം വിലമതിക്കേണ്ടതാണ് ചില അല്മായ ഭക്തസംഘടനകൾ നടത്തിയ മുന്നേറ്റങ്ങൾ. നമ്മുടെ ഇടവകവൈദികരുടെയും സന്യസ്തരുടെയും മതാധ്യാപകരുടെയും കാര്യക്ഷമമായ പ്രോത്സാഹനങ്ങളും കരിസ്മാറ്റിക്ക് നവീകരണ പ്രസ്ഥാനങ്ങൾ നൽകുന്ന തീക്ഷ്ണത നിറഞ്ഞ സന്ദേശങ്ങളും നിമിത്തം മിഷൻ പ്രവർത്തനത്തിനായി വൈദിക-സമർപ്പിത ജീവിതം തെരഞ്ഞെടുക്കുന്ന യുവജനങ്ങളുടെയും മിഷൻപ്രദേശങ്ങളിൽ ജോലി ചെയ്യാൻ മുന്നിട്ടിറങ്ങുന്ന അല്മായ സഹോദരങ്ങളുടെയും വർദ്ധിച്ചുവരുന്ന തീക്ഷ്ണത ആശാവഹമാണ്.

സഭയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന മാധ്യമവിഭാഗങ്ങളും ഒറ്റയ്ക്കും സംഘടിതവുമായി ഉത്സാഹത്തോടെ സുവിശേഷമൂല്യങ്ങൾ പങ്കുവയ്ക്കുന്ന നവമാധ്യമ കൂട്ടായ്മകളും നമ്മുടെ പ്രേഷിതചൈതന്യത്തിന്റെ ഉദാഹരണങ്ങളാണ്. എന്നാൽ ചിലപ്പോഴെല്ലാം അപക്വമായ പെരുമാറ്റശൈലികളും ഉള്ളടക്കങ്ങളും പ്രസരിപ്പിക്കുന്നതു വഴി നമ്മുടെ മാധ്യമസംസ്കാരത്തെ അക്രൈസ്തവമാക്കുന്നുണ്ടോ എന്ന്, അവയുടെ പ്രേഷിതമൂല്യത്തിന്റെ അളവുകോലിൽ നാം പരിശോധിക്കുകയും തിരുത്തുകയും ചെയ്യേണ്ടതാണ്. കാരണം, നവമാധ്യമങ്ങളുടെ കാര്യക്ഷമമായ ഉപയോഗം നമ്മുടെ പ്രേഷിതപ്രവർത്തനങ്ങളെ പതിന്മടങ്ങ് ഫലപ്രദവും ആയാസകരവുമാക്കാൻ ഉപകരിക്കുന്നു എന്നു മാത്രമല്ല, പ്രേഷിതപ്രവർത്തനത്തിന്റെ ഭാവി എങ്ങനെ സഭയ്ക്കുള്ളിൽ തന്നെ ഒരു പുതിയ മാധ്യമസംസ്കാരം നമ്മൾ രൂപപ്പെടുത്തുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു.


ഭാരതത്തിലെവിടെയും പ്രേഷിതപ്രവർത്തനം നടത്തുവാനുള്ള അവസരം 2017 ൽ നമ്മുടെ സഭയ്ക്ക് ലഭ്യമായതിനുശേഷം, പുതിയ മിഷൻ പ്രദേശങ്ങൾ ഏറ്റെടുത്ത് അവിടെ ജോലിചെയ്യുവാനായി നമ്മുടെ പല രൂപതകളും സമർപ്പിതകൂട്ടായ്മകളും കുടുംബപ്രേഷിതരും നടത്തുന്ന പ്രയത്നങ്ങൾക്ക് എല്ലാ വിജയങ്ങളും ആശംസിക്കുകയും, അതിനായി മുൻകൈ എടുത്ത രൂപതാധ്യക്ഷന്മാരെയും സമർപ്പിതസമൂഹാധികാരികളെയും അല്മായ നേതൃത്വത്തെയും ഞാൻ നന്ദിപൂർവം ഓർക്കുകയും ചെയ്യുന്നു. മിഷനുവേണ്ടി പ്രാർത്ഥിച്ചും മിഷനറി ദൈവവിളികൾ പ്രോത്സാഹിപ്പിച്ചും ആവുന്ന രീതിയിലെല്ലാം സാമ്പത്തിക സംഭാവനകൾ

നൽകിയും നമ്മുടെ പ്രേഷിത പ്രവർത്തനങ്ങളെ സഹായിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതിനായി സഭാകേന്ദ്രത്തിൽ പ്രവർത്തിക്കുന്ന സീറോമലബാർ മിഷൻ ഓഫീസിന്റെ ശുശ്രൂഷകളുമായി സഹകരിക്കണമെന്ന് ഓർമിപ്പിക്കുന്നു.

മറക്കാൻ പാടില്ലാത്ത ഒരു ഉപദേശം മിശിഹാ അന്ത്യഅത്താഴസമയത്ത് ശിഷ്യന്മാർക്കു നല്കുന്നുണ്ട് 'നിങ്ങൾക്ക് പരസ്പരം സ്നേഹം ഉണ്ടെങ്കിൽ, നിങ്ങൾ എന്റെ ശിഷ്യന്മാരെന്ന് ലോകം അറിയും' (യോഹ. 13:35). ശിഷ്യരുടെ ജീവിതത്തിന്റെ ഉൽകൃഷ്ടതയാണ് ഗുരുവിന്റെ നാമം നിലനിർത്തുന്നതും അറിയിക്കുന്നതും. സുകൃതപൂർണ്ണമായ ജീവിതം കൊണ്ടും പ്രഘോഷണം കൊണ്ടും നമ്മുടെ ഗുരുവിനെയും അദ്ദേഹം നൽകുന്ന നിത്യജീവനെയും അനേകരിലെത്തിക്കാം. അതിനായി പരിശ്രമിക്കുന്നവരെ പ്രാർത്ഥനകൊണ്ടും സഹകരണങ്ങൾകൊണ്ടും സഹായിക്കാം. അങ്ങനെ സുവിശേഷത്തിന്റെ സ്നേഹവും കാരുണ്യവും പ്രത്യാശയുമാകുന്ന വെളിച്ചം നൽകി ജനഹൃദയങ്ങളെ സ്പർശിക്കുവാനായി നാം പരിശ്രമിച്ചാൽ, പരിമിതമായ വാക്കുകൾ കൊണ്ട് തന്നെ ഫലപ്രദമായ പ്രേഷിതപ്രവർത്തനം നടത്താം. അതിനായി ശ്രേഷ്ഠമിഷനറിയായ ക്രിസ്തുനാഥന്റെ അനുഗ്രഹവും പ്രേഷിതറാണിയായ പരിശുദ്ധ അമ്മയുടെയും പ്രേഷിത താതൻ തോമാശ്ലീഹായുടെ മധ്യസ്ഥതയും മിഷനറിമാരായ നാമോരോരുത്തരെയും സഹായിക്കട്ടെ.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2020-ാം ആണ്ട് മാസം ഡിസംബർ 18-ാം തീയതി നൽകപ്പെട്ടത്.

മിശിഹായിൽ സ്നേഹപൂർവ്വം,



**കർദിനാൾ മാർ ജോർജ് ആലഞ്ചേരി**

സീറോ മലബാർസഭയുടെ മേജർആർച്ചുബിഷപ്പ്

1. NB: 2021 ജനുവരി 03-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ സീറോ മലബാർ സഭയുടെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ഈ സർക്കുലർ വായിക്കേണ്ടതാണ്.

2. സീറോമലബാർ മിഷൻവാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാകേന്ദ്രങ്ങളിൽ ഏല്പിച്ച് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന സീറോമലബാർ മിഷൻ ഓഫീസിൽ 2021 ഫെബ്രുവരി 28-ന് മുമ്പായി എത്തിക്കേണ്ടതാണ്.

Ref: 3415 /K-5/KCBC/OL/DS 24.12.2020

# 2021 യൗസേപ്പിതാവർഷമായി മാർപാപ്പ പ്രഖ്യാപിച്ചതിന്റെ പശ്ചാത്തലത്തിൽ കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

*''ജോസഫ് നിദ്രയിൽനിന്ന് ഉണർന്ന് കർത്താവിന്റെ ദൂതൻ കല്പിച്ചതുപോലെ പ്രവർത്തിച്ചു''* (മത്താ. 1:24).

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

'പിതൃഹൃദയത്തോടെ' (Patris corde) എന്ന അപ്പോസ്തോലിക ലേഖനത്തിലൂടെ 2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെ വിശുദ്ധ യൗസേപ്പിതാവിനു പ്രതിഷ്ഠിക്കപ്പെട്ട വർഷമായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിച്ചിരിക്കുകയാണ്. യൗസേപ്പിതാവിനെ സാർവത്രിക സഭയുടെ സംരക്ഷകനായി പ്രഖ്യാപിച്ചതിന്റെ 150–ാം വാർഷികത്തിലാണ് അമലോത്ഭവ മാതാവിന്റെ തിരുന്നാൾ ദിനത്തിൽ ഇത്തരമൊരു പ്രഖ്യാപനം ഉണ്ടായിരിക്കുന്നത്.

1870–ൽ ഒമ്പതാം പീയൂസ് മാർപാപ്പയാണ് യൗസേപ്പിതാവിനെ സാർവത്രിക സഭയുടെ മധ്യസ്ഥനും സംരക്ഷകനുമായി പ്രഖ്യാപിച്ചത്. രോഗികളുടെ മധ്യസ്ഥനായും നന്മരണത്തിന്റെ മധ്യസ്ഥനായും അതുവരേയും യൗസേപ്പിതാവിനെ പ്രത്യേകം വണങ്ങിയിരുന്നു. ദൈവമാതാവായ മറിയത്തിന്റെയും ദൈവപുത്രനായ ഈശോമിശിഹായുടെയും കരങ്ങളിൽ അദ്ദേഹം മരിച്ചു എന്ന പാരമ്പര്യവിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം ഒരു വണക്കം സഭയിൽ അന്നു തുടങ്ങിയത്.

നീതിയിലധിഷ്ഠിതമായ സാർവത്രികസാഹോദര്യത്തിന്റെയും സാമൂഹിക സൗഹൃദത്തിന്റെയും അടിസ്ഥാനത്തിൽ ഒരു ആഗോള കുടുംബം രൂപപ്പെടണമെന്ന് ഫ്രാൻസിസ് പാപ്പാ 'ഏവരും സോദരർ' (Fratelli Tutti) എന്ന സാമൂഹിക ചാക്രിക ലേഖനത്തിലൂടെ ആഹ്വാനം ചെയ്തിരുന്നു. ഇതിനു പിന്നാലെയാണ് നീതിമാനും കുടുംബങ്ങളുടെ സംരക്ഷകനുമായ യൗസേപ്പിതാവിനെ ലോകത്തിനു മുൻപിൽ മാതൃകയും മധ്യസ്ഥനുമായി ഫ്രാൻസിസ് പാപ്പാ പുന:പ്രതിഷ്ഠ നടത്തിയിരിക്കുന്നത് എന്നതും ശ്രദ്ധേയമാണ്.

നൂറ്റിയൻപത് വർഷങ്ങൾക്കു മുൻപ് ഒമ്പതാം പീയൂസ് മാർപാപ്പ യൗസേപ്പിതാവിന്റെ സംരക്ഷണയിൽ സാർവത്രികസഭയെ ഭരമേൽപ്പി

ക്കുമ്പോൾ വളരെ കലുഷിതവും ഗൗരവവുമായ ഒരു കാലഘട്ടത്തിലൂടെയായിരുന്നു ലോകം യാത്ര ചെയ്തിരുന്നത്. കാപ്പിറ്റലിസത്തിന്റെയും വ്യവസായവത്കരണത്തിന്റെയും ഫലമായി രൂപംകൊണ്ട വ്യത്യസ്ത മേഖലകളിലുണ്ടായ തകർച്ച സമൂഹത്തെയും കുടുംബങ്ങളെയും വിശ്വാസജീവിതത്തെയും ബാധിച്ച ഒരു കാലഘട്ടമായിരുന്നു അത്. നൂറ്റിയൻപത് വർഷങ്ങൾക്കു ശേഷം ഫ്രാൻസിസ് പാപ്പാ യൗസേപ്പിതാവിന്റെ വർഷം പ്രഖ്യാപിക്കുമ്പോൾ ഈ കാലഘട്ടവും കലുഷിതമായ ഒത്തിരി സാഹചര്യങ്ങളിലൂടെയാണ് കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്.

കോവിഡ്-19 മഹാമാരി വിതച്ച വിനകളുടെ നടുവിൽ ഭക്ഷ്യമേഖലയിലും തൊഴിൽ മേഖലയിലും സാമ്പത്തികമേഖലയിലുമൊക്കെയായി നേരിടുന്ന പ്രതിസന്ധികളും ആശങ്കകളും അനുദിനമെന്നോണം നമ്മളെ അസ്വസ്ഥരാക്കിക്കൊണ്ടിരിക്കുന്ന ഒരു സാഹചര്യമുണ്ട്. അജപാലനപരമായ മേഖലയിലും ഒത്തിരിയേറെ പരിമിതികൾ ഇന്ന് നമുക്കുണ്ട്. കൂടാതെ, സാമൂഹികസ്പർദ്ധയും, മതതീവ്രവാദവും, പാരിസ്ഥിതിക പ്രശ്നങ്ങളും, ദാരിദ്ര്യവും, തുടങ്ങി ധാരാളം പ്രശ്നങ്ങൾ വേറെയും. ഇത്തരം വിഷമസന്ധികളുടെ നടുവിൽ യൗസേപ്പിതാവിന്റെ പ്രത്യേക മാധ്യസ്ഥ സഹായവും സംരക്ഷണവും നമുക്ക് ശക്തിയും പ്രത്യാശയും നൽകുന്നു.

'പിതൃഹൃദയത്തോടെ' എന്നാണ് അപ്പോസ്തോലിക ലേഖനത്തിന് ഫ്രാൻസിസ് പാപ്പാ പേരുനൽകിയിരിക്കുന്നത്. ലോകത്തിന്റെ രക്ഷയ്ക്കുവേണ്ടി തന്റെ ഏകജാതനെ നൽകാൻ തക്കവിധം ലോകത്തെ സ്നേഹിച്ച (യോഹ 3:16) പിതാവായ ദൈവത്തിന്റെ അനുകമ്പാർദ്രമായ സ്നേഹവും കരുതലും വിശുദ്ധഗ്രന്ഥത്തിൽ ഉടനീളം വെളിപ്പെടുന്നുണ്ടല്ലോ. ദൈവപിതാവിന്റെ പ്രതിനിധിയായിട്ടാണ് യൗസേപ്പിതാവ് ഈശോയുടെ വളർത്തുപിതാവായി നിയമിക്കപ്പെട്ടത് എന്നത് എത്രയോ മഹനീയമായ കാര്യമാണ്. ദൈവത്തെ പിതാവേ എന്നു വിളിച്ച ദൈവപുത്രൻ വളർത്തുപിതാവിനെയും പിതാവേ എന്നു വിളിക്കുന്നത് എത്രയോ വലിയ ആദരവാണ്. കുടുംബജീവിതത്തിൽ ഒരു പിതാവിനുള്ള സ്ഥാനം ഏറെ ആദരിക്കപ്പെടേണ്ടതാണ് എന്നത് നമ്മൾ വിസ്മരിച്ചുകൂടാ. മാതാപിതാക്കളെ ബഹുമാനിക്കുക (ലേവ്യ 19:3) എന്ന ദൈവകല്പന ഗൗരവപൂർവം പാലിക്കപ്പെടണം.

'പിതൃഹൃദയത്തോടെ' എന്ന അപ്പോസ്തോലിക ലേഖനത്തിൽ യൗസേപ്പിതാവിന്റെ ജീവിതത്തിൽനിന്ന് മാതൃകയാക്കേണ്ട സവിശേഷമായ ഏഴു ഗുണങ്ങളെ ഫ്രാൻസിസ് പാപ്പാ അവതരിപ്പിക്കുന്നുണ്ട്. യൗസേപ്പിതാവ് വാത്സല്യമുള്ള പിതാവായിരുന്നു എന്നതാണ് ഒന്നാമത്തെ ഗുണവിശേഷമായി ഫ്രാൻസിസ് പാപ്പാ അവതരിപ്പിക്കുന്നത്. യൗസേപ്പിതാവിനെ പോലെയുള്ള ഒരു വളർത്തുപിതാവിനെ ഈശോയുടെ രൂപീകരണകാലഘട്ടത്തിൽ ആവശ്യമുണ്ടായിരുന്നു.

ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു (ലൂക്കാ 2:52) എന്ന തിരുവചനഭാഗം ഇക്കാര്യം സ്ഥിരീകരിക്കുന്നുണ്ട്. യൗസേപ്പിതാവ് അലിവുള്ള പിതാവായിരുന്നു എന്നതായിരുന്നു മറ്റൊരു പ്രത്യേകത. ധൂർത്തപുത്രന്റെ ഉപമയിൽ അലിവുള്ള പിതാവിനെ അവതരിപ്പിക്കാൻ ഈശോയെ പ്രേരിപ്പിച്ചത് യൗസേപ്പിതാവുമായുള്ള അവിടുത്തെ അനുഭവങ്ങളായിരിക്കാമെന്ന് ഫ്രാൻസിസ് പാപ്പാ എഴുതുന്നു. യൗസേപ്പിതാവിന്റെ ജീവിതത്തിലെ അനുസരണശീലമാണ് മൂന്നാമത്തെ സവിശേഷതയായി ഫ്രാൻസിസ് പാപ്പാ അവതരിപ്പിക്കുന്നത്. ഗർഭിണിയായ മറിയത്തെ ഭാര്യയായി സ്വീകരിച്ചതും എല്ലാ പ്രതിസന്ധികളെയും ദുർഘടസാഹചര്യങ്ങളെയും തരണംചെയ്ത് ഈശോയെ സംരക്ഷിച്ച് വളർത്തിയതുമെല്ലാം ദൈവസ്വരത്തിന് അദ്ദേഹം പൂർണ്ണമായും വിധേയപ്പെട്ടായിരുന്നു. ദൈവത്തോട് ഒന്നിനെക്കുറിച്ചും യാതൊരു വിശദീകരണവും ചോദിക്കാതെ വേദനകളും സന്തോഷങ്ങളുമെല്ലാം ഒരുപോലെ പൂർണ മനസോടെ സ്വീകരിച്ചയാളാണ് യൗസേപ്പിതാവ് എന്നതാണ് നാലാമത്തെ ഗുണവിശേഷണമായി ഫ്രാൻസിസ് പാപ്പാ അവതരിപ്പിക്കുന്നത്. യൗസേപ്പിതാവ് ധീരനായിരുന്നു എന്നതാണ് അദ്ദേഹത്തിൽ നിന്നു പഠിക്കാവുന്ന അഞ്ചാമത്തെ പാഠം. യൗസേപ്പിതാവിന്റെ ധീരമായ നിലപാടുകളായിരുന്നു മറിയത്തിനും ഈശോയ്ക്കും പ്രതിസന്ധികളിൽ സംരക്ഷണമൊരുക്കിയത്. വിശുദ്ധിയുടെ അടയാളമായ ധീരത തികഞ്ഞ ദൈവാശ്രയബോധത്തിൽ നിന്നു രൂപപ്പെടുന്നതാണ്.

യൗസേപ്പിതാവ് തൊഴിൽ ചെയ്ത് തന്റെ കുടുംബത്തെ പോറ്റി വളർത്തി എന്നതാണ് ആറാമത്തെ സവിശേഷത. തച്ചന്റെ മകനായാണ് സ്വദേശത്ത് ഈശോ അറിയപ്പെട്ടത് (മത്താ 13:55; മർക്കോ 6:3).

അധ്വാനിച്ചു ഭക്ഷിക്കുന്നതിന്റെ മൂല്യവും അന്തസും ആനന്ദവും എന്താണെന്ന് യൗസേപ്പിതാവിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. ഏതു തൊഴിലാണ് ചെയ്യുന്നതെങ്കിലും അതുവഴി നമ്മൾ ദൈവത്തോടു സഹകരിക്കുകയും ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ പങ്കുചേരുകയും ചെയ്യുന്നു എന്ന് ഫ്രാൻസിസ് പാപ്പാ ഓർമ്മിപ്പിക്കുന്നു. നീതിമാനായ യൗസേപ്പിതാവിന്റെ ജീവിതത്തിൽനിന്ന് നമ്മൾ സ്വീകരിക്കേണ്ട ഏഴാമത്തെ ഗുണവിശേഷമായി ഫ്രാൻസിസ് പാപ്പാ അവതരിപ്പിക്കുന്നത്, സ്വർഗീയപിതാവിന്റെ നിഴലായിട്ടാണ് യൗസേപ്പിതാവ് ഭൂമിയിൽ ജീവിച്ചത് എന്നാണ്. യൗസേപ്പിതാവിന്റെ ജീവിതത്തെ മുൻനിർത്തിക്കൊണ്ട്, ''പിതാക്കന്മാർ ജനിക്കുകയല്ല, രൂപപ്പെടുകയാണ്'' എന്ന് ഫ്രാൻസിസ് പാപ്പാ ഓർമ്മിപ്പിക്കുന്നു. ഒരു കുഞ്ഞിനു ജൻമം കൊടുത്തതുകൊണ്ടു മാത്രം ഒരാൾ പിതാവാകുന്നില്ല. മറിച്ച്, ആ കുഞ്ഞിന്റെ വളർച്ചയിലും രൂപീകരണത്തിലും പൂർണ്ണമായ ഉത്തരവാദിത്തങ്ങളും കടമകളും ഏറ്റെടുത്ത് നിർവഹിക്കുമ്പോഴാണ് യഥാർത്ഥത്തിൽ ഒരാൾ

പിതാവാകുന്നത്. ഓരോ കുഞ്ഞും ഓരോ രഹസ്യമാണ്. ആ രഹസ്യ ത്തെ വെളിച്ചത്തു കൊണ്ടുവരാൻ ഒരു പിതാവിനെ കഴിയൂ എന്ന് ഫ്രാൻസിസ് പാപ്പാ ഓർമ്മിപ്പിക്കുന്നു.

കുടുംബത്തിൽ മാത്രമല്ല, മറ്റുള്ളവരുടെ ജീവിതത്തിലും ചില ഉത്ത രവാദിത്തങ്ങൾ നമ്മൾ നിർവഹിച്ചു കൊടുക്കുമ്പോൾ ഒരർത്ഥത്തിൽ നമ്മൾ പിതാക്കൻമാർ ആയിത്തീരുകയാണ്. മാനുഷികവും ആത്മീ യവുമായ കാര്യങ്ങളിൽ മറ്റുള്ളവരെ സഹായിച്ചുകൊണ്ട് ഇക്കാര്യം നമുക്ക് നിർവഹിക്കാനാകും. പൗലോസ് അപ്പോസ്തോലൻ കോറി ന്തോസ് സഭയെ ഓർമ്മിപ്പിച്ചതുപോലെ ''നിങ്ങൾക്ക് മിശിഹായിൽ പതി നായിരം ഉപദേഷ്ടാക്കൾ ഉണ്ടായേക്കാം. എന്നാൽ പിതാക്കന്മാർ അധി കമില്ല. സുവിശേഷപ്രസംഗം വഴി ഈശോമിശിഹായിൽ നിങ്ങൾക്കു ജന്മം നൽകിയത് ഞാനാണ്'' (1 കോറി 4:15). സഭയ്ക്കും സമൂഹ ത്തിനും പിതാക്കന്മാരെ ആവശ്യമുണ്ട്. യൗസേപ്പിതാവിന്റെ മാതൃകയും ഗുണഗണങ്ങളും ജീവിതത്തിൽ പകർത്താൻ നമുക്ക് പരിശ്രമിക്കാം. നമ്മുടെ കുടുംബങ്ങളെയും സമൂഹങ്ങളെയും യൗസേപ്പിതാവിന്റെ സംരക്ഷണത്തിനായി നമുക്കു ഭരമേൽപ്പിക്കാം. യൗസേപ്പിതാവിന്റെ വർഷാചരണത്തോടനുബന്ധിച്ച് രൂപതാ-ഇടവകതലങ്ങളിൽ പ്രത്യേക പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. യൗസേപ്പിതാവിനോടുള്ള ഭക്തിയിലും വണക്കത്തിലും കൂടുതൽ ശ്രദ്ധയോടെ ജീവിച്ചുകൊണ്ട് നമ്മുടെ വ്യക്തി ജീവിതത്തെയും കുടുംബങ്ങളെയും നവീകരിക്കാൻ ഈ വർഷാചരണം നമ്മളെ ഏവരെയും സഹായിക്കട്ടെ.

**കാർഡിനൽ ജോർജ് ആലഞ്ചേരി**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ**
വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. ജോസഫ് മാർ തോമസ്**
സെക്രട്ടറി ജനറൽ, കെസിബിസി

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി - 682 025

---

**N.B:** *ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപന ങ്ങളിലും ഏറ്റവും അടുത്ത അവസരത്തിൽ ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.*

Ref: 3414 /K-5/KCBC/OL/DS 24.12.2020

# 2021 ജനുവരി 15 കർഷകദിനം

## കെസിബിസി ഇൻഫാം പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോയിൽ പ്രിയമുള്ളവരേ,

രാജ്യത്തിന്റെ നട്ടെല്ലാണ് കർഷകർ. പാടത്തും പറമ്പിലും രാപക ലില്ലാതെ അദ്ധ്വാനിക്കുന്ന കർഷകന്റെ വിയർപ്പിന്റെ ഫലമാണ് അന്നം. വ്യക്തികളും കുടുംബങ്ങളും രാഷ്ട്രം മുഴുവനും കർഷകരോടു കടപ്പെ ട്ടിരിക്കുന്നു. കർഷകർ ഉല്പാദിപ്പിക്കുന്ന ഭക്ഷ്യവസ്തുക്കൾ ആഹരിച്ച് ലഭിക്കുന്ന ഊർജ്ജത്തിന്റെ പിൻബലമില്ലാതെ ഒരു വ്യവസായവും ഒരു വികസനവും സാധ്യമല്ല. ദൈവത്തെപ്പോലും ഒരു പ്രാപഞ്ചിക കർഷ കനായി ചിത്രീകരിക്കുന്ന 65-ാം സങ്കീർത്തനം ഫലത്തിൽ, കാർഷിക വൃത്തിയുടെ ദൈവികഭാവത്തെയാണ് വെളിപ്പെടുത്തുന്നത്.

അടുത്തകാലത്ത് കേന്ദ്ര സർക്കാർ കാർഷികമേഖലയിൽ കൊണ്ടു വന്ന പുതിയ നിയമങ്ങൾ ഈ രാജ്യത്തെ സാധാരണ കർഷകനുമേൽ കനത്ത പ്രഹരമാണ് ഏല്പിച്ചിരിക്കുന്നത്. കൃഷി വിശുദ്ധമായ ഒരു ജീവിതവൃത്തിയായി കണക്കാക്കുന്ന കോടിക്കണക്കിന് മനുഷ്യരുള്ള ഈ രാജ്യത്തിന്റെ ഭരണകർത്താക്കൾ രാജ്യത്തിന്റെ കാർഷിക പാരമ്പ ര്യത്തെ കോർപ്പറേറ്റ് വ്യവസായ ഭീമൻമാർക്ക് തീറെഴുതിക്കൊടുക്കാ നുള്ള ശ്രമമാണ് ഈ പുതിയ നിയമങ്ങൾ പ്രഖ്യാപിക്കുകവഴി നടത്തി യത്.

അന്നമുണ്ടാക്കുന്നവരുടെ അന്നംമുട്ടിക്കാനുള്ള ശ്രമങ്ങൾക്കെതിരെ രാജ്യമെമ്പാടുമുള്ള കർഷകജനത ഉണർന്നെഴുന്നേല്ക്കുന്നതിന്റെ ചിത്രമാണ് ഇക്കഴിഞ്ഞ നാളുകളിൽ ഡൽഹിയിൽ നാം കണ്ടത്. സംഘ ടിക്കാനും സമരം ചെയ്യാനും സമയമില്ലാത്ത കർഷകർ, കൃഷിയിടങ്ങൾ വിട്ട് തെരുവീഥികളിലേക്കിറങ്ങിയത് നിശബ്ദരായിരുന്നാൽ നിലനി ല്പുതന്നെ അപകടത്തിലാകുമെന്ന് തിരിച്ചറിഞ്ഞതുകൊണ്ടാണ്. നിര വധി സ്വതന്ത്രകർഷകസംഘടനകളുടെ കൂട്ടായ്മയാണ് ഈ സമരത്തെ

നയിച്ചത്. അസംഘടിതരായ കർഷകർ തങ്ങൾ സംഘടിക്കേണ്ടതിന്റെ ആവശ്യകത തിരിച്ചറിഞ്ഞുകഴിഞ്ഞു.

നിശബ്ദമായി അദ്ധ്വാനിക്കുന്ന കർഷകന്റെ ശബ്ദമാകാൻ രണ്ട് പതിറ്റാണ്ടു മുമ്പ് സ്ഥാപിതമായ കർഷകസംഘടനയാണ് ഇൻഫാം. കർഷകരോടൊപ്പം നിന്ന് കർഷകരുടെ പ്രശ്നങ്ങൾ സർക്കാരുകളുടെ ശ്രദ്ധയിൽ പെടുത്താനും കർഷകർക്കനുകൂലമായ നിരവധി തീരുമാനങ്ങൾ നേടിയെടുക്കാനും കഴിഞ്ഞ കാലങ്ങളിൽ ഇൻഫാമിന് കഴിഞ്ഞിട്ടുണ്ട്. രാജ്യമെമ്പാടുമുള്ള കർഷകജനത സംഘടിക്കാനും ഒന്നിച്ച് നിന്ന് അവകാശങ്ങൾക്കുവേണ്ടി പോരാടാനും സന്നദ്ധരായിരിക്കുമ്പോൾ കേരളത്തിലെ കർഷകജനതയും ഉണർന്നെഴുന്നേൽക്കേണ്ടതുണ്ട്. ഈ കർഷകമുന്നേറ്റത്തിന് നേതൃത്വം നല്കാൻ മത, രാഷ്ട്രീയ ഭേദമെന്യേ സകല കർഷകരെയും ഒന്നിപ്പിച്ചുനിർത്തുന്ന ഒരു സ്വതന്ത്രകർഷകസംഘടന എന്ന നിലയിൽ ഇൻഫാമിന് സാധിക്കും.

കേരളത്തിലെ കർഷകരെ പ്രതികൂലമായി ബാധിക്കുന്ന വന്യമൃഗശല്യത്തിനെതിരേ ഇൻഫാം കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് നിരന്തരമായി നല്കിയ നിവേദനങ്ങളുടെയും വിവിധതലങ്ങളിൽ നടത്തിയ ചർച്ചകളുടെയും ഫലമായി വിവിധ സ്ഥലങ്ങളിൽ സൗരോർജ്ജവേലികൾ, ആനമതിലുകൾ തുടങ്ങിയവ നിർമ്മിക്കാനാരംഭിക്കുകയും കാട്ടുപന്നികളെ വെടിവെയ്ക്കാനുള്ള ഉത്തരവുണ്ടാവുകയും ചെയ്തിട്ടുണ്ട്. എങ്കിലും ഇനിയും ഈ വിഷയത്തിൽ സർക്കാരുകൾ കർഷകപക്ഷത്തു നിന്നുകൊണ്ടുള്ള തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുണ്ട്. അതിനുള്ള സമ്മർദ്ദം ഇൻഫാം തുടർന്നുകൊണ്ടാണിരിക്കുന്നത്.

നിരവധി കർഷകരെ പ്രതികൂലമായി ബാധിക്കുന്ന തരത്തിൽ വന്യമൃഗസങ്കേതങ്ങൾക്ക് ചുറ്റും ബഫർസോൺ പ്രഖ്യാപിച്ച വിഷയത്തിൽ ഇൻഫാമിന്റെ നേതൃത്വത്തിൽ വിവിധ കർഷക സംഘടനകൾ ചേർന്നു നടത്തിയ സമരങ്ങളും സമ്മർദ്ദങ്ങളും പുനർവിചിന്തനത്തിന് സർക്കാരിനെ പ്രേരിപ്പിച്ചു. നിശബ്ദരായിരുന്നാൽ കർഷകന്റെ ഭൂമി കയ്യേറുന്നതിനോ കുടിയിറക്കിവിടുന്നതിനോ ഒരു സർക്കാരുകളും മടിക്കില്ല എന്നതിന്റെ തെളിവാണ് ബഫർസോൺ വിഷയം. എന്നാൽ കർഷകൻ ഒന്നിച്ചുനിന്നാൽ കരിനിയമങ്ങൾക്കെതിരെ പ്രതിരോധം തീർക്കാനാവുമെന്ന് ബഫർ സോൺ വിഷയത്തിലുള്ള ഇടപെടലുകളും ഡൽഹിയിലെ കർഷകസമരവും നമ്മെ ബോധ്യപ്പെടുത്തുകയാണ്.

ഇൻഫാം കുറേക്കാലമായി മുന്നോട്ടുവച്ചിട്ടുള്ള ആശയമായ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനികളും മൂല്യവർദ്ധിത ഉൽപന്നങ്ങളായി കാർഷികവിഭവങ്ങളെ മാറ്റാനുള്ള സംരംഭങ്ങളും കേന്ദ്ര

സർക്കാർ ഉത്തേജക പാക്കേജിന്റെ ഭാഗമായി പ്രോത്സാഹിപ്പിക്കാൻ തീരുമാനിച്ചത് ശുഭോദർക്കമായ കാര്യമാണ്. വിവിധ രൂപതകളുടെ നേതൃത്വത്തിൽ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. കർഷകർക്കൊപ്പം നില്ക്കാനും അവരുടെ ഉല്പന്ന ങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കാനുമുള്ള ഇത്തരം സംരംഭങ്ങളെ ബഹുജനപിന്തുണ നല്കി പ്രോത്സാഹിപ്പിക്കുവാൻ ഇൻഫാം മുൻപ ന്തിയിലുണ്ടാകും.

കർഷക സംഘടനകളെ തളർത്തുകയും ഇല്ലാതാക്കുകയും ചെയ്യുക ഭരണകൂടങ്ങളുടെയും കോർപ്പറേറ്റ് മുതലാളിമാരുടെയും അജണ്ടയാണ്. കർഷകരെ ചൂഷണം ചെയ്ത് കീശവീർപ്പിക്കാനാഗ്ര ഹിക്കുന്നവർക്ക് എപ്പോഴും വിലങ്ങുതടിയായി നില്ക്കുന്നതും അവ രുടെ കുടിലപദ്ധതികളെ തകർക്കുന്നതും കർഷകന്റെ സംഘടിതശ ക്തിയാണ്. കർഷകസംഘടനകൾ ദുർബലമാവുകയോ തകരുകയോ ചെയ്താൽ കർഷകർ അടിമകളാകാമെന്നും നിരാലംബരായിത്തീരു മെന്നതും ചരിത്രം നമ്മെ പഠിപ്പിക്കുന്നുണ്ട്. അതുകൊണ്ട് ഇൻഫാം എന്ന കർഷക പ്രസ്ഥാനത്തെ ശക്തിപ്പെടുത്തേണ്ടതും ഊർജ്ജസ്വല മാക്കേണ്ടതും കാലത്തിന്റെ ആവശ്യമാണ്.

ജനുവരി 15-ാം തീയതി ഇൻഫാം കർഷകദിനമായി ആചരിക്കുക യാണ്. എല്ലാ രൂപതകളും ഇടവകകളും കർഷകദിനം സമുചിതമായി ആചരിക്കുവാനുള്ള ക്രമീകരണങ്ങൾ ചെയ്യുമല്ലോ. ഏറ്റവും പ്രധാന മായി ഇൻഫാം യൂണിറ്റുകൾ ഇല്ലാത്ത എല്ലാ ഗ്രാമങ്ങളിലും പഞ്ചായ ത്തുകളിലും യൂണിറ്റുകൾ ആരംഭിക്കുവാൻ രൂപതാ ഡയറക്ടർമാരും ഇടവക വികാരിമാരും മുൻകൈ എടുക്കണം. കർഷകദിനത്തോടനു ബന്ധിച്ച് കാർഷികസെമിനാറുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, വെബിനാറുകൾ തുടങ്ങിയവ നടത്തണം. മാതൃകാ കർഷകരെ ആദ രിക്കുവാനും പുതുതലമുറയെ കാർഷികവൃത്തിയിൽ പ്രോത്സാഹിപ്പി ക്കുവാനും ഉതകുന്ന പരിപാടികൾ സംഘടിപ്പിക്കണം.

കാർഷികവൃത്തിക്ക് പുതിയ ഉണർവും ഉന്മേഷവും നല്കുന്നപ ദ്ധതികൾ നടപ്പിലാക്കുകയും കർഷകന്റെ അവകാശങ്ങൾക്കുവേണ്ടി ശബ്ദിക്കുന്ന ബഹുജന സംഘടനയായി പ്രവർത്തിക്കുകയും ചെയ്യുന്ന ഇൻഫാമിനെ പ്രോത്സാഹിപ്പിക്കുകയും കർഷകരുടെ ഉന്നമനത്തിനു വേണ്ടിയുള്ള വിവിധ പദ്ധതികൾക്ക് നേതൃത്വം നല്കുകയും ചെയ്യുന്ന അഭിവന്ദ്യ പിതാക്കന്മാരെയും വൈദികരെയും ഇൻഫാം പ്രവർത്തക രെയും നേതാക്കളെയും നന്ദിയോടെ ഓർമ്മിക്കുന്നു. എല്ലാവർക്കും കർഷകദിനത്തിന്റെ ആശംസകൾ നേരുന്നു.

ആകാശത്തിലെ പറവകളെ തീറ്റിപ്പോറ്റുകയും വയലിലെ ലില്ലികളെ പരിപാലിക്കുകയും ചെയ്യുന്ന നല്ലവനായ ദൈവം നിങ്ങളെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹാശിസ്സുകളോടെ,

**ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
ഇൻഫാം ദേശീയ രക്ഷാധികാരി

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

---

**N.B:** *2020 ജനുവരി 10 - ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.*

## സർക്കുലർ

20 Ch. 254-331

# തിരുനാളാഘോഷങ്ങളാലും പരിശുദ്ധമായ ഓർമ്മകളാലും വിശ്വാസദീപ്തമായ ദനഹാക്കാലം

ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, പ്രിയ സഹോദരീ സഹോദരന്മാരേ,

**1.** നമ്മുടെ വിശ്വാസജീവിതത്തെ ഉജ്ജ്വലിപ്പിക്കുന്ന തിരുന്നാളാഘോഷങ്ങളും ഓർമ്മയാചരണങ്ങളും നിറഞ്ഞ ദനഹാക്കാലത്തേക്ക് നമ്മൾ പ്രവേശിക്കുകയാണല്ലോ. ജനുവരി മൂന്ന് ഞായറാഴ്ച മുതൽ ഫെബ്രുവരി 13 ശനിയാഴ്ച വരെയുള്ള ആറ് ആഴ്ചകളാണ് ഈ ആരാധനാവത്സരത്തിൽ ദനഹാക്കാലമായി ആചരിക്കുന്നത്. ഏറ്റവും കൂടുതൽ തിരുനാളാഘോഷങ്ങൾ നടക്കുന്ന ആരാധനവത്സര കാലഘട്ടമാണിത്. അവയിലെ ഏറ്റവും പ്രധാനപ്പെട്ടത് ജനുവരി ആറിലെ ദനഹാതിരുനാളാണ്. നമ്മുടെ കർത്താവീശോമിശിഹായുടെ മാമ്മോദീസായും, തദവസരത്തിൽ വിശ്വാസത്തിന്റെ മഹാരഹസ്യമായ പരിശുദ്ധത്രിത്വം വെളിപ്പെടുത്തപ്പെട്ടതും ദനഹാത്തിരുനാളിൽ അനുസ്മരിക്കപ്പെടുന്നു. മംഗലവാർത്തക്കാലത്ത് മ്ശിഹായുടെ മനുഷ്യാവതാരവും രഹസ്യജീവിതവുമായിരുന്നു വിശ്വാസാഘോഷങ്ങളുടെ മുഖ്യപ്രമേയം. ദനഹാക്കാലത്ത് മിശിഹായുടെ പരസ്യജീവിതവും മിശിഹായ്ക്കു സാക്ഷ്യം വഹിച്ച വിശുദ്ധരുമാണ് സഭയുടെ ധ്യാനവിഷയം. ദൈവത്തിന്റെ രക്ഷാകര പദ്ധതി എപ്രകാരം അതിന്റെ കേന്ദ്രബിന്ദുവായ മ്ശിഹായിലെത്തി എന്ന് മംഗലവാർത്തക്കാലം അനാവരണം ചെയ്യുന്നു. രക്ഷാമാർഗ്ഗം താൻ തന്നെയാണെന്ന് സാക്ഷ്യപ്പെടുത്തുന്ന മ്ശിഹായുടെ പരസ്യസംഭവങ്ങളും മ്ശിഹാമാർഗ്ഗത്തിൽ ജീവിച്ച് വാക്കിലും പ്രവർത്തിയിലും അതിനായി സ്വയം സമർപ്പിച്ച് ജീവിതവിജയം നേടിയ പരിശുദ്ധരായ പിതാക്കന്മാരുടെയും രക്തസാക്ഷികളുടെയും തിരുനാളുകളും ദനഹാക്കാലത്തെ ആഘോഷവിഷയങ്ങളാണ്.

## വിശ്വാസസാക്ഷ്യത്തിന്റെ തലങ്ങൾ

**2.** മിശിഹായ്ക്കു സാക്ഷ്യംവഹിക്കാനുള്ള ഓരോ വിശ്വാസിയുടെയും കടമയെ ദനഹാക്കാലം ഓർമിപ്പിക്കുന്നു. ഈശോമ്ശിഹായെ കർത്താവും ദൈവവുമായി ഏറ്റുപറയുകയും ഏകരക്ഷകനായി അംഗീകരിക്കുകയും ചെയ്യുന്ന എല്ലാവരും, ജീവിതത്തിൽ ഏതു തുറകളിൽ വ്യാപരിക്കുന്നവരായാലും, ഏതു ജീവിതാന്തസ്സിൽ പ്രവേശിച്ചവരായാലും തങ്ങളുടെ വിശ്വാസത്തിന് വിരുദ്ധ സാക്ഷ്യം നൽകാൻ ഇടയാകരുത്. ചിന്തയിലോ വാക്കിലോ പ്രവൃത്തിയിലോ മ്ശിഹായിലുള്ള വിശ്വാസത്തെ തള്ളിപ്പറയാനിടയാകരുത്. പ്രേരണയാലോ ഉപേക്ഷയാലോ ദുർമാതൃകയാലോ മറ്റുള്ളവരുടെ വിശ്വാസത്തിനു കോട്ടം വരുത്തുന്നതൊന്നും ചെയ്യാതിരിക്കാൻ ഓരോ വിശ്വാസിയും ശ്രദ്ധിക്കണം. മറ്റുള്ളവരുടെമേൽ പ്രത്യേകമായ ഉത്തരവാദിത്വമുള്ളവർ ഇക്കാര്യം ഗൗരവത്തോടെ കാണണം.

**3.** ഏതൊരാളിന്റെയും വിശ്വാസത്തിന്റെ പിള്ളത്തൊട്ടിൽ സാധാരണയായി സ്വന്തം വീടായിരിക്കും. ശിശുപ്രായത്തിൽ വിശ്വാസ ജീവിതത്തിന്റെ മുലപ്പാൽ കുഞ്ഞുങ്ങൾക്കു ലഭിക്കുന്നത് പ്രധാനമായും സ്വന്തം മാതാപിതാക്കളിൽനിന്നാണ്. അത് യഥാസമയം ശ്രദ്ധാപൂർവ്വം മാതാപിതാക്കൾ അവർക്കു നൽകണം. കുടുംബത്തിലെ അന്തരീക്ഷം, സംസാരം, പെരുമാറ്റം, പ്രാർത്ഥനാശീലം തുടങ്ങിയ നിരവധി കാര്യങ്ങളിലൂടെയാണ് വിശ്വാസജീവിതപോഷണം നടക്കുന്നത്. ശരിതെറ്റുകൾ തിരിച്ചറിയാൻ കഴിയാത്ത കുഞ്ഞുങ്ങൾക്ക് ഇടർച്ച നൽകുന്നതിനെ ഈശോ ശക്തമായി അപലപിക്കുന്നത് സുവിശേഷത്തിലുണ്ടല്ലോ.

ദൈവത്തെ അറിയാനും സ്നേഹിക്കാനും ദൈവത്തോടു പ്രാർത്ഥിക്കാനും മറ്റു മനുഷ്യരെ സ്നേഹിക്കാനും അവരോടൊപ്പം പങ്കുവെച്ചു ജീവിക്കാനും കുഞ്ഞുങ്ങൾ ആദ്യമായി പഠിക്കുന്നത് സ്വന്തം കുടുംബത്തിൽ നിന്നാണ്. പ്രായമാകുന്നതനുസരിച്ച്, ശരിതെറ്റുകൾ തിരിച്ചറിഞ്ഞ് ശരിയായതുമാത്രം ചെയ്യാൻ കുഞ്ഞുങ്ങൾ പരിശീലിപ്പിക്കപ്പെടണം. മക്കൾ ഈശോയെ സ്നേഹിച്ചും മാതൃകയാക്കിയും ജീവിക്കാനും ഈശോയെപ്പോലെ പ്രായത്തിലും ജ്ഞാനത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളരാനും അവരെ പരിശീലിപ്പിച്ച് വിശ്വാസത്തിനു സാക്ഷ്യം വഹിക്കാനും മാതാപിതാക്കൾക്കു കഴിയണം.

**4.** പഠിപ്പിക്കുക, നയിക്കുക, വിശുദ്ധീകരിക്കുക എന്നുള്ള നമ്മുടെ കർത്താവിന്റെ ത്രിവിധാധികാരങ്ങൾ സഭയിലൂടെയാണ് ഇന്ന് നിർവഹിക്കപ്പെടുന്നത്. സഭാമക്കൾ സഭയിലെ അവരുടെ വിളികൾക്കും പദവികൾക്കും

നിയോഗങ്ങൾക്കുമനുസരിച്ച് അവയിൽ പങ്കാളികളാകുന്നു. അവയൊക്കെ വിശ്വസ്തതയോടെ നിറവേറ്റിക്കൊണ്ടാണ് അവർ മ്ശിഹായ്ക്കു സാക്ഷ്യം വഹിക്കുന്നത്. മെത്രാന്മാരും വൈദികരും സമർപ്പിതരും അത്മായവിശ്വാസി കളും അവരുടെ ജീവിതാന്തസ്സുകൾക്കനുസരിച്ചും, വിശുദ്ധലിഖിതങ്ങളും സഭയുടെ വിശുദ്ധപാരമ്പര്യങ്ങളും വ്യവസ്ഥാപിതമായ സഭാ നിയമങ്ങളു മനുസരിച്ചും സഭയുടെ ദൗത്യനിർവഹണത്തിൽ പങ്കുചേർന്ന് സഭയോ ടൊപ്പം മ്ശിഹായ്ക്കു സാക്ഷ്യം വഹിക്കണം.

ഉത്തമജീവിത മാതൃകയിലുടെയും വചനപ്രഘോഷണത്തിലൂടെയും ആരാധനക്രമാനുഷ്ഠാനങ്ങൾക്കു നേതൃത്വം നൽകിയും, നല്ല ഇടയനെ പ്പോലെ സ്നേഹപൂർവ്വം ദൈവജനത്തെ മ്ശിഹാമാർഗത്തിൽ നയിക്കുന്ന വരാകണം അജപാലകർ. അവർ ദൈവത്തിനുവേണ്ടി ദൈവസന്നിധിയിൽ നിരന്തരം മാധ്യസ്ഥ്യം വഹിക്കുന്നവരുമാകണം. സമർപ്പിതർ മ്ശിഹായെ അടുത്തനുകരിച്ചുകൊണ്ട്, ലോകത്തിലാണെങ്കിലും ലോകത്തിന്റേതല്ലാതെ എങ്ങനെ ജീവിക്കാമെന്നതിന്റെ ഉത്തമമാതൃകളും ദൈവജനത്തിനു വേണ്ടി നിരന്തരം പ്രാർത്ഥിക്കുന്നവരുമാകണം.

**അല്മായസാക്ഷ്യം**

**5.** മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളും ഉൾക്കൊള്ളുന്ന വൈവിധ്യ മാർന്ന പ്രവർത്തന മണ്ഡലങ്ങളിൽ സത്യത്തിനു സാക്ഷ്യം വഹിച്ചുകൊണ്ട് ലോകത്തെ വിശുദ്ധീകരിക്കുവാനും പൊതുസമൂഹത്തിൽ ഉത്തമ ക്രൈസ്തവ ജീവിത മാതൃക നൽകുവാനും അല്മായർ നിയോഗിക്കപ്പെട്ടിരിക്കുന്നു. അധ്യാപനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഗുരുജനങ്ങൾ തങ്ങളുടെ ശിഷ്യ ഗണങ്ങളെ മക്കളെപ്പോലെ സ്നേഹിക്കുകയും അവരുടെ നന്മയും വളർച്ചയും ലക്ഷ്യം വെച്ച് അവർക്ക് നല്ല ശിക്ഷണം നൽകുകയും, അവർ സത്യത്തിലും സ്നേഹത്തിലും ധർമ്മനിഷ്ഠയിലും അധിഷ്ഠിതമായ ഉത്തമ ജീവിതം നയിക്കുന്നവരാകാൻ പ്രചോദനം നൽകുകയും വേണം. സ്വന്തം ജീവിതമാതൃകയിലൂടെ അധ്യാപകർ കുട്ടികൾക്ക് വഴികാട്ടി കളാകണം.

വ്യാപാരമേഖലയിൽ വ്യാപരിക്കുന്നവർ എല്ലാക്കാലങ്ങളിലും സത്യസന്ധത പുലർത്തണം. കൊള്ളലാഭത്തിനും വഞ്ചനയ്ക്കും കൂട്ടുനിൽക്കരുത്. കരിഞ്ചന്ത മായംചേർക്കൽ, അളവിലും തൂക്കത്തിലും കള്ളത്തരം തുടങ്ങിയവ അധാർമ്മികവും ക്രിസ്തീയസാക്ഷ്യത്തിനു നിരക്കാത്തതുമാണ്.

ഭക്ഷ്യസാധനങ്ങളുടെ ഉൽപാദകരും വിതരണക്കാരും അനാരോഗ്യ കരവും രോഗകാരണവുമായ ഭക്ഷ്യവസ്തുക്കൾ വിൽക്കാതിരിക്കാൻ

ശ്രദ്ധിക്കണം. എങ്ങനെയും ലാഭമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ വിഷവസ്തുക്കൾ ചേർത്ത് ഭക്ഷ്യവസ്തുക്കൾ കേടുവരാതെ സൂക്ഷിച്ച് വിൽപ്പന നടത്തുന്നവർ വലിയ മനുഷ്യദ്രോഹമാണ് ചെയ്യുന്നത്.

**6.** രാഷ്ട്രീയ പ്രവർത്തനങ്ങളിലേർപ്പെടുന്ന വിശ്വാസികൾ വിശ്വാസത്തിനും ക്രിസ്തീയധാർമ്മികതയ്ക്കും നിരക്കാത്ത കാര്യങ്ങൾ ചെയ്യുകയോ അവയ്ക്ക് കൂട്ടുനിൽക്കുകയോ ചെയ്യരുത്. സത്യസന്ധമായ രാഷ്ട്രീയ പ്രവർത്തനം ക്രിസ്തീയവിശ്വാസത്തിന് എതിരല്ല. രാഷ്ട്രീയത്തിൽ പ്രവർത്തിക്കുമ്പോഴും അഭിമാനത്തോടും ആദരവോടുംകൂടി സ്വന്തം ക്രിസ്തീയ വിശ്വാസത്തിൽ ഉറച്ചുനിൽക്കാനും അതാചരിക്കാനും വിശ്വാസികൾക്ക് സാധിക്കണം. ആദർശനിഷ്ഠയില്ലാത്തതും സ്വാർത്ഥലക്ഷ്യത്തോടെ അവസരത്തിനൊത്തു ചാഞ്ചാടുന്നതുമായ രാഷ്ട്രീയജീവിതം ഒരുത്തമ വിശ്വാസിക്ക് ഭൂഷണമല്ല. കേവലം അധികാരത്തിനും പദവിക്കും സ്വന്തം കാര്യ ലാഭത്തിനുംവേണ്ടിയായിരിക്കരുത് രാഷ്ട്രീയ പ്രവർത്തനം, മറിച്ച് സത്യസന്ധമായ ജനസേവനവും രാജ്യനന്മയുമായിരിക്കണം ലക്ഷ്യം.

**7.** പൊതുസമൂഹത്തിൽ അധികാരത്തിന്റെ വിവിധ പദവികളിലായിരിക്കുന്നവരും വിവിധ ഓഫീസുകളിൽ ഉദ്യോഗസ്ഥരായിരിക്കുന്നവരും സത്യസന്ധവും നിഷ്പക്ഷവുമായ ജനസേവനം ചെയ്യാൻ ശ്രദ്ധിക്കണം. അനാവശ്യമായ കാലതാമസം വരുത്തി ആളുകളെ ബുദ്ധിമുട്ടിക്കുന്നതും, കോഴവാങ്ങി കാര്യം സാധിച്ചുകൊടുക്കുന്നതും നീതിക്കും ധർമ്മികതക്കും ചെരുന്നതല്ല. ഇപ്രകാരമുള്ള നൂറുനൂറു മേഖലകളിൽ സത്യസന്ധമായും നീതിപൂർവ്വവും പ്രവർത്തിച്ചുകൊണ്ട് ആ മേഖലകളെ വിശുദ്ധീകരിക്കുവാനുള്ള നിയോഗമാണ് അല്മായ വിശ്വാസികളുടേത്.

**തിരുനാളാചരണങ്ങൾ**

**8.** ക്രിസ്തീയജീവിതസാക്ഷ്യത്തിന് ശക്തിയും പ്രചോദനവും ആത്മബലവും നൽകുന്ന ധാരാളം അനുസ്മരണങ്ങളും ആചരണങ്ങളും തിരുനാളുകളും ദനഹാക്കാലത്ത് ഉൾപ്പെടുത്തിയിരിക്കുന്നു. പ്രതികൂലസാഹചര്യങ്ങളിൽ ജീവൻപോലും ബലികഴിച്ച് വിശ്വാസത്തിനു സാക്ഷ്യംവഹിച്ച സഭയുടെ ധീരസന്താനങ്ങളെ ദനഹാക്കാലത്തെ വെള്ളിയാഴ്ചകളിൽ അനുസ്മരിച്ച് ദൈവത്തെ നമ്മൾ മഹത്വപ്പെടുത്തുന്നു. ധീരമായ ജീവിത സാക്ഷ്യത്തിലൂടെ ദൈവത്തിന് മഹത്വം നൽകിയവരാണ് ഈ വിശുദ്ധരും രക്തസാക്ഷികളും സഭാപിതാക്കന്മാരും. അവരൊക്കെ എപ്രകാരമാണ് പ്രതികൂലസാഹചര്യങ്ങളിൽ വിശ്വാസത്തിനു സാക്ഷ്യം വഹിക്കുകയും ജീവിത വിജയം നേടി മഹത്ത്വം പ്രാപിക്കുകയും ചെയ്തതെന്നു മനസ്സിലാക്കി പ്രചോദനം ഉൾക്കൊണ്ട് അവരെ വണങ്ങാനും ദൈവത്തെ മഹത്വ

പ്പെടുത്തിക്കൊണ്ട് അവരുടെ ഓർമ്മകൊണ്ടാടാനും ദനഹാക്കാലം നമുക്ക് പ്രയോജനപ്പെടുത്താം. കൂടാതെ മറ്റു ചില തിരുനാളുകളും ആരാധന വത്സര പഞ്ചാംഗത്തിൽ ചേർത്തിരിക്കുന്നത് യഥോചിതം ആചരിക്കാൻ ശ്രദ്ധിക്കുമല്ലോ.

**9.** ജനുവരി 18 മുതൽ 25 വരെ സഭൈക്യവാര പ്രാർത്ഥനയുടെ ദിവസങ്ങളാണ്. ക്രൈസ്തവൈക്യത്തിനായി ഈ ദിവസങ്ങളിൽ പ്രത്യേകം പ്രാർത്ഥിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. ഐക്യത്തിനുവേണ്ടിയുള്ള ഈശോയുടെ പ്രാർത്ഥനയോടു ചേർന്ന് നമുക്കു പ്രാർത്ഥിക്കാം.


ജനുവരി 25, 26, 27, തീയതികളിൽ മൂന്നു നോമ്പാചരണവും 28 ന് മൂന്നുനോമ്പാഘോഷവുമാണ്. നിനിവേക്കാരുടെ യാചനയും, അനുതാപവും പ്രായശ്ചിത്തവുംവഴി അവർ ശിക്ഷയിൽനിന്ന് മോചിതരായത് അനുസ്മരിച്ചുകൊണ്ട്, ഇന്ന് സമൂഹത്തിൽ വേരുപിടിച്ചിരിക്കുന്ന തിന്മകളിൽനിന്ന് മോചനം ലഭിക്കാൻ പ്രായശ്ചിത്ത പ്രവൃത്തികളോടെ ഈ നോമ്പാചരണം നമുക്ക് നടത്താം.

ദനഹാക്കാലത്തെ അവസാന വെള്ളിയാഴ്ചയായ ഫെബ്രുവരി 12 സകല മരിച്ചവരുടെയും ഓർമ്മദിനമാണ്. എല്ലാ മരിച്ചവരെയും ആ ദിവസം ഓർത്ത് പ്രാർത്ഥിക്കാം. അവരുടെ പേരിൽ എന്തെങ്കിലും സൽകൃത്യങ്ങൾ ചെയ്യുന്നത് ഉചിതവും ഫലപ്രദവുമാണ്.

ദനഹാക്കാലത്തെ മുഖ്യ ആഘോഷദിനമായ ദനഹാത്തിരുന്നാൾ എല്ലായിടത്തും ഉചിതമായി ആചരിക്കണം. പരിശുദ്ധത്രിത്വത്തിന്റെ വെളിപ്പെടുത്തൽ ഈശോയുടെ മാമ്മോദീസയുടെ അവസരത്തിൽ സംഭവിച്ചത് നമ്മുടെ വിശ്വാസജീവിതത്തിലെ കാതലായ രക്ഷാകര രഹസ്യമാണ്. ഈശോ ലോകത്തിന്റെ പ്രകാശമാണെന്നു പ്രഖ്യാപിക്കുന്ന പിണ്ടികുത്തിത്തിരുനാൾ ജനുവരി 5 ന് വൈകുന്നേരം എല്ലായിടത്തും ആചരിക്കാൻ ശ്രദ്ധിക്കുമല്ലോ.


എല്ലാവർക്കും ദനഹാക്കാലാശംസകൾ.

*സ്നേഹപൂർവ്വം,*



**ജോസഫ് പെരുന്തോട്ടം**

ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത




## I
## TRANSFERS & APPOINTMENTS

| Very Rev/Rev Fr | Transferred from | Transferred to |
|---|---|---|
| Chooravady Mathew | | Director, Lourde Matha Care, Tvm (addl.) |
| Elamthuruthiyil Joseph | Thathampally | Paro. Vicar, Chanjody |
| Eruppakkatt Joseph | | Paro. Vicar, Mammoodu |
| Ettolil Joseph | | Paro. Vicar, Thathampally |
| Kollamkalam Alex | Cheppumpara | Relieved |
| Kossackal Varghese | | Acting Vicar, Cheppumpara |
| Malieckal Mathew | Lourde Matha Care, Tvm | Pastoral Ministry, Northern Ireland |
| Chalangady Kurian CMI | Cicilipuram, Vizhinjam | Relieved |
| Mangad Paul CMI | | Paro. Vicar, Vizhinjam |
| Moonnattinmugham | | Priest incharge Nedumangadu Mission |

## II
## ജന്മശതാബ്ദി ആഘോഷം

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പും നമ്മുടെ അതിരൂപതയുടെ രണ്ടാമത്തെ മെത്രാപ്പോലീത്തായും അതിരൂപതയുടെ അഭിമാന പാത്രവുമായ അഭിവന്ദ്യ മാർ ആന്റണി പടിയറ പിതാവിന്റെ ജന്മശതാബ്ദി വർഷമാണിത്.പിതാവിന്റെ ജന്മദിനമായ ഫെബ്രുവരി 11 ന് അതിരൂപതാതലത്തിൽ ആഘോഷങ്ങളുടെ സമാപനം നടത്തുകയാണ് . പിതാവിന്റെ ധന്യമായ ജീവിതത്തിന് നന്ദി അർപ്പിച്ചുകൊണ്ട് ഫെബ്രുവരി 11 രാവിലെ 8.30ന് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ കൃതജ്ഞതാബലിയും തുടർന്ന് 10.30 ന് പാരീഷ് ഹാളിൽ പൊതുസമ്മേളനവും ഉണ്ടായിരിക്കും. വിശദമായ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

# III
# മാർ നെസ്തോറിയസിന്റെ കൂദാശക്രമം

1. പൗരസ്ത്യസുറിയാനി പാരമ്പര്യത്തിലെ ഏറ്റവും ദൈർഘ്യമേറിയ കൂദാശക്രമമാണ് മാർ നെസ്തോറിയസിന്റെ ക്രമം. ദനഹാത്തിരുനാൾ, വിശുദ്ധ യോഹന്നാൻ മാംദാന (ദനഹാക്കാലം ഒന്നാം വെള്ളി-ജനുവരി 8), മൂന്നുനോമ്പിന്റെ ബുധനാഴ്ച (ജനുവരി 27), ഗ്രീക്ക് മല്പാന്മാരുടെ ഓർമ്മ (ദനഹാക്കാലം അഞ്ചാം വെള്ളി-ഫെബ്രുവരി 5), പെസഹാവ്യാഴം എന്നീ ദിനങ്ങളിൽ ഈ കൂദാശക്രമം ഉപയോഗിക്കേണ്ടതാണ്.

2. സഭ മുഴുവനിലും ഈ കൂദാശക്രമത്തിനു സ്വീകാര്യത ലഭിക്കാൻ വേണ്ടി ചില ഭാഗങ്ങൾ ഐശ്ചികമായി അടയാളപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രാർത്ഥനകളെല്ലാം ചൊല്ലുന്നതാണ് കരണീയം.

3. നാലാം ഗ്ഹാന്തായിലെ അപേക്ഷകൾ അടിസ്ഥാനക്രമത്തിലെപ്പോലെ കാർമ്മികൻ തന്നെ (പ്രത്യുത്തരത്തോടുകൂടിയല്ലാതെ) പൂർണ്ണമായും ചൊല്ലേണ്ടതാണ്.

# IV
# സീറോമലബാർ മിഷൻ വാരാചരണം

സീറോമലബാർ സഭാംഗങ്ങളുടെ പ്രേഷിത തീക്ഷ്ണത കൂടുതൽ ഉജ്ജ്വലിപ്പിക്കുന്നതിന് 2021 ജനുവരി 6 മുതൽ 12 വരെ പ്രേഷിത വാരമായി ആചരിക്കുന്നു.

# V
# വൈദികരുടെ ഫൊറോനാ കോൺഫറൻസ്

അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെയും മാർ തോമസ് തറയിൽ പിതാവിന്റെയും സാന്നിദ്ധ്യത്തിൽ വൈദികരുടെ ഫൊറോനാ കോൺഫറൻസ് ക്രമീകരിക്കുന്നു.

വിഷയം : ***സഭ-സാമുദായിക ഭദ്രത മാധ്യമ ഭദ്രതയിലൂടെ***

സമയം : **വൈകിട്ട് 7 PM - 8.15 PM**

2021 ജനുവരി 09 ശനി : ചങ്ങനാശേരി, തുരുത്തി
17 ഞായർ : തൃക്കൊടിത്താനം, കുറുമ്പനാടം
18 തിങ്കൾ : നെടുംകുന്നം, മണിമല
20 ബുധൻ : അതിരമ്പുഴ, കുടമാളൂർ, കോട്ടയം
21 വ്യാഴം : ആലപ്പുഴ, പുളിങ്കുന്ന്
22 വെള്ളി : ചമ്പക്കുളം, എടത്വാ
23 ശനി : തിരുവനന്തപുരം, കൊല്ലം-ആയൂർ, അമ്പൂരി

*ഓൺലൈനായിട്ടായിരിക്കും കോൺഫറൻസ്. ഫൊറോനാ വികാരിയച്ചന്മാരും, ഫൊറോനാ സെക്രട്ടറിമാരും നേതൃത്വം നൽകേണ്ടതാണ്.*

## VI
## ക്രൈസ്തവ ഐക്യപ്രാർത്ഥന

ജനുവരി 18 മുതൽ 25 വരെ ആചരിക്കുന്ന സഭൈക്യവാരത്തിൽ ഉപയോഗിക്കുവാനുള്ള പ്രാർത്ഥനാശുശ്രൂഷാക്രമം സന്ദേശനിലയത്തിൽ നിന്നും ലഭിക്കുന്നതാണ്. ഇടവകയിൽ പൊതുവായും കുടുംബങ്ങളിലും ഈ പ്രാർത്ഥനാശുശ്രൂഷ നടത്തിയും ഇടവകതലത്തിൽ ഉചിതമായ രീതിയിൽ സഭൈക്യസമ്മേളനങ്ങൾ സംഘടിപ്പിച്ചും സഭൈക്യവാരം ആചരിക്കുന്നതിന് ബഹു. വികാരിമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## VII
## അതിരൂപത ബൈബിൾ കൺവൻഷൻ

22-ാമത് അതിരൂപത ബൈബിൾ കൺവൻഷൻ 2021 ഫെബ്രുവരി 16 മുതൽ 20 വരെയുള്ള തീയതികളിൽ ഓൺലൈനായി വൈകുന്നേരം 7:00 മുതൽ 9:00 വരെ നടത്തപ്പെടുന്നു. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## VIII
## അറിയിപ്പ്

1. കാഞ്ഞിരപ്പള്ളി രൂപതയിലെ കുമളി സെന്റ് തോമസ് ഇടവകാംഗമായ ജോസ് മാളിയേക്കൽ എന്ന വ്യക്തി വൈദികനെന്ന വ്യാജേന സ്വദേശത്തും വിദേശത്തും തിരുക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും വിശ്വാസികളെ കബളിപ്പിക്കുകയും ചെയ്യുന്നതായി കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ അറിയിക്കുന്നു. വിശ്വാസികൾ ചതിയിൽപെടാതിരിക്കുവാൻ ഇടവകകളിൽ ആവശ്യമായ മുന്നറിയിപ്പ് നൽകുമല്ലോ.

2. ഇടുക്കി രൂപതയിലെ ബഥേൽ സെന്റ് ജേക്കബ് ഇടവകാംഗവും CMI ഛാന്ദാ പ്രോവിൻസിൽ അംഗവുമായിരുന്ന നെല്ലിക്കണ്ടത്തിൽ അജിൻ (തോമസ്) പൗലോസിനെ സന്യാസസഭാവ്രതങ്ങളിൽ നിന്ന് നിയമാനുസൃതം മോചനം നൽകിയതായും സന്യാസസഭയിലെ അംഗത്വം അവസാനിച്ചതായും CMI ഛാന്ദാ പ്രൊവിൻഷ്യൽ സുപ്പിരിയർ മുകളേൽ ബ. ബെന്നിയച്ചൻ അറിയിക്കുന്നു. അദ്ദേഹം മറ്റേതെങ്കിലും സഭയിലോ സമർപ്പിത സമൂഹത്തിലോ അംഗത്വം സ്വീകരിച്ചതായി അറിവില്ലാത്തതിനാൽ അദ്ദേഹം നേതൃത്വം കൊടുക്കുന്ന മതപരമായ കർമ്മങ്ങളെപ്പറ്റിയും വിശ്വാസികൾ ജാഗ്രത പുലർത്തണമെന്ന് ഇടവകകളിൽ അറിയിക്കുമല്ലോ.

## IX
## 2019-2020 സാമ്പത്തിക വർഷത്തിലെ കണക്കുകൾ അതിരൂപതാ കച്ചേരിയിൽ സമർപ്പിക്കുന്നത് സംബന്ധിച്ച്

1. അതിരൂപതയിലെ എല്ലാ പള്ളികളും കണക്കുകൾ സമർപ്പിക്കേണ്ട തീയതികൾ ഇതോട് ചേർത്തിരിക്കുന്ന ലിസ്റ്റിൽ പ്രസിദ്ധപ്പെടു

ത്തിയിരിക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാരും പള്ളിയിലെ കൈക്കാരന്മാരും കണക്കനും ഈ നിബന്ധനകൾ വായിച്ച് മനസ്സിലാക്കി അവയ്ക്ക് വിധേയമായി കണക്കും അനുബന്ധ റിക്കാർഡുകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2. കണക്കുകൾ യോഗത്തിൽ സമർപ്പിക്കുന്നതിനു മുമ്പായി നിയമാനുസൃതം തിരഞ്ഞെടുത്ത ഇന്റേണൽ ഓഡിറ്റർമാർ കണക്കുകൾ ഓഡിറ്റ് ചെയ്തിരിക്കേണ്ടതാണ്. അവരുടെ ഓഡിറ്റ് റിപ്പോർട്ടും സ്റ്റേറ്റുമെന്റും അതിനെ സംബന്ധിച്ച് കൈക്കാരന്മാരുടെ വിശദീകരണവും ആണ്ടുതിരട്ടോടുകൂടി യോഗത്തിൽ വായിച്ചിരിക്കണം. ഇക്കൊല്ലം വച്ചിരിക്കുന്ന ബജറ്റ് അനുസരിച്ച് പിരിവുകൾ അടയ്ക്കുന്ന കാര്യത്തിൽ ശ്രദ്ധിക്കണം.

3. ആണ്ടുതിരട്ട് പാസ്സാക്കുന്നതോടുകൂടി അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ഇന്റേണൽ ഓഡിറ്റർമാരുടെ തെരഞ്ഞെടുപ്പും നടത്തിയിരിക്കണം.

4. അതിരൂപതാ കച്ചേരിയിൽ നിന്നും അംഗീകാരം കിട്ടിയതിനുശേഷം മാത്രമേ കൈക്കാരന്മാരും ഓഡിറ്റർമാരും അവരുടെ നിയുക്ത ജോലി ഏറ്റെടുക്കുവാൻ പാടുള്ളൂ.

5. ഇടവകപ്പള്ളിയിലെ പൊതുകണക്കിൽ ഉൾപ്പെടുത്താത്ത കുരിശു പള്ളികളുടെ കണക്കുകൾ, ഇടവകയിൽ നിന്നും നേരിട്ട് നടത്തുന്ന പദ്ധതികളെ സംബന്ധിച്ചുള്ള കണക്കുകൾ എന്നിവ പള്ളിയുടെ പൊതുക്കണക്കിനോടൊപ്പം ഇന്റേണൽ ഓഡിറ്റ് ചെയ്തിരിക്കേണ്ടതും പൊതുകണക്കിനൊപ്പം ആണ്ടുതിരട്ടു യോഗത്തിൽ പാസ്സാക്കി അതിരൂപതാ കച്ചേരിയിൽ സമർപ്പിക്കേണ്ടതുമാണ്. ഇപ്രകാരമുള്ള പ്രത്യേക കണക്കുകൾ അതിരൂപതാ കച്ചേരിയിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ കണക്കിന്റെ തുടക്കം മുതൽ 31-3-2020 വരെയുള്ള കണക്കുകൾ മേൽപ്പറഞ്ഞവിധം തയ്യാറാക്കി ഈ വർഷത്തെ ആണ്ടുതിരട്ടിനൊപ്പം അതിരൂപതാ കച്ചേരിയിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടംപണി, പദ്ധതികൾ മുതലായവ പൂർത്തീകരിച്ചാലും ഇല്ലെങ്കിലും 31-12-2020 വരെയുള്ള അവയുടെ കണക്കുകൾ ഓഡിറ്റ് ചെയ്ത് മേൽപ്പറഞ്ഞ വിധം അതിരൂപതാ കച്ചേരിയിൽ സമർപ്പിക്കേണ്ടതാണ്.

6. ആണ്ടുതിരട്ട് തയ്യാറാക്കുന്നതിനു മുൻപായി രസീതുകൾ, പാസ്സ് ബുക്കുകൾ എന്നിവ ബാങ്കിൽ കൊടുത്ത് സാമ്പത്തികവർഷം അവസാനം വരെയുള്ള ഇടപാടുകൾ പതിപ്പിക്കുകയും അതനുസരിച്ച് കണക്കുകൾ ക്രമപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

7. പൊതുകണക്കിന്റെ പേരേടിൽ പള്ളിക്ക് സാമ്പത്തിക വർഷം അവസാനം വരെയുള്ള എല്ലാ കടബാധ്യതകളുടെയും പൂർണവിവരം രേഖപ്പെടുത്തിയിരിക്കണം.

8. പള്ളിയുടെ ബാലൻസ് ഷീറ്റിൽ കാണുന്ന ആസ്തിബാധ്യതകൾ പൊതു കണക്കുമായി ഒത്തുനോക്കി വ്യത്യാസമുണ്ടെങ്കിൽ ഈ സാമ്പത്തിക വർഷത്തെ ആണ്ടുതിരട്ട് തയ്യാറാക്കുമ്പോൾ ശരിയാക്കേണ്ടതാണ്.

9. മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന കാര്യങ്ങളും അതിരൂപത കച്ചേരിയിൽ കണക്ക് പരിശോധിച്ചപ്പോൾ നൽകിയ നിർദ്ദേശങ്ങളും പ്രത്യേകം പഠിച്ചുവേണം ഈ വർഷത്തെ ആണ്ടുതിരട്ട് തയ്യാറാക്കുവാൻ.

10. അതിരൂപതാ കച്ചേരിയിലേക്ക് സമർപ്പിക്കുന്ന എല്ലാ റിക്കാർഡുകളിലും, സ്റ്റേറ്റുമെന്റുകളിലും, റിപ്പോർട്ടുകളിലും ബഹുമാനപ്പെട്ട വികാരിയച്ചന്റെ കൈയൊപ്പുണ്ടായിരിക്കേണ്ടതാണ്.

11. ഇടവകപ്പള്ളിയിലെ പൊതുകണക്കിൽ ഉൾപ്പെടുത്താത്തതും സ്വതന്ത്രമായി കണക്ക് സൂക്ഷിക്കുന്നതുമായ എല്ലാ കുരിശു പള്ളികളും ചാപ്പലുകളും അവയുടെ കണക്കുകൾ മേൽപ്പറഞ്ഞ നിബന്ധനകൾക്ക് വിധേയമായി അതിരൂപതാ കച്ചേരിയിൽ സമർപ്പിക്കണമെന്ന് പ്രത്യേകം നിഷ്കർഷിക്കുന്നു.

12. പ്രത്യേക ആവശ്യങ്ങൾക്കായി പള്ളിയിൽ എടുക്കുന്ന സ്തോത്രക്കാഴ്ച മുഴുവനും കണക്കിൽ വരവ് വയ്ക്കേണ്ടതും നിയമാനുസൃതമായ തുക (അതായത് താഴെക്കൊടുത്തിരിക്കുന്ന 5 പിരിവുകൾ ഒഴികെ ബാക്കി എല്ലാ പിരിവുകളുടെയും 50%) കൃത്യമായ തീയതിക്കുള്ളിൽ അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. താഴെ പറയുന്ന 5 പിരിവുകൾ പള്ളിയിൽ വിളിച്ചുപറഞ്ഞു ലഭിക്കുന്ന തുക മുഴുവനും അതിരൂപതാ കച്ചേരിയിൽ ഏൽപ്പിച്ച് രസീത് വാങ്ങേണ്ടതാണ്. ഇടവകയുടെ ആവശ്യത്തിലേക്ക് ഈ പിരിവുകളിൽ നിന്നും തുക മാറ്റി വയ്ക്കാൻ പാടുള്ളതല്ല എന്നകാര്യം ഓർമിപ്പിക്കുന്നു.

   a) ദുഃഖവെള്ളിയാഴ്ച - വിശുദ്ധനാട് സംരക്ഷണത്തിനുവേണ്ടി അയയ്ക്കുവാൻ ഉള്ളത്.

   b) മിഷൻ ഞായർ - ഒക്ടോബറിലെ മൂന്നാം ഞായർ (ആഗോള മിഷൻ പ്രവർത്തനങ്ങൾക്കുള്ളത്).

   c) സഭാദിനം (ജൂലൈ 3) (സീറോ മലബാർ സഭാകേന്ദ്രത്തിലേക്ക് അയയ്ക്കുവാനുള്ളത്. ഒരു കുടുംബത്തിലെ ഒരംഗത്തിന് രണ്ട് രൂപ എന്ന നിരക്കിൽ അടയ്ക്കണം).

   d) സീറോ മലബാർ മിഷൻ ദിനം - (അതിരൂപത ദത്തെടുത്തിരിക്കുന്ന ജഗദൽപൂർ മിഷന് അയച്ചുകൊടുക്കാനുള്ളത്).

   e) കാരിത്താസ് ചങ്ങനാശേരി (നോമ്പുകാലത്തെ ഒരു ഉപവാസം ദിവസം).

f) സെമിനാരി ഫണ്ട് (പെസഹാവ്യാഴം) വൈദിക വിദ്യാർത്ഥി പരിശീലനം

13. അതിരൂപതാ കച്ചേരിയുടെ രേഖാമൂലമുള്ള കൽപ്പന കൂടാതെ അതിമെത്രാസന വിഹിതം ഉൾക്കൊള്ളുന്ന പിരിവുകൾ ഒന്നുംതന്നെ പ്രത്യേകത ആവശ്യങ്ങളിലേക്ക് സംഭാവന എന്ന രീതിയിൽ കണക്കെഴുതുവാൻ പാടുള്ളതല്ല.

14. പള്ളിയുടെ പുനരുദ്ധാരണത്തിനും, പാരിഷ് ഹാൾ, വൈദികമന്ദിരം മുതലായവ പണിയുന്നതിനും വ്യക്തികളിൽ നിന്ന് സ്വീകരിക്കുന്ന സംഭാവനകൾക്കും പ്രത്യേക രസീതു നൽകി ടി വരവ് പ്രത്യേകം പേരേട് നാൾവഴികളിൽ ചേർത്ത് രസീത് സഹിതം ആണ്ടുതിരട്ടോടു കൂടി പരിശോധനക്ക് വിധേയമാക്കേണ്ടതാണ്.

15. ഏതെങ്കിലും ഇടവകയ്ക്ക് കണക്കുകൾ അതിരൂപതാകേന്ദ്രത്തിൽ നിശ്ചിത തീയതിക്ക് മുമ്പേ സമർപ്പിക്കണമെങ്കിൽ അതിരൂപതാ അക്കൗണ്ട്സ് ഓഫീസിൽ വിളിച്ചറിയിച്ചശേഷം വരാവുന്നതാണ്. ഫോൺ: 9846479172, 9539420040

**അതിരൂപതാ കച്ചേരിയിൽ കണക്ക് സമർപ്പിക്കുമ്പോൾ കൊണ്ടുവരേണ്ട റിക്കാർഡുകൾ**

1. പൊതുയോഗ-പ്രതിനിധിയോഗ നിശ്ചയങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള യോഗപുസ്തകം.
2. പൊതുകണക്കിന്റെ നാൾവഴി, പേരേട്, തിരട്ട്
3. കൃഷി കണക്കിന്റെ നാൾവഴി, പേരേട്, തിരട്ട്
4. പള്ളിയുടെ പൊതുക്കണക്കിൽപ്പെടാത്ത പ്രത്യേക കണക്കുകൾ ഉണ്ടെങ്കിൽ അവയുടെ നാൾവഴി, പേരേട്, തിരട്ട്
5. ആണ്ടുതിരട്ടിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പികൾ
6. ബാങ്ക് പാസ്സ്ബുക്കുകൾ, ഡിപ്പോസിറ്റ് രസീതുകൾ
7. തന്നാണ്ട് പുതുക്കിയ മുറിച്ചാർത്തുകൾ
8. നിത്യകുർബാന, സ്കോളർഷിപ്പ് മുതലായവ എഴുതി സൂക്ഷിക്കുന്ന രജിസ്റ്ററുകൾ, തന്നാണ്ട് അതിന്റെ ബാധ്യത നിറവേറ്റിയതിന് ബഹുമാനപ്പെട്ട വികാരിയച്ചന്റെ സാക്ഷ്യം.
9. ആണ്ടുതിരട്ടും ബജറ്റും പാസാക്കിയ പൊതുയോഗ നിശ്ചയത്തിന്റെ സാക്ഷ്യപ്പെടുത്തിയ കോപ്പി.
10. ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ടും അതിനെപ്പറ്റി കൈക്കാരന്റെ വിശദീകരണവും.
11. നിയമാനുസൃതം പാസാക്കിയ 2020-2021 വർഷത്തേക്കുള്ള ബജറ്റിന്റെ രണ്ട് കോപ്പികൾ.
12. ഇടവകയിലെ തൻവർഷത്തെ പ്രവർത്തന റിപ്പോർട്ട്.

**അതിരൂപതാ കച്ചേരിയിൽ കണക്ക് സമർപ്പിക്കുന്നതിന് ഓരോ ഇടവകയ്ക്കും നിശ്ചയിച്ചിട്ടുള്ള തീയതി താഴെ ചേർക്കുന്നു.**

| Name of the Churches | Date |
|---|---|
| Adoor Mar Sleeva | 02.01.2021 |
| Aickarachira St.George | 02.01.2021 |
| Alappuzha Mar Sleeva (F) | 02.01.2021 |
| Amboory St George (F) | 04.01.2021 |
| Anakulam St.Joseph | 04.01.2021 |
| Anchel Mary Matha | 04.01.2021 |
| Arattuvazhy St.Joseph | 04.01.2021 |
| Arpookara Cherupushpam | 04.01.2021 |
| Arpookara St Xavier's (Villoonni) | 04.01.2021 |
| Arumanoor Mangalavartha | 04.01.2021 |
| Aryad Little Flower | 02.01.2021 |
| Aryankavu St.Mary's | 02.01.2021 |
| Athirampuzha St Mary's (F) | 05.01.2021 |
| Athirampuzha (Sreekandamangalam) | 05.01.2021 |
| Ayarkunnam St.Sebastian | 05.01.2021 |
| Ayoor Chirst The king (F) | 05.01.2021 |
| Ayroor Lourdes Matha | 05.01.2021 |
| Champakara St.Joseph | 07.01.2021 |
| Changanacherry Cathetral (F) | 07.01.2021 |
| Champakulam (Kalloorkad) F. | 07.01.2021 |
| Changankary St.Joseph | 07.01.2021 |
| Chanjody St.Sebastian | 07.01.2021 |
| Charamangalam Lourde Matha | 08.01.2021 |
| Charupara St Mary's | 08.01.2021 |
| Chengalam St. Sebastian`s | 08.01.2021 |
| Chengannoor Mary Matha | 08.01.2021 |
| Chengulam Nithya Sahaya Matha | 08.01.2021 |
| Chennamkary Lourdes Matha | 08.01.2021 |
| Chennamkary St. Joseph`s | 08.01.2021 |
| Cheriyavelinalloor St. Sebastian`s | 09.01.2021 |
| Cherukadavu Infant Jesus | 09.01.2021 |
| Cherukara St. Mary`s (Kainady) | 09.01.2021 |
| Cheruvadoor St. Sebastian`s | 09.01.2021 |
| Chethipuzha Sacred Heart | 11.01.2021 |
| Chunkapara Little Flower | 11.01.2021 |
| Dalmugham St. Mary`s | 11.01.2021 |
| Edappalayam St. George | 12.01.2021 |

| Name of the Churches | Date |
|---|---|
| Eara Lourdes Matha | 12.01.2021 |
| Eravinalloor Assumption | 12.01.2021 |
| Eravuchira St. Mary`s | 12.01.2021 |
| Ettumanoor Christ The King | 13.01.2021 |
| Ezhumatoor St. Joseph`s | 13.01.2021 |
| Fathimapuram Fathima Matha | 13.01.2021 |
| Iththanam St. Mary`s | 13.01.2021 |
| Kadayinikkadu St. Mary`s | 13.01.2021 |
| Kaduvakulam Little Flower | 13.01.2021 |
| Kainday Our Lady of Dolours | 14.01.2021 |
| Kainakary St. Mary`s | 14.01.2021 |
| Kaithavana Immaculate Heart | 14.01.2021 |
| Kalavoor St Thomas | 14.01.2021 |
| Kandankary St. Joseph`s | 14.01.2021 |
| Kanichukulangara St. Antony`s | 14.01.2021 |
| Kanjikuzhy (SL Puram) St. Antony`s | 15.01-2021 |
| Kannady St. Ritas | 15.01-2021 |
| Kannady St. Joseph`s Kavalam | 15.01-2021 |
| Karavaloor Nithya Sahya Matha | 15.01-2021 |
| Karikattoor St. James | 15.01-2021 |
| Karimpanakulam Sacred Heart | 15.01-2021 |
| Karumady St. Nicholas | 15.01-2021 |
| Karuvatta St. Joseph`s | 15.01-2021 |
| Kattachira St. Francis | 16.01-2021 |
| Kavalam St. Theresas | 16.01-2021 |
| Kavalam St. Joseph`s | 16.01-2021 |
| Kavalam Lissieux | 16.01-2021 |
| Kayalpuram St. Antony`s | 16.01-2021 |
| Kayalpuram St. Joseph`s Kelamangalam | 16.01-2021 |
| Our Lady of Dolours | 18.01.2021 |
| Kidangara St. Gregory`s | 18.01.2021 |
| Kiliroor St. Francis D`Sales | 18.01.2021 |
| Kizhakkemithrakary Holy Family | 18.01.2021 |
| Kizhakkethalackal St Treasas (Pulinkunnu) | 18.01.2021 |
| Kodupunna St. Joseph`s | 19.01.2021 |
| Kollam Mar Thoma Sleeba Mission | 19.01.2021 |

| Name of the Churches | Date |
|---|---|
| Kollamuttam Fathima Matha (Pulinkunnu) | 19.01.2021 |
| Kondackal St. Joseph`s | 19.01.2021 |
| Kooropada Holy Cross | 19.01.2021 |
| Kottackapuram St. Mathews | 19.01.2021 |
| Kottangal St. John The Baptist | 20.01.2021 |
| Kudamaloor St. Mary`s Forane | 20.01.2021 |
| Kulathoor Little Flower | 20.01.2021 |
| Kulathupuzha St. Sebastian`s | 20.01.2021 |
| Kumarakam Holy Family (Navanazarath) | 20.01.2021 |
| Kumarakam St. John`s Vadakkumkara | 20.01.2021 |
| Kumarankary St. Mary`s | 21.01.2021 |
| Kumarapuram St. Mary`s | 21.01.2021 |
| Kunnamthanam St. Joseph`s | 21.01.2021 |
| Kuttikonam Christ The King | 21.01.2021 |
| Madappally Little Flower | 22.01.2021 |
| Mahendrapuram St. Sebastian`s | 22.01.2021 |
| Mallappally St. Athanasius | 22.01.2021 |
| Mampuzhakary Lourdes Matha | 22.01.2021 |
| Mammoodu Lourde Matha | 22.01.2021 |
| Manackachira St. Joseph`s | 22.01.2021 |
| Manalady St. Mary`s | 23.01.2021 |
| Manimala Holy Magi (F) | 23.01.2021 |
| Mannanam St. Joseph`s | 23.01.2021 |
| Mannamchery Our Lady of Perpetual Help | 23.01.2021 |
| Mannamthala Ranigiri | 25.01.2021 |
| Mannarkunnu St. Gregory`s | 25.01.2021 |
| Mannila Holy Family | 25.01.2021 |
| Mayam Marigiri (St. Mary`s) | 25.01.2021 |
| Meenkulam Lourde Matha | 25.01.2021 |
| Mithrakary St. Xavier`s | 25.01.2021 |
| Moncompu Pius Xth | 25.01.2021 |
| Muhamma St. George`s | 27.01.2021 |
| Mundathanam St. Antony`s | 27.01.2021 |
| Muttar St. Thomas | 27.01.2021 |
| Muttar St. Geoge`s | 27.01.2021 |
| Narbonapuram St. Sebastian`s | 28.01.2021 |

| Name of the Churches | Date |
|---|---|
| Narikkallu St. Mary`s | 28.01.2021 |
| Nazareth St. Jeromes (Moncompu) | 28.01.2021 |
| Nedumanni Fathima Matha | 28.01.2021 |
| Nedumkunnam St. John The Baptist (F) | 28.01.2021 |
| Nirmalapuram St. Mary`s | 29.01.2021 |
| Pacha/Chekkidikkadu Lourde Matha | 29.01.2021 |
| Pachakad Sacred Heart | 29.01.2021 |
| Padaharam St. Joseph`s | 29.01.2021 |
| Paippadu Lourdes Matha | 29.01.2021 |
| Pallathuruthy St. Thomas | 30.01.2021 |
| Pallikunnu St. Thomas | 30.01.2021 |
| Palode St. Mary`s | 30.01.2021 |
| Pampady Deva Matha | 30.01.2021 |
| Pangada Sacred Heart | 30.01.2021 |
| Paral St. Antony`s | 01.02.2021 |
| Parampuzha Bethlehem | 01.02.2021 |
| Parel St. Mary`s | 01.02.2021 |
| Payattupakka Holy Family | 01.02.2021 |
| Pazhayeroor St. Thomas | 01.02.2021 |
| Peroorkada Lourde Hills | 01.02.2021 |
| Perumkavu St. Thomas | 02.02.2021 |
| Perunna East St. Antony`s | 02.02.2021 |
| Philgiri St. Joseph`s | 02.02.2021 |
| Ponga Mar Sleeva | 02.02.2021 |
| Poonthope St. Francis | 02.02.2021 |
| Pulickakavala St. Mary`s | 03.02.2021 |
| Pulinkunnu St. Mary`s (F) | 03.02.2021 |
| Pullangady Holy Family | 03.02.2021 |
| Punaloor Sacred Heart | 03.02.2021 |
| Punnapra St. Gregory`s | 03.02.2021 |
| Punnamada St.Mary`s | 03.02.2021 |
| Punnathura East St. Thomas | 04.01.2021 |
| Punnaveli Littile Flower | 04.01.2021 |
| Purackad  Holy Cross | 04.01.2021 |
| Pushpagiri St. Joseph`s (Thellakam) | 04.01.2021 |
| Puthenagadi St. George`s | 04.01.2021 |

| Name of the Churches | Date |
|---|---|
| Puthuppally St. Antony`s (Poomattom) | 05.02.2021 |
| Puthusserry Lourde Matha | 05.02.2021 |
| Puzhavathu St. Thomas | 05.02.2021 |
| Rajagiri Christ The King | 05.02.2021 |
| Rajamattom Sacred Heart | 05.02.2021 |
| Rajakoope Holy Cross (Aryannkavu) | 05.02.2021 |
| Ramankary St. Joseph`s | 05.02.2021 |
| Sreekaryam Emmaus (TVM) | 06.02.2021 |
| Thadiyoor St. Antony`s | 06.02.2021 |
| Thakazhy St. Ritas | 06.02.2021 |
| Thathampally St. Michael`s | 06.02.2021 |
| Thayamkary St. Antony`s | 06.02.2021 |
| Thazhathuvadakara Lourde Matha | 08.02.2021 |
| Punnakunnathusserry St. Joseph | 08.02.2021 |
| Thekkerkara St. Sebastian`s | 08.02.2021 |
| Thekkeputhukary St. Joseph`s | 08.02.2021 |
| Thekkupara St. Mary`s | 08.02.2021 |
| Thirumala Holy Family | 09.02.2021 |
| Thirumala St. Antony`s (Muthoot) | 09.02.2021 |
| Thottackad St. George`s | 09.02.2021 |
| Thottuvathala SH | 09.02.2021 |
| Thuruthy St. Mary`s | 10.02.2021 |
| Vadakkekara St. Mary`s | 10.02.2021 |
| Vadavathur St. Thomas | 10.02.2021 |
| Vaipur St. Joseph`s | 11.02.2021 |
| Vaipur St. Mary`s | 11.02.2021 |
| Vaipur-Vettikapurayidam St. Sebastian`s | 11.02.2021 |
| Vaisyambhagam St. Antony`s | 11.02.2021 |
| Vallamchira Fathima Matha | 11.02.2021 |
| Vattiyoorkavu SFS (MSF) | 12.02.2021 |
| Vazhappally St. Mary`s | 12.02.2021 |
| Veliyanadu (N) St. Joseph`s | 12.02.2021 |

| Name of the Churches | Date |
|---|---|
| Veliyanadu St. Xavier`s | 12.02.2021 |
| Veliyanadu (N) St. Gregory`s | 12.02.2021 |
| Venchempu St. George`s | 13.02.2021 |
| Veroor St. Joseph`s | 13.02.2021 |
| Vettimukal St. Mary`s | 13.02.2021 |
| Vezhapra St. Paul`s | 13.02.2021 |
| Vithura All Saints | 13.02.2021 |
| Vizhinjam St. Peter`s | 13.02.2021 |
| Ambalapuzha St. Mary`s | 15.02.2021 |
| Anickadu St. Antony`s (Mallappally) | 15.02.2021 |
| Attingal St. Jude | 15.02.2021 |
| Kannammoola Bl. Mother Theresa Centre (Petta) | 15.02.2021 |
| Karyavattam St. Joseph | 15.02.2021 |
| Kottarakkara St. Thomas Mission (CMF) | 16.02.2021 |
| Kumaranalloor St. Thomas | 16.02.2021 |
| Kundamam St. Thomas | 16.02.2021 |
| Kutchapuram St. Joseph`s | 16.02.2021 |
| Kuttara St. Gerald | 16.02.2021 |
| Nedumon St. Mary`s | 16.02.2021 |
| Niranam Thomasleeha Pilgrim Centre | 17.02.2021 |
| Padhalam Danhapally | 17.02.2021 |
| Parathy St. Alphonsa (Mayam) | 17.02.2021 |
| Pathanapuram Mar Aprem Mission | 17.02.2021 |
| Thiruvallam Sacred Heart | 17.02.2021 |
| Valikode St. George | 17.02.2021 |
| Vimalagiri Queens of Virgins | 18.02.2021 |
| Mariyapuram Mary Matha | 18.02.2021 |
| Mavelikara St. Alphonsa | 18.02.2021 |
| Pandankary St. Pius X | 18.02.2021 |
| Pongummoodu St. Alphonsa | 18.02.2021 |

# സന്ദേശനിലയം
## SANDESANILAYAM

മിശിഹായിൽ സ്നേഹമുള്ളവരെ,

അരക്ഷിതാവസ്ഥയുടെ ഈ കാലഘട്ടത്തിൽ, സമാധാനത്തിന്റെയും പ്രത്യാശയുടെയും സന്ദേശമാണല്ലോ ക്രിസ്തുമസ് നല്കുന്നത്. തിരുപ്പിറവിയിലൂടെ ദൈവം ലോകത്തിന് നല്കിയ സന്തോഷവും സമാധാനവും സ്വന്തമാക്കുവാനും അത് മറ്റുള്ളവർക്ക് പകർന്നുകൊടുക്കുവാനും നമുക്ക് പരിശ്രമിക്കാം. പുത്തൻ തീക്ഷ്ണതയോടെ, പ്രതീക്ഷയോടെ പുതുവർഷത്തെ നമുക്ക് വരവേൽക്കാം.

വിവിധ റീജണുകളിലായി നടത്തിയ മതാധ്യാപക റീജണൽ കൺവൻഷനിലും ഫ്രാൻസിസ് പാപ്പായുടെ ഏറ്റവും പുതിയ ചാക്രിക ലേഖനമായ ഫ്രത്തേലി തൂത്തി മനസ്സിലാക്കുന്നതിനായി നടത്തിയ വെബിനാറിലും പങ്കെടുത്ത എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. ഉണ്ണിയെത്തേടി എന്ന പ്രോഗ്രാമിനോട് ബന്ധപ്പെട്ട് കക്രമ എന്ന പേരിൽ നടത്തപ്പെടുന്ന ഷോർട്ട് ഫിലിം കോമ്പറ്റീഷൻ, ഫെബ്രുവരി 7 ന് നടത്തപ്പെടുന്ന രണ്ടാം ടേം പരീക്ഷ, തുടർന്നുവരുന്ന വിശ്വാസോത്സവം എന്നിവ നിങ്ങളുടെ ഓർമ്മയിലുണ്ടായിരിക്കട്ടെ. ജനുവരി 26 നു ഓൺലൈനായി നടത്തപ്പെടുന്ന മതാധ്യാപക കൺവൻഷനിലേക്ക് നിങ്ങളെ എല്ലാവരെയും സ്വാഗതം ചെയ്യുന്നു. ഏവർക്കും പുതുവർഷത്തിന്റെയും ദനഹാത്തിരുനാളിന്റെയും ആശംസകൾ സ്നേഹപൂർവ്വം നേർന്നുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം

**ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി**
*(ഡയറക്ടർ)*

**ഫാ. അനീഷ് കുടിലിൽ**
**ഫാ. ജോൺ വടക്കേകളം**
*(അസി. ഡയറക്ടേഴ്സ്)*

## അറിയിപ്പുകൾ

**2021 ജനുവരി**

| | | |
|---|---|---|
| 01 വെള്ളി | : | **ഈശോയുടെ നാമകരണത്തിരുനാൾ** |
| 02 ശനി | : | വി. ചാവറ കുര്യാക്കോസ് ഏലിയാസ് |
| 03 ഞായർ | : | പിറവിക്കാലം രണ്ടാം ഞായർ, ക്ലാസ്സ് – 32 |
| 05 ചൊവ്വ | : | ആഘോഷമായ റംശാ |
| 06 ബുധൻ | : | **ദനഹാത്തിരുനാൾ** (കടമുള്ള ദിവസം, ഓഫീസ് അവധി) |
| 10 ഞായർ | : | ദനഹാക്കാലം ഒന്നാം ഞായർ, ക്ലാസ്സ് – 33 |
| 17 ഞായർ | : | ദനഹാക്കാലം രണ്ടാം ഞായർ, ക്ലാസ്സ് – 34 |
| 24 ഞായർ | : | ദനഹാക്കാലം മൂന്നാം ഞായർ, ക്ലാസ്സ് – 35 |
| 26 ചൊവ്വ | : | **മതാധ്യാപക കൺവൻഷൻ, ജൂബിലേറിയൻസിനെ ആദരിക്കൽ** |

31 ഞായർ : ദനഹാക്കാലം നാലാം ഞായർ, ക്ലാസ്സ് – 36

**2021 ഫെബ്രുവരി**

07 ഞായർ : **സൺഡേസ്കൂൾ രണ്ടാം ടേം പരീക്ഷ**

## ✦ ഷോർട്ട് ഫിലിം കോമ്പറ്റീഷൻ – കക്ര

ക്രിസ്തുമസ്സിനോടനുബന്ധിച്ച് ചങ്ങനാശ്ശേരി അതിരൂപതാ മിഷൻലീഗ് നടത്തുന്ന ഉണ്ണിയെത്തേടി എന്ന സുകൃതകലണ്ടറിനെ ആസ്പദമാക്കി അതിരൂപതാ മതബോധനകേന്ദ്രമായ സന്ദേശനിലയവും MAAC TV യും ചേർന്ന് ഒരു ഷോർട്ട് ഫിലിം കോമ്പറ്റീഷൻ ക്രമീകരിച്ചിരിക്കുന്നു.

**നിബന്ധനകൾ**

1. മത്സരം ചങ്ങനാശ്ശേരി അതിരൂപതയിലെ സൺഡേസ്കൂൾ കുട്ടികൾക്കു വേണ്ടിയുള്ളതാണ്.
2. 2 മിനിറ്റിൽ കുറയാനോ മൂന്നു മിനിറ്റിൽ കവിയാനോ പാടില്ല.
3. കോപ്പിറൈറ്റ് ഇല്ലാത്ത മ്യൂസിക് ഉപയോഗിക്കണം.
4. മതവികാരങ്ങളെയും മതനേതാക്കളെയും വ്രണപ്പെടുത്തുന്ന ആക്ഷേപ ഹാസ്യം ഒഴിവാക്കണം.
5. എൻട്രികൾ H264 Full HD ഫോർമാറ്റിലാണ് തരേണ്ടത്.
6. എല്ലാ ഹ്രസ്വചിത്രങ്ങളുടെയും പകർപ്പവകാശം സന്ദേശനിലയത്തിനായിരിക്കും.
7. എൻട്രികൾ 2021 ജനുവരി 31 മുമ്പായി സന്ദേശനിലയത്തിൽ എത്തിക്കേണ്ടതാണ്, അല്ലെങ്കിൽ sandesanilayam@gmail.com എന്ന മെയിൽ ഐഡിയിൽ അയച്ചുതരേണ്ടതാണ്.
8. രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുന്നതല്ല.
9. സൺഡേസ്കൂൾ കുട്ടികൾ, അവരുടെ മാതാപിതാക്കൾ, മതാധ്യാപകർ എന്നിവർക്ക് മാത്രമേ അഭിനയിക്കാൻ അനുവാദം ഉണ്ടായിരിക്കുകയുള്ളൂ. സാങ്കേതിക സഹായം ആർക്കു വേണമെങ്കിലും നല്കാവുന്നതാണ്.
10. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.
11. ഒന്നും രണ്ടും മൂന്നും സ്ഥാനം നേടുന്ന ഹ്രസ്വചിത്രങ്ങൾക്ക് 5000, 3000, 2000 രൂപ വീതവും 4 മുതൽ 10 വരെ സ്ഥാനങ്ങൾ നേടുന്ന ചിത്രങ്ങൾക്ക് 1000 രൂപ വീതം പ്രോത്സാഹന സമ്മാനങ്ങളും ജനപ്രിയ ചിത്രത്തിന് (യൂട്യൂബിൽ ഏറ്റവും കൂടുതൽ View നേടുന്ന ഒരു ഹ്രസ്വചിത്രം) 3000 രൂപ ക്യാഷ് അവാർഡ് ലഭിക്കും.
12. ഫെബ്രുവരി 5 മുതൽ 15 വരെയാണ് ജനപ്രിയചിത്രത്തിന്റെ മത്സരം നടക്കുന്നത്.

13 ഫെബ്രുവരി 20ന് സമ്മാനങ്ങൾ വിതരണം ചെയ്യും.

14. എൻട്രികൾ വികാരിയച്ചന്റെ സാക്ഷ്യപത്രവും ചേർത്താണ് അയയ്ക്കേണ്ടത്.
15. പങ്കെടുക്കുന്നവർ ഡിസംബർ 24ന് മുമ്പ് 0481 – 2411912, 9446468958 നമ്പറിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യുക.

16. ചങ്ങനാശ്ശേരി അതിരൂപതയുടെ യൂട്യൂബ് ചാനലായ MAAC TV യിലൂടെയാണ് ഹ്രസ്വചിത്രങ്ങൾ പുറത്തിറക്കുന്നത്.
17. ഹ്രസ്വചിത്ര മത്സരത്തിന്റെ വിഷയങ്ങൾ ഇവയാണ്

- നവമാധ്യമങ്ങൾ ദൈവദാനമാണ്. സുവിശേഷപ്രഘോഷണത്തിനായി അവയെ ഉപയോഗിക്കാം.
- നെറ്റിൽ കുരുങ്ങുന്ന കൗമാരബന്ധങ്ങൾ
- നവമാധ്യമങ്ങളും കുടുംബബന്ധങ്ങളും
- കുടുംബങ്ങളിലെ അടച്ചിട്ട മുറികളിൽ ഒറ്റപ്പെടുന്ന ജീവിതങ്ങൾ
- മീഡിയ അഡിക്ഷനും -മാനസിക ശാരീരിക പ്രശ്നങ്ങളും
- ജീവകാരുണ്യപ്രവർത്തനങ്ങളും നവമാധ്യമങ്ങളും
- സൈബർ ആക്രമണങ്ങളും ധാർമ്മിക പ്രശ്നങ്ങളും
- സോഷ്യൽ മീഡിയ ഉയർത്തുന്ന വെല്ലുവിളികൾ
- സഭാവിരുദ്ധതയും - വിശ്വാസനിഷേധവും ആത്മീയജീവിതത്തെ ദുർബലപ്പെടുത്തുന്നു.

## ✦ അതിരൂപതാ മതാദ്ധ്യാപക കൺവൻഷൻ

അതിരൂപതാ മതാദ്ധ്യാപക കൺവൻഷൻ 2021 ജനുവരി 26 ചൊവ്വാഴ്ച നടത്തപ്പെടുന്നതാണ്. മതാധ്യാപക കൺവൻഷനിൽ നടയ്ക്കൽ പുരസ്കാരം നല്കുന്നതും മതാധ്യാപന മേഖലയിൽ 25, 50 വർഷം പൂർത്തിയാക്കിയവരെ മതാധ്യാപക കൺവൻഷനിൽ ആദരിക്കുന്നതുമാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## ✦ സൺഡേസ്കൂൾ രണ്ടാം ടേം ഓൺലൈൻ പരീക്ഷ 2021 ഫെബ്രുവരി 7 ഞായറാഴ്ച

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സാധാരണ നടക്കുന്നതുപോലെയുള്ള പരീക്ഷകൾ സാധ്യമല്ലാത്തതിനാൽ കുട്ടികൾ ഇതുവരെ പഠിച്ച വിശ്വാസസത്യങ്ങളുടെ ബോധനം കുട്ടിയുടെ അനുദിന വിശ്വാസജീവിതത്തിൽ ഉണ്ടാക്കിയ സ്വാധീനങ്ങളും നേടിയ ബോധ്യങ്ങളും എന്തൊക്കെയാണെന്ന് അറിയുവാനും കൂടുതൽ ആഴത്തിൽ പതിപ്പിക്കാനുമുള്ള ഒരു തുടർ പ്രവർത്തനമായി എല്ലാവരും ഈ ക്രമീകരണത്തെ കാണണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

**നിർദ്ദേശങ്ങൾ**

1. പരീക്ഷ തീയതി 2021 ഫെബ്രുവരി 7
2. വാട്സ് ആപ്പിൽ ഫെബ്രുവരി 7ന് രാവിലെ 10.00 മണിക്ക് ചോദ്യങ്ങൾ അയച്ചുതരും. 3 മണിക്കൂറിനുള്ളിൽ കുട്ടികൾ ഉത്തരമെഴുതി ഫോട്ടോയെടുത്ത് അധ്യാപകർക്ക് അയച്ചു നല്കണം.
3. സാധ്യമാകുന്ന സ്ഥലങ്ങളിൽ ഇടവകയുടെ സാഹചര്യങ്ങളും കോവിഡ് 19-ന്റെ നിയന്ത്രണങ്ങളും അനുസരിച്ച് ഉത്തര പേപ്പർ നേരിട്ട് വാങ്ങിക്കുവാനുള്ള സംവിധാനവും ചെയ്യാവുന്നതാണ്. (ഉദാ. വാർഡ് കൂട്ടായ്മാ ലീഡേഴ്സ് വഴിയോ,

യുവജനങ്ങൾ വഴിയോ, വിശ്വാസപരിശീലകർ നേരിട്ടോ ശേഖരിക്കാവുന്നതാണ്.)

4. കുട്ടികൾക്ക് പാഠപുസ്തകവും ബൈബിളും ഉപയോഗിച്ച് ഉത്തരങ്ങൾ തയ്യാറാക്കാം.
5. ഓൺലൈൻ സംവിധാനങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ ഇടവകയുടെ സാഹചര്യമനുസരിച്ച് വികാരിയച്ചനും വിശ്വാസപരിശീലകരും ചേർന്ന് ഉചിതമായ രീതിയിൽ പരീക്ഷകൾ നടത്താവുന്നതാണ്.
6. ഒന്ന് രണ്ട് ക്ലാസ്സുകളിലെ കുട്ടികളോട് അതത് ക്ലാസ്സിലെ അധ്യാപകർക്ക് വീഡിയോകളിലൂടെ ചോദ്യങ്ങൾ ചോദിച്ച് ഉത്തരം പറയിപ്പിക്കാവുന്നതാണ്. ഇതിനുള്ള സാഹചര്യം ഇല്ലാത്ത സ്ഥലങ്ങളിൽ അയച്ചുകൊടുക്കുന്ന ചോദ്യങ്ങൾ മാതാപിതാക്കൾ ചോദിക്കുകയും മാർക്കുകൾ അധ്യാപകർക്ക് അയച്ചു നല്കുകയും ചെയ്യാവുന്നതാണ്.
7. വർക്ക്ബുക്കുകൾ പൂർത്തിയാക്കിവർക്ക് മാത്രം വർക്കുബുക്കിന്റെ മാർക്കുകൾ നല്കേണ്ടതാണ്.
8. എല്ലാ ക്ലാസ്സിലെയും ഇംഗ്ലീഷ് ചോദ്യങ്ങൾ നല്കുന്നതാണ്.
9. ഒന്നുമുതൽ പത്തുവരെ ക്ലാസ്സുകൾക്ക് 8 മുതൽ 15 വരെയുള്ള പാഠങ്ങളിൽ നിന്നും 11, 12 ക്ലാസ്സുകൾക്ക് 7 മുതൽ 12 വരെയുള്ള പാഠങ്ങളിൽനിന്നുമാണ് ചോദ്യങ്ങളുണ്ടാവുക.
10. ഒന്നുമുതൽ പത്തുവരെ ക്ലാസ്സുകളിൽ ആകെ 75 മാർക്കിലും 11, 12 ക്ലാസ്സുകളിൽ 50 വീതം മാർക്കിലുമായിരിക്കും പരീക്ഷ.
11. ഉത്തരങ്ങൾ പേപ്പറിൽ എഴുതി ഫോട്ടോയെടുത്ത് അയയ്ക്കുന്നവർ ഒരു കാരണവശാലും ക്ലാസ്സ് ഗ്രൂപ്പുകളിലേയ്ക്ക് അയയ്ക്കുവാൻ പറയരുത്.

## ✦ വിശ്വാസോത്സവം

ഈ വർഷത്തെ പ്രത്യേക സാഹചര്യത്തിൽ നാം പതിവായി നടത്താറുള്ളതുപോലെ വിശ്വാസോത്സവം ക്രമീകരിക്കുവാൻ സാധിക്കുകയില്ലല്ലോ. അതിനാൽ ഡിജിറ്റൽ platform ലൂടെ വിശ്വാസോത്സവം ക്രമീകരിക്കുവാൻ എല്ലാവരും സഹകരിക്കണമെന്ന് സ്നേഹപൂർവ്വം അറിയിക്കുന്നു. അതിരൂപതയുടെ പഞ്ചവത്സരഅജപാലനപദ്ധതിയോടു ചേർന്ന് ദൈവാരാധന എന്ന വിഷയമാണ് വിശ്വാസോത്സവ വർക്കുബുക്കുകളുടെ ഉള്ളടക്കം. ഇതിനോട് ബന്ധപ്പെട്ട ചില നിർദ്ദേശങ്ങൾ ചുവടെ നല്കിയിരിക്കുന്നു.

## അധ്യാപകരുടെ പരിശീലനം

1. അധ്യാപകർക്ക് വിശ്വാസോത്സവ വർക്കുബുക്കുകൾ പരിചയപ്പെടുത്തുന്ന വീഡിയോകൾ ജനുവരി 15-ാം തീയതിയോടുകൂടി സന്ദേശനിലയത്തിൽ നിന്നും നല്കുന്നതാണ്. ഇത് ഒരു കാരണവശാലും കുട്ടികളുടെ ഗ്രൂപ്പുകളിലേയ്ക്ക് അയയ്ക്കരുത്.
2. കുട്ടികൾക്ക് ഓരോ അധ്യായങ്ങളും വിശദീകരിച്ചു കൊടുക്കുന്ന വീഡിയോകൾ അതത് വിഭാഗത്തിലെ അധ്യാപകർ തന്നെ തയ്യാറാക്കി നല്കേണ്ടതാണ്.

3. ഉത്തരങ്ങൾ ഡയറക്ടായി നല്കാതെ കുട്ടികൾ തന്നെ കണ്ടെത്തുവാൻ പ്രോത്സാഹിപ്പിക്കുക.

4. ഫെബ്രുവരി 22 മുതൽ ഏപ്രിൽ 19 വരെയുള്ള ഏതെങ്കിലും 10 ദിനങ്ങളിൽ വിശ്വാസോത്സവം ഓൺലൈനായി സംഘടിപ്പിക്കുക. അധ്യാപകർ വിശ്വാസോത്സവത്തിനായി പ്രത്യേകം മീറ്റിംഗുകൾ കൂടി പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

**മറ്റു ക്രമീകരണങ്ങൾ**

5. ഫെബ്രുവരി 22 മുതലുള്ള ഞായറാഴ്ചകളിലോ കുട്ടികളുടെയും ഇടവകയുടെയും സൗകര്യാർത്ഥം മറ്റു ദിവസങ്ങളിലോ വിശ്വാസോത്സവ പഠനപ്രവർത്തനങ്ങൾ ക്രമീകരിക്കാവുന്നതാണ്.

6. കോവിഡിന്റെ നിലവിലുള്ള നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ട് മുതിർന്ന ക്ലാസ്സുകളിലെ കുട്ടികളെ ക്ലാസ്സടിസ്ഥാനത്തിൽ ഒരുമിച്ചു കൂട്ടി മാർഗ്ഗനിർദ്ദേശം നല്കാനുള്ള സാധ്യതകൾ ചിന്തിക്കാവുന്നതാണ്.

7. Google Meet, Zoom എന്നിങ്ങനെയുള്ള Platform കൾ ഉപയോഗിച്ചും ക്ലാസ്സുകൾ എടുക്കാവുന്നതാണ്.

8. വിശ്വാസോത്സവത്തോടനുബന്ധിച്ച് നമസ്കാര പഠനവും നടത്താവുന്നതാണ്.

9. 7 മുതൽ 9 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് ഫെബ്രുവരി 22നു ശേഷം ഏതെങ്കിലും ദിനങ്ങളിൽ സഭാചരിത്ര, സഭാ വിജ്ഞാനീയ ക്വിസ് പ്രോഗ്രാമുകൾ ഗൂഗിൾ ഫോമിലോ മറ്റേതെങ്കിലും ആപ്ലിക്കേഷൻ വഴിയോ നടത്താവുന്നതാണ്. ഒരു മാതൃകാക്വിസ് സന്ദേശനിലയത്തിൽ നിന്നും നല്കുന്നതാണ്.

10. ക്വിസ് പ്രോഗ്രാമുകളെ കൂടാതെ സഭാചരിത്രം പഠിക്കുവാൻ സഹായകമാകുന്ന ഓൺലൈൻ എക്സിബിഷനുകളും മറ്റും ഇടവവകളിൽ ആസൂത്രണം ചെയ്യുന്നത് നല്ലതായിരിക്കും.

## ✦ വിശ്വാസോത്സവം ടെക്സ്റ്റ് ബുക്കുകൾ

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സാധാരണ നടക്കുന്നതുപോലെയുള്ള വിശ്വാസോത്സവം കഴിഞ്ഞവർഷം നടത്തുവാൻ സാധിച്ചില്ലല്ലോ. ഈ വർഷം രണ്ടാം ടേമിലെ പരീക്ഷയ്ക്കുശേഷം വിശ്വാസോത്സവം ക്രമീകരിക്കുന്നതിനെക്കുറിച്ചുള്ള ആലോചനകൾ നടന്നുവരുന്നു. (വിശദവിവരങ്ങൾ ഉടനെ അറിയിക്കുന്നതാണ്.) ആറോളം ഫൊറോനകളിൽ കഴിഞ്ഞവർഷം നടന്ന വിശ്വാസോത്സവ പരിശീലന സെമിനാറിനോടനുബന്ധിച്ച് വിശ്വാസോത്സവ വർക്കുബുക്കുകൾ നല്കിയിരുന്നു. ബുക്കുകൾ വാങ്ങിയവർ ഈ വർഷത്തെ സൺഡേസ്കൂൾ കുട്ടികളുടെ എണ്ണവുമായി ഒത്തുനോക്കുകയും വർക്കുബുക്കുകൾ കൂടുതലാണെങ്കിൽ സന്ദേശനിലയത്തിൽ ഉടനെതന്നെ ഏല്പിക്കുകയും കുറവാണെങ്കിൽ വാങ്ങിക്കുകയും ചെയ്യേണ്ടതാണ്. ഇനിയും വിശ്വാസോത്സവ വർക്കുബുക്കുകൾ വാങ്ങാത്തവർ ഉടനെതന്നെ സന്ദേശനിലയത്തിൽ നേരത്തെ അറിയിച്ച് ബുക്കുകൾ വാങ്ങേണ്ടതാണ്.

## ✦ Ecos @Sandes

നമ്മുടെ ഓൺലൈൻ Portal Bb Ecos @Sandes ൽ പേരുവിവരങ്ങൾ ചേർക്കാ

നുള്ള അവസാന തീയതി 31.3.2021 ആണ്. എല്ലാ സൺഡേസ്കൂളുകളും മാർച്ച് 31 ന് മുമ്പായി പേരുവിവരങ്ങൾ ചേർക്കേണ്ടതാണ്.

### ✦ വിവിധ കുടിശിഖകൾ

ഈ വർഷത്തെ വിശ്വാസപരിശീലന ക്ലാസ്സുകൾ ഓൺലൈൻ വഴി ഭംഗിയായി ക്രമീകരിക്കുവാൻ MAAC TV യുടെ സഹായത്തോടെ നമുക്കു സാധിച്ചു. ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ സാമ്പത്തിക ചിലവുണ്ടെന്ന് എല്ലാവർക്കും അറിവുള്ളതാണല്ലോ. കുട്ടികളുടെ മതബോധന വിഹിതവും പാഠപുസ്തകങ്ങളുടെ തുകയും അടച്ചിട്ടില്ലാത്തവർ എത്രയും പെട്ടെന്ന് അടയ്ക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

### ✦ റെഗുലർ സൺഡേസ്കൂൾ ക്ലാസ്സുകൾ

എല്ലാ കുട്ടികളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള റെഗുലർ സൺഡേ ക്ലാസ്സുകൾ ഇപ്പോഴത്തെ സാഹചര്യത്തിൽ പ്രായോഗികമല്ല എന്ന് നമുക്കറിയാം. എങ്കിലും ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മുതിർന്ന ക്ലാസ്സുകളിലെ കുട്ടികളെ ദൈവാലയത്തിൽ ഒരുമിച്ചു ചേർക്കാൻ പരിശ്രമിക്കണേ. പരിശുദ്ധ കുർബാനയിൽ പങ്കെടുക്കാനും അനുരഞ്ജന കൂദാശ സ്വീകരിക്കുവാനുള്ള അവസരം ഒരുക്കുന്നത് നന്നായിരിക്കും.

### ✦ ആഘോഷമായ പരിശുദ്ധ കുർബാന സ്വീകരണം

ആദ്യമായി അനുരഞ്ജന കൂദാശയ്ക്ക് അണയുന്നതിനും ആഘോഷമായി പരിശുദ്ധ കുർബാന സ്വീകരിക്കുന്നതിനും കുട്ടികളെ ഒരുക്കുവാൻ സഹായിക്കുന്ന ''നാഥാവന്നുവസിച്ചാലും'' എന്ന പുസ്തകം സന്ദേശനിലയത്തിൽ നിന്നും വാങ്ങി കുട്ടികൾക്ക് നല്കേണ്ടതാണ്. ഈ പുസ്തകം പഠിക്കുന്നതിനുള്ള രണ്ടു മാർഗ്ഗനിർദ്ദേശക വീഡിയോ ക്ലാസ്സ് സന്ദേശനിലയത്തിൽ നിന്നും തുടർന്നുള്ള ദിനങ്ങളിൽ ലഭിക്കുന്നതാണ്.

## ആദരാഞ്ജലികൾ

പായിപ്പാട് ലൂർദ്ദ് മാതാ സൺഡേസ്കൂൾ മുൻ അധ്യാപകൻ ശ്രീ. കുര്യൻ തോമസ് ഇലവുംമൂട്ടിലിന്റെയും മുടിയൂർക്കര ഹോളി ഫാമിലി സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. പി.പി. ജോസിന്റെയും ആർപ്പൂക്കര ചെറുപുഷ്പം സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. ജോർജ്ജ് തോമസ് മൂന്നുകണ്ടത്തിലിന്റെയും തോട്ടയ്ക്കാട് സെന്റ് ജോർജ്ജ് സൺഡേസ്കൂൾ മുൻ ഹെഡ്മാസ്റ്റർ ശ്രീ. ടോമിച്ചൻ പി.എ. കൈതപ്പറനിലിന്റെയും കുമരകം സെന്റ് ജോൺസ് വടക്കുംകര സൺഡേസ്കൂൾ അധ്യാപകനും അതിരൂപതാ CRT അംഗവുമായ ശ്രീ. എം.വി. മാത്യു ഇലഞ്ഞിപ്പറമ്പിലിന്റെ പിതാവിന്റെയും ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. സതീഷ് പി.സി.യുടെ പിതാവിന്റെയും പൊടിപ്പാറ ഹോളി ഫാമിലി സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. സാനു പാലത്തിങ്കലിന്റെ പിതാവിന്റെയും കോയിൽമുക്ക് സെന്റ് ജോസഫ്സ് സൺഡേസ്കൂൾ അധ്യാപിക ശ്രീമതി. മറിയാമ്മ ജോസഫ് കറുകയിലിന്റെ ഭർത്താവിന്റെയും ഫാത്തിമാപുരം ഫാത്തിമ മാതാ സൺസേസ്കൂൾ ശ്രീ. സെബാസ്റ്റ്യൻ കെ.എസ്. ന്റെ പിതാവിന്റെയും നിര്യാണത്തിൽ സന്ദേശനിലയത്തിന്റെ അനുശോചനം അറിയിക്കുകയും പരേതരുടെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# ചെറുപുഷ്പ മിഷൻലീഗ്
## CHERUPUSHPA MISSION LEAGUE

ഈശോയിൽ സ്നേഹമുള്ളവരെ,

ഈശോയുടെ തിരുപ്പിറവി വളരെയേറെ പ്രാർത്ഥിച്ചും, ഒരുങ്ങിയും നാം ആഘോഷിച്ചു. ഉണ്ണിയെത്തേടിയുള്ള യാത്രയിൽ നമുക്ക് ലഭിച്ച ദൈവാനുഗ്രഹങ്ങളെ ഹൃദയത്തിൽ സൂക്ഷിച്ച്. പുതിയ വർഷത്തെ പ്രതീക്ഷയോടെ വരവേല്ക്കാം. ജനുവരിയിൽ നടക്കുന്ന മിഷൻ ആന്ത മത്സരം, കൈയ്യെഴുത്തു മാസിക എന്നിവ നിങ്ങളെ ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുന്നു. പുതിയ പ്രവർത്തനവർഷത്തിലേയ്ക്കായി നടത്തപ്പെടുന്ന ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് നടത്തുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ. പുതുവർഷം എല്ലാവിധത്തിലും ദൈവാനുഗ്രഹപ്രദമായി തീരട്ടെ എന്ന പ്രാർത്ഥനയോടെ, ദനഹാതിരുനാളിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. അനീഷ് കുടിലിൽ**
**ഫാ. ജോൺ വടക്കേകളം**
*(അസി. ഡയറക്ടേഴ്സ്)*

**ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**2021 ജനുവരി**

1 വെള്ളി : പുതുവർഷാരംഭം, ഈശോയുടെ നാമകരണത്തിരുനാൾ, ദൈവമാതൃത്വത്തിരുനാൾ

2 ശനി : വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ, സന്യസ്തർക്കുവേണ്ടി പ്രാർത്ഥിക്കാം.

6 ബുധൻ : **ദനഹാത്തിരുനാൾ** (ഓഫീസ് അവധി)

8 വെള്ളി : വി. യോഹന്നാൻ മാംദാന

15 വെള്ളി : പത്രോസ് പൗലോസ് ശ്ലീഹന്മാർ

16 ശനി : **മേഖലാതലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ മിഷൻ ആന്ത മത്സരത്തിന്റെ വീഡിയോകൾ അതിരൂപതയിലേയ്ക്ക് അയയ്ക്കേണ്ട ദിവസം**

**2021 ഫെബ്രുവരി**

2 ചൊവ്വ : കർത്താവിന്റെ ദൈവാലയ പ്രവേശനം, സമർപ്പിത ദിനം, ഇടവകയിലെ എല്ലാ സന്യസ്തരെയും ഓർക്കാം... ആശംസകൾ അർപ്പിക്കാം. അവർക്കുവേണ്ടി പ്രാർത്ഥിക്കാം.
**ഇടവകയിലെ 10, 12 ക്ലാസ്സിലെ പെൺകുട്ടികൾക്കായി ഗൂഗിൾ മീറ്റിംഗിൽ ദൈവവിളി സെമിനാർ**

## ✦ മിഷൻആന്ത മത്സരം (ഓൺലൈൻ)

മിഷൻ ആന്ത മത്സരം മേഖലാ തലത്തിൽ ഓൺലൈനായി നടത്തി ഓരോ മേഖലയിലെയും ഏറ്റവും നല്ലത് അതിരൂപതാ ഓഫീസിലേയ്ക്ക് ജനുവരി 16 ശനിയാഴ്ച വൈകുന്നേരം 4.30 ന് മുമ്പായി 9496191104 എന്ന നമ്പറിലേയ്ക്ക് വാട്സ്ആപ്പ് ചെയ്യുക (ഒരു ഫൊറോനയിൽ നിന്ന് ഒരെണ്ണം മാത്രം).

**നിബന്ധനകൾ**

- 7 പേരടങ്ങുന്ന ഒരു ടീം.
- 7 പേരടങ്ങുന്ന ടീമിൽ 2 ആൺകുട്ടികളെങ്കിലും ഉണ്ടായിരിക്കണം.
- 5 മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികൾ മാത്രം പങ്കെടുക്കുക.
- വീഡിയോ എഡിറ്റ് ചെയ്യുന്നത് അയോഗ്യതയായിരിക്കും.
- ചങ്ങനാശ്ശേരി അതിരൂപതാ മിഷൻലീഗ് ഓഫീസിൽ നിന്നും നല്കുന്ന ആന്തത്തിന്റെ ഓഡിയോയും അതിന്റെ സമയദൈർഘ്യവും മാത്രമായിരിക്കും മത്സരത്തിനായി പരിഗണിക്കുക.

## ✦ കയ്യെഴുത്ത് മാസിക

***വിഷയം***

1. കോവിഡ്കാല കുടുംബബന്ധങ്ങൾ
2. കോവിഡ്കാല സഭയുടെ സാമൂഹിക പ്രവർത്തനങ്ങൾ
3. കോവിഡ്കാല പ്രകൃതി സംരക്ഷണ പ്രസക്തി
4. കോവിഡ്കാല വിശ്വാസപരിശീലനം
5. കോവിഡ്കാല മിഷൻലീഗ് പ്രവർത്തനങ്ങൾ
6. Icons of Holiness

**നിബന്ധനകൾ**

- ➢ മുകളിൽ പറഞ്ഞ വിഷയങ്ങളെ ആസ്പദമാക്കി ലേഖനങ്ങൾ, അഭിമുഖങ്ങൾ, ചിത്രങ്ങൾ, ചിത്രകഥകൾ, കവിതകൾ, കാർട്ടൂണുകൾ, അനുഭവങ്ങൾ, കഥകൾ എന്നിവ ഉൾപ്പെടുത്താവുന്നതാണ്.
- ➢ രചനകളെല്ലാം കുട്ടികളുടെ സ്വന്തമായിരിക്കണം.
- ➢ കവർപേജ് ഉൾപ്പെടെ 80 പേജ് കവിയാൻ പാടില്ല.
- ➢ എ4 സൈസ് വെള്ള പേപ്പർ മാത്രമേ ഉപയോഗിക്കാവൂ.
- ➢ വിഷയവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ മാത്രം വെട്ടി ഒട്ടിക്കുക.
- ➢ ലേഖനങ്ങൾ, അഭിമുഖങ്ങൾ, കവിതകൾ, കാർട്ടൂണുകൾ, അനുഭവങ്ങൾ, കഥകൾ ഉൾപ്പെടെയുള്ള മറ്റ് രചനകൾ പൂർണ്ണമായും കുട്ടികളുടേതായിരിക്കണം.
- ➢ ജഡ്ജസിന്റെ തീരുമാനം അന്തിമമായിരിക്കും.
- ➢ സമർപ്പിക്കേണ്ട അവസാന തീയതി 2021 ഏപ്രിൽ 15

## ✦ ശാഖാ - മേഖലാ അതിരൂപതാ തിരഞ്ഞെടുപ്പ്

ഇസ്രായേലിനെ നയിക്കാൻ ദൈവം നേതാക്കന്മാരെ തിരഞ്ഞെടുത്തു. ദൈവം നല്കിയ നിയമങ്ങൾ അനുസരിച്ച് പ്രവർത്തിച്ചപ്പോൾ ദൈവം അവരെ അനുഗ്ര

ഹിച്ചു. അതുപോലെ സഭയിൽ സംഘടനകളുടെ നേതൃനിരയിൽ നിന്ന് ശുശ്രൂഷ ചെയ്യുന്നവർ സഭാമക്കളെ സഭയോട് ചേർന്നു വളർത്തുന്നതിലും, സംഘടനയെ മിഷനറി ചൈതന്യത്തിൽ ഉയർത്തുന്നതിലും ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്നവരാകണം. ആയതിനാൽ പുതിയ പ്രവർത്തനവർഷത്തേക്കായി ശാഖാ മേഖലാതല തിരഞ്ഞെടുപ്പ് നടത്തി (കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച്) ഭാരവാഹികളെ കണ്ടെത്തേണ്ടതാണ്. 2021-22 പ്രവർത്തനവർഷത്തേക്കുള്ള ശാഖാതല ഭാരവാഹികളെ 2021 ജനുവരി മാസത്തിലും 2021-23 പ്രവർത്തനവർഷത്തേയ്ക്കുള്ള മേഖലാ ഭാരവാഹികളെ ഫെബ്രുവരി മാസത്തിലും തിരഞ്ഞെടുത്ത് ശാഖാ, മേഖലാ ഭാരവാഹികളുടെ പൂർണ്ണമായ ലിസ്റ്റ് മാർച്ച് 27ന് മുമ്പ് അതിരൂപതാ ഓഫീസിൽ ഏല്പിക്കേണ്ടതാണ്. **ശാഖാതലത്തിലെ ഓർഗനൈസേഴ്സിനെ (പ്രവർത്തന മികവും സംലഭ്യതയും കണക്കിലെടുത്ത്) ശാഖാ ഡയറക്ടർ അച്ചൻ നോമിനേറ്റ് ചെയ്യുന്നതുപോലെ ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ കുട്ടികളുടെ ഭാരവാഹികളെയും ശാഖാ ഡയറക്ടർ അച്ചന് നോമിനേറ്റു ചെയ്യാവുന്നതാണ്.** അതിരൂപതാതല തിരഞ്ഞെടുപ്പ് ഏപ്രിൽ മാസമായിരിക്കും. വിശദവിവരങ്ങൾ ഉടൻ നല്കുന്നതായിരിക്കും.



"Eco-theological Vision of Ephrem and Jacob of Serugh as a Response to the Contemporary Eco-crisis"
**എന്ന വിഷയത്തിൽ ഡോക്ടറേറ്റ് നേടിയ**

**പുത്തൻപുരയ്ക്കൽ ബഹു. തോമസച്ചനും**



Transformative Communication of Faith: A Theological-Pedagogical Foundation for the Integration of Communication in the Syro-Malabar Catechesis in Kerala **എന്ന വിഷയത്തെ അധികരിച്ച് തിയോളജിയിൽ** (STD) **ഡോക്ടറേറ്റ് നേടിയ**

**പാണംപറമ്പിൽ ബഹു. ആൻഡ്രൂസച്ചനും**

**അതിരൂപത കുടുംബത്തിന്റെ ആശംസകൾ**

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

പുതുവത്സരത്തിന്റെയും ദനഹാ തിരുനാളിന്റെയും മംഗളങ്ങൾ ഏവർക്കും സ്നേഹപൂർവ്വം നേരുന്നു.

2021 കൊറോണാ വിമുക്തമായ വർഷമായി തീരുവാൻ നമുക്ക് ദൈവത്തോടു പ്രർത്ഥിക്കാം.

ബൈബിൾ ഞായർ ആചരണത്തിനൊരുക്കമായി നാം നടത്തിയ വചന തിരുമണിക്കൂറിൽ പങ്കെടുക്കുകയും അതിനായി പ്രാർത്ഥിക്കുകയും ചെയ്ത എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. 2020 ഡിസം. 20 ന് മാക് ടീവിയിലൂടെ വചന തിരുമണിക്കൂർ നാം സംപ്രേക്ഷണം ചെയ്തിരുന്നു. എല്ലാവരും അത് കാണണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. ഓരോ ഇടവകയിലും കൂട്ടായ്മകൾതിരിച്ച് ബൈബിൾ ഭാഗം നൽകി വചനതിരുമണിക്കൂർ ആചരിക്കാവുന്നതാണ്.

എല്ലാ വർഷത്തേയും പോലെ ലിറ്റർജിക്കൽ ക്വിസ് ഈ വർഷം ഫെബ്രു. 13-ാം തീയതി രണ്ടാം ശനിയാഴ്ച നടക്കുന്നതാണ്. ആദ്യഘട്ടം ജനുവരി 30 ശനി വൈകുന്നേരം 7 മുതൽ ഓൺലൈനായി നടത്തപ്പെടുന്നു. മത്സരത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്ന കുടുംബങ്ങൾ ജനു. 16 നകം പേരുവിവരങ്ങൾ ബഹു. വികാരിയച്ചനെ അറിയിച്ചതിനുശേഷം 7306208356 എന്ന നമ്പരിലേയ്ക്ക് വാട്ട്സാപ്പ് ചെയ്യേണ്ടതാണ്.

എല്ലാവർക്കും ദൈവാനുഗ്രഹങ്ങൾ നേരുന്നു

സ്നേഹപൂർവ്വം

**ഫാ. ജെന്നി കായംകുളത്തുശേരി**
*(ഡയറക്ടർ)*

## വാർത്തകൾ - പ്രവർത്തനങ്ങൾ

### വചനതിരുമണിക്കൂർ ആചരിച്ചു.

2020 ഡിസംബർ 20 ബൈബിൾ ഞായർ ദിനത്തിൽ അതിരൂപതയിലെ എല്ലാ ഇടവകകളിൽനിന്നും വിശ്വാസികൾ പങ്കെടുത്ത വചനതിരുമണിക്കൂർ ആചരണത്തിന്റെ വീഡിയോ മാക് ടിവിയിലൂടെ പ്രകാശനം ചെയ്തു.

### ആത്മീയ സംഗമം പ്രാർത്ഥനാ കൂട്ടായ്മ

2020 ഡിസം. 15 ന് ഉച്ചകഴിഞ്ഞ് 3 മുതൽ 4 വരെ അതിരൂപതാ പ്രവർത്തകരുടെ ഡിസംബർ മാസത്തെ പ്രാർത്ഥനാ കൂട്ടായ്മ ശ്രീമതി ലീലാമ്മ കുര്യാക്കോസിന്റെ ഭവനത്തിൽ കൂടുകയും അതിരൂപതയിലെ മുഴുവൻ ദൈവജനത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

### ഓൺലൈൻ ലോഗോസ് മാതൃകാ ക്വിസ് നടത്തി

ഡിസംബർ മാസത്തെ ലോഗോസ് മാതൃകാ ക്വിസ് ഓൺലൈനായി 26 ന് നടത്തുകയുണ്ടായി. വിവിധ ഇടവകകളിൽ നിന്നായി നല്ല പങ്കാളിത്തം ഉണ്ടായിരുന്നു. പങ്കെടുത്തവർക്കെല്ലാം അഭിനന്ദനങ്ങൾ.

# അറിയിപ്പുകൾ

**ദനഹാത്തിരുനാൾ** *(കുടുംബക്കൂട്ടായ്മ ദിനം)*

ജനുവരി 6 ബുധനാഴ്ച കൂട്ടായ്മാ നേതൃസംഗമം ഓൺലൈനായി വൈകുന്നേരം 7 മുതൽ 8 വരെ നടക്കുന്നു. അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത സമ്മേളനം ഉദ്ഘാടനം ചെയ്ത് 2021 പ്രവർത്തനവർഷ മാർഗ്ഗരേഖയുടെ പ്രകാശനം ചെയ്യും. അഭി. തോമസ് തറയിൽ പിതാവ് അനുഗ്രഹ പ്രഭാഷണം നടത്തും.

**2021 ജനുവരി 9 ശനി – സൗഹൃദം** (ഓൺലൈനായി)

നമ്മുടെ അതിരൂപതയിലെ ഓരോ ഇടവകയിലെയും കുടുംബക്കൂട്ടായ്മ ജനറൽ കൺവീനർ, ജനറൽ സെക്രട്ടറി, ആനിമേറ്റർ സിസ്റ്റർ എന്നിവർ ഫൊറോന ഡയറക്ടർ, അതിരൂപത ഡയറക്ടർ എന്നിവരോടൊപ്പം ഓൺലൈനിൽ ഒരുമിച്ചുകൂടുന്നു. 2021 പ്രവർത്തനവർഷത്തെ മാർഗ്ഗരേഖയുടെ വിശദീകരണവും, കൂട്ടായ്മ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്താനുള്ള കാര്യങ്ങളും ചർച്ച ചെയ്യുന്നതാണ്.

ബന്ധപ്പെട്ടവർ നിശ്ചയിക്കപ്പെട്ടിരിക്കുന്ന ദിവസം സൂം മീറ്റിങ്ങിൽ പങ്കെടുക്കണമെന്ന് താല്പര്യപ്പെടുന്നു.

**തീയതിയും സമയവും ചുവടെ ചേർക്കുന്നു.**

| **ജനുവരി 09 ശനി** | **ജനുവരി 23 ശനി** | **ഫെബ്രുവരി 06 ശനി** |
|---|---|---|
| 10.00 am ആലപ്പുഴ | 10.00 am ചമ്പക്കുളം | 10.00 am കൊല്ലം |
| 2.30 pm അമ്പൂരി | 2.30 pm ചങ്ങനാശേരി | 2.30 pm കോട്ടയം |
| 4.00 pm അതിരമ്പുഴ | 4.00 pm എടത്വാ | 4.00 pm കുടമാളൂർ |

***പങ്കെടുക്കേണ്ടവർ*** – ഓരോ ഇടവകയിലേയും കുടുംബക്കൂട്ടായ്മ ജനറൽ കൺവീനറും, ജനറൽ സെക്രട്ടറിയും, ആനിമേറ്റർ സിസ്റ്ററും. ലിങ്ക് ഓരോ ഇടവകയിലെയും ബഹു. അച്ചന്മാർവഴിയും ഫൊറോനാ സമിതി അംഗങ്ങൾവഴിയും നിങ്ങൾക്കു നൽകുന്നതാണ്.

**കെ.എൽ.റ്റി രണ്ടാം ബാച്ച് പുനരാരംഭിക്കുന്നു**

ജനിവരി16 ശനി രാവിലെ 10 മുതൽ 12.30 വരെ മാർതോമ്മാ വിദ്യാനികേതൻ ഹാളിൽവച്ച് നടത്തപ്പെടുന്നു. പ്രസ്തുത ബാച്ചിലെ എല്ലാവരും പങ്കെടുക്കേണ്ടതാണ്.

## ഓൺലൈൻ ലോഗോസ് മാതൃകാ ക്വിസ്

2021 ജനുവരി മാസത്തെ ലോഗോസ് മാതൃകാ ക്വിസ് 23 ശനിയാഴ്ച 8.15 p.m.ന് നടക്കുന്നു. വചനഭാഗം 1 കോറി. 1 മുതൽ 8 വരെ അദ്ധ്യായങ്ങൾ

## ആത്മീയ സംഗമം പ്രാർത്ഥനാ കൂട്ടായ്മ

ജനുവരി മാസത്തെ ആത്മീയ സംഗമം പ്രാർത്ഥനാ കൂട്ടായ്മ 21-ാം തീയതി വ്യാഴാഴ്ച 3 മുതൽ 4 വരെ റവ. സി. ചെറുപുഷ്പം SABS-ന്റെ ഭവനത്തിൽവച്ച് നടക്കുന്നതാണ്.

## ലിറ്റർജിക്കൽ ക്വിസ് 2020

ലിറ്റർജിക്കൽ ക്വിസ് ഈ വർഷം ഫെബ്രു. 13-ാം തീയതി രണ്ടാം ശനിയാഴ്ച നടക്കുന്നതാണ്. മത്സരത്തിൽ പങ്കെടുക്കാനാഗ്രഹിക്കുന്ന കുടുംബങ്ങൾ

ജനു. 16 നകം പേരുവിവരങ്ങൾ ബഹു. വികാരിയച്ചനെ അറിയിച്ചതിനുശേഷം 7306208356 എന്ന നമ്പരിലേയ്ക്ക് വാട്ട്സാപ്പ് ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യുന്ന വർക്കായി **ജനുവരി 30 ന് വൈകുന്നേരം 7 മുതൽ 8 വരെ ഓൺലൈനായി ആദ്യഘട്ടമത്സരം നടത്തുന്നു.** ഇവരിൽനിന്നും ആദ്യ 10 സ്ഥാനങ്ങൾ നേടുന്ന ടീമുകൾക്കായി **2021 ഫെബ്രു. 13-ാം തീയതി അതിരൂപതയിൽവച്ച് രണ്ടാം ഘട്ടമത്സരം** നടത്തുന്നതും സമ്മാനങ്ങൾ നൽകുന്നതുമാണ്. ആദ്യ സ്ഥാനങ്ങൾ കരസ്ഥമാക്കുന്ന 5 ടീമുകൾക്ക് യഥാക്രമം 5000, 4000, 3000, 2000, 1000 എന്നി ക്രമത്തിൽ ക്യാഷ് അവാർഡുകളും ട്രോഫികളും തുടർന്നു വരുന്ന 5 ടീമുകൾക്ക് പ്രോത്സാഹന സമ്മാനങ്ങളും നൽകുന്നതുമാണ്. ഫൈനൽ മത്സരാർത്ഥികൾക്ക് പഞ്ചവത്സര പഠനവിഷയമായ ദൈവാരാധന എന്ന പഠനവിഷയത്തെ ആസ്പദ മാക്കി 20 % ചോദ്യങ്ങൾ ഉണ്ടായിരിക്കും. പുസ്തകം കുടുംബക്കൂട്ടായ്മ ഓഫീസിൽനിന്നും ലഭിക്കുന്നതാണ്.

ആദ്യഘട്ട ഓൺലൈൻ മത്സരം 2021 ജനുവരി 30 ശനിയാഴ്ച വൈകുന്നേരം 7 മുതൽ 8 വരെ

അതിരൂപതാതല മത്സരം - 2021 ഫെബ്രു. 13 ശനിയാഴ്ച രാവിലെ 10 മുതൽ

സ്ഥലം - മാർ ജെയിംസ് കാളാശേരി ഇൻഡോർ സ്റ്റേഡിയം, ചങ്ങനാശേരി

**സിലബസ് ഓൺലൈൻ മത്സരം (ആദ്യഘട്ടം)**

| | |
|---|---|
| ലിറ്റർജിക്കൽ കലണ്ടർ 2020 (ഞായറാഴ്ചത്തെപഴയനിയമ വായനകൾ) | -50 % |
| ഫീദെസ്- 1 മുതൽ 25 വരെ എപ്പിസോഡുകൾ (MAAC TV-ൽ ലഭ്യമാണ്) | -30 % |
| സഭാസംബന്ധമായ പൊതുചോദ്യങ്ങൾ | -20 % |

**സിലബസ് - അതിരൂപതാതല മത്സരം (രണ്ടാം ഘട്ടം)**

| | |
|---|---|
| ലിറ്റർജിക്കൽ കലണ്ടർ 2020 (ഞായറാഴ്ചത്തെ പഴയനിയമ വായനകൾ) | -40 % |
| ദൈവാരാധന സഭയോടൊത്ത്-പഠനവിഷയം(4,5,6 അദ്ധ്യായങ്ങൾ) | -30 % |
| ഫീദെസ്- 1 മുതൽ 25 വരെ എപ്പിസോഡുകൾ (MAAC TV -ൽ ലഭ്യമാണ്) | -20 % |
| സഭാസംബന്ധമായ പൊതുചോദ്യങ്ങൾ | -10 % |

**ലോഗോസ് ക്വിസ് 2020**

ഈ വർഷത്തെ ലോഗോസ് ക്വിസ് മാർച്ച് 21 -ാം തീയതിയാണ്. രജിസ്ട്രേഷൻ ജനുവരി 31 ന് അവസാനിക്കും.

## അറിയിപ്പ്

വേദപ്രചാര മധ്യസ്ഥൻ,വാല്യം 93, ലക്കം 6,2020 ഡിസംബർ മാസം 'നവചൈതന്യത്തോടെ പുതിയ ആരാധനവത്സരത്തിലേക്ക്' എന്ന സർക്കുലറിൽ (20 Ch.253-330) പതിനഞ്ചാം പേജിൽ ഡിസംബർ 21 ന് മാർത്തോമാശ്ലീഹായുടെ ഭാരത പ്രവേശനത്തിന്റെ ഓർമ്മ ദിന മായി ആചരിക്കുന്നു എന്നത് നവംബർ 21 ന് എന്ന് തിരുത്തി വായി ക്കണം എന്ന് ഓർമിപ്പിക്കുന്നു.

ഏറ്റവും പ്രിയപ്പെട്ട കുടുംബപ്രേഷിത പ്രവർത്തകരേ,

ഏവർക്കും സുഖമെന്ന് കരുതുന്നു. 2020 എന്ന വർഷം ടിന്റി 20 എന്ന കുട്ടിക്രിക്കറ്റുപോലെ കണ്ണടച്ചു തുറക്കുന്ന വേഗതയിലാണ് കടന്നുപോയത്. ഇക്കഴിഞ്ഞ വർഷത്തിന്റെ നല്ലൊരു പങ്കും കോവിഡ് 19 എന്ന മഹാമാരി നമ്മിൽനിന്നും കവർന്നെടുക്കുകയും ചെയ്തു. കൊറോണാ പകർച്ചവ്യാധി നമ്മിലേയ്ക്കു പകർന്നു നൽകിയ അലസതയും മടിയും ഉത്സാഹക്കുറവുമൊക്കെ കുറച്ചെങ്കിലും നമ്മുടെ ആത്മീയ ജീവിതത്തിലേയ്ക്കും സംഘടനാപ്രവർത്തനങ്ങളിലേയ്ക്കും വ്യാപിച്ചിട്ടുണ്ട് എന്നത് നിഷേധിക്കാനാവാത്ത സത്യമായി അവശേഷിക്കുന്നു. 2021 എന്ന പുതുവർഷത്തിലേയ്ക്കു കുറച്ചുകൂടി ഉത്സാഹത്തോടും തീക്ഷ്ണതയോടുംകൂടി നമുക്കു പ്രവേശിക്കാം.

ആഗോള കത്തോലിക്കാ സഭ മുഴുവനും 2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെ വി. യൗസേപ്പിതാവിന്റെ വർഷമായി പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ നമ്മുടെ കുടുംബപ്രേഷിതവിഭാഗത്തിന്റെ പ്രത്യേക മദ്ധ്യസ്ഥരായ തിരുക്കുടുംബത്തിന്റെ വർഷമായിട്ടുംകൂടി നമുക്കു സമുചിതമായ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി കൊറോണാ ഭീതിയിൽ ഇത്തിരി, തണുത്തുപോയ നമ്മുടെ കുടുംബബന്ധങ്ങളെയും ഇടവകപ്രവർത്തനങ്ങളെയും ചൂടുപിടിപ്പിക്കാം. നിദ്രയിൽപോലും ആത്മീയ ഉണർവ്വോടെ, ദൈവസ്വരത്തിനു കാതോർക്കാനും തീക്ഷ്ണതയോടെ ദൈവഹിതം നടപ്പാക്കാനും ചാടിപ്പുറപ്പെട്ട വി. യൗസേപ്പിതാവിന്റെ ജാഗ്രതയും വിശുദ്ധിയും കുടുംബത്തോടുള്ള കരുതലും നമുക്കു മാതൃകയാക്കാം. ദൈവാനുഗ്രഹം നിറഞ്ഞ പുതുവത്സരം സ്നേഹപൂർവ്വം ആശംസിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. ജോസ് മുകളേൽ**
*(ഡയറക്ടർ)*

**ഫാ. റ്റിജോ പുത്തൻപറമ്പിൽ**
**ഫാ ജോൺസൺ ചാലയ്ക്കൽ**
*(അസി. ഡയറക്ടർമാർ)*

**ഫാ. സോണി പള്ളിച്ചിറ**
*(തെക്കൻമേഖല കോ-ഓർഡിനേറ്റർ)*

## അറിയിപ്പ്

### 1. നസ്രാണി തറവാട് (അതിരൂപത നേരിട്ട് നടത്തുന്ന മത്സരം)

**1.** *നസ്രാണി പാരമ്പര്യം, പ്രാർത്ഥന, ആചാരാനുഷ്ഠാനം, വേഷവിധാനം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നതായിരിക്കണം ദൃശ്യാവിഷ്കരണ വീഡിയോ. വിവാഹവുമായി ബന്ധപ്പെട്ട് തലേന്ന് ഭവനത്തിൽ നടത്തപ്പെടുന്ന ആചാരങ്ങളാണ് നടത്തേണ്ടത്. ചടങ്ങുകൾ ഉൾച്ചേർത്ത് സ്ക്രിപ്റ്റ് തയ്യാറാക്കി അവതരിപ്പിക്കണം.*

**2. മധുരം കൊടുക്കൽ/ഇച്ചപ്പാട് കൊടുക്കൽ** – വരന്റെയും വധുവിന്റെയും വീട്ടിൽ വിവാഹത്തലേന്നും വിവാഹദിവസം വരന്റെ വീട്ടിലും പ്രാർത്ഥനാപൂർവ്വം നടത്തുന്ന ചടങ്ങ്. വിവാഹജീവിതം അനുഗ്രഹദായകവും മധുരിതവുമാക്കാൻ എല്ലാവരുടെയും സഹകരണവും പ്രാർത്ഥനയും അഭ്യർത്ഥിക്കുന്ന ചടങ്ങ്. 'കയ്പ്കലർത്തൽ' – മധുരത്തോടൊപ്പം അല്പം കയ്പ്പും – വിവാഹജീവിതം സുഖദുഃഖ സമ്മിശ്രമാണ് എന്ന് ഓർമ്മപ്പെടുത്തുന്നു. സഹനങ്ങൾ ഏറ്റെടുക്കാൻ കർത്താവിന്റെ പ്രത്യേക അനുഗ്രഹത്തിനുവേണ്ടിയുള്ള പ്രാർത്ഥന. നസ്രാണികളുടെ ആഹാരക്രമമനുസരിച്ചുള്ള 'വെൺപാച്ചോറ്' മധുരമായി കൊടുത്തിരുന്നതുകൊണ്ട് 'ഇച്ചപ്പാട്കൊടുക്കൽ' എന്ന പേരുണ്ടായി.

3. ഒരു ഇടവകയ്ക്ക് / യൂണിറ്റിന് ഒരു ടീം മാത്രമേ മത്സരിക്കാൻ പാടുള്ളൂ. വിവിധ കുടുംബങ്ങളിലെ അംഗങ്ങൾക്ക് ടീമിൽ അംഗമായി മത്സരിക്കാം.
4. ഒരു ടീമിലെ അംഗങ്ങളുടെ എണ്ണം 12 പേരിൽ കവിയരുത്. പങ്കെടുക്കുന്ന എല്ലാ മാതാപിതാക്കൾക്കും സംഘടനയിൽ അംഗത്വം ഉണ്ടായിരിക്കണം. കുട്ടികളെയും യുവജനങ്ങളെയും ഉൾപ്പെടുത്തുന്നുവെങ്കിൽ അവർ അംഗത്വമുള്ള മാതാപിതാക്കളുടെ മക്കളായിരിക്കണം.

5. ദൃശ്യാവതരണ വീഡിയോയുടെ ദൈർഘ്യം 7 മിനിറ്റിൽ കൂടരുത്.

6. മത്സരവീഡിയോ നന്നായി റെക്കോർഡ് ചെയ്ത് 2021 ജനുവരി 15-ാം തീയതി തന്നെ familyapostolate2020@gmail.com എന്ന mail id യിലേയ്ക്ക് അയച്ചുതരേണ്ടതാണ്. അതിരൂപതാതലത്തിൽ നേരിട്ടുള്ള മത്സരമാകയാൽ ഫൊറോനാകളിലേയ്ക്ക് അയച്ചുകൊടുക്കേണ്ടതില്ല.

7. മധുരം വയ്പിനായി പാരമ്പര്യത്തിൽ സൂചിപ്പിക്കുന്നതുപോലെ അവൽ, ശർക്കര, ജീരകം എന്നിവയുടെ മിശ്രിതമോ, പാച്ചോറോ ഉപയോഗിക്കാവുന്നതാണ്.

**8. മത്സരം വിലയിരുത്തുമ്പോൾ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ :** സ്ക്രിപ്റ്റ് – 30%, അഭിനയം, അവതരണം 30%, വേഷവിധാനങ്ങൾ – 20%, ആചാരാനുഷ്ഠാനങ്ങൾ – 20% എന്നിവയായിരിക്കും.

***NB:*** നസ്രാണിത്തറവാട് മത്സരം അതിരൂപത നേരിട്ട് നടത്തുന്ന മത്സരമായതിനാൽ ഒരു യൂണിറ്റിന് ഒരു ടീം (മാതൃ-പിതൃവേദി സംയുക്തം) തയ്യാറാക്കുന്ന വീഡിയോ നേരിട്ട് അതിരൂപതയിലേയ്ക്ക് മാത്രം അയച്ചുതന്നാൽ മതിയാകും.

## 2. കിഡ്സ് ക്യാറ്റ്

യൂടൂബ് വഴി വിശ്വാസപരിശീലനത്തിന്റെ ഭാഗമായി തിരുബാലസഖ്യ കുട്ടികൾക്കായി ഞായറാഴ്ചകളിൽ നൽകുന്ന ക്ലാസ് ഇടവകയിൽ പരമാവധി കുടുംബങ്ങളിലൂടെ കുട്ടികളിൽ എത്തിക്കാൻ യൂണിറ്റ് ഭാരവാഹികൾ ശ്രദ്ധിക്കേണ്ടതാണ്. 2021 ജനുവരി മുതൽ 1, 3 ഞായറാഴ്ചകളിൽ മാത്രമായിരിക്കും Kidscatവീഡിയോ ലഭിക്കുക.

## 3. എൽറോയി ലിറ്റർജിക്കൽ ക്വിസ് 2020 മത്സരം

മെഗാ ക്വിസ് മത്സരം അഞ്ചാം ഘട്ടത്തിനുശേഷം ഫെബ്രുവരിമാസത്തിൽ നേരിട്ട് ചങ്ങനാശേരിയിൽവെച്ച് നടത്താൻ കഴിയും എന്ന് കരുതുന്നു. ക്ലാസുകൾ നഷ്ടപ്പെടുത്താതെ പ്രാർത്ഥിച്ച് – പഠിച്ച് മെഗാമത്സരത്തിനായി നമുക്ക് ഒരുങ്ങാം.

**4.** ചങ്ങനാശേരി അതിരൂപത ഫാമിലി അപ്പോസ്തലേറ്റ് സംഘടിപ്പിക്കുന്ന

**മക്കൾ ജീവിതം പഠിക്കട്ടെ**

(WHO, UNICEF recommended programme)

Free Webinar For Parents
2020 Dec. 29, 30 തീയതികളിൽ (5-6 pm)

മക്കളുടെ ജീവിതവിജയം ആഗ്രഹിക്കുന്ന മാതാപിതാക്കൾ
നിർബന്ധമായും അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ....

*3 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക്*

നയിക്കുന്നത് - ശ്രീ. സിജു തോമസ് ആലഞ്ചേരി MBA, ATP
(International Life Coach & Mentor)

***Contact :*** ഓഫീസ് : 0481-2424476, ഫാ. ജോസ് മുകളേൽ : 7736754476,
സിജു സാർ : 8078472229

## 5. ഓൺലൈൻ വിവാഹഒരുക്ക സെമിനാർ

കോവിഡ് പശ്ചാത്തലത്തിൽ മൂന്നു ദിവസത്തെ താമസിച്ചുള്ള ധ്യാനത്തിന് ബുദ്ധിമുട്ടുള്ളതിനാലാണ് ഓൺലൈൻ ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. ആയതിനാൽ കോഴ്സ് കൂടി 2 മാസത്തിനകം വിവാഹം നടക്കുന്നവർക്കാണ് ഓൺലൈൻ ക്ലാസ്സ് ഉദ്ദേശിക്കുന്നത്.

***പ്രത്യേക ശ്രദ്ധയ്ക്ക്***

1. കോഴ്സിന്റെ ബുക്കിംഗ് ഓൺലൈൻ വഴി മാത്രമായിരിക്കും.

2. www.familyapostolatechry.com എന്ന സൈറ്റിൽ Mail ID യും password ഉം ഉപയോഗിച്ച് കയറി sign up ചെയ്ത് ഫോം പൂരിപ്പിക്കുക. Passport size photo യും upload ചെയ്യേണ്ടതാണ്.

3. കോഴ്സ് ബുക്കിംഗിനായി നൽകിയിരിക്കുന്ന പ്രത്യേക ദിവസങ്ങളിൽ മാത്രമേ ബുക്കിംഗ് സൗകര്യം ഉണ്ടായിരിക്കുകയുള്ളൂ.

4. ബുക്കിംഗ് ആരംഭിക്കുന്നത് നിർദ്ദിഷ്ട ദിവസങ്ങളിൽ രാവിലെ ഇന്ത്യൻ സമയം കൃത്യം 11.00 മണിക്കാണ്. 50 പേർക്ക് മാത്രമായിരിക്കും ഓരോ കോഴ്സിലും പ്രവേശനമുണ്ടായിരിക്കുക.

5. രജിസ്ട്രേഷൻ ഫീ സൈറ്റിൽ നൽകിയിരിക്കുന്ന അക്കൗണ്ട് നമ്പരിലേക്ക് ഓൺലൈൻ ട്രാൻസ്ഫർ നടത്തേണ്ടതാണ്.

6. കോഴ്സ് കൂടുന്നവർ സ്വന്തം ഇടവകയിലെ വികാരിയച്ചന്റെ permission letter വാങ്ങി ബുക്കിംഗ് പ്രക്രിയ പൂർത്തിയാക്കി സീറ്റ് ഉറപ്പായതിന് ശേഷം 7736754476 (Fr. Jose Mukalel - Director) എന്ന വാട്ട്സാപ്പ് നമ്പരിലേക്ക് കോഴ്സിന്റെ ആദ്യദിവസം തന്നെ കോഴ്സ് തീയതികളും കൂടിച്ചേർത്ത് നിശ്ചയമായും അയയ്ക്കേണ്ടതാണ്. കോഴ്സിന്റെ രജിസ്ട്രേഷൻ ഫോമിൽ വികാരിയച്ചൻ attest ചെയ്യേണ്ട ആവശ്യമില്ല.

7. കോഴ്സിൽ പങ്കെടുക്കുന്ന എല്ലാവരും ചങ്ങനാശ്ശേരി ഫാമിലി അപ്പോസ്തലേറ്റ് പ്രസിദ്ധീകരിക്കുന്ന കോഴ്സ് മാന്യുവൽ, കോഴ്സ് ഷെഡ്യൂൾ എന്നിവയുടെ PDF ഡൗൺലോഡ് ചെയ്തെടുക്കേണ്ടതാണ്. പ്രസ്തുത കാര്യങ്ങൾ കോഴ്സിന്റെ ആദ്യദിനത്തിൽ തന്നെ നിങ്ങളുടെ ഡാഷ് ബോർഡിലെ My Course മെനുവിൽ ലഭ്യമാകുന്നതായിരിക്കും.

8. കോഴ്സ് പ്രധാനമായും കുടുംബജീവിതത്തിനാവശ്യമായ വിഷയങ്ങളെക്കുറിച്ച് പ്രസ്തുത വിഷയങ്ങളിൽ പ്രാവിണ്യമുള്ള വ്യക്തികളുടെ ക്ലാസ്സുകളുടെ വീഡിയോകളാണ്.

9. കോഴ്സ് ബുക്ക് ചെയ്യാനായി ചെയ്തതുപോലെ തന്നെ സ്വന്തം mail ID യും password ഉം ഉപയോഗിച്ച് സൈറ്റിൽ കയറി My Course എന്ന ഓപ്ഷനിലൂടെയാണ് ക്ലാസ്സിൽ പങ്കെടുക്കേണ്ടത്.

10. മൂന്നു ദിവസങ്ങളിലെയും മുഴുവൻ ക്ലാസ്സുകളിലും പങ്കെടുക്കുന്നവർക്കു മാത്രമേ സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂ. കോഴ്സ് ദിവസങ്ങളിൽ രാവിലെ 5 മണി മുതൽ വൈകിട്ട് 11 മണിവരെയുള്ള സമയത്തിനുള്ളിൽ പങ്കെടുക്കുന്നവരുടെ സൗകര്യമനുസരിച്ച് ഒരു ദിവസം 3 മണിക്കൂർ ക്ലാസ്സ് കൂടേണ്ടതാണ്. അതാത് ദിവസങ്ങളിലെ ക്ലാസ്സുകൾ അന്നുതന്നെ നിശ്ചയമായും attend ചെയ്യേണ്ടതാണ്.

11. ക്ലാസ്സുകളുമായി ബന്ധപ്പെട്ട പരീക്ഷ നിശ്ചയമായും പൂർത്തീകരിക്കേണ്ടതാണ്. 3 ദിവസങ്ങളിലെ കോഴ്സ് പൂർത്തിയായി അഞ്ചു ദിവസങ്ങൾക്കുള്ളിൽ ഡയറക്ടറച്ചന്മാർ നിങ്ങളുമായി വീഡിയോ കോൺഫറൻസ് നടത്തുന്നതാണ്. അതിനു ശേഷമാണ് Certificate സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കേണ്ടത്.

12. ഏറ്റവും അടുത്ത ദിവസങ്ങളിൽത്തന്നെ വിവാഹമുള്ളവർ അക്കാര്യം ബഹു. ഡയറക്ടറച്ചന്മാരെ അറിയിക്കേണ്ടതാണ്.

13. കോഴ്സ് ആരംഭിക്കുന്നതിന്റെ തലേദിവസം പങ്കെടുക്കുന്നവരുടെ Mail ID യിലേക്ക് കോഴ്സ് ഡീറ്റെയിൽസ് അടങ്ങിയ മെയിൽ അയയ്ക്കുന്നതാണ്.

14. കോഴ്സിന്റെ അവസാന ദിവസം മാതാപിതാക്കൾക്കുവേണ്ടി പ്രത്യേക ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.

**അന്വേഷണങ്ങൾക്ക് : 7736754476, 9447016240**


## ONLINE PRE MARRIAGE COURSE

| ജനുവരി | |
| --- | --- |
| 11,12,13 (Booking Date Jan. 1) | **For Booking:** |
| 18, 19, 20 (Booking Date Jan. 7) | www. familyapostolatechry.com |
| 22, 23, 24 (Booking Date Jan. 14) | Mob: 9447030814, 9447016240 |
| 25, 26, 27 (Booking Date Jan. 18) | |

## 2020-21 ലെ അതിരൂപതാ ഭാരവാഹികളെ തെരഞ്ഞെടുത്തു

വിദ്യാനികേതൻ ഹാളിൽ കൂടിയ യോഗത്തിൽ വച്ച് 2020–21 ലെ അതിരൂപതാ ഭാരവാഹികളെ തെരഞ്ഞെടുത്തു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര തെരഞ്ഞെടുപ്പ് യോഗത്തിൽ അധ്യക്ഷത വഹിച്ചു. ലാലിച്ചൻ മാറ്റത്തിൽ, ഷിജോ മാത്യു ഇടയാടി എന്നിവർ ക്ലാസുകൾ നയിച്ചു.

| | | |
|---|---|---|
| പ്രസിഡന്റ് | | - ജോബിൻ ജോസഫ്, ചമ്പക്കര - നെടുംകുന്നം ഫൊറോന |
| ഡെപ്യൂ. പ്രസി. | | - ഡെൻസമ്മ അന്നാ സോജൻ, വേഴപ്ര- പുളിങ്കുന്ന് ഫൊറോന |
| ജന. സെക്രട്ടറി | | - ജോർഡി വർഗ്ഗീസ്, മഹേന്ദ്രപുരം- ചങ്ങനാശേരി ഫൊറോന |
| ട്രഷറർ | | - ഡയോൺ റോയി, കുറിച്ചി - തുരുത്തി ഫൊറോന |
| വൈസ് പ്രസി. | (A) | - കെവിൻ ജോസ് ടോം, പുന്നത്തുറ - അതിരമ്പുഴ ഫൊറോന |
| | (B) | - ജയ്നറ്റ് മാത്യു, കരുമാടി - എടത്വാ ഫൊറോന |
| സെക്രട്ടറി | (A) | - അലൻ ബേബി - വെഞ്ചെമ്പ് - കൊല്ലംഫൊറോന |
| | (B) | - അമല റേച്ചൽ ഷാജി, വെരൂർ - ചങ്ങനാശ്ശേരി |
| കെ.സി.വൈ.എം. സിൻഡിക്കേറ്റ് | (A) | - ഷിജോ മാത്യു ഇടയാടി, ഇത്തിത്താനം - തുരുത്തി |
| | (B) | - മരിയ ജോസ്, കൈനകരി - ആലപ്പുഴ |
| കെ.സി.വൈ.എം. സെനറ്റ് | (A) | - ജസ്റ്റിൻ മഞ്ചേരിക്കളം, തൃക്കൊടിത്താനം- തൃക്കൊടിത്താനം |
| | (B) | - സീനാമോൾ ചെറിയാൻ, മഹേന്ദ്രപുരം - ചങ്ങനാശേരി |
| SMYM | (A) | - റ്റോണി മാത്യു, തേക്കുപാറ - അമ്പൂരി |
| SMYM | (B) | - റോസ് മരിയ സെബാസ്റ്റ്യൻ, കുന്നന്താനം-തൃക്കൊടിത്താനം |
| എഡിറ്റർ | (A) | - ക്രിസ്റ്റ്യൻ, കരിമ്പനക്കുളം - മണിമല |
| | (B) | - കരോളിൻ പി.ജെ., അയർക്കുന്നം - കോട്ടയം |
| കരിയർ കോഡിനേറ്റർ | | - ക്രിസ്റ്റി ഡേവിഡ്, കിഴക്കേ മിത്രക്കരി - എടത്വ |
| മീഡിയ കോഡിനേറ്റർ | | - നിമിഷ ചാക്കോ, പടഹാരം - ചമ്പക്കുളം |
| PRO | | - ഡിലോ ദേവസ്യ, മണിമല - മണിമല |

## പ്രവർത്തനവർഷം ഉദ്ഘാടനം

ഡിസംബർ – 13 നു ഞായറാഴ്ച 2:30 അതിരൂപതാ കോൺഫറൻസ് ഹാളിൽ വച്ച് പുതിയ പ്രവർത്തന വർഷത്തിന്റെ ഉദ്ഘാടനം നടന്നു. അതിരൂപത പ്രസിഡന്റ് ജോബിൻ ഇടത്താഴെയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ നിലവിളക്ക് കൊളുത്തി പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് അനുഗ്രഹ പ്രഭാഷണം നടത്തി. അതിരൂപത ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര

ആമുഖപ്രസംഗം നടത്തി. മുൻ ജനറൽ സെക്രട്ടറി ജസ്റ്റിൻ മഞ്ചേരിക്കളം വാർഷികറിപ്പോർട്ട് അവതരിപ്പിച്ചു. മുൻ പ്രസിഡന്റ് ഷിജോ മാത്യു ഇടയാടി മുഖ്യ പ്രഭാഷണം നടത്തി. മുൻ ഡെപ്യൂട്ടി പ്രസിഡന്റ് സീനാമോൾ ചെറിയാൻ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. അതിരൂപത ജന. സെക്രട്ടറി ജോർഡി വർഗ്ഗീസ്, ഡിലോ ദേവസ്യ, ഡെൻസമ്മ അന്നാ സോജൻ എന്നിവർ പ്രസംഗിച്ചു.

## ബഹുമാനപ്പെട്ട ജേക്കബ് ചക്കാത്ര അച്ചൻ SMYM ഗ്ലോബൽ ഡയറക്ടറും, യൂത്ത് കമ്മീഷൻ ചെയർമാനും

ചങ്ങനാശേരി അതിരൂപത യുവദീപ്തി – SMYM ഡയറക്ടർ ബഹുമാനപ്പെട്ട ജേക്കബ് ചക്കാത്ര അച്ചനെ സീറോമലബാർ യൂത്ത് മൂവ്മെന്റ് ഗ്ലോബൽ ഡയറക്ടറും, യൂത്ത് കമ്മീഷൻ ചെയർമാനുമായി തെരഞ്ഞെടുത്തു. ബഹു. അച്ചൻ മൗണ്ട് സെന്റ് തോമസിലെത്തി സ്ഥാനം ഏറ്റെടുത്തു. ബഹുമാനപ്പെട്ട അച്ചന് ചങ്ങനാശേരി അതിരൂപത യുവദീപ്തി – SMYM ന്റെ പ്രാർത്ഥനയും ആശംസകളും നേരുന്നു.

## യുവദീപ്തി – SMYM കർഷക ബില്ലിനെതിരെ പ്രതിഷേധ-ഉപവാസ സമരം

ചങ്ങനാശേരി അതിരൂപത യുവദീപ്തി – എസ്.എം.വൈ.എം. ന്റെ ആഭിമുഖ്യത്തിൽ, കേന്ദ്രസർക്കാർ പാസാക്കിയ കർഷകബില്ലിനെതിരെ, മങ്കൊമ്പ് തെക്കേക്കര ജംഗ്ഷനിൽ ഡിസംബർ 11 നു രാവിലെ 11 മുതൽ 5 മണിവരെ പ്രതിഷേധ ഉപവാസസമരം സംഘടിപ്പിച്ചു. ഡൽഹിയിൽ സമരം നടത്തുന്ന കർഷകരോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതിനുവേണ്ടി കൂടിയായിരുന്നു ഉപവാസസമരം. അതിരൂപത പ്രസിഡന്റ് ജോബിൻ ഇടത്താഴെയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ വച്ച് അതിരൂപതാ വികാരി ജനറാൾ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ ഉപവാസ ധർണ്ണ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത അനുഗ്രഹപ്രഭാഷണം നടത്തി. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര ആമുഖ പ്രസംഗം നടത്തി. കർഷക സമിതി അതിരൂപത ഡയറക്ടർ ഫാ. ജോർജ് പനക്കേഴം, യുവദീപ്തി–SMYM അതിരൂപത ഡെപ്യൂട്ടി പ്രസിഡന്റ് ഡെൻസമ്മ അന്ന സോജൻ, ജനറൽ സെക്രട്ടറി ജോർഡി വർഗീസ്, അതിരൂപത ട്രഷറർ ഡയോൺ റോയി, തെക്കേക്കര സെന്റ് ജോൺസ് ഇടവക വികാരി ഫാ. തോമസ് പുത്തൻ പുരയ്ക്കൽ, DFC അതിരൂപത ഡയറക്ടർ ഫാ. ജോർജ് മാന്തുരുത്തിൽ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. ഡൊമിനിക് വഴീപറമ്പിൽ, യുവദീപ്തി–SMYM മുൻ പ്രസിഡന്റുമാരായ വർഗീസ് ആന്റണി, രാജേഷ് ജോൺ, AKCC ചമ്പക്കുളം ഫൊറോനാ പ്രസിഡന്റ് സി.ടി. തോമസ്, കുട്ടനാട് കർഷക സംഘം പ്രസിഡന്റ് ജോസ് വേങ്ങാത്തറ, അതിരൂപത പിതൃവേദി-മാതൃവേദി പ്രസിഡന്റുമാരായ ലാലി ഇളപ്പുങ്കൽ, ആൻസി ചേന്നോത്ത്, റോയി വേലിക്കെട്ടിൽ, DFC പ്രസിഡന്റ് ആന്റണി മലയിൽ, കോർപ്പറേറ്റ് അസിസ്റ്റന്റ് മാനേജർ ഫാ. ക്രിസ്റ്റോ നേര്യംപറമ്പിൽ, ശ്രീ. സജി ജോസഫ്, ചമ്പക്കുളം ഗ്രാമപഞ്ചായത്ത് മുൻപ്രസിഡന്റ് ജോർജ് മാത്യു പഞ്ഞിമരം, സിസ്റ്റർ സെലിൻ ജോസ് എസ്.ഡി., ബ്രദർ ബോണി പുതുശ്ശേരി, അതിരൂപതാ മുൻ ജന. സെക്രട്ടറി, റോഫിൻ ജേക്കബ്, അതിരമ്പുഴ ഫൊ

റോനാ പ്രസിഡന്റ് ജിജോ സെബാസ്റ്റ്യൻ, അതി. വൈസ് പ്രസിഡന്റ് ജയ്നറ്റ് മാത്യു, വൈസ് പ്രസിഡന്റ് കെവിൻ ടോം മാത്യു, സാബു, കെ.സി.വൈ.എം. സിൻഡിക്കേറ്റ് അംഗം മരിയ ജോസ്, മീഡിയ കോർഡിനേറ്റർ നിമിഷ ചാക്കോ, ഓഫീസ് സെക്രട്ടറി ലാലിച്ചൻ മറ്റത്തിൽ, ഫാ. സെബാസ്റ്റ്യൻ മാമ്പ്ര, ചമ്പക്കുളം ഫൊറോനാ പ്രസിഡന്റ് ജോൺസൺ, പുളിങ്കുന്ന് ഫൊറോനാ പ്രസിഡന്റ് ടെസിൻ, ആലപ്പുഴ ഫൊറോനാ പ്രസിഡന്റ് അലക്സ് എന്നിവർ കർഷകരോട് ഐക്യദാർഢ്യം അറിയിച്ചുകൊണ്ട് നടത്തിയ ഉപവാസ ധർണ്ണകൾക്കു അഭിവാദ്യങ്ങൾ അറിയിച്ചു പ്രസംഗിച്ചു. മുൻ ഫൊറോനാ ഡയറക്ടർ ഫാ. സിറിയക് പഴയമഠം ഉപവാസ സമരത്തിലേർപ്പെട്ടവർക്കും നാരങ്ങാനീരു നൽകിക്കൊണ്ട് ധർണ്ണ സമാപിച്ചു.

**ഒപ്പം - 2020**

യുവദീപ്തി - SMYM ന്റെ നേതൃത്വത്തിൽ കോവിഡ് കെയർ കേന്ദ്രങ്ങളിൽ ഫ്രൂട്ട്സും കേക്കും നൽകുകയുണ്ടായി. യുവദീപ്തിയുടെ 48-ാമതു ജന്മദിനത്തിന്റേയും ക്രിസ്മസ് ആഘോഷത്തിന്റെയും ഭാഗമായിട്ടാണ് ഡിസംബർ 27-ന് ഞായറാഴ്ച ഈ പ്രോഗ്രാം സംഘടിപ്പിച്ചത്. ഇതോടനുബന്ധിച്ച് എല്ലാ ഫൊറോനാകളിലും 'ഒപ്പം-2020' സംഘടിപ്പിക്കുകയുണ്ടായി. അതിരൂപതാ പ്രസിഡന്റ് ജോബിൻ ഇടത്താഴെയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽവച്ച് അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ 'ഒപ്പം-2020' ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര ആമുഖപ്രസംഗം നടത്തി. ഡെപ്യൂട്ടി പ്രസിഡന്റ് ഡെൻസമ്മ അന്നാ സോജൻ, ജനറൽ സെക്രട്ടറി ജോർഡി വർഗ്ഗീസ്, ട്രഷറർ ഡയോൺ റോയി, ബ്രദർ ബോണി പുതുശ്ശേരി എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

**ഫാ. ജേക്കബ് ചക്കാത്ര**
(ഡയറക്ടർ)

സ്നേഹംനിറഞ്ഞ കെ.സി.എസ്.എൽ കുടുംബാംഗങ്ങളെ,

എല്ലാവർക്കും ക്രിസ്തുമസ്-പുതുവത്സരാശംസകൾ!

നമ്മുടെ ജീവിതത്തിലെ ഭയപ്പാടുകൾ എന്തുമാകട്ടെ, അസ്വസ്ഥതകൾ എന്തുമാകട്ടെ അതിനൊക്കെയുള്ള ഒരേയൊരു പരിഹാരം നാം വിശ്വസിക്കുന്ന തമ്പുരാൻ നമ്മുടെ അടുത്തുണ്ട് എന്ന വിശ്വാസം നമുക്കുണ്ടാവുക എന്നതാണ്. കൂടെ ആയിരിക്കുന്ന ദൈവത്തെ ഇമ്മാനുവലിനെ അനുഭവിക്കുവാനുള്ള മുഹൂർത്തമാണ് ക്രിസ്തുമസ്.

നവംബർ, ഡിസംബർ മാസത്തിലായി കെ.സി.എസ്.എൽ കുട്ടികൾക്കായി ഓൺലൈൻ ധ്യാനം (വിശ്വാസവഴിയെ) സംഘടിപ്പിച്ചു. ധ്യാനത്തിന്റെ വിജയത്തിന് സഹായിച്ച ബഹു. വൈദികർക്കും സിസ്റ്റേഴ്സിനും അദ്ധ്യാപകർക്കും പ്രത്യേകം നന്ദി അറിയിക്കുന്നു. ഡിസംബർ മാസത്തിൽ കെ.സി.എസ്.എൽ-ന്റെ നേതൃത്വത്തിൽ യു.പി., എച്ച്.എസ്. വിഭാഗത്തിൽപ്പെട്ടവർക്കായി വെർചൽ ഡാൻസ് കോമ്പറ്റീഷൻ നടത്തപ്പെട്ടു. ധാരാളം കുട്ടികൾ ഇതിൽ പങ്കെടുത്തു. എല്ലാവർക്കും അഭിനന്ദനങ്ങൾ. ക്രിസ്തുമസിനോടനുബന്ധിച്ച് എൽ.പി. വിഭാഗം കുട്ടികൾ 30 സെക്കന്റ് ദൈർഘ്യമുള്ള ക്രിസ്തുമസ് സന്ദേശം നവമാധ്യമങ്ങളിലൂടെ നൽകി. കുട്ടികളുടെ ക്രിസ്തുമസ് സന്ദേശാവതരണം ഏറെ ശ്ലാഘനീയമായിരുന്നു. എല്ലാവർക്കും അഭിനന്ദനങ്ങൾ

ഡിസംബർമാസത്തിൽ കെ.സി.എസ്.എൽ-ന്റെ നേതൃത്വത്തിൽ കരോൾ സോങ് കോമ്പറ്റീഷൻ നടത്തപ്പെട്ടു. പങ്കെടുത്ത എല്ലാ കുട്ടികൾക്കും അഭിനന്ദനങ്ങൾ. ക്രിസ്തുമസിനോടനുബന്ധിച്ച് UP, HS, HSS എന്നീ വിഭാഗങ്ങൾക്കായി ക്രിസ്തുമസ് സന്ദേശമത്സരം നടത്തപ്പെട്ടു. കുട്ടികളുടെ അവതരണശൈലി ആകർഷണീയമായിരുന്നു. പങ്കെടുത്ത എല്ലാ കുട്ടികൾക്കും അഭിനന്ദനങ്ങൾ.

ഫ്രാൻസിസ് മാർപാപ്പയുടെ ഫ്രെത്തേലി തൂത്തി എന്ന ചാക്രികലേഖനത്തെ ആസ്പദമാക്കി ചങ്ങനാശേരി കെ.സി.എസ്.എൽ-ന്റെ നേതൃത്വത്തിൽ ക്വിസ് മത്സരം ഓൺലൈനായി നടത്തുന്നു. 5 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കത്തോലിക്കാ കുട്ടികൾക്ക് പങ്കെടുക്കാം. 07.10.2021 രാവിലെ 8 മണിക്ക് പ്രാഥമിക മത്സരവും അതിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ജനുവരി 9-ാം തീയതി ഫൈനൽ മത്സരം നടക്കുന്നതാണ്.

പ്രതിസന്ധികളോടും വെല്ലുവിളികളോടും അസ്വസ്ഥതകളോടും കൂടിയ 2020 കഴിയാറായി. കോവിഡ് മഹാമാരിയുടെ ഭീകരത എല്ലാവരേയും ഭീതിപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ സമാധാനവും ശാന്തതയും പകരുന്നതിനായി ഭൂവിലവതരിച്ച ഈശോയുടെ പിറവി അനുസ്മരിക്കുന്ന ഒരു ക്രിസ്തുമസ് കാലംകൂടി ആഗതമായി. രക്ഷകൻ പകരുന്ന ശാന്തതയും സമാധാനവും സ്വീകരിക്കാനും പ്രതീക്ഷയോടെ പുതുവത്സരത്തെ സ്വീകരിക്കാനും നമുക്കാവട്ടെ. എല്ലാവർക്കും പ്രാർത്ഥനാശംസകൾ!

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേളങ്ങാട്ടുശ്ശേരി**
(ഡയറക്ടർ)

# ചാസ്
# CHASS

പ്രിയ ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽ നിന്നും പുതുവത്സരാശംസകൾ !!!**

"Once more we realized that no one is saved alone, we can only be saved together" (Fratelli Tutti, 32) ഇത് പരിശുദ്ധ ഫ്രാൻസിസ് പാപ്പായുടെ വാക്കുകളാണ്. കോവിഡ് മനുഷ്യസമൂഹത്തിന് വളരെയേറെ പ്രതിസന്ധികൾ സൃഷ്ടിച്ചെങ്കിലും ഈ ഭൂഗോളത്തിൽ ഏതൊരു വ്യക്തിയുടെയും പ്രശ്നം മറ്റുള്ളവരുടെയും പ്രശ്നമാണെന്ന വസ്തുതയാണ് നമ്മെ പഠിപ്പിച്ച വലിയൊരുപാഠം. കോവിഡിൽ നിന്ന് എല്ലാവരും സുരക്ഷിതരായെങ്കിൽ മാത്രമേ, ഫലമുള്ളൂ. ചിലർക്കു മാത്രമായി രക്ഷപെടാനാവില്ല. പരിശുദ്ധ പിതാവ് Fratelli Tutti, (എല്ലാവരും സഹോദരർ) എന്ന ചാക്രിയ ലേഖനത്തിൽ വളരെ ലളിതമായി പരസ്പര സഹകരണത്തിന്റെയും, കരുതലിന്റെയും, പങ്കുവയ്ക്കലിന്റെയും ആവശ്യകതയെകുറിച്ച് കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പഠിപ്പിക്കുകയാണ്.

സ്വാർത്ഥതയും കച്ചവടതാത്പര്യങ്ങളും, അധികാര ദുർമോഹവും അരങ്ങുവാഴുന്ന ഈ സമൂഹത്തിൽ പരസ്പര സഹകരണത്തിന്റെ മേഖലകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കാനാവണം. അത് അടിസ്ഥാന തലത്തിൽ തന്നെ ആരംഭിക്കണം. ഒരു പക്ഷേ വർഗ്ഗീയവത്ക്കരണവും രാഷ്ട്രീയ അക്രമവും മൂലം ഛിന്നിക്കപ്പെട്ട നമ്മുടെ സമൂഹത്തിൽ നാനാജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സാഹോദര്യത്തോടെ വർത്തിക്കാനാവശ്യമായ ഇടങ്ങൾ സൃഷ്ടിക്കപ്പെടേണ്ടതുണ്ട്. അതിന് നമ്മുടെ SHG, MCP, FC, CBR ഗ്രൂപ്പുകളുടെ പ്രസക്തി നാം തിരിച്ചറിയണം. സാമൂഹ്യാധിഷ്ഠിത സംവിധാനങ്ങളെ കൂടുതൽ പ്രോത്സാഹിപ്പിക്കാൻ പരിശ്രമിക്കണം. പുതുവർഷത്തിൽ നമ്മുടെ യൂണിറ്റുകളിൽ പുതിയ ഭരണസമിതികൾ ചുമതലയേല്ക്കുകയാണ്. മനുഷ്യസമൂഹത്തോടുള്ള സഭയുടെ തുറവി പ്രകാശിപ്പിക്കുന്ന ഈ മേഖലയ്ക്ക് മുൻഗണന നൽകാൻ നമുക്കാവട്ടെ എന്നാശംസിക്കുന്നു.

വിശ്വസ്തതയോടെ,

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
**ഫാ. തോമസ് കുളത്തുങ്കൽ**
**ഫാ. ജോർജ്ജ് പനക്കേഴം**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ജോസഫ് കളരിക്കൽ**
ഡയറക്ടർ

## കുട്ടനാട് പുനർനിർമ്മാണ പദ്ധതി

### 1. ചാസ് ഭവനനിർമ്മാണ പദ്ധതി (2020 ഡിസംബർ)

| *ഇടവക* | *ഗുണഭോക്താക്കൾ* | *ഗഡു* | *തുക* |
|---|---|---|---|
| മണ്ണഞ്ചേരി | 1 | 3 | 20000 |
| ചേന്നങ്കരി | 1 | 3 | 25000 |
| വടക്കേഅമിച്ചകരി | 2 | 1,5 | 50000 |

| | | | |
|---|---|---|---|
| ആര്യാട് | 1 | 4 | 20000 |
| കരിമ്പനകുളം | 1 | 1 | 50000 |
| മങ്കൊമ്പ് | 1 | 1 | 10000 |
| മരിയാപുരം | 1 | 1 | 50000 |
| ആറാട്ടുവഴി | 1 | 1 | 50000 |
| ആകെ | 9 | | 2,75,000 |

## 2 ആട് വിതരണം

കാരിത്താസ് ജർമനിയുടെ സഹായത്തോടെ ആലപ്പുഴ, പുളിംകുന്ന് മേഖലകളിൽ SC, ST വിഭാഗത്തിൽപെട്ട കുടുംബങ്ങളുടെ ജീവനോപാധി പദ്ധതിയിൽ (Livelihood Restoration for Most Backward Dalit (SC/ST)) ഡിസംബർ 4, 21 തീയതികളിൽ 10 കുടുംബങ്ങൾക്ക് 82 ആടുകളെ വിതരണം ചെയ്തു.

| *യൂണിറ്റ്* | *ഗുണഭോക്താക്കൾ* | *തുക* |
|---|---|---|
| കിടങ്ങറ | 1 | 12,000 |
| കുമരങ്കരി | 6 | 72,000 |
| കൈനടി | 3 | 36,000 |
| ഈര | 3 | 36,000 |
| മാമ്പുഴക്കരി | 5 | 60,000 |
| വേഴപ്രാ | 2 | 24,000 |
| പള്ളിക്കൂട്ടുമ്മ | 2 | 24,000 |
| കണ്ണാടി സെന്റ് റീത്താസ് | 6 | 72,000 |
| വെളിയനാട് | 4 | 48,000 |
| രാമങ്കരി | 2 | 24,000 |
| അറുന്നൂറ്റിൻപാടം | 2 | 24,000 |
| കാവാലം സെന്റ് ജോസഫ്സ് | 3 | 36,000 |
| കാവാലം സെന്റ് തെരേസാസ് | 2 | 24,000 |
| ആകെ | 41 | 4,92,000 |

## കേന്ദ്ര വാർത്തകൾ

**1. നിലനിൽപിനുവേണ്ടിയുള്ള കർഷകസമരം അവസാനിപ്പിക്കാൻ കേന്ദ്ര സർക്കാർ അടിയന്തിരമായി ഇടപെടണം-കർഷകസമിതി**

നിലനിൽപിനും അതിജീവനത്തിനുമായി ന്യായമായ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഭാരതത്തിലെ കർഷകജനത നടത്തുന്ന സമരം അവസാനിപ്പിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കാൻ കേന്ദ്രസർക്കാർ തയ്യാറാകണമെന്ന് ചങ്ങനാശേരി അതിരൂപതയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ജനകീയ കർഷകസമിതി ആവശ്യപ്പെട്ടു. അതിശൈത്യം, കോവിഡ് മഹാമാരി തുടങ്ങിയ പ്രതികൂല സാഹചര്യങ്ങളെ ചെറുത്തുനിന്ന് പതിനായിരക്കണക്കിന് കർഷകർ രാജ്യതലസ്ഥാനാതിർത്തിയിൽ കോർപ്പറേറ്റുകളുടെ അധിനിവേശത്തിനെതിരെ

യുള്ള ധർമ്മസമരത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. കർഷക പ്രതിനിധികളുമായോ പാർലമെന്റിലോ ആവശ്യമായ ചർച്ചകൾ നടത്താതെ പാസാക്കിയ കർഷക വിരുദ്ധ ബില്ലുകൾ പിൻവലിക്കണം. കാർഷിക ഉല്പ്പന്നങ്ങൾക്ക് ഉൽപ്പാദനചെലവിനനുസൃതമായ താങ്ങുവിലയും കൃഷിനാശത്തിന് മാന്യമായ നഷ്ടപരിഹാരവും ഉറപ്പുവരുത്തുന്നതോടൊപ്പം കോർപ്പറേറ്റുകളുടെ കടന്നുകയറ്റവും ഭക്ഷ്യവസ്തുക്കളുടെ പൂഴ്ത്തിവയ്പ്പും കർശനമായി നിരോധിക്കുന്ന നിബന്ധനകൾ ഉൾപ്പെടുത്തി ബില്ലുകൾ പുനരവതരിപ്പിക്കണം. നിയമനിർമ്മാണം നടത്തുന്നതിനുമുമ്പ് കർഷകരെ കേൾക്കുന്നതിനും പാർലമെന്റിൽ ചർച്ച ചെയ്യുന്നതിനും സർക്കാർ തയ്യാറാകണം.

ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കാർഷിക മേഖലയെ മോചിപ്പിക്കുകയെന്ന ഉദ്ദേശ്യത്തോടെ പാസാക്കിയ നിയമങ്ങളിലെ വ്യവസ്ഥകൾ കോർപ്പറേറ്റുകളുടെ വ്യവസ്ഥാപിത ചൂഷണത്തിന് വഴിയൊരുക്കുന്നുവെന്നത് ആശങ്കയോടെയാണ് കർഷകസമൂഹം നോക്കിക്കാണുന്നത്. പട്ടിണി രാജ്യമായിരുന്ന ഇൻഡ്യയെ ഭക്ഷ്യവസ്തുക്കളുടെ കയറ്റുമതി രാജ്യമായി മാറ്റിയത് സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ കർഷകരെ വിശ്വാസത്തിലെടുത്ത് നടപ്പാക്കിയ കാർഷികപ്രോത്സാഹന നയങ്ങളായിരുന്നു. രാജ്യത്തെ തീറ്റിപ്പോറ്റുന്ന അടിസ്ഥാന വിഭാഗത്തോട് അനുഭാവപൂർവ്വം വർത്തിക്കാൻ സർക്കാരിന് കടമയുണ്ട്. രാഷ്ട്രീയ നേതൃത്വം കടുംപിടുത്തം ഉപേക്ഷിച്ച് കർഷകജനതയോട് നീതി പുലർത്തണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു. കോ-ഓർഡിനേറ്റർ ഫാ. ജോർജ്ജ് പനക്കേഴത്തിന്റെ അധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ ജോസ് ജോൺ വേങ്ങാന്തറ, സി.റ്റി. തോമസ്, ജോസി കുര്യൻ, സെബാസ്റ്റ്യൻ ജോസഫ് എന്നിവർ പ്രസംഗിച്ചു. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, കൊല്ലം തിരുവനന്തപുരം ജില്ലകളിൽ അതിരൂപത സാമൂഹ്യക്ഷേമ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നാനാജാതി മതസ്ഥരായ കർഷകർ അംഗങ്ങളായ പ്രാദേശിക കർഷക സമിതികളുടെ കോൺഫെഡറേഷനായ ജനകീയ കർഷകസമിതി കർഷകസമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

**2 സമരിറ്റൻസ് സന്നദ്ധസേനാംഗങ്ങളെ ആദരിച്ചു**

അന്താരാഷ്ട്ര സന്നദ്ധപ്രവർത്തക ദിനാചരണത്തോടനുബന്ധിച്ച് ഡിസംബർ 5 ന് ചങ്ങനാശേരി സോഷ്യൽ സർവീസ് സൊസൈറ്റിയും, കെസിബിസിയുടെ ജസ്റ്റീസ് പീസ് ആന്റ് ഡെവലപ്മെന്റ് കമ്മീഷനും സംയുക്തമായി തെരഞ്ഞെടുക്കപ്പെട്ട സന്നദ്ധ പ്രവർത്തകരെ ആദരിച്ചു. കോവിഡ് ബാധിതരുടെ പരിചരണത്തിനും കോവിഡ് മൂലം മരിച്ചവ്യക്തികളുടെ മൃതസംസ്ക്കാരത്തിനും ചങ്ങനാശേരി അതിരൂപതയിൽ നേതൃത്വം നൽകുന്ന സമരിറ്റൻസ് സന്നദ്ധസേന പ്രതിനിധികൾക്കാണ് കെസിബിസി യുടെ ആദരം നൽകിയത്. അതിരൂപതാ വികാരി ജനറാളും ചാസ് പ്രസിഡന്റുമായ ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ വിവിധ ഇടവകകളിൽ നിന്നും മികച്ച സേവനം നൽകിയ 10 സന്നദ്ധപ്രവർത്തകർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ഡിസംബർ 15-ാം തീയതി കെ.സി.ബി.സി. യുടെ ജസ്റ്റീസ് പീസ് ഡെവലപ്മെന്റ് കമ്മീഷൻ സംഘടിപ്പിച്ച ഓൺലൈൻ സന്നദ്ധസേനാ സംഗമത്തിന്റെ ഭാഗമായിട്ടാണ് പരിപാടി ക്രമീകരിച്ചത്.

**3. ഹരിതസമൃദ്ധി അർദ്ധവാർഷിക അവലോകനം**

കോവിഡ് അതിജീവന പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയ ഹരിതസമൃദ്ധി പദ്ധതിയുടെ മേഖലാ-യൂണിറ്റ് തല പ്രവർത്തനങ്ങളെ സംബന്ധിച്ച അവലോകനം ഡിസംബർ 16 ബുധനാഴ്ച ചാസ് കേന്ദ്ര ഓഫീസിൽ വച്ച് നടത്തപ്പെട്ടു.

| *പദ്ധതികൾ* | *സഹകരിച്ച കുടുംബങ്ങൾ* | *സഹകരിച്ച സംഘങ്ങൾ* | *സഹകരിച്ച കർഷക സംഘങ്ങൾ* | *തുക* |
|---|---|---|---|---|
| വീട്ടുമുറ്റത്തൊരു പോഷകത്തോട്ടം | 3057 | 12 | 3 | 36,75,750 |
| തരിശുഭൂമികൃഷി | 21 | 17 | 14 | 49,80,000 |
| വളർത്തുകൂട്ടം | 374 | - | - | 17,35,300 |
| മഴക്കൊയ്ത്ത് | 48 | - | - | 10,50,000 |
| മാലിന്യസംസ്ക്കരണം | 205 | - | - | 3,39,000 |
| ഔഷധത്തോട്ടം | 34 | - | - | 2,00,000 |
| നാട്ടുചന്ത(sunday market) | 4 6 | 5 | | |

**4. ഹരിതസമൃദ്ധി 2020-22 കോഴിയുംകൂടും വിതരണം**

വളർത്തുകൂട്ടം പദ്ധതിയുടെ ഭാഗമായി ഡിസംബർ 9 ന് ഏറ്റുമാനൂർ, ഇത്തിത്താനം, മുണ്ടുപാലം, പനയമ്പാല, മൈലാടി, പുളിംകുന്ന്, പുഴവാത്, കുറുമ്പനാടം, മണിമല, വള്ളംചിറ, കൂരോപ്പട, ചെത്തിപ്പുഴ എന്നീ യൂണിറ്റുകളിലായി 2000 കോഴിക്കുഞ്ഞുങ്ങളും, 40 കൂടുകളും വിതരണം ചെയ്തു.

**5. ഭിന്നശേഷിക്കാർക്ക് വരുമാന പദ്ധതി**

ചങ്ങനാശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ സാമൂഹ്യാധിഷ്ഠിത പുനരധിവാസ പദ്ധതി (സിബിആർ) യിൽ കോവിഡ് മഹാമാരി മൂലം സാമ്പത്തിക ക്ലേശമനുഭവിക്കുന്ന ഭിന്നശേഷിക്കാർക്ക് വരുമാനദായക പദ്ധതികൾ നടപ്പാക്കി വരുന്നു. ആലപ്പുഴ, കോട്ടയം ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട 35 ഗുണഭോക്താക്കൾക്കാണ് സ്വിറ്റ്സ്വർലണ്ട് കേന്ദ്രമായി പ്രവർത്തിക്കുന്ന റിഹാസ്വിസ് സംഘടനയുടെ സഹായത്തോടെ വിവിധ വരുമാന പദ്ധതികൾ നടപ്പാക്കാനുള്ള സാമ്പത്തിക സാങ്കേതിക സഹായം നൽകുന്നത്. ഓരോ വർഷവും സാമ്പത്തിക-സാമൂഹ്യ പിന്നോക്കാവസ്ഥയിലുള്ള ഭിന്നശേഷിക്കാരെ കണ്ടെത്തി തൊഴിൽ പരിശീലനവും സംരംഭങ്ങൾ നടപ്പാക്കാനുള്ള സാമ്പത്തിക സഹായവും പിന്നീടുള്ള വർഷങ്ങളിൽ തുടർ സഹായവും സിബിആർ പദ്ധതിയിലൂടെ ചാസ് നൽകിവരുന്നു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഗുണഭോക്താക്കൾക്കു വേണ്ടി പ്രത്യേകമായി വിഭാവനം ചെയ്ത പദ്ധതിയാണ് ഇപ്പോൾ നടപ്പിലാക്കുന്നത്.

ആലപ്പുഴ ജില്ലയിലെ ഗുണഭോക്താക്കൾക്കുള്ള സഹായധന വിതരണം ഡിസംബർ 19 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് പള്ളിക്കൂട്ടുമ്മ പാരീഷ് ഹാളിൽ വെളിയനാട് ബ്ലോക്ക് പഞ്ചായത്ത് മെമ്പർ കുമാരി ആശാ ജോസഫ് നിർവഹിച്ചു. പള്ളികൂട്ടുമ്മ ഫാത്തിമാ മാതാപള്ളി വികാരി ഫാ. ലൂയിസ് വെള്ളാനിക്കൽ അധ്യക്ഷതവഹിച്ചു.

കോട്ടയം ജില്ലയിലെ ഗുണഭോക്താക്കൾക്കുള്ള സഹായധന വിതരണം ഡിസംബർ 22 ചൊവ്വാഴ്ച നെടുംകുന്നം സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഫൊറോനാ

പള്ളി പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. ഫൊറോനാ വികാരി വെരി റവ. ഫാ. ജേക്കബ് അഞ്ചുപങ്കിൽ അദ്ധ്യക്ഷതവഹിച്ചു. വാഴൂർ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീമതി ലത ഉണ്ണികൃഷ്ണൻ സഹായവിതരണം നടത്തി. ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി, പ്രോജക്ട് കോ-ഓർഡിനേറ്റർ ശ്രീമതി ഷീബാ സന്തോഷ് എന്നിവർ പദ്ധതി വിശദീകരണം നടത്തി. മേഖലാ കോ-ഓർഡിനേറ്റർമാരും യൂണിറ്റ് ഭാരവാഹികളും നേതൃത്വം നൽകി.

**6. ക്രിസ്മസ് ന്യൂഇയർ ഖാദി മെഗാമേള**

*കോട്ടയം:* കോട്ടയം ഖാദി ഭവനിൽ ക്രിസ്മസ് ന്യൂ ഇയർ ഖാദി വസ്ത്ര-കരകൗശല മെഗാമേള ഡിസംബർ 1 ന് ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്തു. ചാസ് ഖാദി ഡയറക്ടർ ഫാ. ജോർജ്ജ് മാന്തുരുത്തിൽ അദ്ധ്യക്ഷത വഹിച്ചു. മുൻ മുനിസിപ്പൽ കൗൺസിലർ ശ്രീ. സാബു പുളിമൂട്ടിൽ, കോട്ടയം പബ്ലിക് ലൈബ്രറി പ്രസിഡന്റ് ശ്രീ. എബ്രഹാം ഇട്ടിച്ചെറിയ എന്നിവർ പ്രസംഗിച്ചു.

*ചങ്ങനാശേരി :* കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഖാദി ഗ്രാമവ്യവസായ കമ്മീഷന്റെയും കേരള ഖാദി ബോർഡിന്റെയും സഹകരണത്തോടെ, ചാസിന്റെ ആഭിമുഖ്യത്തിൽ ചങ്ങനാശേരി ഖാദി ഭവനിൽ ഡിസംബർ 2 ന് ക്രിസ്മസ് ന്യൂ ഇയർ ഖാദി വസ്ത്ര-കരകൗശല മെഗാമേള ആരംഭിച്ചു. ചങ്ങനാശേരി അതിരൂപതാ വികാരി ജനറാളും ചാസ് പ്രസിഡന്റുമായ മോൺ. ഡോ. ജോസഫ് വാണിയപ്പുരയ്ക്കലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ ചങ്ങനാശേരി അതിരൂപത സഹായമെത്രാൻ മാർ തോമസ് തറയിൽ മേളയുടെ ഉദ്ഘാടനം നിർവ്വഹിച്ചു.

**7. ഷുഗർ ഫ്രീ കേക്ക് വിപണനത്തിന്**

ക്രിസ്മസ്, ന്യൂഇയറിനോടനുബന്ധിച്ച് ചാസ് ഖാദി അമ്മ ഫുഡ് പ്രോഡക്ടിന്റെ നേതൃത്വത്തിൽ കേരളത്തിലാദ്യമായി ഷുഗർ ഫ്രീ കേക്ക് വിതരണം ആരംഭിച്ചു. ഡിസംബർ 16 ന് ചാസ് കേന്ദ്ര ഓഫീസിൽ വച്ച് അസംപ്ഷൻ കോളേജ് പ്രിൻസിപ്പൽ സിസ്റ്റർ ചെറുകുസുമം വിതരണോദ്ഘാടനം നിർവഹിച്ചു. ഷുഗർ ഫ്രീ കേക്ക് കൂടാതെ എട്ട് വ്യത്യസ്തങ്ങളായ കേക്കുകൾ ഉൾപ്പെടുത്തി ചാസിന്റെ നാല് ഖാദി ഭവനുകളിലും കേക്ക് മേള നടത്തിവരുന്നു.

## ചാസ് സഹായ പദ്ധതികൾ

ചാസിന്റെ വിവിധ സഹായ പദ്ധതികൾവഴി 2020 ഡിസംബർ മാസം ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ.

### 1. CHASS-Rehaswiss CBR program ഭിന്നശേഷിക്കാർക്ക് വരുമാന പദ്ധതി (ഡിസംബർ 2020)

| *യൂണിറ്റ്* | *ഗുണഭോക്താക്കൾ* | *തുക* |
|---|---|---|
| ചമ്പക്കുളം | 1 | 5000 |
| ചേന്നംകരി | 2 | 10000 |
| നർബോനപുരം | 2 | 10000 |
| വടക്കേഅമിച്ചകരി | 1 | 5000 |

| | | |
|---|---|---|
| പുളിംകുന്ന് | 3 | 15000 |
| കണ്ണാടി | 1 | 5000 |
| എടത്വാ | 1 | 5000 |
| മുട്ടാർ ഓൾഡ് | 1 | 5000 |
| പച്ച ചെക്കിടിക്കാട് | 1 | 5000 |
| കൂത്രപ്പള്ളി | 6 | 30000 |
| പനയമ്പാല | 1 | 5000 |
| മൈലാടി | 5 | 25000 |
| നെടുമണ്ണി | 1 | 5000 |
| കടയനിക്കാട് | 2 | 10000 |
| പെരുംകാവ് | 1 | 5000 |
| ഇത്തിത്താനം | 5 | 25000 |
| പുന്നത്തുറ | 1 | 5000 |
| ആകെ | 35 | 1,75000 |

## 2. SHG മരണാനന്തര സഹായം (Rs. 10,000)

| *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 498. സെബാസ്റ്റ്യൻ ആന്റണി | മരിയൻ | തത്തംപള്ളി | ആലപ്പുഴ |

## 3. മ്യൂച്വൽ ബെനഫിറ്റ് സ്കീം (Rs. 90,000)

- **മരണാനന്തരസഹായം**

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 457. മറിയമ്മ തേക്കേതലയിൽ | പൂന്തോപ്പ് | ആലപ്പുഴ |
| 458. രാധാപോൾ പൂത്തോട്ടത്തിൽ | വെട്ടിമുകൾ | അതിരമ്പുഴ |
| 459. താത്താമ്മ കോട്ടമുറിക്കൽ | വെട്ടിമുകൾ | അതിരമ്പുഴ |
| 460. തങ്കമ്മ അയ്യപ്പൻ, പഴയവീട്ടീൽ | മണ്ണാർകുന്ന് | അതിരമ്പുഴ |
| 461. ജോഷി ജെയിംസ്, കാട്ടിപ്പറമ്പിൽ | മുഹമ്മ | ആലപ്പുഴ |
| 462. മറിയമ്മ ജോസഫ് കളത്തിൽ | പുഴവാത് | ചങ്ങനാശേരി |
| 463. ജേക്കബ് പള്ളിപ്പുറത്ത് | മീൻകുളം | കൊല്ലം |
| 464. എൽസമ്മ തോമസ് മരങ്ങാട്ട് | ളായിക്കാട് | ചങ്ങനാശേരി |
| 465. ഷാരോൺ എൻ.എസ്. നിരപ്പേപറമ്പിൽ | നാൽപ്പാത്തിമല | അതിരമ്പുഴ |

- **ചികിത്സാസഹായം (Rs. 5,000)**

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 236. റാണി തോമസ് കണിയാംപറമ്പിൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |

## 4. ജീവകാരുണ്യനിധി

ജീവകാരുണ്യനിധിയിൽനിന്നും ചികിത്സ/വിദ്യാഭ്യാസ സഹായമായി 2020 ഡിസംബർ മാസം 14500/- രൂപ അനുവദിച്ചു.

## 5. ആരോഗ്യ ഇൻഷുറൻസ് പദ്ധതി

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ 2020 ഡിസംബർ മാസം ഒരു കുടുംബത്തിന് ചികിത്സാ ചെലവിനത്തിൽ 9150/- രൂപ അനുവദിച്ചു.

| | *പേര്* | *യൂണിറ്റ്* | *തുക* |
|---|---|---|---|
| 1. | വിനോദിനി വർഗീസ് | തുരുത്തി | 9150/- |

## മേഖലാവാർത്തകൾ

### സ്വാശ്രയ സംഘരൂപീകരണം

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| 24.11.2020 | വെളിയനാട് സെന്റ് സേവ്യേഴ്സ് | മേരീമാതാ | 13 |
| 02.12.2020 | ചമ്പക്കര | എയ്ഞ്ചൽ | 19 |
| 16.12.2020 | കിടങ്ങറ | കാരുണ്യം | 15 |
| 22.12.2020 | ചമ്പക്കര | മേരീമാതാ | 20 |
| 23.12.2020 | മാടപ്പള്ളി | ചെറുപുഷ്പം | 11 |

**കാർഷിക നിയമങ്ങൾക്കെതിരെ ചാസ് ഫാർമേഴ്സ് ക്ലബ്, SHG കളുടെ നേതൃത്വത്തിൽ ഐക്യദാർഢ്യം പ്രഖ്യാപിച്ചു**

കാർഷിക മേഖലയിൽ വലിയ മാറ്റങ്ങൾക്കു വഴിവയ്ക്കുന്ന കേന്ദ്രസർക്കാർ പാസാക്കിയ പുതിയ കാർഷിക നിയമങ്ങൾക്കെതിരെ കർഷകർ നടത്തുന്ന സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ചാസ് കർഷകസമിതിയും സ്വാശ്രയസംഘങ്ങളും. രണ്ട് പുതിയ നിയമങ്ങളും ഒരു നിയമഭേദഗതിയുമാണ് കേന്ദ്രസർക്കാർ മുമ്പോട്ടുവച്ചിരിക്കുന്നത്. കർഷക വിരുദ്ധവും കോർപ്പറേറ്റുകൾക്ക് അനുകൂലവുമായ നിയമങ്ങൾ പാസാക്കുകവഴി കർഷകമേഖലയും-കർഷകരും ഏറെ ബദ്ധിമുട്ടുകൾ നേരിടേണ്ടിവരുന്ന സാഹചര്യത്തിലാണ് ചാസിന്റെ നേതൃത്വത്തിൽ കർഷകർക്ക് പിന്തുണ അറിയിച്ചിരിക്കുന്നത്.

**പുളിംകുന്ന്** യൂണിറ്റിന്റെ നേതൃത്വത്തിൽ ഡിസംബർ 11 ന് പുളിംകുന്ന് കർഷകസമിതിയുടെ നേതൃത്വത്തിൽ സമരം ചെയ്യുന്ന കർഷകർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് പ്രതിജ്ഞയെടുത്തു.

**വേഴപ്രാ** യൂണിറ്റിൽ പ്രവർത്തിക്കുന്ന 'ഹരിതകർഷക' സമിതി ഡിസംബർ 15 ന് രാജ്യത്ത് സമരം നടത്തുന്ന കർഷകർക്ക് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് ബിനീഷ് തെക്കേപ്പുറമ്പ് പ്രമേയം അവതരിപ്പിച്ചു. ബേബിച്ചൻ കന്യാകോണിൽ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

**പുളിംകുന്ന്** 'കൃപ' പുരുഷ സ്വാശ്രയസംഘത്തിന്റെ നേതൃത്വത്തിൽ ഡിസംബർ 20 ന് കർഷക നിയമങ്ങൾക്കെതിരെ ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് പ്രതിജ്ഞയെടുത്തു.

### വാർഷിക പൊതുയോഗം

**വൈശ്യംഭാഗം** യൂണിറ്റിന്റെ നേതൃത്വത്തിൽ ഡിസംബർ 12 ന് വാർഷിക പൊതുയോഗം സംഘടിപ്പിച്ചു. യൂണിറ്റ് പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനെക്കുറിച്ചും കർഷകസമിതി ശക്തമാക്കേണ്ടതിന്റെ ആവശ്യകതയെകുറിച്ചും

സമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ച യൂണിറ്റ് ഡയറക്ടർ റവ.ഫാ. ജോസഫ് പുതുവീട്ടിൽ സംസാരിച്ചു. ചാസിന്റെ പ്രധാന പദ്ധതികൾ മൈക്രോ ക്രെഡിറ്റ് യൂണിയൻ എന്നിവയെ കുറിച്ച് മേഖലാ കോ-ഓർഡിനേറ്റർ ബിനു ജോസഫ് വിശദീകരിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി. 62 അംഗങ്ങൾ പങ്കെടുത്തു.

## ക്രിസ്മസ് ആഘോഷം

**വെട്ടിമുകൾ** യൂണിറ്റിന്റെയും സ്വാശ്രയസംഘങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ ക്രിസ്മസ് ആഘോഷം സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസ് വരിക്കപ്പള്ളി ആദ്ധ്യക്ഷത വഹിച്ചു. യൂണിറ്റ് ഭരണസമിതി അംഗങ്ങളും 10 സ്വാശ്രയസംഘങ്ങളിലെ പങ്കെടുത്തു.

ഈശോയിൽ സ്നേഹം നിറഞ്ഞവരെ:

*"ദൂതന്മാർ അവരെവിട്ട്, സ്വർഗ്ഗത്തിലേക്കു പോയപ്പോൾ ആട്ടിടയന്മാർ പരസ്പരം പറഞ്ഞു. നമുക്ക് ബേത്‌ലഹെം വരെ പോകാം കർത്താവ് നമ്മെ അറിയിച്ച ഈ സംഭവം നമുക്ക് കാണാം"* (ലൂക്കാ 2:15).

കർത്താവീശോമിശിഹായുടെ പിറവിത്തിരുനാൾ മംഗളങ്ങൾ ഏവർക്കും സ്നേഹപൂർവ്വം നേരുന്നു. രാത്രി കാലങ്ങളിലും തങ്ങളുടെ ജോലി ചെയ്തു കൊണ്ട് ദൗത്യം നിർവ്വഹിച്ച ആട്ടിടയന്മാർക്കാണ് ഈശോയെ ആദ്യം ദർശിക്കാൻ ഭാഗ്യം ലഭിച്ചത്. തൊഴിലാളികളായ നമ്മുടെയും ദൗത്യം ഇതു തന്നെയാണ് കൃത്യതയോടെ,ആത്മാർത്ഥതയോടെ കർമ്മമേഖലകളിൽ ആയിരിക്കുക അങ്ങനെ ഈശോയെ ദർശിക്കാനും ഞാൻ കണ്ടുമുട്ടിയ ജനതയെ മറ്റുള്ളവർക്ക് പകർന്നുകൊടുക്കാനും തൊഴിൽ മേഖലകളിൽ നമുക്ക് സാധിക്കട്ടെ........

**ഫാ. ജോസ് പുത്തൻചിറ**

### ആദരാഞ്ജലികൾ

കെ.എൽ.എം കുടുംബത്തിൽ നിന്ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടവരെ പ്രാർത്ഥനയിൽ അനുസ്മരിക്കാം പൊടിപ്പാറ ഹോളിഫാമിലി സംഘാംഗം ശ്രീ. എബ്രഹാം വർഗീസ് മാറാട്ടുകളം, പൊടിപ്പാറ യൂണിറ്റിൽ മരിയൻ സംഘാംഗം ശ്രീ. സ്കറിയ പീറ്റർ പാലത്തിങ്കൽ, നാലുകോടി യൂണിറ്റിൽ സങ്കീർത്തനം സംഘാംഗം ശ്രീ. ആന്റണി മത്തായി പുതുക്കളം എന്നിവരുടെ കുടുംബത്തിന് പ്രാർത്ഥനയും അനുശോചനവും നേരുന്നു.

### മരണാന്തരസഹായ നിധി

ചങ്ങനാശേരി കത്തീഡ്രൽ യൂണിറ്റ് ഹോളിഫാമിലി സംഘത്തിലെ പരേതനായ ശ്രീ. ജോസഫ് മാത്യുവിന്റെ കുടുംബത്തിന് (13.12.20), മരണാനന്തര സഹായനിധി കൈമാറി. അതിരൂപത ഡയറക്ടർ ഫാ. ജോസ് പുത്തൻചിറ, വികാരി വെരി റവ. ഫാ. ജോസ് കൊച്ചുപറമ്പിൽ, യൂണിറ്റ് കോഡിനേറ്റർ, സംഘഭാരവാഹികൾ എന്നിവരുടെ സാന്നിദ്ധ്യത്തിന് പ്രത്യേകം നന്ദി അറിയിക്കുന്നു.

### അഭിനന്ദനങ്ങൾ...ആശംസകൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തിരഞ്ഞെടുപ്പിൽ മത്സരിച്ച എല്ലാവരെയും സ്നേഹപൂർവ്വം ഓർക്കുന്നു. വ്യത്യസ്ത മേഖലകളിൽ നിന്നും വിജയം വരിച്ച എല്ലാവർക്കും കെ.എൽ.എം സ്ഥാനാർത്ഥികൾക്കും അതിരൂപതാ കുടുംബത്തിന്റെ അഭിനന്ദനവും, ആശംസകളും.

## മണിമലയിൽ സെന്റ് തോമസ് ഹോസ്പിറ്റൽ സബ് സെന്റർ ആരംഭിക്കും

ചങ്ങനാശേരി അതിരൂപതയുടെ ഏറ്റവും വലിയ ആതുരസേവന കേന്ദ്രമായ ചെത്തിപ്പുഴ സെന്റ് തോമസ് ആശുപ്രതിയുടെ സബ് സെന്റർ മണിമലയിൽ ആരംഭിക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഹോളിമാഗി ഫൊറോന ദൈവാലയത്തിന്റെ അപേക്ഷ, അതിരൂപത അംഗീകരിക്കുകയും അനുവാദം നൽകുകയുമായിരുന്നു. ഈ ആതുരാലയത്തെ ഘട്ടം ഘട്ടമായി മൾട്ടി സ്പെഷ്യാലിറ്റി നിലാവരത്തിലേക്ക് ഉയർത്തുകയാണ് ലക്ഷ്യം. ആരംഭത്തിൽ ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിതവിഭാഗവും മുഴുവൻ സമയ ഡോക്ടേഴ്സിനേയും ക്രമീകരിക്കും. എക്സറേ, ലാബ്, ഫാർമസി സൗകര്യങ്ങളൊരുക്കും. ഏഴ് ഡിപ്പാർട്ടുമെന്റുകളിലായി പത്തോളം ഡോക്ടേഴ്സിന്റെ സേവനം ലഭ്യമാക്കും.

## ശ്വാസകോശ രോഗചികിത്സാ വിഭാഗത്തിൽ പുതിയ ഡോക്ടർ

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ പ്രവർത്തിക്കുന്ന ശ്വാസകോശ രോഗചികിത്സാ വിഭാഗം മധ്യകേരളത്തിലെ പ്രമുഖ കേന്ദ്രങ്ങളിൽ ഒന്നാണ്. അത്യാധുനിക സൗകര്യങ്ങളോടെ ക്രമീകരിച്ചിരിക്കുന്ന പ്രസ്തുത വിഭാഗത്തിൽ ഡോ. സോമനാഥ് BSc, MBBS, DTC, DIM, MBA, PG DHM, ഡോ. ദിലിപ് കുമാർ ജി MBBS, BAMS, DTCD, DNB (Pulmonology) എന്നിവർക്കൊപ്പം ഡോ. വാണി വിശ്വനാഥിന്റെ സേവനവും ഇനി മുതൽ ലഭ്യമാണ്.

## സ്ക്ലീറോ തെറാപ്പി പുനരാരംഭിച്ചു

സെന്റ് തോമസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വീനസ് ഡിസിസിൽ ഡോ. എൻ. രാധാകൃഷ്ണന്റെ MBBS, MS, FAIS, FIAMS, FICS, MRCS, FRCS നേതൃത്വത്തിൽ സ്ക്ലിറോതെറാപ്പി ജനുവരി ഒന്നു മുതൽ പുനരാരംഭിച്ചു. രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും 9447532800 എന്ന നമ്പരിൽ ബന്ധപ്പെടണം. വിനസ് ഡിസിസുകൾക്കുള്ള ലേസർ ട്രിറ്റുമെന്റെറുകൾ ഡോ. ജോർജ് മാത്യു MBBS, MS, DNB, MNAMS ഡോ. പി. അൻസാർ MBBS, MS എന്നിവരുടെ നേതൃത്വത്തിൽ നൽകി വരുന്നു.

## ഡോക്ടറുന്മാർക്കുള്ള ബേസിക് ലൈഫ് സേവിങ് തുടർ പരിശീലനം നടന്നു

തിരുവല്ല കരിയർ അക്കാദമിയുടെ നേതൃത്വത്തിൽ ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെ മുഴുവൻ ഡോക്ടേഴ്സിനും ബേസിക് ലൈഫ് സേവിങ് അഡ്വാൻസ്ഡ് കാർഡിയാക് ലൈഫ് സേവിങ് തുടർ പരിശീലനം സംഘടിപ്പിച്ചു.

**ഫാ. ജെയിംസ് പി. കുന്നത്ത്**
അസി. ഡയറക്ടർ

**ഫാ. തോമസ് മംഗലത്ത്**
ഡയറക്ടർ

# പ്രവാസി അപ്പോസ്തലേറ്റ്
## PRAVASI APOSTOLATE

പ്രിയ പ്രവാസി സഹോദരങ്ങളെ,

ഏവർക്കും ക്രിസ്മസിന്റെയും പുതുവർഷത്തിന്റെയും ആശംസകൾ നേർന്നുകൊള്ളുന്നു.

### ഗൾഫ് ലീഡേഴ്സ് ഫെലോഷിപ്പ് കോൺഫറൻസ്

ചങ്ങനാശേരി അതിരൂപതാ പ്രവാസി അപ്പോസ്തലേറ്റ് ഗൾഫ് കോർഡിനേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ എല്ലാ ഗൾഫ് രാജ്യങ്ങളിലെയും എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് 'ഒരുമിച്ച് വിജയം, ഒറ്റയ്ക്ക് പരാജയം' എന്ന വിഷയത്തിൽ ഗൾഫ് ഫെലോഷിപ്പ് കോൺഫറൻസ് നടത്തപ്പെട്ടു. എല്ലാ രാജ്യങ്ങളിൽ നിന്നുള്ള എക്സിക്യൂട്ടീവ് അംഗങ്ങൾക്കൊപ്പം, ആഫ്രിക്ക, ഫാർ ഈസ്റ്റ്, തുടങ്ങിയ രാജ്യങ്ങളിലെ പ്രതിനിധികളും, കേന്ദ്ര എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളും ഉൾപ്പടെ 98 പേരോളം ഈ ഓൺലൈൻ വീഡിയോ കോൺഫറൻസിൽ പങ്കെടുത്തു.

അതിരൂപതാ പ്രവാസി അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ. റ്റെജി പുതുവീട്ടിൽക്കളത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ കോൺഫറൻസ് അതിരൂപതാ മെത്രാപ്പോലീത്താ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്തു. സഹായ മെത്രാൻ മാർ തോമസ് തറയിൽ മുഖ്യപ്രഭാഷണം നടത്തി.

സീറോമലബാർ യുവജനകാര്യ സെക്രട്ടറിയും SMYM ഗ്ലോബൽ ഡയറക്ടറുമായി നിയുക്തനായിരിക്കുന്ന ഫാ. ജേക്കബ് ചക്കാത്രയെ അനുമോദിച്ചുകൊണ്ട് ശ്രീ. ജോമോൻ ഉൾപ്രക്കാട്ട് സംസാരിച്ചു. പുതിയ ദൗത്യത്തിന് ഭാവുകങ്ങൾ നേർന്ന പ്രവാസി അപ്പോസ്തലേറ്റ് പ്രതിനിധികൾക്ക് നന്ദി പറയുകയും അവരുടെ സഹായം അഭ്യർത്ഥിക്കുകയും ചെയ്തുകൊണ്ട് ഫാ. ജേക്കബ് ചക്കാത്ര മറുപടി പ്രസംഗം നടത്തി. യോഗത്തിൽ ഷെവലിയാർ സിബി വാണിയപ്പുരക്കൽ, ശ്രീ. തങ്കച്ചൻ പൊൻമാങ്കൽ എന്നിവർ ആശംസാ സന്ദേശങ്ങൾ നൽകി.

ഗൾഫ് കോർഡിനേഷൻ കമ്മിറ്റിയുടെ റിപ്പോർട്ട് ശ്രീ. രാജേഷ് ജോർജ്, വിവിധ രാജ്യങ്ങളെ പ്രതിനിധീകരിച്ച് തോമസ് ചൂളയിൽ (സൗദി അറേബ്യ), ബിനു ജോൺ (യു.എ.ഇ), മനോജ് അലക്സാണ്ടർ (കുവൈറ്റ്), ജോസി പാലത്തറ (ഒമാൻ), സോളിമ്മ തോമസ് (ഇസ്രായേൽ), ജിറ്റോ ജെയിംസ് (ഖത്തർ), ഷിനോയ് പുളിക്കൽ (ബഹ്റൈൻ) എന്നിവർ റിപ്പോർട്ടുകൾ അവതരിപ്പിച്ചു.

വിവിധ രാജ്യങ്ങളിലെ പ്രതിനിധികളെ പരിചയപ്പെടുത്തിക്കൊണ്ട് അതാത് രാജ്യങ്ങളിലെ കോർഡിനേറ്റേഴ്സായ സുനിൽ പി. ആന്റണി (കുവൈറ്റ്), ജേക്കബ് കുഞ്ചെറിയ (ഖത്തർ), ബിജു ഡോമിനിക്ക് (യു.എ.ഇ), ജോബൻ തോമസ് (ഒമാൻ), മോൻസി മാത്യു (ബഹ്റൈൻ), സജീവ് ചക്കാലക്കൽ (സൗദി അറേബ്യ), ബെസ്സി പി. വർഗീസ് (ഇസ്രായേൽ ), മാത്യു മണിമുറിയിൽ (ചങ്ങനാശേരി) എന്നിവർ സംസാരിച്ചു. ഫാർ ഈസ്റ്റ് പ്രതിനിധി മാത്യു ജെ.

കാട്ടടി, ആഫ്രിക്കൻ ഭൂഖണ്ഡങ്ങളെ പ്രതിനിധീകരിച്ച് ജെറി കെ. വർഗസ് എന്നിവർ സംസാരിച്ചു.

ചങ്ങനാശേരി അതിരൂപതാ പ്രവാസി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ ക്രിസ്മസ്സ് –പുതുവത്സര ആഘോഷങ്ങളുടെ ഭാഗമായി നടത്തുന്ന ഓൺലൈൻ മത്സരങ്ങളായ *Jingle Bells 2020*, ന്യൂ ഇയർ സെലിബ്രേഷൻ എന്നിവയെക്കുറിച്ച് മാർട്ടിൻ മുരിങ്ങവന സംസാരിച്ചു.

ഗൾഫ് കോർഡിനേഷൻ കമ്മിറ്റി കോർഡിനേറ്റർ ജോ കാവാലം സ്വാഗതവും, ഒമാൻ ചാപ്റ്റർ കോർഡിനേറ്റർ ജോബൻ തോമസ് നന്ദിയും പറഞ്ഞു. യോഗത്തിന് മുന്നോടിയായി ഷൈനി ബാബു ഹീബ്രുവിൽ 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന ഗാനം പാടി പ്രാർത്ഥിച്ചു, സോളിമ്മ തോമസ് തിരുവചന പാരായണം നടത്തി.

## യു ട്യൂബ് ചാനൽ

പ്രവാസികൾക്കായി വി. കുർബാനയുടെ തത്സമയ സംപ്രേക്ഷണം രാത്രി 9 മണിക്ക് യൂട്യൂബ് ചാനലിൽ നടത്തുന്നു.

ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള പ്രതിവാര വാർത്തകൾ സംപ്രേക്ഷണം ചെയ്തു.

പൗരോഹിത്യത്തിന്റെ 46–ാം വാർഷികം ആഘോഷിച്ച അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവിന് പ്രാർത്ഥനാശംസകൾ നേർന്നു.

## പ്രവാസികളുടെ കൈത്താങ്ങ് ദീപികയ്ക്ക്.

ദീപിക ദിനപ്പത്രത്തെ പ്രോത്സാഹിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ ആലോചിക്കാൻ ചങ്ങനാശേരി അതിരൂപത പ്രവാസി അപ്പോസ്തലേറ്റിന്റെ ഗൾഫ് കോർഡിഷേൻ കമ്മിറ്റിയുടെ ഒരു പ്രത്യേക മീറ്റിംഗ് 11 ഡിസംബർ 2020 വെള്ളിയാഴ്ച പകൽ നടത്തപ്പെട്ടു. പ്രവാസി അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ. റെജി പുതുവീട്ടിൽക്കളത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന മീറ്റിംഗിൽ ദീപിക മാനേജിങ് ഡയറക്ടർ ഫാ. മാത്യു ചന്ദ്രൻകുന്നേൽ, ഫാ. ജിനോ, ഫാ. റോബി കണ്ണഞ്ചിറ, ഡയറക്ടർ ബോർഡ് അംഗം ശ്രീ. ജേക്കബ് ജോസഫ്കുഞ്ഞ് എന്നിവർ പ്രസംഗിച്ചു. സഭയുടെ ഔദ്യോഗിക ആയുധമായ ദീപികയെ സഹായിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സംസാരിച്ച എല്ലാവരും പ്രത്യേകം എടുത്ത് പറഞ്ഞു. സുനിൽ പി. ആന്റണിയുടെ പ്രാർത്ഥനയോടെ ആരംഭിച്ച മീറ്റിംഗിൽ സജീവ് ചക്കാലക്കൽ സ്വാഗതവും ബെസ്സി പി. വർഗ്ഗീസ് നന്ദിയും രേഖപ്പെടുത്തി. ഓൺലൈൻ ക്രിസ്തുമസ്സ് മത്സരങ്ങളുടെ പുരോഗതിയെക്കുറിച്ച് മാർട്ടിൻ മുരിങ്ങവന, രാജേഷ് കൂത്രപ്പള്ളി, സോളിമ്മ തോമസ് എന്നിവർ സംസാരിച്ചു, പ്രവാസികളുടെ ക്രിസ്തുമസ്സ് ന്യൂ ഇയർ ആഘോഷങ്ങൾ ജനുവരി രണ്ട് വൈകിട്ട് നടത്താനും അതിന്റെ കാര്യങ്ങൾ ആലോചിച്ച് തീരുമാനിക്കാൻ എല്ലാ കോർഡിനേറ്റേഴ്സിന്റെയും ജിംഗിൾബെൽസിന്റെയും സംയുക്ത കമ്മിറ്റിയെ ചുമതലപ്പെടുത്തി.

**ഫാ. റെജി പുതുവീട്ടിൽക്കളം**
ഡയറക്ടർ

# ആത്മതാകേന്ദ്രം
# ATMATAKENDRAM

*''എന്റെ മകനെ, നി കർത്തൃശുശ്രൂഷയ്ക്ക് ഒരുമ്പെടുന്നെങ്കിൽ പ്രലോഭന ങ്ങളെ നേരിടാൻ ഒരുങ്ങിയിരിക്കുക. നിന്റെ ഹൃദയം അവക്രവും അചഞ്ചലവു മായിരിക്കട്ടെ ആപത്തിൽ അടിപതറരുത്. അവിടുത്തോട് വിട്ടകലാതെ ചേർന്നു നിൽക്കുക നിന്റെ അന്ത്യദിനങ്ങൾ ധന്യമായിരിക്കും''* (പ്രഭാ 2: 1–3 ).

സ്വർഗ്ഗം വിട്ടു ഭൂമിയിലറങ്ങിയ ദൈവപുത്രനായ ഈശോമിശിഹായുടെ ജനന തിരുനാൾ മംഗളങ്ങൾ സ്നേഹപൂർവ്വം നേരുന്നു. മനുഷ്യൻ അവന്റെ സന്തോ ഷങ്ങളും ദു:ഖങ്ങളും ഇറക്കി വയ്ക്കേണ്ട ഇടം അവിടെയാണ്. സന്തോഷങ്ങൾ തേടി ലഹരിക്ക് പിന്നാലെ ഓടുവാൻ വെമ്പൽ കൊള്ളുന്ന ഈ കാലയളവിൽ യഥാർത്ഥ സന്തോഷം നൽകുന്ന ഈശോയിലേക്ക്, അവന്റെ അടുക്കലേക്ക് പോകുവാൻ നമുക്ക് സാധിക്കണം. ലഹരി ഉപേക്ഷിക്കുവാനും, മറ്റുള്ളവരെ അതിനായി പ്രാപ്തരാക്കുവാനും പരസ്പരം നമുക്ക് സാധിക്കണം മറ്റുള്ളവരുടെ കണ്ണുനീരു തുടയ്ക്കാൻ അവരെ ദൈവീക സന്തോഷത്തിലേക്ക് നയിക്കാൻ നമുക്ക് ഒന്നിച്ച് പരിശ്രമിക്കാം..

**ഫാ. ജോസ് പുത്തൻചിറ**

## ഹോമിയോ ചികിത്സാ പദ്ധതി

ഓരോ ആഴ്ചയിലും വിവിധ ദിവസങ്ങളിലായി വിവിധ സ്ഥലങ്ങളിൽ ലഹരി വസ്തു ദുരുപയോഗത്തിനെതിരായ ഹോമിയോ ചികിത്സ നിർവ്വഹിച്ചു വരുന്നു ചൊവ്വാഴ്ച തത്തംപള്ളിയിലും, ബുധനാഴ്ച ഇരവുചിറയിലും, വ്യാഴാഴ്ച അതിരമ്പുഴയിലും, വെള്ളിയാഴ്ച ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിലും ആണ് ചികിത്സ നല്കി വരുന്നത്. വിദഗ്ധരായ ഡോക്ടേഴ്സിന്റെ നേതൃത്വത്തിൽ ആണ് ചികിത്സ മിതമായ നിരക്കിൽ നടത്തുന്നത്. പരമാവധി പ്രയോജനം എടു ക്കുവാൻ ഏവർക്കും അവസരം.

## സപ്പോർട്ട് എ ചൈൽഡ് പദ്ധതി

പത്തനംതിട്ട ജില്ലയിൽ നിത്യരോഗികളായവരുടെ പ്രതിമാസ സമ്മേളനം നടത്താൻ പറ്റാത്ത ഈ സാഹചര്യത്തിൽ പത്തനംതിട്ട പ്രത്യാശകേന്ദ്രത്തിൽ വരുന്നവർക്ക് ഡിസംബർ മൂന്നാം ആഴ്ച മുതൽ ഓരോരുത്തരെ ഓഫീസിൽ വിളിച്ച് സാമ്പത്തിക സഹായം നല്കി. Rs.72150/ രൂപാ വിതരണം ചെയ്തു. സഹായിച്ച എല്ലവർക്കും നന്ദി.

# കത്തോലിക്കാ കോൺഗ്രസ്
## AKCC

ഈശോയിൽ ഏറ്റവും പ്രിയപ്പെട്ട അച്ചാ,

സൗഖ്യമെന്നു കരുതുന്നു! നമ്മുടെ സഭയിലെ അല്മായനേതൃത്വത്തെ വളർത്തുക എന്ന ലക്ഷ്യത്തോടെയാണല്ലോ AKCC പ്രവർത്തിക്കുന്നത്. സഭയും സമുദായവും നിരവധി വെല്ലുവിളികൾ നേരിടുന്ന കാലത്തിൽ, നമ്മുടെ അതിരൂപതയിൽ ആരംഭിച്ച് 102 വർഷത്തെ പാരമ്പര്യമുള്ള കത്തോലിക്ക കോൺഗ്രസ്, ശക്തമായി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത പ്രത്യേകം പറയേണ്ടതില്ലല്ലോ. ഈ പശ്ചാത്തലത്തിലാണ് ഈ വർഷത്തെ അംഗത്വവിതരണവും തെരഞ്ഞെടുപ്പും നടക്കുന്നത്. അതിനാൽ ഈ പ്രക്രിയയ്ക്ക് ക്രിയാത്മകമായ നേതൃത്വം നൽകാൻ പ്രിയപ്പെട്ട അച്ചന്മാരോട് ഞാൻ അഭ്യർത്ഥിക്കുന്നു.

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:

1. സഭയ്ക്കും സമൂഹത്തിനും സംഭാവനകൾ നൽകാൻ സാധിക്കുന്നവരും സമൂഹത്തിൽ അംഗീകരിക്കപ്പെടുന്നവരുമായ സ്ത്രീ-പുരുഷന്മാരെ (ഉദാ: കുടുംബക്കൂട്ടായ്മ ലീഡേഴ്സ്, സൺഡേസ്കൂൾ അദ്ധ്യാപകർ, പിതൃവേദി, മാതൃവേദി, യുവദീപ്തി SMYM, KLM, മറ്റ് ശുശ്രൂഷകളിൽ ഉള്ളവർ) അംഗങ്ങളായി ചേർക്കാൻ പരിശ്രമിക്കണം. 50 അംഗങ്ങൾ കൂടുന്നതാണ് ഒരു യൂണിറ്റ്.
2. വികാരിയച്ചന്റെ അറിവുകൂടാതെ അംഗങ്ങളെ ചേർക്കാൻ ആരെയും അനുവദിക്കരുത്.
3. ജനുവരി 3-24 വരെയാണ് തെരഞ്ഞെടുപ്പ് നടത്തേണ്ടത്.
4. വികാരിയച്ചന്റെ സാന്നിധ്യത്തിലല്ലാതെ നടക്കുന്ന തെരഞ്ഞെടുപ്പ് സാധുവല്ല.

യൂണിറ്റുതലത്തിൽ അൽപം ശ്രദ്ധിച്ചാൽ നമുക്ക് നല്ലൊരു ടീമിനെ രൂപപ്പെടുത്താൻ സാധിക്കും. എല്ലാ വികാരിയച്ചന്മാരും ഇക്കാര്യത്തിൽ ശ്രദ്ധ ചെലുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

സസ്നേഹം

**ജോസഫ് പെരുന്തോട്ടം പിതാവ്**

### കത്തോലിക്കാ കോൺഗ്രസ് തെരഞ്ഞെടുപ്പ് വിജ്ഞാപനം

**സർക്കുലർ 1/2020**

പ്രിയ ബഹുമാനപ്പെട്ട വികാരിയച്ചാ,

കത്തോലിക്ക കോൺഗ്രസ് അതിരൂപതാ കുടുംബത്തിൽ നിന്നും പ്രാർത്ഥനാശംസകൾ...

നമ്മുടെ സഭയുടെ ഏക സമുദായ സംഘടനയായ കത്തോലിക്ക കോൺഗ്രസ്സ് 103 വർഷം പിന്നിടുകയാണല്ലോ. വരുന്ന മൂന്നു വർഷത്തേയ്ക്കുള്ള നേതൃനി

രയെ തിരഞ്ഞെടുക്കുന്നതും ഈ വർഷം തന്നെയാണ്. ഈ കാര്യങ്ങൾ ഉൾപ്പെടുത്തി അഭിവന്ദ്യ പിതാവിന്റെ കത്ത് 2021 ജനുവരി വേദപ്രചാര മദ്ധ്യസ്ഥനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കത്ത് ജനുവരി ആദ്യ ഞായറാഴ്ച തന്നെ വായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഇപ്പോൾ അംഗങ്ങളെ ചേർക്കാനുള്ള സമയമാണ്. 2021 ജനുവരി 25 ന് മുമ്പ് യൂണിറ്റ് ഇലക്ഷൻ നടത്തണം. ഇലക്ഷനു മുമ്പ് അംഗങ്ങളെ ചേർത്ത് യൂണിറ്റ് ഇല്ലാത്തിടത്ത് ആരംഭിക്കണം. അംഗങ്ങളെ പുതുതായി സ്വീകരിച്ചിരിക്കുന്നത് നിയമപരമായാണോ എന്ന് പരിശോധിക്കേണ്ടതാണ്.

AKCC യുടെ ഭരണഘടനയിലെ ഇലക്ഷനുമായി ബന്ധപ്പെട്ട പ്രസക്തഭാഗങ്ങൾ ബഹു. വൈദികരുടെ അറിവിലേക്കായി ചുവടെ ചേർക്കുന്നു.

## അംഗത്വം

ഏതെങ്കിലും ഒരിടവകയിൽ അംഗമായിരിക്കുകയും 18 വയസ്സ് പൂർത്തിയായിരിക്കുകയും, സഭാസംബന്ധമായ ശിക്ഷാനടപടികൾക്ക് വിധേയരല്ലാതിരിക്കുകയും, പൊതുവെ കത്തോലിക്ക സഭയിൽ നിരോധിക്കപ്പെട്ടതും രൂപതാദ്ധ്യക്ഷനാൽ വിലക്കപ്പെട്ടതും ആയ ഒരു സംഘടനയിലും അംഗമല്ലാതിരിക്കുകയും ചെയ്യുന്ന ഏതൊരു കത്തോലിക്കനും, സ്ത്രീപുരുഷ ഭേദമെന്യേ ഈ ഭരണഘടനയ്ക്ക് വിധേയമായി കത്തോലിക്ക കോൺഗ്രസിന്റെ അംഗമാകാവുന്നതാണ് (5.2).

ഈ ഭരണഘടനയുടെ രണ്ടാം ഭാഗമായ നിയമാവലിയിലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രാഥമിക അംഗങ്ങൾ (Primary Members), ആയുഷ്കാല അംഗങ്ങൾ (Life Members), ഉപകൃത്ത് (Well Wishers) എന്നീ മൂന്ന് വിധം വ്യക്തി അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്. ഈ ഭരണഘടനാഭേദഗതി നിലവിൽ വരുന്നത് മുതൽ പുതിയ ഉപകൃത്ത് അംഗത്വം നൽകുന്നതല്ല. എന്നാൽ നാളിതുവരെയുള്ളത് തുടരും (5.3).

മൂന്ന് വർഷത്തേയ്ക്ക് കാലാവധിയുള്ള പ്രാഥമികാംഗത്വത്തിനുള്ള ഫീസ് 50 രൂപ ആയിരിക്കും (20.1). ആയുഷ്കാല അംഗത്വത്തിന് 2000 രൂപ ഒരു തവണയായി ഫീസ് അടയ്ക്കേണ്ടതാണ്. അവർക്ക് ആയുഷ്കാല അംഗത്വ സർട്ടിഫിക്കറ്റ് നൽകുന്നതാണ് (20.2). പ്രാഥമിക അംഗങ്ങൾ ഓരോ മൂന്ന് വർഷത്തിലും അംഗത്വം പുതുക്കേണ്ടതാണ് (20.3). അംഗമായി ചേരുന്നതിന് നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷകന്റെ ഇടവകയിലെ ശാഖാ സെക്രട്ടറിക്ക് നിശ്ചിത അംഗത്വ ഫീസ് സഹിതം അപേക്ഷ നൽകേണ്ടതാണ്. അപേക്ഷ തിരസ്കരിച്ചു തീരുമാനമുണ്ടായാൽ പ്രസ്തുത തീരുമാനം അപേക്ഷകനെ 10 ദിവസത്തിനകം സെക്രട്ടറി അറിയിക്കേണ്ടതാണ് (21.1).

## ശാഖാ ഡയറക്ടർ

ഓരോ ഇടവകയുടെയും ബഹു. വികാരിയാണ് ആ ശാഖയുടെ ഡയറക്ടർ (88.1). യുക്തമെന്ന് തോന്നുന്ന അവസരങ്ങളിൽ ശാഖ പൊതുയോഗമോ കമ്മറ്റിയോ വിളിച്ചു കൂട്ടുവാൻ ആവശ്യപ്പെടുന്നതിനും അത്യാവശ്യമെങ്കിൽ വിളിച്ചുകൂട്ടുന്നതിനും ശാഖയുടെ അഭിവൃദ്ധിക്കു വേണ്ട നിർദ്ദേശങ്ങൾ നല്കു

ന്നതിനും യുക്തമെന്ന് തോന്നുന്ന അവസരങ്ങളിൽ ശാഖയുടെ റെക്കോർഡു കളോ കണക്കുകളോ പരിശോധിക്കുന്നതിനും ശാഖയുടെ പ്രവർത്തനത്തിലോ ധനവിനിയോഗത്തിലോ എന്തെങ്കിലും ക്രമക്കേട് ഉണ്ടെന്ന് കണ്ടാൽ വിവരം രൂപ ത സമിതി പ്രസിഡന്റിനെയോ സെക്രട്ടറിയെയോ ധരിപ്പിക്കുന്നതിനും ഡയറ ക്ടർക്ക് അധികാരമുണ്ടായിരിക്കുന്നതാണ് (88.3).

ശാഖയുടെ തിരഞ്ഞെടുപ്പ് യോഗങ്ങളിൽ ഡയറക്ടറോ, അദ്ദേഹം രേഖാ മൂലം നിയമിക്കുന്ന മറ്റാരെങ്കിലുമോ അദ്ധ്യക്ഷത വഹിക്കേണ്ടതാണ്. അങ്ങനെ യല്ലാത്ത യോഗങ്ങളിൽ നടക്കുന്ന തെരഞ്ഞെടുപ്പ് അസാധുവാകുന്നു (88.4).

## തെരഞ്ഞെടുപ്പും ശാഖാ ഭാരവാഹികളും

ഒരു ശാഖയിലെ കത്തോലിക്ക കോൺഗ്രസ് അംഗങ്ങൾ എല്ലാവരും ചേരു ന്നതാണ് ശാഖാ പൊതുയോഗം. ഓരോ ശാഖയിലും രണ്ട് പൊതുയോഗങ്ങളെ ങ്കിലും ഓരോ വർഷവും ചേരേണ്ടതാണ് (79.1).

ശാഖകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് പ്രസിഡന്റ്, സെക്രട്ടറി, ട്രഷ റർ, രണ്ട് വൈസ് പ്രസിഡന്റുമാർ, ജോയിന്റ് സെക്രട്ടറി എന്നീ ഭാരവാഹികളോ ടൊപ്പം ആകെ 11 ൽ കുറയാതെയും 17 ൽ കൂടാതെയും അംഗങ്ങൾ ഉൾപ്പെടുന്ന ഒരു ഭരണസമിതിയെ ശാഖാ അംഗങ്ങളിൽ നിന്നും തിരഞ്ഞെടുക്കേണ്ടതാണ്. ശാഖാ സമിതിയുടെ കാലാവധി മൂന്ന് വർഷമായിരിക്കും. വൈസ് പ്രസിഡന്റു മാരിൽ ഒരാൾ വനിത ആയിരിക്കണം (79.3).

ഓരോ പുതിയ ശാഖയും രജിസ്റ്റർ ചെയ്യുവാൻ നിശ്ചിത ഫോറത്തിൽ 100 രൂപ രജിസ്ട്രേഷൻ ഫീസും വർക്കിംഗ് കമ്മിറ്റി നിശ്ചയിച്ചിരിക്കുന്ന ബുള്ള റ്റിൻ ഫീസും ഉൾപ്പെടെ ബന്ധപ്പെട്ട രൂപത സമിതി വഴി വർക്കിംഗ് കമ്മിറ്റിക്ക് അപേക്ഷ നൽകണം. വർക്കിംഗ് കമ്മിറ്റിയുടെ അംഗീകാരത്തിനു ശേഷം രജി സ്റ്റേർഡ് കാര്യാലയത്തിൽ നിന്ന് ഓരോ ശാഖയ്ക്കും രജിസ്റ്റർ നമ്പറും സർട്ടി ഫിക്കറ്റും നൽകുന്ന തീയതി മുതൽ ശാഖ പ്രാബല്യത്തിൽ വരുന്നതുമാണ് (80.2).

ഓരോ ശാഖയിലെയും പ്രസിഡന്റും സെക്രട്ടറിയും ട്രഷററും ഉപകൃത്തു ക്കളും രൂപത പ്രതിനിധി സഭയിൽ അംഗങ്ങളായിരിക്കുന്നതാണ്. എന്നാൽ ശാഖ യിലെ അംഗസംഖ്യ 50 ൽ കുറവായാൽ പ്രത്യേക അനുവാദം കേന്ദ്ര വർക്കിംഗ് കമ്മിറ്റിയിൽ നിന്ന് നേടേണ്ടതാണ് (83.1).

അംഗത്വ ഫീസായി ശാഖകൾക്ക് ലഭിക്കുന്ന 50 രൂപയിൽ 25 രൂപ ശാഖയ്ക്കും 5 രൂപ ഫൊറോനയ്ക്കും 10 രൂപാ വീതം രൂപതയ്ക്കും കേന്ദ്രസമിതിക്കുമുള്ള വിഹിതങ്ങൾ ആയിരിക്കും (83.3).

ശാഖകളുടെ പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ മറ്റു ഭാരവാഹികൾ എന്നിവ രുടെയും 67.2 വകുപ്പിൽ പറയുന്ന 25 ന് ഒന്ന് എന്ന തോതിൽ പ്രതിനിധികളു ടെയും തിരഞ്ഞെടുപ്പ് മൂന്ന് വർഷത്തിലൊരിക്കൽ കത്തോലിക്ക കോൺഗ്രസ്സ് തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം ചെയ്യുന്ന തീയതിക്ക് നടത്തി ലിസ്റ്റ് നിർദ്ദേശാനുസരണം രൂപത സമിതി സെക്രട്ടറിക്കും രജിസ്റ്റേർഡ് കാര്യാലയത്തി ലേക്കും അയച്ചുകൊടുക്കേണ്ടതുമാകുന്നു. ഉപകൃത്തുക്കളുടെ ലിസ്റ്റും ഇതോ

ടൊപ്പം അയയ്ക്കേണ്ടതാണ് (107.1).

## ശാഖ പൊതുയോഗം

പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുവാനുള്ള യോഗം തിരഞ്ഞെടുപ്പു വർഷം കത്തോലിക്ക കോൺഗ്രസ്സ് തിരഞ്ഞെടുപ്പ് വിജ്ഞാപനം അനുസരിച്ചാണ് കൂടേണ്ടത് (108.1). ശാഖ പൊതുയോഗത്തിന്റെ ക്വാറം പത്തോ, ആകെയുള്ള അംഗങ്ങളുടെ 10 ശതമാനമോ ഇതിൽ ഏതാണോ കുറവ് അത് ആയിരിക്കുന്നതാണ് (108.2). പൊതുയോഗത്തിൽ ഹാജരാകുന്ന അംഗങ്ങൾ ഹാജർ പുസ്തകത്തിൽ ഒപ്പു വച്ച് ഹാജർ രേഖപ്പെടുത്തേണ്ടതാണ് (108.5).

AKCC സംഘടനയുടെ ഇലക്ഷനിലും പ്രവർത്തനങ്ങളിലും ബഹു. വൈദികരുടെ സവിശേഷമായ ശ്രദ്ധയുണ്ടാകേണ്ടതാണ്. സഹകരണം പ്രതീക്ഷിച്ചു കൊണ്ട്,

ചങ്ങനാശേരി
17/12/2020

**ഫാ. ജോസ് മുകളേൽ**
(AKCC അതിരൂപത ഡയറക്ടർ)

**വർഗീസ് ആന്റണി**
(അതിരൂപത പ്രസിഡന്റ്)

**രാജേഷ് ജോൺ**
(അതി. ജനറൽ സെക്രട്ടറി)

**സിബി മുക്കാടൻ**
(ട്രഷറർ)

## അറിയിപ്പുകൾ

കത്തോലിക്ക കോൺഗ്രസ് ചങ്ങനാശേരി അതിരൂപതാതല തെരഞ്ഞെടുപ്പു നടപടികൾക്കായി വരണാധികാരിയായി അതിരൂപത ഡയറക്ടർ ഫാ. ജോസ് മുകളേൽ, ഉപവരണാധികാരിയായി അഡ്വ. ജോജി ചിറയിൽ എന്നിവരെ നിയമിച്ചിരിക്കുകയാണ്.

കത്തോലിക്ക കോൺഗ്രസിന്റെ നിലവിലുള്ള ശാഖകളിലും, പുതിയതായി ശാഖകൾ ആരംഭിക്കുന്ന ഇടവകകളിലും അംഗത്വവിതരണവും ശാഖാ തെരഞ്ഞെടുപ്പും 2021 ജനുവരി 3 മുതൽ 24 വരെ തീയതികളിൽ നടത്തേണ്ടതാണ്.

അതിരൂപത കേന്ദ്ര ഓഫീസിൽ നേരിട്ടെത്തി ശാഖാ അഫിലിയേഷൻ നടത്തുന്നതിന് കോവിഡ്-19 പശ്ചാത്തലത്തിൽ ഓരോ ഫൊറോനകളിലേയും യൂണിറ്റുകൾക്ക് താഴെ പറയുന്ന വിധത്തിലാണ് സമയക്രമീകരണം നടത്തിയിരിക്കുന്നത്:

**2021 ജനുവരി 25 തിങ്കൾ**

10 am മുതൽ - ആലപ്പുഴ,
എടത്വാ ഫൊറോനകൾ

2 pm മുതൽ - ചമ്പക്കുളം
പുളിങ്കുന്ന് ഫൊറോനകൾ

**2021 ജനുവരി 26 ചൊവ്വാ**

10 am മുതൽ - നെടുംകുന്നം
മണിമല ഫൊറോനകൾ

2 pm മുതൽ - കോട്ടയം, കുടമാളൂർ
അതിരമ്പുഴ ഫൊറോനകൾ

**2021 ജനുവരി 27 ബുധൻ**

10 am മുതൽ - കുറുമ്പനാടം
തുരുത്തി ഫൊറോനകൾ

2 pm മുതൽ - തൃക്കൊടിത്താനം
ചങ്ങനാശേരി ഫൊറോനകൾ

**2021 ജനുവരി 28 വ്യാഴം**

10 am മുതൽ - കൊല്ലം ആയൂർ ഫൊറോന

2 pm മുതൽ - തിരുവനന്തപുരം ഫൊറോന

5 pm മുതൽ - അമ്പൂരി ഫൊറോന

## വാർത്തകൾ

കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശേരി അതിരൂപത സമ്പൂർണ്ണ നേതൃസമ്മേളനം 13/02/2020 ചേർന്നു. അടുത്ത തിരഞ്ഞെടുപ്പിന്റെ തിയതികൾ നിർദേശിച്ചു. ഡിസംബർ 22നു കർഷക സമരത്തിനു പിന്തുണ സമരം നടത്തുവാൻ തീരുമാനിച്ചു.

കത്തോലിക്കാ കോൺഗ്രസിന്റെ അതിരൂപത എക്സിക്യൂട്ടീവും, ഫൊറോനാ പ്രസിഡൻറുമാരുടെ യോഗവും ഡിസംബർ 17 നു പ്രസിഡന്റ് വർഗീസ് ആന്റണിയുടെ അദ്ധ്യക്ഷതയിൻ ചേർന്നു. ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൻ തിരുവന്തപുരത്ത് നടക്കുന്ന കർഷക സമരത്തിന്റെ പിന്തുണ സമരത്തിൽ കഴിയുന്നത്ര അംഗങ്ങൾ പങ്കെടുക്കണമെന്ന് യോഗം നിർദേശിച്ചു. പുതിയ ഇലക്ഷൻ നടത്തിപ്പിനായി ബോർഡിനെ തിരഞ്ഞെടുക്കുവാൻ ഡയറക്ടർ .പ്രസിഡൻറ്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നിവരെ യോഗം ചുമതലപ്പെടുത്തി.

തിരുവന്തപുരത്ത് ഡിസംബർ 19 നു സെക്രട്ടറിയേറ്റിനു മുമ്പിൽ ഗ്ലോബ്ബൽ സമിതിയുടെ നേതൃത്വത്തിൽ നടന്ന കർഷക സമരജ്വാലയിൽ അതിരൂപതയിൽ നിന്നും പ്രതിനിധികൾ പങ്കെടുക്കുകയും പ്രസിഡന്റ്, ജനറൽ സെക്രട്ടറി എന്നിവർ പ്രസംഗിച്ചു.

കോട്ടയം രാജ്യത്ത് കർഷകർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന നാമമാത്ര ആനുകൂല്യങ്ങൾപോലും കവർന്നെടുത്ത് കർഷകരെ പെരുവഴിയിലാക്കുന്ന കേന്ദ്ര നിയമങ്ങൾ പിൻവലിക്കണമെന്ന് കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശേരി അതിരൂപതാ സമിതി ആവശ്യപ്പെട്ടു. രാജ്യത്തെ പൊതുവിതരണ സമ്പ്രദായത്തെ പാടെ തകർത്ത് ആവശ്യ വസ്തുക്കളുടെ ഉൽപാദന സംഭരണ വിതരണത്തിൽ കോർപ്പറേറ്റുകൾക്ക് അവകാശം നല്കുന്ന നടപടി ഉപേക്ഷിക്കണം. രാജ്യത്തെ കർഷകരുടെ പ്രതിഷേധം അവഗണിക്കുന്ന കേന്ദ്ര സർക്കാർ നടപടി ചെറുക്കപ്പെടേണ്ടതാണ് കർഷകദ്രോഹ നിയമങ്ങൾ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കോട്ടയം ഹെഡ് പോസ്റ്റ് ഓഫീസ് പടിക്കൽ നടത്തിയ കർഷക ഐക്യദാർഢ്യ സംഗമവും ജ്വാല തെളിക്കലും കത്തോലിക്കാ കോൺഗ്രസ് അതിരൂപത പ്രസിഡന്റ് വർഗീസ് ആന്റണി ഉദ്ഘാടനം ചെയ്തു. അതിരൂപത വൈസ് പ്രസിഡന്റ് സൈബി അക്കര അദ്ധ്യക്ഷത വഹിച്ചു. അതിരൂപത ജനറൽ സെക്രട്ടറി രാജേഷ് ജോൺ, സിബി മുക്കാടൻ.ജോയി പാറപ്പുറം, ഷെയിൻ ജോസഫ്, പി.പി.ജോസഫ്, ഷാജി വർക്കി, സിബി മുലങ്കുന്നം, സേവ്യർ കൊണ്ടോടി, കുഞ്ഞ് കളപ്പുര, ജോബിൻ ജോസഫ്, ചെറിയാൻ ചാലത്തിങ്കൽ, സാബു എട്ടുമൂല, എബിൻ ആയിരപ്പറ, സെബാസ്റ്റ്യൻ തെക്കേക്കര, തങ്കച്ചൻ പോളയ്ക്കൽ, ജോമോൻ കാട്ടുപറമ്പിൽഎന്നിവർ പ്രസംഗിച്ചു.

അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് നവംബർ 8-ാം തീയതി ഞായറാഴ്ച ദൈവാലയങ്ങളിൽ വായിക്കാനായി നൽകിയ സർക്കുലറിലെ ആഹ്വാനപ്രകാരം അതിരൂപതയിലെ എല്ലാ ഇടവകകളിലും **'ദീപിക തീവ്ര പ്രചാരണമാസാചരണം'** വളരെ ഉത്സാഹത്തോടെ പുരോഗമിക്കുന്നത് കാണുമ്പോൾ ഏറെ സന്തോഷം. തീക്ഷണതയോടെ അതിന് നേതൃത്വത്തെ നൽകുന്ന ബഹു. വികാരിയച്ചന്മാർക്കും കുടുംബകൂട്ടായ്മ ആനിമേറ്റർ സിസ്റ്റേഴ്സിനും ഏറെ ത്യാഗത്തോടെ പ്രവർത്തിക്കുന്ന എല്ലാ അൽമായ സഹോദരങ്ങൾക്കും പ്രത്യേകം അഭിനന്ദനം.

## 1. ജനുവരിമാസം - ദീപിക തീവ്ര പ്രചാരണത്തിനായി

DFC അതിരൂപതാസമിതിയും ഫൊറോനാ ഡയറക്ടർ അച്ചന്മാരും ഡിസംബർ മാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തിയപ്പോൾ ഉയർന്ന ആവശ്യം പല ഇടവകകളിലും പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നതേയുള്ളു എന്നാണ്. ഈ പശ്ചാത്തലത്തിൽ ജനുവരിമാസം കൂടി ദീപിക പ്രചാരണത്തിനായി മാറ്റിവയ്ക്കുവാൻ അഭിവന്ദ്യ പിതാക്കന്മാരോട് ആവശ്യപ്പെടുകയും അഭിവന്ദ്യ പിതാക്കന്മാർ ജനുവരിമാസം കൂടി പ്രചാരണപ്രവർത്തനങ്ങൾക്കായി മാറ്റിവച്ചു കൊണ്ട് കൂടുതൽ വേഗത്തിൽ ഓരോ ഇടവകകളിലും പരമാവധി സർക്കുലേഷൻ വർദ്ധിപ്പിക്കുവാൻ ആഹ്വാനം ചെയ്തു. ജനുവരിമാസം ദീപിക പ്രചാരണ പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കാൻ നമുക്ക് പരിശ്രമിക്കാം.

## 2. ദീപിക തീവ്ര പ്രചാരണത്തിനായി ഫലപ്രദമായ 5 കർമ്മ പരിപാടികൾ

1. ബഹു വികാരിയച്ചന്റെ ബോധവൽക്കരണം
2. പാരിഷ് കൗൺസിൽ - കുടുംബക്കൂട്ടായ്മ ഇടവകതല നേതൃനിര സംഗമവും ദീപിക പ്രചാരണ തുടക്കം - തുടർ ഫോളോഅപ്പ്
3. കൂട്ടായ്മ ലീഡേഴ്സിന്റെ നേതൃത്വത്തിൽ ഭവന സന്ദർശനം.
4. പത്രവിതരണ ഏജന്റ് മീറ്റ് (പുതിയ ഏജന്റിനെ കണ്ടെത്തൽ - ആവശ്യമെങ്കിൽ)
5. കുടുംബക്കൂട്ടായ്മ ആനിമേറ്റർ സിസ്റ്റേഴ്സ്, DFC ഭാരവാഹികൾ എന്നിവരുടെ നേതൃത്വത്തിൽ ഫോളോഅപ്പ്

## 3. ജനുവരിമാസം ഫൊറോനാ ഭാരവാഹികളുടെ കൺവൻഷൻ, ജനുവരി 24 ഞായർ

ഭൂരിപക്ഷം ഫൊറോനാകളിലും DFC ഫൊറോനാസമിതികൾ രൂപം കൊണ്ടു. ഫൊറോനാ ഡയറക്റ്റർ അച്ചന്മാർക്ക് അഭിനന്ദനം. ഇനി തെരഞ്ഞെടുപ്പ് നടത്താനുള്ള ഫൊറോനകളിൽ ജനുവരി 17 നു മുമ്പ് ഫൊറോനാ ഭാരവാഹികളെ നേരിട്ടോ, ഓൺലൈനായോ തെരഞ്ഞെടുക്കേണ്ടതാണ്. ജനുവരി 24 ന് ഫൊറോനാ ഭാരവാഹി കൺവൻഷൻ ഓൺലൈനായി നടത്തുന്നതാണ്.

### 4. ഫൊറോനാ സമിതിയുടെ യൂണിറ്റ് സന്ദർശനങ്ങൾ

ഫൊറോനാ ഡയറക്റ്റർ അച്ചന്മാരുടെ നേതൃത്വത്തിൽ ഫൊറോനാ സമിതി ജനുവരി 17ണ് മുമ്പ് യൂണിറ്റ് സന്ദർശനങ്ങൾ പൂർത്തിയാക്കേണ്ടതാണ്.

### 5. അതിരൂപത ടീമിന്റെ ഫൊറോന സന്ദർശനങ്ങൾ

അതിരൂപതാ ടീം ഫൊറോനാ ഭാരവാഹികളുമായുള്ള സംഗമം ജനുവരി മാസം ക്രമീകരിക്കുന്നതാണ്.

ജനുവരിമാസം ഓരോ ഇടവകളിലും ദീപിക തീവ്ര പ്രചാരണ മാസ കർമ്മ പദ്ധതികൾ പൂർത്തിയാക്കാനും ഓരോ ഇടവകയും സമ്പൂർണ്ണ ദീപിക കൂട്ടായ്മയാക്കാനും നമുക്ക് പരിശ്രമിക്കാം. നമ്മുടെ പരിശ്രമങ്ങൾക്ക് ദൈവം ഫലം നൽകട്ടെ.


**ആന്റണി തോമസ് മലയിൽ**
*ഫോൺ: 9446342561*
**ആൻസി മാത്യു ചേന്നോട്ട്**
*ഫോൺ: 9447390669*
*(പ്രസിഡന്റുമാർ)*

**സണ്ണി പുളിങ്കാലായിൽ**
*ഫോൺ: 9072725164*
**പരിമൾ ആന്റണി അറയ്ക്കത്തറ**
*ഫോൺ: 9495393890*
*(ജന:സെക്രട്ടറിമാർ)*

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
*(അതിരൂപത ഡയറക്ടർ)*
*ഫോൺ: 9447432531*


---

ഇടവകകളിൽ ദീപിക ഡ്രീംലൈൻ വർക്ക് നടത്താൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക. **വർഗീസ് ഡൊമിനിക്, 9400390539**
**കോര സി., 9349559915**

## ദലിത് ക്രൈസ്തവ വിദ്യാർഥികളുടെ ആനുകൂല്യങ്ങൾ: മുഖ്യമന്ത്രിക്ക് നിവേദനം നല്കി

ദലിത് ക്രൈസ്തവ വിദ്യാർഥികൾക്കു ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട സ്കൂൾ വിദ്യാർഥികൾക്കു ലഭിക്കുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ പൂർണമായി ലഭ്യമാക്കണമെന്ന ആവശ്യം അനുഭാവപൂർവം പരിഗണിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. വിവിധ ആവശ്യങ്ങളുന്നയിച്ചു കെസിബിസി എസ്സി/എസ്ടി/ബിസി കമ്മീഷൻ ചെയർമാൻ ബിഷപ് മാർ ജേക്കബ് മുരിക്കന്റെ നേതൃത്വത്തിൽ തന്നെ സന്ദർശിച്ച നിവേദക സംഘവുമായി ക്ലിഫ് ഹൗസിൽ നടത്തിയ ചർച്ചയിലാണ് മുഖ്യമന്ത്രി ഇക്കാര്യം പറഞ്ഞത്.

പ്രീമെട്രിക് സ്കോളർഷിപ് ദലിത് ക്രൈസ്തവ വിദ്യാർഥികൾക്കും ലഭ്യമാക്കുക, മാനേജ്മെന്റ് ക്വോട്ടയിൽ പ്രവേശനം ലഭിക്കുന്ന ദലിത് ക്രൈസ്തവ വിദ്യാർഥികൾക്കും വിദ്യാഭ്യാസ ആനുകൂല്യം ലഭ്യമാക്കുക, ദളിത് ക്രൈസ്തവ വിദ്യാർഥികൾ നേരിടുന്ന മറ്റു പ്രശ്നങ്ങളിൽ അടിയന്തര സർക്കാർ ഇടപെടൽ നടത്തുക തുടങ്ങിയ ആവശ്യങ്ങളടങ്ങിയ നിവേദനം മുഖ്യമന്ത്രിക്കു നൽകി.

കെസിബിസി എസി/എസ്ടി/ബിസി കമ്മീഷൻ സെക്രട്ടറി ഫാ. ഡി. ഷാജ്കുമാർ, ഡിസിഎംഎസ് സംസ്ഥാന പ്രസിഡന്റ് ജയിംസ് ഇലവുങ്കൽ എന്നിവരും നിവേദക സംഘത്തിലുണ്ടായിരുന്നു.

## ദലിത് ക്രൈസ്തവ വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ: കെസിബിസി എസ്സി/എസ്റ്റി/ബിസി കമ്മീഷൻ മുഖ്യമന്ത്രിക്ക് നിവേദനം സമർപ്പിച്ചു

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട സ്കൂൾ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന പ്രീ-മെട്രിക് സ്കോളർഷിപ്പ് ദലിത് ക്രൈസ്തവ വിദ്യാർത്ഥികൾക്കും ലഭ്യമാക്കുക, പരിവർത്തിത ക്രൈസ്തവവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് എയ്ഡഡ് കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്നതിന് സർക്കാർതലത്തിൽ സംവരണം ലഭിക്കാത്തതിനാൽ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മാനേജ്മെന്റ് ക്വോട്ടായിലൂടെയാണ് പ്രവേശനം ലഭിക്കുന്നത്. സാമ്പത്തികമായി ഏറെ പിന്നോക്കം നിൽക്കുന്ന ഈ വിഭാഗത്തിന്റെ ആനുകൂല്യങ്ങൾ തന്മൂലം നിഷേധിക്കുന്ന ഉത്തരവിലെ ഭാഗം നീക്കം ചെയ്ത് മാനേജ്മെന്റ് ക്വോട്ടയിൽ പ്രവേശനം ലഭിച്ചാലും വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭിക്കണം തുടങ്ങിയ ആവശ്യങ്ങളും ദലിത് ക്രൈസ്തവ വിദ്യാർത്ഥികൾ നേരിടുന്ന മറ്റ് പ്രശ്നങ്ങളിൽ അടിയന്തിരമായി സർക്കാർ ഇടപെടൽ ഉണ്ടാവണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കെസിബിസി എസ്സി/എസ്റ്റി/ബിസി കമ്മീഷൻ ബഹു. കേരള മുഖ്യമന്ത്രി പിണറായി വിജയന് നിവേദനം സമർപ്പിച്ചു.

ബന്ധപ്പെട്ട വകുപ്പുകളുമായി സംസാരിച്ച് പ്രശ്നപരിഹാരത്തിനാവശ്യമായ നടപടികൾ കൈക്കൊള്ളാമെന്ന് ബഹു. മുഖ്യമന്ത്രി ഉറപ്പ് നൽകി.

കെസിബിസി എസ്‌സി/എസ്റ്റി/ബിസി കമ്മീഷൻ ചെയർമാൻ മാർ ജേക്കബ് മുരിയ്ക്കൻ, സെക്രട്ടറി ഫാ. ഡി. ഷാജ്കുമാർ, ഡി.സി.എം.എസ്. സംസ്ഥാന പ്രസിഡന്റ് ജെയിംസ് ഇലവുങ്കൽ എന്നിവർ നിവേദനസംഘത്തിന് നേതൃത്വം നൽകി.

## കെസിബിസി എസ്‌സി/എസ്റ്റി/ബിസി കമ്മീഷന്റെ ആഭിമുഖ്യത്തിൽ കിഡ്ഫനി ആർട്ട് ഉദ്ഘാടനം ചെയ്തു.

സംഗീതത്തിൽ വാസനയുള്ള 5, 6, 7 ക്ലാസുകളിൽ പഠിക്കുന്ന ദലിത് കത്തോലിക്കാ വിദ്യാർത്ഥി-വിദ്യാർത്ഥിനികളെ വിദഗ്ദപരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ കെസിബിസി എസ്‌സി/എസ്റ്റി/ബിസി കമ്മീഷന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന കിഡ്ഫനി ആർട്ട് 2020 ഡിസംബർ 18-ന് രാവിലെ 11 മണിക്ക് തിരുവനന്തപുരം മലങ്കര മേജർ അതിരൂപത ആസ്ഥാനത്തുവച്ച് കർദ്ദിനാൾ ബസേലിയോസ് മാർ ക്ലിമിസ് ബാവ ഉദ്ഘാടനകർമ്മം നിർവഹിച്ചു. കമ്മീഷൻ വൈസ് ചെയർമാൻ റൈറ്റ് റവ. ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ അദ്ധ്യക്ഷതവഹിച്ചു. ചെയർമാൻ മാർ ജേക്കബ് മുരിയ്ക്കൻ ആമുഖസന്ദേശം നൽകി. എസ്.എച്ച് സുപ്പീരിയർ ജനറൽ റവ. സി. അൽഫോൻസ് തോട്ടുങ്കൽ, റവ. ഫാ. ജോൺ അരീക്കൽ, ഡിസിഎംഎസ് സംസ്ഥാന പ്രസിഡന്റ് ജെയിംസ് ഇലവുങ്കൽ എന്നിവർ സന്ദേശം നൽകി. സംസ്ഥാന ഡയറക്ടർ റവ. ഫാ. ഷാജ്കുമാർ സ്വാഗതവും ഡിസിഎംഎസ് സംസ്ഥാന സെക്രട്ടറി എൻ. ദേവദാസ് കൃതജ്ഞതയും രേഖപ്പെടുത്തി.

5, 6, 7 ക്ലാസുകളിൽ പഠിക്കുന്ന സംഗീതവാസനയിൽ കഴിവുള്ള ദലിത് കത്തോലിക്കാ വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ 2021 ജനുവരി 10 ന് മുൻപ് 9847887580 എന്ന നമ്പരിൽ വിളിക്കേണ്ടതാണ്.

## സ്കോളർഷിപ്പു വിതരണം

KCBC/SC/ST/BC കമ്മീഷന്റെയും SDVS (സീറോ മലബാർ ദലിത് വികാസ് സൊസൈറ്റി)ന്റെയും ആഭിമുഖ്യത്തിലുള്ള സ്കോളർഷിപ്പുകൾ 19.12.2020 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 4.30 നു സന്ദേശനിലയം ഹാളിൽ നടന്ന യോഗത്തിൽ വച്ച് അഭി. പിതാവു മാർ ജോസഫ് പെരുന്തോട്ടം വിതരണം ചെയ്തു. അതി. പ്രസിഡന്റ് ജെയിംസ് ഇലവുങ്കൽ അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ സെക്രട്ടറി മാത്യു ജോസഫ്, വൈ. പ്രസിഡന്റ് സിജോ ജേക്കബ് DCYL പ്രസിഡന്റ് ഷൈജു ജോസഫ്, സെക്രട്ടറി ജിബിൻ സാബു എന്നിവർ പങ്കെടുത്തു. 25 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുകയുണ്ടായി. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുള്ള സമ്മേളനം 5.30 p.m. നു സമാപിച്ചു.

**മാത്യു ജോസഫ്**
(ജ. സെക്രട്ടറി)

**ഫാ. ജോൺസൺ ചാലയ്ക്കൽ**
(ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായസഭ
## FRANCISCAN ALMAYA SABHA

*(Secular Franciscan Order - SFO)*
''സമാധാനം - സൗഭാഗ്യം''

പ്രിയ സഹോദരീ സഹോദരന്മാരേ,

നാം പുതിയ ആരാധനവർഷത്തിലെ പിറവിക്കാലത്തിലേയ്ക്ക് പ്രവേശിച്ചല്ലോ. ലോകത്തിലെ സകല മനുഷ്യരുടേയും രക്ഷയ്ക്ക് ദൈവം വാഗ്ദാനം ചെയ്ത രക്ഷകൻ ദൈവം മനുഷ്യനായി പിറന്ന കാലം! 'എന്തെന്നാൽ അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു (യോഹ. 3:16). നമ്മുടെ രക്ഷയ്ക്കുവേണ്ടിയും പാപംമൂലം നഷ്ടപ്പെടുത്തിയ ദൈവപുത്രസ്ഥാനം തിരികെത്തരാൻവേണ്ടിയുമായിരുന്നു മനുഷ്യാവതാരം. മിശിഹായുടെ ആഗമനത്തോടുകൂടി നാം നിയമങ്ങളിൽനിന്നും സ്വതന്ത്രരായി ദൈപുത്രരായിത്തീർന്നിരിക്കുന്നു. നാം അബ്രഹാത്തിന്റെ സന്തതികളും വാഗ്ദാനത്തിന് അവകാശികളുമായിത്തീർന്നിരിക്കുന്നു. മാമ്മോദീസായിലൂടെ നാം മിശിഹായെ ധരിച്ചിരിക്കുന്നു, മിശിഹായിൽ ഒരു ശരീരമായിരിക്കുന്നു. നാം ഇനിമേൽ മിശിഹായുടെ ആത്മാവിനെ സ്വീകരിച്ച് ദൈവത്തെ ആബാ പിതാവേ എന്നു വിളിക്കുന്ന ദൈവമക്കളുടെ പദവിയിൽ എത്തിയിരിക്കുന്നു.

ഈ പദവി അനുഭവിച്ചറിഞ്ഞ് ജീവിച്ച് നമ്മുടെ സഭയെ സ്ഥാപിച്ച് നമ്മെ നയിക്കുന്ന വിശുദ്ധ ഫ്രാൻസിസ് അസ്സീസിയെ മാതൃകയാക്കാം, പിതാവിന്റെ വാക്കുകൾ അനുസരിക്കാം. കുടുംബജീവിതം ഉപേക്ഷിക്കാതെ കുടുംബാംഗങ്ങളോടുകൂടി താമസിച്ചുകൊണ്ട് ക്രിസ്തീയ പൂർണ്ണതപ്രാപിക്കുവാൻ പോരുന്ന ജീവിതമാതൃക ലഭിക്കാൻ മൂന്നാംസഭ സ്ഥാപിച്ച് നമ്മെ നയിക്കുന്ന പരിശുദ്ധ പിതാവിനെ ആശ്രയിക്കാം. വിശുദ്ധ ഫ്രാൻസിസ് പിതാവിനൊപ്പം സഭയെ സ്നേഹിക്കുകയും സ്നേഹിക്കുകയും അംഗമാകുകയും ചെയ്ത വിശുദ്ധ ക്ലാര പുണ്യവതിയുടെ എളിമയും ദാരിദ്ര്യനിഷ്ഠയും ഉപവിപ്രവർത്തനങ്ങളും മറ്റുള്ളവരെ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുന്നതിന് തന്റെ രോഗാവസ്ഥയെപോലും മറന്നു പ്രവർത്തിച്ചതും നമുക്കും മാതൃകയാക്കാം. അവരെ എല്ലാം അന്വേഷിച്ചു കണ്ടെത്താം!

വിശുദ്ധ ഫ്രാൻസിസിന്റെ ഒരു പ്രാർത്ഥന നമുക്കും മാതൃകയാക്കാം. ഒരു തീർത്ഥയാത്ര കഴിഞ്ഞു ക്ഷീണിച്ച് അവശനായ പുണ്യവാൻ പോർസ്യുങ്കുലായിലെ മാലാഖമാരുടെ രാജ്ഞിയുടെ പള്ളിയിൽ പ്രവേശിച്ച് സാഷ്ടാംഗം പ്രണാമം ചെയ്തു പ്രാർത്ഥിച്ചു 'എന്റെ നല്ല അമ്മേ ഇവിടെ സ്ഥാപിതമായ എളിയ സഹോദരസഭയുടെ കാര്യത്തിൽ ഞാൻ വിഷമിക്കുകയാണ്. അതിനാൽ അമ്മതന്നെ ഈ എളിയസഭയുടെ ഭരണം കൈയേൽക്കണമേ ബലഹീനമായ എന്റെ മുഴുവൻ ഉപയോഗിച്ചു യാചിക്കുന്ന മാലാഖമാരുടെ രാജ്ഞി അങ്ങ് ഈ സന്യാസസഭയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥയാകണമേ.'

അതുപോലെ നമുക്കും നമുക്കുള്ളതെല്ലാം ദൈവമാതാവിന്റെ പക്കൽ സമർപ്പിക്കാം വിജയം വരിക്കാം. എല്ലാ സഭാംഗങ്ങൾക്കും പുതുവർഷത്തിന്റെ മംഗങ്ങളും പ്രാർത്ഥനകളും അർപ്പിക്കുന്നു.

## നിര്യാതരായി

എടത്വാ സെന്റ് ജോർജ്ജ് ഭ്രാതൃത്വ അംഗം ശ്രീമതി കത്രീനാ മത്തായി. വാഴപ്പള്ളി ഗദ്സമനി ആശ്രമ ഭ്രാതൃത്വ അംഗം ശ്രീമതി ത്രേസ്യാമ്മ ജോബ് കല്ലുകളം, തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഭ്രാതൃത്വാംഗം ശ്രീമതി ഏലിയാമ്മ ഫ്രാൻസിസ് വേലിത്തുരുത്തേൽ. നമ്മെ വിട്ടുപിരിഞ്ഞ സഹോദരങ്ങൾക്ക് നിത്യശാന്തി ലഭിക്കുന്നതിനായി നമുക്കു പ്രാർത്ഥിക്കാം.

**ബ്ര. പി.സി. ജോസഫ് വലിയപറമ്പിൽ**
SFO അതിരൂപത പ്രസിഡന്റ്

**ഫാ. മൈക്കിൾ പറൂശ്ശേരിൽ** OFM Cap.
SFO അതിരൂപത സ്പിരിച്ച്വൽ അസിസ്റ്റന്റ്

*നിനക്കു ചെയ്യാൻ കഴിവുള്ള നന്മ, അതു ലഭിക്കാൻ*
*അവകാശമുള്ളവർക്കു നിഷേധിക്കരുത്* (സുഭാ. 3:27).

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളെ,

പുത്തൻ പ്രതീക്ഷകളുയർത്തി ഒരു പുതുവർഷംകൂടി ആഗതമായിരിക്കുകയാണ്. ആഹ്ലാദാരവത്തോടെ ലോകം പുതുവർഷത്തെ വരവേല്ക്കുമ്പോഴും സാധാരണ നിലയിലേക്ക് നമുക്ക് എന്നു മടങ്ങിയെത്താൻ സാധിക്കും എന്ന ഉത്ക്കണ്ഠ നിലനിൽക്കുന്നു. കോവിഡ് 19 എന്ന മഹാമാരിയിൽനിന്നും മാനവരാശിയെ രക്ഷിക്കുവാൻ ശാസ്ത്രത്തിനു നിസാരമായി സാധിക്കും എന്ന വിശ്വാസത്തിനു മങ്ങലേറ്റിരിക്കുന്നു. പ്രളയവും പ്രകൃതിദുരന്തങ്ങളും മഹാമാരിയുമൊക്കെ സമ്പന്നന്റെയും ദരിദ്രന്റെയും സുരക്ഷിതത്വം ഒരുപോലെ അനിശ്ചിതമാണെന്ന് നമുക്ക് വ്യക്തമാക്കിത്തരുന്നു. ഒതുങ്ങിയും ഒറ്റപ്പെട്ടും ജീവിക്കേണ്ടിവന്ന സാഹചര്യം പലരിലും വലിയ മാനസിക പ്രശ്നങ്ങൾക്കു കാരണമായതായി നമുക്കേവർക്കും അറിവുള്ളതാണല്ലോ. കോവിഡ് കാലം ആത്മഹത്യാ നിരക്കിൽ ക്രമാതീതമായ വർദ്ധനവാണ് ഉണ്ടാക്കിയിട്ടുള്ളത്. പങ്കുവയ്ക്കലിന്റെ പ്രാധാന്യം നമുക്കറിയാമെങ്കിലും പ്രായോഗികതലത്തിൽ അതിനു സാധിക്കുന്നില്ല എന്നതാണു സത്യം. കുടുംബബന്ധങ്ങളിൽ ഉണ്ടാവേണ്ട ഊഷ്മളത, പലപ്പോഴും ഉണ്ടാക്കിയെടുക്കുവാൻ കഴിയുന്നില്ല എന്നതും പലരുടെയും പരാജയങ്ങൾക്കു കാരണമാകുന്നു. സമൂഹവുമായി ഏറ്റവും ഇടപഴകി പ്രവർത്തിക്കുന്ന സംഘടന എന്നനിലയിൽ നമ്മുടെ ചുറ്റുപാടുകളെപ്പറ്റി തികഞ്ഞ അവബോധം നമുക്കുണ്ടാവണം. മാതൃകാപരമായി ജീവിക്കുന്നതോടൊപ്പം, മാർഗ്ഗനിർദ്ദേശങ്ങളും തിരുത്തലുകളും ആവശ്യമുള്ളിടത്ത് നല്കുവാനും നമുക്കു കഴിയണം. ഭവനസന്ദർശനം എന്ന നമ്മുടെ പ്രാഥമിക ഉത്തരവാദിത്വം പണം ശേഖരിക്കുന്നതിലും, വിതരണം ചെയ്യുന്നതിലുമായി പരിമിതപ്പെടുവാൻ പാടില്ല. ഏതെല്ലാം മേഖലകളിലാണോ നമ്മുടെ സഹായവും പിന്തുണയും മറ്റുള്ളവർക്ക് ആവശ്യമെന്നു മനസ്സിലാക്കുവാനും, സാധിക്കുന്ന രീതിയിൽ സഹായിക്കുവാനും നമുക്കു സാധിക്കണം. ഈശോയെപ്പോലെ മനസ്സലിവുള്ളവരാകുവാനും പ്രതിസന്ധികളിൽ പ്രത്യാശയും അസ്വസ്ഥതകളിൽ ആശ്വാസവും പകരുവാനും നമുക്കു കഴിയണം. ഇപ്പോൾ നിലനില്ക്കുന്ന കോവിഡിന്റെ സാഹചര്യം നമ്മുടെ പ്രവർത്തനങ്ങൾ മന്ദീഭവിക്കുവാൻ കാരണമാകരുത്. നമ്മുടെ കരുതലും പരിഗണനയും അർഹിക്കുന്നവർക്ക് അതു നിഷേധിക്കപ്പെടരുത്. യുവജനങ്ങൾ കൂടുതലായി നമ്മുടെ പ്രസ്ഥാനത്തിലേക്ക് കടന്നുവരേണ്ടതിന്റെ ആവശ്യകത ഈ സാഹചര്യം നമുക്കു ബോധ്യമാക്കി തന്നിട്ടുണ്ട്. അതിനുള്ള പരിശ്രമങ്ങൾ എല്ലാ കോൺഫറൻസുകളും നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെയുള്ള കാലയളവ് പരിശുദ്ധ പിതാവ് വിശുദ്ധ യൗസേപ്പിതാവിന്റെ വർഷമായി പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. ശാന്തവും വിശുദ്ധവും നിശബ്ദവും നീതിപൂർവ്വകവുമായ ജീവിതം നയിച്ച ഉത്തമ

കുടുംബനാഥനും കഠിനാധ്വാനിയുമായ വി. യൗസേപ്പ് വിൻസെൻഷ്യൻ എന്ന നിലയിലുള്ള നമ്മുടെ പ്രവർത്തനങ്ങൾക്ക് ഉത്തമമാതൃകയാണ്. അദ്ദേഹത്തെ കൂടുതൽ അറിയാനും അനുകരിക്കാനും ഈ വർഷത്തിൽ നമുക്കു പരിശ്രമിക്കാം.

ലോകം കണ്ട ഏറ്റവും വലിയ കർഷക പ്രക്ഷോഭത്തിന് നമ്മുടെ രാജ്യം സാക്ഷ്യം വഹിക്കുകയാണ്. രാജ്യത്തെ 60% ആളുകളുടെ ജീവനോപാധിയായ കാർഷിക മേഖല നേരിടുന്ന പ്രതിസന്ധികൾ ഏറെയാണ്. ഏറ്റവുമധികം കരുതലും പരിഗണനയും ലഭിക്കേണ്ട ഈ മേഖല ഭരണകർത്താക്കളാൽ ഏറ്റവുമധികം അവഗണിക്കപ്പെടുന്നു എന്നത് വേദനാജനകമാണ്. 'നമുക്ക് എന്തുവേണമെങ്കിലും ഡൗൺലോഡു ചെയ്യാൻ പറ്റുമായിരിക്കും. പക്ഷെ ഭക്ഷണം കഴിക്കണമെങ്കിൽ അതു കർഷകൻ ഉത്പാദിപ്പിച്ചാലേ സാധിക്കൂ' എന്ന ഒരു വാട്സാപ്പ് സന്ദേശം ലഭിച്ചത് ഓർക്കുകയാണ്. നമ്മുടെ സംഘടനാംഗങ്ങളിൽ ഭൂരിഭാഗം പേരും കാർഷിക മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവരാണ്. അവരെയെല്ലാം ഈ അവസരത്തിൽ ഞാൻ അഭിവാദ്യം ചെയ്യുന്നു. കർഷകർക്കുവേണ്ടി ഉറച്ച നിലപാടുകൾ സ്വീകരിക്കുന്ന സഭാനേതൃത്വത്തോടൊപ്പം നമുക്കും അണിചേരാം. മറ്റൊരുകാര്യം ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത് ദീപിക ദിനപത്രത്തിന്റെ പ്രചാരണമാണ്. ദീപിക എന്നത് നമ്മുടെ വികാരമാകണമെന്നും, അതിന്റെ സംരക്ഷണവും നിലനില്പും നമ്മുടെ സമുദായത്തിന്റെ പ്രധാന ഉത്തരവാദിത്വങ്ങളിൽ ഒന്നായി പരിഗണിക്കപ്പെടണമെന്നുമുള്ള അഭിവന്ദ്യ പിതാക്കന്മാരുടെ നിർദ്ദേശം സ്വീകരിച്ച്, എല്ലാ അംഗങ്ങളും ദീപികയുടെ വരിക്കാരാകണമെന്നും അതിന്റെ പ്രചരണത്തിൽ സാധ്യമായ എല്ലാ സഹായങ്ങളും നല്കണമെന്നും അഭ്യർത്ഥിക്കുന്നു.

2019–20 വർഷത്തെ വിഹിതം അടക്കാനുള്ള ഏരിയാ കൗൺസിലുകൾ അത് ഡിസംബർ 31–നകം സെൻട്രൽ കൗൺസിൽ ഓഫീസിൽ എത്തിക്കേണ്ടതാണ്.

കാലാവധി പൂർത്തിയാക്കിയ കോൺഫറൻസ്, ഏരിയാ കൗൺസിൽ പ്രസിഡന്റുമാർ, പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പിനുള്ള നടപടിക്രമങ്ങൾ ഉടനെ ആരംഭിക്കേണ്ടതും, ഉപരികൗൺസിലുകളിൽ നിന്നുള്ള നിരീക്ഷകരുടെ സാന്നിധ്യത്തിൽ തെരഞ്ഞെടുപ്പു നടത്തി റിപ്പോർട്ട് നല്കേണ്ടതുമാണ്.

നന്മനിറഞ്ഞ ഒരു പുതുവത്സരം എല്ലാവർക്കും ആശംസിച്ചുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം,

**ബ്ര. തോമസ് ടി മൂലയിൽ**
സി.സി. പ്രസിഡന്റ്

# അതിരൂപത മാനവവിഭവശേഷി വികസന ട്രസ്റ്റ് [CAHRD]

## സിവിൽ സർവീസ് പരീക്ഷാപരിശീലനം (CCSI)

CAHRD ട്രസ്റ്റിന്റെ സിവിൽ സർവീസ് പരീക്ഷാ പരിശീലനകേന്ദ്രമായ ചങ്ങനാശേരി സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ (CCSI) കോളജ് വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള പാർട്ട്ടൈം കോഴ്സിന്റെ അഞ്ചാം ബാച്ച് പരിശീലനം പൂർത്തിയായി വരുന്നു. ആറാംബാച്ചിന്റെ ഉദ്ഘാടനം 22-12-2020 രാവിലെ 9 മണിക്ക് നടന്നു. വികാരി ജനറാൾ പെ. ബഹു. തോമസ് പാടിയത്ത് ഉദ്ഘാടനം നിർവ്വഹിച്ചു. CCSI ഡയറക്ടർ ഡോ. പി.സി. അനിയൻകുഞ്ഞ് ആമുഖപ്രസംഗം നടത്തി. പ്രോഗ്രാം കോർഡിനേറ്റർ ശ്രീ. നിഖിൽ ജോൺ മാർഗനിർദ്ദേശക്ലാസ് നയിച്ചു. കോവിഡ് കാലത്ത് എല്ലാ CCSI പരിശീലനങ്ങളും ഓൺലൈനായിട്ടാണ് നടത്തിവരുന്നത്. 24.12.20 ന് കഴിഞ്ഞ സിവിൽ സർവീസ് പരീക്ഷയിൽ (2019) 185-ാം റാങ്കിൽ വിജയിച്ച കുമാരി റുമൈസാ ഫാത്തിമാ Toppers Speak പരിപാടിയിൽ സംബന്ധിച്ച് ക്ലാസ് നയിച്ചു. തന്റെ അനുഭവങ്ങൾ പങ്കുവെച്ച് വിദ്യാർത്ഥികളുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകി.

## PSC (LDC) പരിശീലനം (CATICE)

2021 ഫെബ്രുവരിയിൽ നിശ്ചയിച്ചിരിക്കുന്ന 10-ാംതരം PSC പ്രാഥമിക പരീക്ഷയ്ക്കുവേണ്ടിയുള്ള online ക്ലാസ്സുകൾ ഡിസംബർ 2 ബുധനാഴ്ച വൈകുന്നേരം 5.45 ന് ഉദ്ഘാടനം ചെയ്തു. അതിരൂപതാ യുവജനപ്രസ്ഥാനമായ യുവദീപ്തി-SMYM ന്റെ സഹകരണത്തോടെ ട്രസ്റ്റിന്റെ സിവിൽ സർവീസേതര മത്സരപരീക്ഷാ പരിശീലനകേന്ദ്രമായ Changanacherry Archeparchial Training Institute for Competative Examinations (കാറ്റിസ് - CATICE) ആണ് കോഴ്സ് നടത്തുന്നത്. അഭിവന്ദ്യ മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം പിതാവ് കോഴ്സ് ഉദ്ഘാടനം ചെയ്തു. സഹായമെത്രാൻ അഭിവന്ദ്യ മാർ തോമസ് തറയിൽ അദ്ധ്യക്ഷനായിരുന്നു. യുവദീപ്തി ഡയറക്ടർ ബഹു. ഫാ. ജേക്കബ് ചക്കാത്തറ സ്വാഗതം ആശംസിച്ചു. കാറ്റിസ് ഡയറക്ടർ ഡോ. പി.സി. അനിയൻകുഞ്ഞ് പ്രാർത്ഥനനയിച്ചു. യുവദീപ്തി-എസ്.എം.വൈ.എം. അതിരൂപതാ പ്രസിഡന്റ് ശ്രീ. ജോബിൻ ഇടത്താഴെ ആശംസകൾ നേർന്നു. എല്ലാ ആഴ്ചയിലും ബുധൻ മുതൽ ഞായർ വരെ വൈകുന്നേരം 6.30 മുതൽ 8 മണി വരെയാണ് ക്ലാസ്. ശ്രീ. ബിബിൻ മാത്യൂസ് അക്കാദമിക കോർഡിനേറ്ററായി പ്രവർത്തിക്കുന്നു. വിദഗ്ദരായ അദ്ധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു. അതിരൂപതയിലെ 400 ലധികം യുവജനങ്ങൾ കോഴ്സിൽ പങ്കെടുത്തുവരുന്നു. കോഴ്സ് തീർത്തും സൗജന്യമാണ്.

## കൂത്രപ്പള്ളി സെന്റ് മേരീസ് സ്കൂളിൽ സിവിൽ സർവീസ് പരിശീലനം

യു.പി. സ്കൂൾ വിദ്യാർത്ഥികൾക്കുവേണ്ടി കൂത്രപ്പള്ളി സെന്റ് മേരീസ് യു.പി. സ്കൂൾ സിവിൽ സർവീസ് പരിശീലനം ആരംഭിക്കുന്നു. ചങ്ങനാശേരി സിവിൽ

*ശേഷം പേജ് 90 ൽ.....»*

നവംബർമാസത്തിലെ സർവീസ് ടീം മീറ്റിംഗ് ബഹുമാനപ്പെട്ട ആനിമേറ്റർ മാത്യു താന്നിയത്തിന്റെ നേതൃത്വത്തിൽ നടത്തി.

## തീരുമാനങ്ങൾ

ലൈഫ് ഇൻ ദി സ്പിരിറ്റ് റിസോഴ്സ് ടീമിലേയ്ക്ക് 100 പേരെ തെരഞ്ഞെടുക്കുവാൻ തീരുമാനിച്ചു. അതിലേയ്ക്കായി 10 പേരടങ്ങുന്ന മെൻന്റേഴ്സ് ടീമിനെ തെരഞ്ഞെടുത്തു.

സബ് സോണുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുവാൻ എല്ലാ മാസവും ടീം മീറ്റിംഗ് നടത്തണമെന്നു തീരുമാനിച്ചു.

കോവിഡ് വ്യാപനം കുറയുന്നതനുസരിച്ച് ബഹു. വികാരിയച്ചന്മാരുടെ നിർദ്ദേശത്തോടെ പ്രാർത്ഥന ഗ്രൂപ്പുകൾ പ്രവർത്തനക്ഷമമാക്കുവാൻ തീരുമാനമെടുത്തു.

സോണൽ സർവീസ് ടീമിന്റെ നേതൃത്വത്തിലുള്ള പ്രാർത്ഥന കൂട്ടായ്മകൾ ഓൺലൈനിൽ സജീവമായി നടന്നുകൊണ്ടിരിക്കുന്നു.

**ഫാ. മാത്യു താന്നിയത്ത്**
(ഡയറക്ടർ)

**മോൻ ചെത്തിമറ്റം**
(കോ-ഓർഡിനേറ്റർ)

---

***അതിരൂപത മാനവവിഭവശേഷി വികസന ട്രസ്റ്റ്തുടർച്ച.....»***

സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചുമതലയിൽ ആരംഭിക്കുന്ന ഈ വേറിട്ട പരിശീലനം അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് 2021 ജനുവരി 1-ാം തീയതി രാവിലെ 8 മണിക്ക് ഉദ്ഘാടനം ചെയ്യും. സ്കൂൾ മാനേജർ ബഹു. ഫാ. എബ്രഹാം വെട്ടുവയലിൽ അദ്ധ്യക്ഷനായിരിക്കും. കോർപറേറ്റ് മാനേജർ ബഹു. ഫാ. മനോജ് കറുകയിൽ അനുഗ്രഹപ്രഭാഷണം നടത്തും. ഡോ. പി.സി. അനിയൻകുഞ്ഞ് മുഖ്യപ്രഭാഷണം നടത്തും. ഹെഡ്മാസ്റ്റർ ശ്രീ. സിബിച്ചൻ കുരുവിള സ്വാഗതം ആശംസിക്കുന്ന ഓൺ-ലൈൻ യോഗത്തിൽ കോർഡിനേറ്റർ ശ്രീമതി മെർലി സേവ്യർ കൃതജ്ഞത പറയും.

**റവ. ഡോ. തോമസ് പാടിയത്ത്**
(മാനേജർ)

**ഡോ. പി.സി. അനിയൻകുഞ്ഞ്**
(ഡയറക്ടർ)





# ക്രിസ്തീയജീവിതം സഭാത്മകജീവിതം

(തിരുവചനഭാഗം: 1 പത്രോ 2,1-25)

സഭാസമൂഹത്തിന്റെ സ്വഭാവവും ജീവിതശൈലിയും എന്തായിരിക്കണമെന്ന് പത്രോസ്ശ്ലീഹാ ഈ വചനഭാഗത്ത് വ്യക്തമാക്കുന്നു. സഭാസമൂഹത്തിനു നേതൃത്വംകൊടുക്കുന്ന പുരോഹിതരുടെ ആദ്ധ്യാത്മികജീവിതത്തിനും ശുശ്രൂഷയ്ക്കും ഈ വചനഭാഗം പ്രചോദനകരമാകും. ഈ വചനഭാഗത്തെ താഴെപ്പറയുംവിധം വിഭജിക്കാം.

1. സഭ: വചനമാകുന്ന പാലിനു ദാഹിക്കുന്ന സമൂഹം (2,1-3)
2. സഭ: മിശിഹായിൽ പണിയപ്പെടുന്ന ആത്മീയഭവനം (2,4-8)
3. സഭ: പുരോഹിതജനം - ദൈവജനം (2,9-10)
4. സഭ: മാതൃകാപരമായ ജീവിതം നയിക്കുന്ന സമൂഹം (2,11-17)
5. സഭ: സഹനജീവിതം നയിക്കുന്ന സമൂഹം (2,18-25)

## 1. സഭ: വചനമാകുന്ന പാലിനു ദാഹിക്കുന്ന സമൂഹം

*''രക്ഷയിലേക്കു വളർന്നുവരേണ്ടതിന് നിങ്ങൾ പരിശുദ്ധവും ആത്മീയവുമായ പാലിനുവേണ്ടി ഇളംപൈതങ്ങളെപ്പോലെ ദാഹിക്കുവിൻ. കർത്താവു നല്ലവനാണെന്നു നിങ്ങൾ അനുഭവിച്ചറിഞ്ഞിട്ടുണ്ടല്ലോ''* (2,2-3).

കഴിഞ്ഞകാലജീവിതത്തിലെ തിന്മയുടെ കാലുഷ്യങ്ങളെ ഉപേക്ഷിക്കാനുള്ള ശക്തമായ ആഹ്വാനമാണ് ഇവിടെ പത്രോസ്ശ്ലീഹാ നല്കുന്നത്. മാമ്മോദീസാ സ്വീകരിച്ചതിനുശേഷമുള്ള ജീവിതാവസ്ഥ പഴയതിൽനിന്നും തികച്ചും വ്യത്യസ്തമാണെന്ന് ശ്ലീഹാ അനുസ്മരിപ്പിക്കുന്നുണ്ട് (1,3.23). ശ്ലീഹാ സംബോധന ചെയ്യുന്ന സഭാംഗങ്ങൾ അടുത്തകാലത്തുമാത്രം വിശ്വാസം സ്വീകരിച്ചവരാണ് എന്ന നിഗമനത്തെ സാധൂകരിക്കുന്നതാണ് ''ആത്മീയമായ പാലിനുവേണ്ടി

ദാഹിക്കുക'', ''ഇളംപൈതങ്ങൾ'' തുടങ്ങിയ പദപ്രയോഗങ്ങൾ. ഈ പദങ്ങൾ പ്രയോഗിക്കുന്നതിലൂടെ വിശ്വാസത്തിൽ അവർ ഇപ്പോഴും ശൈശവാവസ്ഥയിലാണെന്ന് അവരെ ഓർമ്മിപ്പിക്കുകയാണ്. തിന്മയുടെ ശക്തികൾ ഇപ്പോഴും സജീവമായിരിക്കുന്നതും പാപപങ്കിലമായ പഴയകാലത്തിലേക്ക് ഇപ്പോഴും ചാഞ്ഞിരിക്കുന്ന മനുഷ്യപ്രകൃതിക്കനുസൃതമായ അവരുടെ ജീവിതാവസ്ഥയെയാണ്, വിശ്വാസത്തിലെ ശൈശവാവസ്ഥ എന്നതിലൂടെ വിവക്ഷിക്കുന്നത്.

ഈ അവസ്ഥയിൽ രക്ഷയിലേക്കു വളർന്നുവരേണ്ടതിന് പരിശുദ്ധവും ആത്മീയവുമായ പാലിനുവേണ്ടി ഇളംപൈതങ്ങളെപ്പോലെ ദാഹിക്കണമെന്നാണ് ശ്ലീഹാ ഉപദേശിക്കുന്നത്. 'ആത്മീയമായ' എന്നതിന് മൂലഭാഷയിൽ ഉപയോഗിച്ചിരിക്കുന്നത് 'ലോഗിക്കോസ്' എന്ന വാക്കാണ്. 'ലോഗോസ്' അഥവാ 'വചനം' എന്നതിൽനിന്നാണ് ഈ വാക്കുണ്ടാകുന്നത്. അതുകൊണ്ട് വചനമാകുന്ന പാലാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ദൈവവചനമാകുന്ന പാൽ അതിന്റെ പരിശുദ്ധിയിൽ സ്വീകരിച്ച് വിശ്വാസജീവിതത്തെ പരിപോഷിപ്പിക്കണമെന്നാണ് ശ്ലീഹാ ആഹ്വാനം ചെയ്യുന്നത്. പരിശുദ്ധാരൂപിയിൽ ജനിച്ച് അരൂപിയാൽ നയിക്കപ്പെടുന്ന ക്രിസ്തീയജീവിതം നയിക്കണമെങ്കിൽ, 'അരൂപിയുടെ വാൾ' (എഫേ 6,17) ആയ വചനത്തിലധിഷ്ഠിതമായ ജീവിതം നയിക്കണം. പുരോഹിതന്റെ പ്രഥമശുശ്രൂഷയായി നാം മനസ്സിലാക്കിയിട്ടുള്ളത് വചനശുശ്രൂഷതന്നെയാണ്. വചനശുശ്രൂഷയിലൂടെ പുരോഹിതൻ വിശ്വാസികളെ പക്വതയിലേക്കു വളർത്തണമെന്ന് ഈ ഭാഗം നമ്മെ അനുസ്മരിപ്പിക്കുന്നു.

## 2. സഭ: മിശിഹായിൽ പണിയപ്പെടുന്ന ആത്മീയഭവനം

*''അതിനാൽ സജീവശിലയായ അവനെ നമുക്കു സമീപിക്കാം. മനുഷ്യർ തിരസ്കരിച്ചതും ദൈവം തെരഞ്ഞെടുത്തതുമായ അമൂല്യശിലയാണ് അവൻ. നിങ്ങൾ സജീവശിലകൾകൊണ്ടുള്ള ഒരു ആത്മീയഭവനമായി പടുത്തുയർത്തപ്പെടട്ടെ. ഈശോമിശിഹാവഴി ദൈവത്തിനു സ്വീകാര്യമായ ബലികളർപ്പിക്കുന്നതിന് വിശുദ്ധമായ ഒരു പുരോഹിതജനമാവുകയും ചെയ്യട്ടെ''* (2,4-5).

സഭയുടെ അടിസ്ഥാനം ശ്ലീഹന്മാരും പ്രവാചകന്മാരുമാണെങ്കിൽ ഈ അടിസ്ഥാനത്തിന്റെ മൂലക്കല്ല് മിശിഹാതന്നെയാണ് (എഫേ 2,20). 'മൂലക്കല്ലിന്' അനുരൂപമായ കല്ലുകൾകൊണ്ട്, അതിനോടു ചേർന്നുപോകുന്ന കല്ലുകൾകൊണ്ടാണ് ഭവനം പടുത്തുയർത്തപ്പെടുന്നത്. മിശിഹായിൽ വിശ്വസിക്കുന്നവരുടെ കൂട്ടായ്മയായ ആത്മീയഭവനത്തിലെ വിശുദ്ധ പുരോഹിതരെയും സ്വീകാര്യമായ ബലികളെയുംകുറിച്ചുള്ള വിവരണമാണ് തുടർന്നു നല്കപ്പെടുന്നത് (2,5-6). ക്രൈസ്തവർ ലോകദൃഷ്ടിയിൽ അവഗണിക്കപ്പെട്ടവരും പ്രയോജനരഹിതരുമായി കണക്കാക്കപ്പെടുമെങ്കിലും ദൈവദൃഷ്ടിയിൽ അവർ വിശുദ്ധ പുരോഹിതരും ദൈവത്തിന്റെ സ്വന്തം ഭവനവുമായിത്തീർന്നിരിക്കുന്നു എന്നാണ് ശ്ലീഹാ പറയുന്നത്. ദൈവാലയത്തിൽ ആരാധന നടത്തുന്നു എന്ന അർത്ഥത്തിലല്ല, വിശ്വാസികളുടെ സമൂഹംതന്നെ ദൈവാലയമായി മാറിയിരിക്കുന്നു എന്നാണ് ഇതർത്ഥമാക്കുന്നത്. സീയോനിൽ ദൈവം സ്ഥാപിച്ച കല്ല് ജറുസലേം ദൈവാല

യത്തിന്റെ പ്രതീകമാണ്. പ്രസ്തുത ദൈവാലയത്തിനു പകരമായി സീയോനിൽ സ്ഥാപിതമായ ദൈവഭവനം അവിടുത്തെ തിരുസ്സഭയാണ്.

വിശ്വാസികൾ സഭയായി സമ്മേളിക്കുന്നത് പരിശുദ്ധ കുർബാനയാഘോഷാവസരത്തിലാണ്. വി. പൗലോസ്ശ്ലീഹായുടെ വാക്കുകൾ ഇവിടെ പ്രസക്തമാണ്. അപ്പം മുറിക്കലിനായി സമ്മേളിക്കുന്ന വിശ്വാസികളുടെ സമൂഹത്തെയാണ് ശ്ലീഹാ സഭയെന്നു വിശേഷിപ്പിക്കുന്നത്: ''നിങ്ങൾ സഭയായി സമ്മേളിക്കുമ്പോൾ നിങ്ങളുടെയിടയിൽ ഭിന്നിപ്പുകളുണ്ടെന്നു ഞാൻ കേൾക്കുന്നു'' (1 കൊറി 11,18). പരിശുദ്ധ കുർബാനയർപ്പിക്കുന്ന സമൂഹമാണല്ലോ ത്രിയേക ദൈവത്തിന്റെ ഭവനമായിത്തീരുന്നത്. മിശിഹാ കൂദാശാപരമായി തന്റെ ബലിയർപ്പണത്തിലൂടെ സന്നിഹിതനാകുന്നു; മിശിഹായോടൊപ്പം പിതാവും പരിശുദ്ധാത്മാവും ആ സമൂഹത്തിൽ സന്നിഹിതരാകുന്നു. വിശ്വാസികളുടെ സമൂഹം മിശിഹായുടെ ശരീരരക്തങ്ങളോടൊപ്പം അവരുടെ ജീവിതമാകുന്ന ശരീരരക്തങ്ങൾ ചേർത്തുവച്ച് ബലിയിൽ പങ്കുചേരുന്നതിലൂടെ ബലിയർപ്പിക്കുന്ന സമൂഹം ദൈവത്തിന്റെ ആലയമായി മാറുന്നു. ഇപ്രകാരം ബലിയർപ്പിക്കുന്നതിന് വിശ്വാസികൾക്കു നേതൃത്വം നല്കുവാൻ പുരോഹിതനു കഴിയണം. അതു സാധിക്കണമെങ്കിൽ പുരോഹിതൻതന്നെ അപ്രകാരം ജീവിക്കുന്നവനും ബലിയർപ്പിക്കുന്നവനുമാകണം.

## 3. സഭ: പുരോഹിതജനം

*''എന്നാൽ, നിങ്ങൾ തെരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിതഗണവും വിശുദ്ധജനതയും ദൈവത്തിന്റെ സ്വന്തം ജനവുമാണ്. അതിനാൽ, അന്ധകാരത്തിൽനിന്നു തന്റെ അത്ഭുതകരമായ പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ നന്മകൾ പ്രകീർത്തിക്കണം. മുമ്പു നിങ്ങൾ ഒരു ജനമായിരുന്നില്ല; ഇപ്പോൾ നിങ്ങൾ ദൈവത്തിന്റെ ജനമായിരിക്കുന്നു. മുമ്പു നിങ്ങൾക്കു കരുണ ലഭിച്ചിരുന്നില്ല; ഇപ്പോൾ കരുണ ലഭിച്ചിരിക്കുന്നു''* (2,9-10).

അവിശ്വാസികളുടെ ദൃഷ്ടിയിൽ ക്രൈസ്തവർ അവഗണിക്കപ്പെട്ടവരും നിന്ദ്യരുമായി തോന്നാം. മിശിഹായും പൊതുവേ അപ്രകാരമാണല്ലോ വിലയിരുത്തപ്പെട്ടത്. എന്നാൽ മിശിഹാ മഹത്ത്വീകൃതനായതുപോലെ വിശ്വാസികളും മഹത്ത്വീകൃതരാകും. വിശ്വാസത്തിന്റെ ഈ കാഴ്ചപ്പാടിൽ ക്രൈസ്തവർക്ക് ഒരു സ്വത്വാവബോധമുണ്ടായിരിക്കണം. വിശ്വാസികളുടെ സമൂഹം ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിതഗണവും വിശുദ്ധ ജനപദവുമാണ്. ''രാജകീയ പുരോഹിതഗണവും വിശുദ്ധ ജനപദവും'' എന്ന പദപ്രയോഗം പുറ 19,6 നെ ആധാരമാക്കിയുള്ളതാണ്. ദൈവം തന്റെ സ്വന്തമായി അവരെ തെരഞ്ഞെടുത്തതിനാൽ അവർ ദൈവപക്ഷത്ത് സജീവമായി നിലയുറപ്പിക്കണം. ദൈവം പരിശുദ്ധനായതുകൊണ്ട് അവർ പരിശുദ്ധമായ ജീവിതം നയിക്കണം. ലോകത്തിലാണെങ്കിലും ലോകത്തിന്റേതാകാതെ ദൈവത്തിന്റേതായി ജീവിക്കണം (യോഹ 17,15-16). അതുപോലെതന്നെ 'പുരോഹിതജന'മെന്ന നിലയിൽ ദൈവത്തിനും മനുഷ്യർക്കുമിടയിൽ ഒരു പാലമായി വർത്തിക്കുകയും വേണം.

വിശ്വാസികളുടെ രാജകീയപൗരോഹിത്യം നാം ഗൗരവമായി കണക്കിലെടുക്കേണ്ട ഒരു യാഥാർത്ഥ്യമാണ്. പലപ്പോഴും സഭയിലെ പൗരോഹിത്യം, ശുശ്രൂഷാപൗരോഹിത്യത്തിൽ ഒതുങ്ങിനില്ക്കുന്നുണ്ട്. രാജകീയ പൗരോഹിത്യത്തിന്റെ പ്രാധാന്യവും പ്രത്യേകതകളും വിസ്മരിക്കപ്പെടുകയാണ്. ഇതു സഭാജീവിതത്തിനും മനുഷ്യസമൂഹത്തിനും വലിയ നഷ്ടമാണ്. വിശ്വാസികളുടെ സമൂഹം ലോകത്തിനും ദൈവത്തിനുമിടയ്ക്കു നില്ക്കുന്ന ശുശ്രൂഷ നിർവഹിക്കുവാൻ കടപ്പെട്ടവരാണ്. ദൈവത്തിന്റെ കൃപകൾ മനുഷ്യകുലത്തിനു നല്കുവാനും മനുഷ്യകുലത്തിന്റെ ആവശ്യങ്ങൾ ദൈവത്തിങ്കലേക്ക് എത്തിക്കുവാനുമുള്ള വലിയ ഒരു ദൗത്യം നിർവഹിക്കുവാൻ സഭാംഗങ്ങൾ കടപ്പെട്ടവരാണ്. അതിനുള്ള പ്രധാനപ്പെട്ട ഒരു മാർഗ്ഗം സഭയുടെ പ്രാർത്ഥനകൾ ചൊല്ലുക എന്നുള്ളതാണ്. അത് ഇന്ന് പ്രായോഗികമായി ഇല്ലാതായിരിക്കുന്നു. യാമപ്രാർത്ഥനകൾ കുടുംബങ്ങളുടെയും വിശ്വാസികളുടെ സമൂഹങ്ങളുടെയും പ്രാർത്ഥനകളായി മാറേണ്ടിയിരിക്കുന്നു. അതിലൂടെമാത്രമേ വിശ്വാസികൾക്ക് അവരുടെ പൗരോഹിത്യദൗത്യം നിർവഹിക്കാനാവുകയുള്ളു. ഇതേപ്പറ്റി അവരെ ബോധവൽക്കരിക്കുവാനും അത് നടപ്പിൽ വരുത്തുവാനും പുരോഹിതർക്കു കഴിയണം.

## 4. സഭ: മാതൃകാപരമായി ജീവിക്കുന്ന സമൂഹം

*''പ്രിയപ്പെട്ടവരേ, നിങ്ങളുടെ ആത്മാവിനെതിരായി പോരാടിക്കൊണ്ടിരിക്കുന്ന ശാരീരിക പ്രവണതകളിൽനിന്നു പരദേശികളും വിപ്രവാസികളുമെന്ന നിലയിൽ, ഒഴിഞ്ഞുനില്ക്കാൻ നിങ്ങളോടു ഞാൻ അപേക്ഷിക്കുന്നു. വിജാതീയരുടെയിടയിലുള്ള നിങ്ങളുടെ പെരുമാറ്റം നന്നായിരിക്കട്ടെ. നിങ്ങൾ ദുഷ്കർമ്മികളാണെന്നു നിങ്ങൾക്കെതിരായി പറയുന്നവർ നിങ്ങളുടെ നല്ല പ്രവൃത്തികൾ കണ്ട് പ്രത്യാഗമനദിവസം ദൈവത്തെ സ്തുതിക്കട്ടെ''* (2,11-12).

വിജാതീയ അധികാരികളോടുള്ള കടമയെപ്പറ്റിയാണ് ഈ ഭാഗത്ത് പത്രോസ്ശ്ലീഹാ പരാമർശിക്കുന്നത്. ശാരീരികപ്രവണതകളെ ആത്മാവിനെതിരായി പോരാടുന്ന ശക്തികളായി വിശേഷിപ്പിക്കുന്നത് ക്രൈസ്തവർക്കെതിരായി പോരാടുന്ന വിജാതീയരെ അനുസ്മരിപ്പിക്കുന്നതാണ്. ഈശോയിൽ വിശ്വസിക്കുന്നവരെയാണ് പത്രോസ്ശ്ലീഹാ ആത്മാവിനാൽ നയിക്കപ്പെടുന്നവരായി ഇവിടെ വിലയിരുത്തുന്നത്. അല്ലാത്തവർ ജഡത്തിന്റെ ദുരാശകളാൽ നയിക്കപ്പെടുന്നവരാണ്. തന്മൂലം ''ജഡികാശകളിൽനിന്ന് അകലം പാലിക്കണം'' എന്ന ആഹ്വാനത്തിലൂടെ വിശ്വാസവിരുദ്ധമായവയിൽനിന്ന് അകന്നുനില്ക്കാനുംകൂടി ശ്ലീഹാ ആവശ്യപ്പെടുന്നുണ്ട്. വിശ്വാസികളും വിജാതീയരും തമ്മിലുള്ള സംഘർഷത്തെ നന്മയും തിന്മയും തമ്മിലുള്ള സംഘർഷവുമായും, ദൈവവും സാത്താനും തമ്മിലുള്ള സംഘർഷവുമായും പത്രോസ് താരതമ്യപ്പെടുത്തുന്നു. ഇപ്രകാരം തങ്ങളെ ഒറ്റപ്പെടുത്തുന്ന സാഹചര്യങ്ങളെ മാതൃകാപരമായ ജീവിതത്തിലൂടെ നേരിടുവാനാണ് പത്രോസ്ശ്ലീഹാ ഇവിടെ ആഹ്വാനം ചെയ്യുന്നത്.

അതോടൊപ്പം വിജാതീയരായ ഭരണാധികാരികൾക്കു വിധേയരായിരിക്കാനും ശ്ലീഹാ ഉപദേശിക്കുന്നുണ്ട് (2,13-14). ഇതു വിശ്വാസപരമായ വിഷയങ്ങളിലല്ല; സാമൂഹികവും രാഷ്ട്രീയവുമായ പൗരധർമ്മങ്ങളിൽ മാത്രമാണെന്ന് സന്ദർഭം

വ്യക്തമാക്കുന്നുണ്ട്. ക്രിസ്ത്യാനി ഒരു നല്ല പൗരനായിരിക്കണം എന്ന ആശയത്തിനാണ് ഇവിടെ ഊന്നൽ നല്കിയിരിക്കുന്നത്. സമാനമായ ആശയങ്ങൾ പുതിയനിയമത്തിൽ മറ്റു ഭാഗങ്ങളിലും നമുക്കു കാണാവുന്നതാണ് (റോമാ 13,1-7; തീത്തോ 3,1; 1 തിമോ 2,1-3). ക്രൈസ്തവരെ രാജ്യസ്നേഹമില്ലാത്തവരായി അധിക്ഷേപിക്കാൻ ആർക്കും അവസരം കൊടുക്കരുത്. മാതൃകാപരമായി പൗരധർമ്മം നിർവഹിക്കുന്നതിലൂടെ തങ്ങളുടെ ശത്രുക്കളുടെ വായ അടപ്പിക്കാനാവുമെന്നും, തങ്ങളെക്കുറിച്ചുള്ള ദൈവികപദ്ധതി നിറവേറ്റാനാകുമെന്നും പത്രോസ്ശ്ലീഹാ ഇവിടെ വ്യക്തമാക്കുന്നുണ്ട് (2,15-16). ഇപ്രകാരം ജീവിക്കുവാൻ വിശ്വാസികളെ പരിശീലിപ്പിക്കേണ്ടത് പുരോഹിതന്റെ പ്രധാനപ്പെട്ട ഒരു കടമയായി കരുതി അജപാലനശുശ്രൂഷ നിർവഹിക്കുവാൻ നമുക്കു സാധിക്കണം.

## 5. സഭ: സഹനദാസരുടെ സമൂഹം

*''അന്യായമായി പീഡിപ്പിക്കപ്പെടുമ്പോൾ, ദൈവചിന്തയോടെ വേദനകൾ ക്ഷമാപൂർവ്വം സഹിച്ചാൽ അത് അനുഗ്രഹകാരണമാകും. തെറ്റു ചെയ്തിട്ട് അടിക്കപ്പെടുമ്പോൾ ക്ഷമയോടെ സഹിച്ചാൽ നിങ്ങൾക്ക് എന്തു മഹത്ത്വമാണുള്ളത്? നിങ്ങൾ നന്മ ചെയ്തിട്ടു പീഡകൾ സഹിക്കേണ്ടി വന്നാൽ, അതു ദൈവസന്നിധിയിൽ പ്രീതികരമാണ്. ഇതിനായിട്ടാണു നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്. എന്തെന്നാൽ, മിശിഹാ നിങ്ങൾക്കുവേണ്ടി സഹിക്കുകയും നിങ്ങൾ അനുകരിക്കുന്നതിനുവേണ്ടി നിങ്ങൾക്കു മാതൃക നല്കുകയും ചെയ്തിരിക്കുന്നു''* (2,19-21).

അധികാരികൾക്കു വിധേയരായി ജീവിക്കുവാനുള്ള ഉപദേശത്തിന്റെ ഭാഗമായി അടിമകളായ വിശ്വാസികൾക്കു നല്കുന്ന നിർദ്ദേശങ്ങളാണ് ഈ ലേഖനഭാഗം അവതരിപ്പിക്കുന്നത്. അടിമത്ത വ്യവസ്ഥിതി അന്ന് അംഗീകരിക്കപ്പെട്ട വ്യവസ്ഥിതിയായി കരുതപ്പെട്ടിരുന്നു. ആ പശ്ചാത്തലത്തിൽ അടിമകളായ വിശ്വാസികൾ തങ്ങളുടെ യജമാനന്മാർക്ക്, അവർ നല്ലവരോ, ശാന്തരോ, ദുഷ്ടരോ, ആരായിരുന്നാലും, എല്ലാ ആദരവോടുംകൂടെ അവർക്കു വിധേയരായിരിക്കണമെന്നാണ് പത്രോസ് ഉപദേശിക്കുന്നത് (2,18). മിശിഹായുടെ കുരിശിലെ സഹനങ്ങൾ എത്രമാത്രം അന്യായമായിരുന്നു എന്നു ചിന്തിച്ചുകൊണ്ട്, തങ്ങളുടെ സഹനങ്ങളെ മിശിഹായുടെ സഹനത്തിൽ പങ്കുചേരാനുള്ള ക്ഷണമായി മനസ്സിലാക്കാനാണ് ശ്ലീഹാ ആഹ്വാനം ചെയ്യുന്നത്. ഏശയ്യാ 53 ലെ സഹനദാസന്റെ ചിത്രം മനസ്സിൽ കണ്ടുകൊണ്ടായിരിക്കണം ശ്ലീഹാ ഈ ഉപദേശം നല്കുന്നത്. ഈശോ അരുളിച്ചെയ്ത സുവിശേഷഭാഗ്യങ്ങളിൽ അവസാനത്തേത് (മത്താ 5,10-12) ഓർമ്മിപ്പിക്കുന്ന ഒരുപദേശമാണിത്.

വിശ്വാസികളുടെ ജീവിതത്തിൽ, ഒഴിവാക്കാൻ പറ്റാത്ത സഹനങ്ങൾ ഉണ്ടാവുക സ്വാഭാവികമാണ്. അപ്രകാരമുള്ള സാഹചര്യങ്ങളിൽ ആ സഹനങ്ങളെ നാം എങ്ങനെ നേരിടണമെന്ന് ഈ വചനഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നു. സഹനങ്ങൾ ഈലോകജീവിതത്തിന്റെ അവശ്യഘടകമാണ്. വിശ്വാസത്തിന്റെ വെളിച്ചത്തിൽ അവയെ നേരിടാൻ സഭാംഗങ്ങൾക്കു കഴിയണം. സഭാംഗങ്ങൾക്കു നേതൃത്വം നല്കുന്ന പുരോഹിതനും ഇതിനു കഴിയണം. അതിനുള്ള ഏകമാർഗ്ഗം നമ്മുടെ

സഹനങ്ങളെയെല്ലാം ഈശോയുടെ സഹനത്തോടു ചേർത്തുവയ്ക്കുക എന്ന തുമാത്രമാണ്. സഹനദാസനായ ഈശോയുടെ ചിത്രം അതിന് നമ്മെ സഹായിക്കും. വി. പൗലോസ്ശ്ലീഹായുടെ വാക്കുകൾ സഹനത്തെ ആരോഗ്യകരമായി നേരിടാൻ സഹായകരമാണ്: "സഭയാകുന്ന തന്റെ ശരീരത്തെപ്രതി മിശിഹായ്ക്കു സഹിക്കേണ്ടിവന്ന പീഡകളുടെ കുറവ് എന്റെ ശരീരത്തിൽ ഞാൻ നികത്തുന്നു" (കൊളോ 1,24). മിശിഹായുടെ ഭൗതികശരീരത്തിലെ സഹനത്തിൽ കുറവൊന്നുമില്ലെങ്കിലും അവിടുത്തെ മൗതികശരീരത്തിലെ സഹനത്തിൽ കുറവുണ്ട്. സഭയിലെ അവസാനത്തെ അംഗത്തിന്റെ സഹനത്തോടുകൂടി മാത്രമേ ആ കുറവു നികത്തപ്പെടുകയുള്ളൂ. ഈ കാഴ്ചപ്പാടു സ്വന്തമാക്കി ജീവിതസഹനങ്ങളെ നേരിടുവാൻ പുരോഹിതനു കഴിയണം. പുരോഹിതൻ നയിക്കുന്ന വിശ്വാസികളുടെ സമൂഹത്തിനും കഴിയണം.

## ജീവിതസൂചിക

1. വചനശുശ്രൂഷയിലൂടെ എല്ലാ പ്രായത്തിലുമുള്ളവർക്കും വിശ്വാസ പരിശീലനം നല്കുന്നതിന് ഞാൻ എപ്രകാരം പരിശ്രമിക്കുന്നു?
2. പരിശുദ്ധ കുർബാനാനുഭവത്തിലൂടെ സഭയെ ദൈവാലയമായി പടുത്തുയർത്തുവാൻ ഞാൻ എങ്ങനെ ശ്രമിക്കുന്നു?
3. സഭ പുരോഹിതജനമാണെന്നുള്ള ബോധവൽക്കരണം ഞാൻ നടത്തുന്നുണ്ടോ?
4. മാതൃകാപരമായ ജീവിതത്തിലൂടെ സമൂഹത്തെയും രാഷ്ട്രത്തെയും സ്വാധീനിക്കുവാൻ ജനങ്ങളെ ഞാൻ പരിശീലിപ്പിക്കുന്നുണ്ടോ?
5. സഹനങ്ങളെ ഈശോയുടെ സഹനങ്ങളോടു ചേർത്തു സ്വീകരിക്കുവാൻ സാധിക്കുന്നുണ്ടോ? അപ്രകാരം ജനങ്ങളെ പരിശീലിപ്പിക്കുന്നുണ്ടോ?



# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**നവംബർ 2020**

28 രാവിലെ നെടുങ്കുന്നം ഫൊറോന ദൈവാലയത്തിൽ ഇടവകത്തിരുനാളിനോടനുബന്ധിച്ച് പരി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. ഉച്ചകഴിഞ്ഞ്, ചങ്ങനാശേരി അതിരൂപതാ വൈദികനും പാറേൽപള്ളി ഇടവകാംഗവുമായ വാത്യാകരി ബഹു. ജോർജ്ജച്ചന്റെ മാതാവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു.

29 രാവിലെ സെന്റ് മേരിസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ കുട്ടികളുടെ ആഘോഷമായ കുർബാന സ്വീകരണത്തിന് കാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് ജിമ്മി പടനിലം സെന്ററിന്റെ ആഭിമുഖ്യത്തിൽ ക്രമീകരിച്ച ഓൺലൈൻ ലോകഭിന്നശേഷിദിനാഘോഷങ്ങളിൽ പങ്കെടുത്തു. പുതിയ ആരാധനാക്രമവത്സരത്തിന്റെയും പഞ്ചവത്സര അജപാലന പ്രവർത്തനങ്ങളുടെയും ദീപിക പ്രചരണപ്രവർത്തനങ്ങളുടെയും ഉദ്ഘാടനം കുറുമ്പനാടം അസംപ്ഷൻ ഇടവകയിൽ നിർവഹിക്കപ്പെട്ടു. ഓൺലൈനായി സംഘടിപ്പിച്ച അമ്പൂരി ഫൊറോനാ കൗൺസിലിൽ പങ്കെടുത്തു.

30 അതിരൂപതാകേന്ദ്രത്തിൽ ഈ വർഷം പൗരോഹിത്യസ്വീകരണത്തിന്റെ രജത, സുവർണ ജൂബിലി ആഘോഷിക്കുന്ന അതിരൂപതാ വൈദികരുടെ സംഗമത്തിൽ പങ്കെടുത്തു. അതിരൂപതാ എക്യുമെനിക്കൽ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ഫ്രാൻസിസ് മാർപാപ്പയുടെ പുതിയ ചാക്രിക ലേഖനമായ ഫ്രത്തേലി തുത്തിയെ അധികരിച്ച് ക്രമീകരിച്ച വെബ്ബിനാറിൽ പങ്കെടുത്തു.

**ഡിസംബർ 2020**

01 മൂന്നുദിവസം നീണ്ടുനിന്ന കേരള കാത്തലിക് ബിഷപ്പ് കൗൺസിൽ ഓൺലൈൻ മീറ്റിംഗിന് ആരംഭം കുറിച്ചു. ഉച്ചകഴിഞ്ഞ് ചാസ്സ് - ഖാദി ക്രിസ്മസ് ഷോപ്പിംഗ് ഫെസ്റ്റ് കോട്ടയത്ത് ചാസ്സ് ഖാദി ഷോറൂമിൽ ഉദ്ഘാടനം ചെയ്തു.

02 വെട്ടിമുകൾ സെന്റ് മേരിസ് ഇടവകാംഗമായ പുലാത്ത് ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു. യുവദീപ്തി-SMYM ന്റെ നേതൃത്വത്തിൽ ക്രമീകരിച്ച ഓൺലൈൻ പി എസ്.സി. കോച്ചിംഗ് ഉദ്ഘാടനം ചെയ്തു.

03 അതിരൂപതയിലെ കെയർ ഹോംസിന്റെ നേതൃത്വത്തിൽ ക്രമീകരിച്ച ഓൺലൈൻ അന്താരാഷ്ട്ര ഭിന്നശേഷി ദിനാഘോഷങ്ങളിൽ പങ്കെടുത്തു.

04 രാവിലെ അതിരൂപതാകേന്ദ്രത്തിൽ പിതൃവേദിയുടെ മുപ്പത്തിയെട്ടാമത് ജന്മദിനാഘോഷം ഉദ്ഘാടനം ചെയ്തു. ചങ്ങനാശേരി അതിരൂപതാ വൈദികനും കുമരകം നവനസ്രത്ത് ഇടവകാംഗമായ ബഹു. തയ്യിൽ ഫിലിപ്പച്ചന്റെ മാതാവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കർമ്മികത്വം വഹിച്ചു. ഫൊറോനാ വികാരിയച്ചന്മാർ, ഫൊറോനാ സെക്രട്ടറിയച്ചന്മാർ, ഡി എഫ് സി ഡയറക്ടർമാർ എന്നിവരെ ഉൾക്കൊള്ളിച്ച് ക്രമീകരിച്ച ദീപിക പ്രചരണപരിപാടികളുടെ ഓൺലൈൻ സംഗമത്തിൽ പങ്കെടുത്തു.

05 രാവിലെ ചെത്തിപ്പുഴ സി.എം.ഐ. മൈനർ സെമിനാരിയിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. അതിരൂപതാകേന്ദ്രത്തിൽ ഫിനാൻസ് കൗൺസിൽ മീറ്റിംഗിൽ പങ്കെടുത്തു.

06 രാവിലെ കുമരങ്കരി സെന്റ് മേരിസ് ദൈവാലയത്തിൽ പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു. അതിരൂപതാകേന്ദ്രത്തിൽ ചങ്ങനാശേരി അതിരൂപതാ യുവദീപ്തി-എസ്.എം.വൈ.എം. പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു. കൊല്ലം - ആയുർ ഫൊറോനയിലെ മതാദ്ധ്യാപകരുടെ ഓൺലൈൻ സംഗമത്തിൽ പങ്കെടുത്തു.

07 രാവിലെ കക്കനാട് മൗണ്ട് സെന്റ് തോമസിൽ പെർമനന്റ് സിനഡിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് ഡൽഹിയിലെ കാർഷകർക്ക് ഐകദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് കിടങ്ങറയിൽ ക്രമീകരിച്ച സമരത്തിൽ പങ്കെടുത്തു. വൈകുന്നേരം പാറേൽ പള്ളി തിരുനാളിനോടനുബന്ധിച്ച് വചനസന്ദേശം നൽകി.

08 രാവിലെ പാറേൽ മരിയൻ തീർഥാടനകേന്ദ്രത്തിൽ ഇടവകത്തിരുനാളിനോടനുബന്ധിച്ച് പിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. ചങ്ങനാശേരി അതിരൂപതാകേന്ദ്രത്തിൽ 'സ്നേഹത്തിൽ സത്യം പറഞ്ഞ രണ്ടാം വത്തിക്കാൻ കൗൺസിൽ' എന്ന പുസ്തകത്തിന്റെ പ്രകാശനകർമ്മം നിർവഹിച്ചു.

09 രാവിലെ സീറോ മലബാർ ലിറ്റർജിക്കൽ സബ് കമ്മിറ്റിയുടെ ഓൺലൈൻ സമ്മേളനത്തിൽ പങ്കെടുത്തു. തൃശ്ശൂർ ചേലക്കര എസ്റ്റേറ്റ് സന്ദർശിച്ചു.

10 അതിരൂപതാകേന്ദ്രത്തിൽ അതിരൂപതാ കൺസൾട്ടേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് കുറിച്ചി മൈനർ സെമിനാരിയിലെ ഒന്നാം വർഷ വൈദികാർഥികൾക്ക് ക്ലാസെടുത്തു.

11 രാവിലെ ചങ്ങനാശേരി അതിരൂപതാ എസ്.എം.വൈ.എം.ന്റെയും മറ്റ് ഡിപ്പാർട്ട്മെന്റുകളുടെയും നേതൃത്വത്തിൽ മങ്കൊമ്പിൽ കേന്ദ്രകാർഷിക ബില്ലിന് എതിരായി സംഘടിപ്പിച്ച പ്രതിഷേധ സമരം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാ ചാപ്പലിൽ അതിരൂപതാംഗങ്ങളായ പ്രവാസികൾക്കുവേണ്ടി ഓൺലൈനിലൂടെ പരി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

12 രാവിലെ മണലാടി സെന്റ് മേരിസ് ദൈവാലയത്തിൽ പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു. ഉച്ചകഴിഞ്ഞ് കുറിച്ചി മൈനർ സെമിനാരിയിലെ ഒന്നാം വർഷ വൈദികാർഥികൾക്ക് ക്ലാസെടുത്തു. ചങ്ങനാശേരി അതിരൂപത വൈദികനും കൂത്രപ്പള്ളി ഇടവകാംഗവുമായ പടിഞ്ഞാറേവീട്ടിൽ ബഹു. ടോമിയച്ചന്റെ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമികത്വം വഹിച്ചു. കോട്ടയം, കുടമാളൂർ അതിരമ്പുഴ ഫൊറോനകളിലെ സൺഡേ സ്കൂൾ അധ്യാപകർക്കായി ക്രമീകരിച്ച ഓൺലൈൻ സംഗമത്തിൽ പങ്കെടുത്തു. ദീപിക ഫ്രണ്ട്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ അതിരൂപതയിലെ വിവിധ ഡിപ്പാർട്ട്മെന്റ് പ്രതിനിധികളോടൊപ്പം ഓൺലൈൻ മീറ്റിഗിൽ പങ്കെടുത്തു.

13 രാവിലെ സെന്റ് സേവ്യേഴ്സ് തൃക്കോടിത്താനം ഫൊറോനാ ദൈവാലയത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. തുടർന്ന് ഫൊറോനയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സദർശനം നടത്തി ഇടവക പ്രതിനിധികളുമായി സംവദിച്ചു. ഉച്ചയ്ക്ക് SOIL സന്യാസസമൂഹാംഗമായ ബഹുമാനപ്പെട്ട സി. മേരി വർഗ്ഗീസിന്റെ മൃതസംസ്കാര ശുശ്രൂഷകളുടെ അവസാന കർമ്മങ്ങൾക്ക് സെന്റ് മേരീസ് മെത്രാപ്പോലീത്തൻ സെമിത്തേരി ചാപ്പലിൽ കാർമ്മികത്വം വഹിച്ചു.

14 രാവിലെ ഇത്തിത്താനം പ്രീസ്റ്റ് ഹോമിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ് ജർമനിയിൽ സേവനമനുഷ്ഠിക്കുന്ന ചങ്ങനാശേരി അതിരൂപതാംഗങ്ങളായ വൈദികരോടൊപ്പം ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ ക്രമീകരിക്കപ്പെട്ട ഇന്റർ ഡിപ്പാർട്ട്മെന്റൽ മീറ്റിംഗിൽ പങ്കെടുത്തു.

15 അതിരൂപതാകേന്ദ്രത്തിൽ അതിരൂപതാ ലിറ്റർജിക്കൽ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ക്രമീകരിച്ച ചർച്ചയിൽ പങ്കെടുത്തു. വൈകുന്നേരം L.R.C. ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

17 രാവിലെ പാറേൽ എസ്.വി.ഡി. മൈനർ സെമിനാരിയിൽ പരി. കുർബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ് ചങ്ങനാശേരി സെന്റ് ആൻസ് H S-ൽ കോർപ്പറേറ്റ് മാനേജ്മെന്റ് സ്കൂൾ അധ്യാപകരുടെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

18 രാവിലെ പുതുതായി നിർമ്മിച്ച തായങ്കരി സെന്റ് ആന്റണീസ് ദൈവാലയത്തിന്റെ കൂദാശാകർമ്മം നിർവഹിച്ചു. വൈകുന്നേരം പുന്നത്തുറ സെന്റ്തോമസ് ദൈവാലയത്തിന്റെ ഇടവകതിരുനാളിനോടനുബന്ധിച്ച് പൂർവ്വികരെ അനുസ്മരിച്ചുകൊണ്ട് സെമിത്തേരി പള്ളിയിൽ പരിശുദ്ധ കുർബാന അർപ്പിച്ചു.

19 ചങ്ങനാശേരി അതിരൂപതയിൽ ഈ വർഷം പൗരോഹിത്യപട്ടം സ്വീകരിക്കുന്ന മ്ശംശാനമാരുടെയും അവരുടെ മാതാപിതാക്കളുടെയും സംഗമത്തിൽ പങ്കെടുത്തു. സീറോമലബാർ ദളിത് വികാസ് സൊസൈറ്റി വിദ്യാർഥികൾക്കായി ഏർപ്പെടുത്തിയ സ്കോളർഷിപ്പിന്റെ വിതരണം മാർത്തോമ

വിദ്യാനികേതൻ ഹാളിൽ നടത്തി. വൈകുന്നേരം നാലുകോടി പുതുജീവൻ പുനരധിവാസ കേന്ദ്രത്തിൽ സംഘടിപ്പിച്ച ക്രിസ്മസ് ആഘോഷങ്ങളിൽ പങ്കെടുത്തു.

20 പച്ച-ചെക്കിടിക്കാട് ലൂർദ് മാതാ ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു ചങ്ങനാശേരി അതിരൂപതാ വൈദികനും തോട്ടയ്ക്കാട് ഇടവ കാംഗവുമായ ബഹു. കൈതപറമ്പിൽ വർഗ്ഗീസച്ചന്റെ സഹോദരൻ ടോമിച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കർമ്മികത്വം വഹിച്ചു. യു.സി.പി.ഐ. ക്രമീകരിച്ച ഓൺലൈൻ ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുത്തു. വൈകുന്നേരം കല്ലൂപ്പാറ സെന്റ് ജോസഫ് ബോയ്സ് ഹോമിൽ സംഘടിപ്പിച്ച ക്രിസ്മസ് ആഘോഷത്തിൽ പങ്കെടുത്തു.

21 മണിമല ഫൊറോനയിലെ വൈദിക സംഗമത്തിൽ പങ്കെടുത്തു. ബഹു. സേവ്യർ കൂടപ്പുഴ അച്ചന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ അറുപതാം വാർഷികാഘോഷവേളയിൽ പരിശുദ്ധ കുർബാന മധ്യേ സന്ദേശം നൽകി.

22 ബഹു. ഡീക്കന്മാരോടൊപ്പം നിരണം മാർത്തോമാശ്ലീഹാ ദൈവലയത്തിൽ പരിശുദ്ധ കുർബാനയർപ്പണത്തിനു പരിശീലനം നൽകി. ചങ്ങനാശേരി അതിരൂപത വൈദികനും എടത്വാ - കോയിൽമുക്ക് ഇടവകാംഗവുമായ ബഹു. കറുകയിൽ ജേക്കബ് അച്ചന്റെ സഹോദരൻ ഷാജിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു. ചങ്ങനാശേരി അതിരൂപതാ വൈദികനും എടത്വാ സെന്റ് ജോർജ്ജ് പള്ളി ഇടവകാംഗവുമായിരുന്ന ബഹു. ജോസിയച്ചന്റെ പിതാവിന്റെ നിര്യാണത്തിൽ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഇത്തിത്താനം ആശാഭവൻ സ്പെഷ്യൽ സ്കൂൾ ക്രമീകരിച്ച ഓൺലൈൻ ക്രിസ്മസ് ആഘോഷങ്ങളിൽ പങ്കെടുത്തു.

23 രാവിലെ കുളത്തൂർ ലിറ്റിൽഫ്ളവർ ദൈവാലയത്തിൽ ഇടവകാംഗമായ ബഹു. മാത്യു എബ്രഹാം അത്തിയാലിലച്ചന്റെ മൃതസംസ്കാരശുശ്രൂഷകളുടെ അവസാന കർമ്മങ്ങൾക്ക് കർമ്മികത്വം വഹിച്ചു. അതിരൂപതാകേന്ദ്രത്തിൽ വിവിധ ഡിപ്പാർട്ട്മെന്റുകളിൽ സേവനം ചെയ്യുന്നവർക്കായി ക്രിസ്മസ് ആഘോഷത്തിൽ പങ്കെടുത്തു സമ്മാനം വിതരണം ചെയ്തു. കുറുമ്പനാടം സെന്റ് ആന്റണിസ് ഫൊറോനാ ഇടവകാംഗമായ ശ്രീമതി ഏലിയാമ്മ ചാക്കോ ഓവേലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമികത്വം വഹിച്ചു.

24 അതിരൂപത കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

25 പിറവിത്തിരുന്നാൾ കർമ്മങ്ങൾക്ക് ചങ്ങനാശേരി മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ കാർമ്മികത്വം വഹിച്ചു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ സംഘടിപ്പിച്ച ക്രിസ്തുമസ് ആഘോഷങ്ങളിൽ പങ്കെടുത്തു.

26 കൈതപറമ്പിൽ മോർളിയച്ചന്റെ പൗരോഹിത്യ ജൂബിലിയോട് അനുബന്ധിച്ച് വേഴപ്രാ സെന്റ് പോൾസ് ദൈവാലയത്തിൽ പരിശുദ്ധ കുർബാന മധ്യേ വചന സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് പറാൽ സെന്റ് ആന്റണീസ് ദൈവാലയത്തിൽ

മ്ശംശാന വർഗീസ് നമ്പിശ്ശേരിക്കളത്തിന് പൗരോഹിത്യപട്ടം നൽകി.

27 രാവിലെ അസംപ്ഷൻ കോളേജ് ചാപ്പലിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. സെന്റ് തോമസ് ചെത്തിപ്പുഴ ദൈവാലയത്തിൽ സിഎംഐ സന്യാസ സമൂഹത്തിലെ പത്ത് മ്ശംശാനമാർക്ക് പൗരോഹിത്യപട്ടം നൽകി.

28 രാവിലെ കുഞ്ഞിപ്പൈതങ്ങളുടെ തിരുനാളിനോടനുബന്ധിച്ച് മനക്കച്ചിറ സെന്റ് ജോസഫ് ദൈവാലയത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ചേന്നങ്കരി സെന്റ് ജോസഫ് ദൈവാലയത്തിൽ മ്ശംശാന വർഗീസ് അറുവൻപറമ്പിലിന് പൗരോഹിത്യപട്ടം നൽകി. ഉച്ചകഴിഞ്ഞ് CMC സന്യാസസമൂഹാംഗമായ സി. ആൻസി കവാലത്തിന്റെ മൃതസംസ്കാര ശുശ്രൂഷകളുടെ പ്രാരംഭ കർമ്മങ്ങൾക്ക് മഠംചാപ്പലിൽ കാർമികത്വം വഹിച്ചു. കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരിയിലെ ചങ്ങനാശേരി അതിരൂപതയിലെ ബ്രദേഴ്സിനോടും വൈദികരോടുമൊപ്പം ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ സംഘടിപ്പിച്ച VIP ഗാതറിങ്ങിൽ പങ്കെടുത്തു.

## മാർ തോമസ് തറയിൽ

**നവംബർ 2020**

27 ചങ്ങനാശേരി അതിരൂപത പ്രവാസി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ നടത്തിയ ഗൾഫ് രാജ്യങ്ങളിലെ കോഡിനേറ്റേഴ്സിന്റെ ഓൺലൈൻ മീറ്റിംഗിൽ സംസാരിച്ചു. പബ്ലിക് അഫയേഴ്സ് കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

28 ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ഇടവകാംഗങ്ങളായ ചക്കുപുരയ്ക്കൽ തങ്കമ്മ മാത്യുവിന്റെയും തെക്കേക്കര മോളി സാബുവിന്റെയും മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. പാറേൽ സെന്റ് മേരീസ് ഇടവകാംഗമായ ബഹുമാനപ്പെട്ട ജോർജ്ജ് വാത്യാകരി അച്ചന്റെ മാതാവിന്റെ മൃതസംസ്കാരശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾക്ക് നേതൃത്വം നൽകി. ചങ്ങനാശേരി അതിരൂപത ഓൺലൈനായി നടത്തിയ കുടുംബവിശുദ്ധീകരണ വാർഷികധ്യാനത്തിന്റെ സമാപന ദിവസം അരമന ചാപ്പലിൽ റംശാ നമസ്കാരത്തിന് കാർമ്മികത്വം വഹിച്ച് സമാപനസന്ദേശം നൽകി.

29 എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ബസിലിക്കയിൽ വിവാഹ വാഗ്ദാനം ആശീർവദിച്ചു. ആഗോള ഭിന്നശേഷിദിനത്തോടനുബന്ധിച്ച് ചീരഞ്ചിറ ജിമ്മി പടനിലം സെന്റർ സംഘടിപ്പിച്ച *മഴവിൽ 2020* ജെ.പി.സി. ദിനാഘോഷം ഓൺലൈൻ മീറ്റിംഗിൽ അനുഗ്രഹപ്രഭാഷണം നടത്തി.

30 ഇത്തിത്താനം സെന്റ് ജോസഫ് പ്രീസ്റ്റ് ഹോമിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ഈ വർഷം പൗരോഹിത്യം സ്വീകരിക്കുന്ന അതിരൂപതാംഗ ങ്ങളായ ഡീക്കന്മാരുമായി സംസാരിച്ചു. പബ്ലിക് അഫയേഴ്സ് കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

**ഡിസംബർ 2020**

01 കെ.സി.ബി.സി. ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. കുറിച്ചി മൈനർ സെമിനാരിയിൽ വൈദികവിദ്യാർത്ഥികൾക്ക് ക്ലാസെടുത്തു. യു.എ.ഇ. യിലെ കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ ഓൺലൈനായി നടത്തിയ പ്രയർ & കെയർ മീറ്റിംഗിൽ സന്ദേശം നൽകി.

02 തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ദൈവാലയത്തിൽ പ്രവേശക കൂദാശ കൾ പരികർമ്മം ചെയ്തു. അതിരൂപത കേന്ദ്രത്തിൽവച്ച് നടന്ന കോർപ്പറേറ്റ് മാനേജ്മെന്റിന്റെ സ്റ്റുഡൻസ് എക്സലൻസ് പ്രോഗ്രാം കമ്മറ്റി മീറ്റിംഗിൽ പങ്കെടുത്തു. ചങ്ങനാശേരി ചാസ്-ഖാദി ഷോറൂമിൽ ക്രിസ്തുമസ്-ന്യൂയർ മെഗാമേള ഉദ്ഘാടനം നടത്തി. ചങ്ങനാശേരി അതിരൂപതയുടെ നേതൃ ത്വത്തിൽ ആരംഭിച്ച പി.എസ്.സി. ഓൺലൈൻ കോച്ചിംഗിന്റെ ഉദ്ഘാടന മീറ്റിംഗിൽ പങ്കെടുത്തു.

04 കുമരകം നവനസ്രത്ത് ഇടവകാംഗമായ ബഹുമാനപ്പെട്ട ഫിലിപ്പ് തയ്യില ച്ചന്റെ മാതാവ് ത്രേസ്യാമ്മ മാത്യുവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ചങ്ങനാശേരി എസ്.ബി കോളേജ് റിലീജിയൺ ആന്റ് വാല്യു എഡ്യുക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ നടന്ന Psychological Integrity of Youth in the Post Covid Era എന്ന വിഷയത്തെ ആസ്പദ മാക്കി നടത്തിയ വെബ്ബിനാർ ഉദ്ഘാടനം ചെയ്തു. ചങ്ങനാശേരി ഡി.എ ഫ്.സി. യുടെ ആഭിമുഖ്യത്തിൽ ദീപിക പ്രചരണമാസത്തോടനുബന്ധിച്ച് ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

05 അതിരൂപത ഫിനാൻസ് കൗൺസിൽ മീറ്റിംഗിൽ പങ്കെടുത്തു. പുത്തനങ്ങാടി സെന്റ് ജോർജ്ജ് ദൈവാലയത്തിൽ ആലപ്പുഴ ഫൊറോന പിതൃവേദിയുടെ ആഭിമുഖ്യത്തിൽ നടന്ന പിതൃദിനാഘോഷം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. സന്ദേശനിലയത്തിന്റെ ആഭിമുഖ്യത്തിൽ ഓൺലൈനായി നടന്ന മതാദ്ധ്യപകരുടെ റീജിയണൽ (കുറുമ്പനാടം, നെടുങ്കുന്നം, മണിമല) കൺവെൻഷൻ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. CARP ന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

06 മാന്നില തിരുക്കുടുംബ ദൈവാലയം സ്വതന്ത്ര ഇടവകയായതിന്റെ സുവർണജൂബിലിക്കും ഇപ്പോഴുള്ള ദൈവാലയത്തിന്റെ രജതജൂബിലി ക്കും ആരംഭം കുറിച്ചുകൊണ്ട് പരിശുദ്ധ കുർബാന അർപ്പിച്ചു. അതിരൂപത കേന്ദ്രത്തിൽ നടന്ന ചങ്ങനാശേരി അതിരൂപത യുവദീപ്തി എസ്.എം.വൈ. എം. ന്റെ പ്രവർത്തനവർഷ ഉദ്ഘാടനമീറ്റിംഗിൽ അനുഗ്രഹപ്രഭാഷണം ന ടത്തി. വൈകുന്നേരം വില്ലൂന്നി സെന്റ് സേവ്യേഴ്സ് ദൈവാലയത്തിൽ തിരു

നാളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. പൊങ്ങുംമൂട് വിശുദ്ധ അൽഫോൻസ ഇടവക മാതൃപിതൃവേദിയുടെ ആഭിമുഖ്യത്തിൽ നടന്ന കോവിഡ്-19 മാനസികസംഘർഷവും പരിഹാര മാർഗങ്ങളും കുടുംബപശ്ചാത്തലത്തിൽ എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ വെബ്ബിനാറിൽ സംസാരിച്ചു.

07 തിരുവനന്തപുരം ലൂർദ്ദ് മാതാ എഞ്ചിനീയറിങ് കോളേജിന്റെ 2020-21 അദ്ധ്യയന വർഷം ഓൺലൈനിലൂടെ ഉദ്ഘാടനം ചെയ്തു. അതിരൂപത കേന്ദ്രത്തിൽ 1998 - 99 ബാച്ചിലെ വൈദികരുടെ സംഗമത്തിൽ പങ്കെടുത്തു.

08 പാറേൽ സെന്റ് മേരീസ് ദൈവാലയത്തിന്റെ പ്രധാന തിരുനാൾ ദിനത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. ബിജു ഓഫ് മേരി ഇമ്മാക്കുലേറ്റ് തയ്യാറാക്കിയ 'സ്നേഹത്തിൽ സത്യം പറഞ്ഞ രണ്ടാം വത്തിക്കാൻ കൗൺസിൽ' എന്ന പുസ്തകം അതിരൂപത കേന്ദ്രത്തിൽവച്ച് പ്രകാശനം ചെയ്തു.

09 തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോന ഇടവകാംഗമായ അറയ്ക്കത്തറ ത്രേസ്യാമ്മ ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

10 അതിരൂപതാ കൺസൽട്ടേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു. നിരണം സെമിനാരിയിൽ വൈദികവിദ്യാർത്ഥികൾക്ക് ക്ലാസെടുത്തു.

11 ചെറിയവെളിനല്ലൂർ സെന്റ് സെബാസ്റ്റ്യൻ ഇടവകയുടെ നവീകരിച്ച സിമിത്തേരി ചാപ്പലിന്റെ വെഞ്ചെരിപ്പ് കർമ്മം നടത്തി പരിശുദ്ധ കുർബാന അർപ്പിച്ചു.

12 വിളക്കുടി സ്നേഹതീരം കോൺവെന്റിൽ കരുണയുടെ സഹോദരി സമൂഹാംഗങ്ങളായ രണ്ട് സന്യാസിനികളുടെ നിത്യവ്രതവാഗ്ദാനകർമ്മം നടത്തി പരിശുദ്ധ കുർബാന അർപ്പിച്ചു. കൂത്രപ്പള്ളി സെന്റ് മേരീസ് ഇടവകാംഗമായ ബഹുമാനപ്പെട്ട ടോമി പടിഞ്ഞാറേവീട്ടിലച്ചന്റെ പിതാവ് വർക്കി ജോസഫിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾക്ക് നേതൃത്വം നൽകി. ചങ്ങനാശേരി അതിരൂപത കുടുംബകൂട്ടായ്മ, ഡി.എഫ്.സി. എന്നിവയുടെ നേതൃത്വത്തിൽ അതിരൂപത കേന്ദ്രത്തിൽ നടന്ന ദീപിക തീവ്രപ്രചരണ നേതൃസംഗമത്തിൽ സന്ദേശം നൽകി.

13 എടത്വാ സെന്റ് ജോർജ്ജ് ഫൊറോന ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. ചങ്ങനാശേരി സെർവെൻസ് ഓഫ് ദി ഇമ്മാക്കുലേറ്റ് ലേഡി സന്യാസസഭാംഗമായ സിസ്റ്റർ മേരി വർഗ്ഗീസ് കാച്ചാപ്പള്ളിയുടെ മൃതസംസ്കാരശുശ്രൂഷയിൽ കോൺവെന്റിലെ കർമ്മങ്ങൾ നടത്തി. സന്ദേശനിലയത്തിന്റെ ആഭിമുഖ്യത്തിൽ ഓൺലൈനായി നടന്ന മതാദ്ധ്യാപകരുടെ റീജണൽ (തുരുത്തി, തൃക്കൊടിത്താനം, ചങ്ങനാശേരി) കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

14 അതിരൂപത കേന്ദ്രത്തിൽവച്ച് ഈ വർഷം പൗരോഹിത്യം നൽകുന്ന സന്യാസ സമൂഹാംഗങ്ങളിലെ ഡീക്കാരുമായി സംസാരിച്ചു. വൈകുന്നേരം ഇന്റർഡിപ്പാർട്ട്മെന്റ് മീറ്റിംഗിൽ പങ്കെടുത്തു.

15 ചെത്തിപ്പുഴ തിരുഹൃദയ ദൈവാലയത്തിൽ ബഹുമാനപ്പെട്ട തോമസ് കൊട്ടാരം അച്ചന്റെ സഹോദരി ത്രേസ്യാമ്മ വർഗീസിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ ദൈവാലയത്തിലെയും സിമിത്തേരിയിലെയും കർമ്മങ്ങൾക്കു നേതൃത്വം നൽകി. കുത്രപ്പള്ളി സെന്റ് മേരീസ് ദൈവാലയത്തിൽവച്ച് നടന്ന നെടുങ്കുന്നം ഫൊറോന കോൺഫറൻസിൽ പങ്കെടുത്തു.

16 അതിരൂപത കേന്ദ്രത്തിൽ 2017–18 ബാച്ചിലെ വൈദികരുടെ സംഗമത്തിൽ പങ്കെടുത്തു. 1997– 98 ബാച്ചിലെ വൈദികരുടെ ഓൺലൈൻ കൂട്ടായ്മയിൽ പങ്കെടുത്തു.

17 ചങ്ങനാശേരി മൗണ്ട് കാർമ്മൽ കോൺവെന്റിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. അതിരൂപത കേന്ദ്രത്തിൽ 1996–97 ബാച്ചിലെ വൈദികരുടെ കൂട്ടായ്മയിൽ പങ്കെടുത്തു. ചങ്ങനാശേരി സെന്റ് ആൻസ് ഗേൾസ് ഹയർസെക്കൻഡറി സ്കൂളിൽ അതിരൂപത കോർപ്പറേറ്റ് മാനേജ്മെന്റിന്റെ ആഭിമുഖ്യത്തിൽ നടത്തിയ 'യാത്രയയപ്പു സമ്മേളനം 2020' ൽ അദ്ധ്യക്ഷപ്രസംഗം നടത്തി. അബുദാബി മുസഫ സെന്റ് പോൾസ് ദൈവാലയത്തിലെ ക്രിസ്തുമസ് ഒരുക്ക ധ്യാനത്തിൽ ഓൺലൈനിലൂടെ സന്ദേശം നൽകി.

18 ഫാത്തിമാപുരം ഫാത്തിമാ മാതാ ഇടവകാംഗമായ ചെറിയാൻ സ്കറിയ കളപ്പുരയ്ക്കലിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തായങ്കരി സെന്റ് ആന്റണീസ് ദൈവാലയത്തിൽ ബലിപീഠകൂദാശയ്ക്കുശേഷമുള്ള ആദ്യ പരിശുദ്ധ കുർബാനയർപ്പണം നടത്തി.

19 തത്തംപള്ളി സെന്റ് മൈക്കിൾസ് ദൈവാലയത്തിൽ പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു. അതിരൂപത കേന്ദ്രത്തിൽ ഈ വർഷം പൗരോഹിത്യം സ്വീകരിക്കുന്ന രൂപത ഡീക്കൻമാരുടെ മാതൃപിതൃ സംഗമത്തിൽ പങ്കെടുത്തു. തോട്ടയ്ക്കാട് സെന്റ് ജോർജ്ജ് ഇടവകാംഗമായ ബഹുമാനപ്പെട്ട വർഗ്ഗീസ് കൈതപ്പറമ്പിലച്ചന്റെ സഹോദരൻ ടോമിച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. കുറിച്ചി മൈനർ സെമിനാരിയിൽ വൈദിക വിദ്യാർത്ഥികൾക്ക് ക്രിസ്തുമസ് സന്ദേശം നൽകി.

20 അമ്പൂരി സെന്റ് ജോർജ്ജ് ഫൊറോന ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകിയശേഷം കോവിഡാനന്തരം യുവജനങ്ങൾ നേരിടുന്ന മാനസികസംഘർഷത്തെക്കുറിച്ച് യുവജനങ്ങൾക്ക് ക്ലാസ്സെടുത്തു. സിംഗപ്പൂർ സീറോമലബാർ സമൂഹത്തിന് ക്രിസ്തുമസ് സന്ദേശം ഓൺലൈനിലൂടെ നൽകി. തിരുവനന്തപുരം ലൂർദ്ദ് മാതാ ഇടവകാംഗങ്ങളായ ഗവൺമെന്റ് ഉദ്യോഗസ്ഥരുമായി സൗഹൃദകൂട്ടായ്മ നടത്തി.

21 കേരള ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാനെയും മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെയും നേരിൽ കണ്ട് ക്രിസ്തുമസ്-പുതുവത്സരാശംസകൾ നേർന്നു. പബ്ലിക് അഫയേഴ്സിന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. എടത്വാ സെന്റ് ജോർജ്ജ് ഫൊറോന ഇടവകാംഗമായ ബഹുമാനപ്പെട്ട ഷിജി കറുകയിലച്ചന്റെ സഹോദരൻ ഷാജിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

22 പേരൂർക്കട ലൂർദ്ദ് ഹിൽ ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. കേന്ദ്രന്യൂനപക്ഷ കമ്മീഷൻ വൈസ് ചെയർമാൻ അത്തിഫ് റഷീദുമായി ക്രൈസ്തവ ന്യൂനപക്ഷാവകാശങ്ങളെ സംബന്ധിച്ച് കൂടിക്കാഴ്ച നടത്തി. ചങ്ങനാശേരി എസ്.ബി. ഹയർ സെക്കൻഡറി സ്കൂളിന്റെ ആഭിമുഖ്യത്തിൽ നടന്ന ആദരം 2019-20 മെറിറ്റ് ഡേ ഓൺലൈൻ പ്രോഗ്രാമിൽ പങ്കെടുത്തു. തിരുവനന്തപുരം സെക്രട്ടറിയേറ്റിൽ കർഷകരോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് കേന്ദ്രസർക്കാരിന്റെ കർഷകബില്ലിനെതിരെ നടത്തുന്ന ധർണയിൽ പങ്കെടുത്തു.

23 കഴക്കൂട്ടം സെന്റ് ജോൺപോൾ രണ്ടാമൻ യൂത്ത് സെന്ററിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. തിരുവനന്തപുരം ലൂർദ്ദ് മാതാ ഫൊറോന ഇടവകയിൽ യുവദീപ്തി എസ്.എം.വൈ.എം നുവേണ്ടി ഒരുക്കിയ ധ്യാനത്തിൽ വചനം പങ്കുവച്ചു. കേശവദാസപുരം മാർ ഗീവർഗ്ഗീസ് സഹദാ ഇടവകയിൽ വീട് വെഞ്ചെരിച്ചു. നെടുമങ്ങാട് ഓൾഡേജ് ഹോമിൽ ക്രിസ്തുമസ് ആഘോഷത്തിൽ പങ്കെടുത്തു.

24 തിരുവനന്തപുരം നിർമ്മലഭവനിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. തിരുവനന്തപുരം ലൂർദ്ദ് മാതാ കെയറിൽ നടന്ന ക്രിസ്തുമസ് ആഘോഷത്തിൽ അദ്ധ്യക്ഷതവഹിച്ചു. കണ്ണമ്മൂല വി. മദർ തെരേസ ദൈവാലയത്തിൽ ക്രിസ്തുമസ് സന്ദേശം നൽകി. ശ്രീകാര്യം എമ്മാവൂസ് ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു.

25 തിരുവനന്തപുരം ലൂർദ്ദ് മാതാ ഫൊറോന ദൈവാലയത്തിൽ തിരുപ്പിറവിയുടെ കർമ്മങ്ങൾ നടത്തി പരിശുദ്ധ കുർബാന അർപ്പിച്ചു. അതിരൂപത കേന്ദ്രത്തിൽ ക്രിസ്തുമസ് ആഘോഷത്തിൽ പങ്കെടുത്തു.

26 കൊടുപ്പുന്ന സെന്റ് ജോസഫ് ദൈവാലയത്തിൽ ഡീക്കൻ തോമസ് സ്രാമ്പിക്കലിന് പൗരോഹിത്യപട്ടം നൽകി. വേഴപ്ര സെന്റ് പോൾസ് ദൈവാലയത്തിൽ ബഹുമാനപ്പെട്ട ജോസഫ് കൈതപ്പറമ്പിലച്ചന്റെ പൗരോഹിത്യ രജതജൂബിലിയാഘോഷത്തിൽ പരിശുദ്ധ കുർബാനയ്ക്കുശേഷം ദൈവാലയത്തിൽ സന്ദേശം നൽകി. രാമങ്കരി സെന്റ് ജോസഫ് ദൈവാലയത്തിൽ വിവാഹവാഗ്ദാനം ആശീർവ്വദിച്ചു. മുത്തോലപുരത്ത് അഭിവന്ദ്യ ജോസഫ് പള്ളിക്കാപ്പറമ്പിൽ പിതാവിന്റെ ജ്യേഷ്ഠൻ പി.ഡി. ജോർജ്ജിന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ ഭവനത്തിലെ കർമ്മങ്ങളിൽ പങ്കുചേർന്നു. അതിരമ്പുഴ സെന്റ് സെബാസ്റ്റ്യൻ ഇടവകാംഗമായ ചിന്നമ്മ മാത്യു കാരിക്കൊ

മ്പിലിന്റെ മൃതസംസ്ക്കാരശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് നേതൃത്വം നൽകി.

27 പാലോട് സെന്റ് മേരീസ് ദൈവാലയത്തിൽ തൈലാഭിഷേകവും ആഘോഷമായ കുർബാനസ്വീകരണവും നടത്തി.

28 വട്ടിയൂർകാവ് സെന്റ് ഫ്രാൻസിസ് ഡി സാലസ് ദൈവാലയത്തിൽ ഡീക്കൻ ആന്റണി ചീരമ്പന് പൗരോഹിത്യപട്ടം നൽകി. അതിരൂപതകേന്ദ്രത്തിൽ നടത്തിയ ക്രിസ്തുമസ് കൂട്ടായ്മയിൽ സ്വാഗതം ആശംസിച്ചു.

29 പാറേൽ സെന്റ് മേരീസ് ദൈവാലയത്തിൽ ഫ്രാൻസിസ്ക്കൻ ക്ലാരിസ്റ്റ് കോൺഗ്രിഗേഷനിലെ രണ്ട് സന്യാസാർത്ഥിനികളുടെ സഭാവസ്ത്രസ്വീകരണത്തിലും പ്രഥമവ്രതവാഗ്ദാനത്തിലും കാർമ്മികത്വം വഹിച്ചു. അതിരൂപത കേന്ദ്രത്തിൽവച്ചു നടന്ന തിരുവനന്തപുരം ലൂർദ്ദ് മാതാ കോളേജിന്റെ വാർഷിക ജനറൽ ബോഡി മീറ്റിംഗിൽ പങ്കെടുത്തു. വെരൂർ സെന്റ് ജോസഫ് ദൈവാലയത്തിൽ പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു. തത്തംപള്ളി സെന്റ് മൈക്കിൾസ് ഇടവകാംഗമായ ബഹുമാനപ്പെട്ട വർഗ്ഗീസ് പുതുവേലിലച്ചന്റെ പിതാവ് പി.ജെ. ചാക്കോയുടെ മൃതസംസ്കാരശുശ്രൂഷയിൽ ഭവനത്തിലെ കർമ്മങ്ങൾ നടത്തി.